ദിവ്യബോധനം ഗ്രന്ഥാവലി – 1

# പ്രകാശത്തിലേക്ക്

(പുതിയനിയമത്തിലേക്ക് ഒരാഹ്വാനം)

ഫാ. റ്റി. ജെ. ജോഷ്വാ
(പ്രൊഫസർ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

ദിവ്യബോധനം പബ്ലിക്കേഷൻസ്
സോഫിയാ സെന്റർ
ഓർത്തഡോക്സ് സെമിനാരി
കോട്ടയം – 686 001

വില: 40.00

*(Malayalam)*

---

**Prakasathilekku**
(An Invitation to the New Testament)

**Fr. T. J. Joshua** B.A., B.D., S. T. M.


| | | |
|---|---|---|
| Published by | : | **Divyabodhanam Publications** |
| | | Orthodox Seminary, P.B. 98, Kottayam |
| | | Ph: 0481 - 2566 526, 2568 083 |
| First Published | : | Jan. 1984 |
| Second Edition | : | Jan. 1988 |
| Third Edition | : | May 2005 |


Copyright reserved


| | | |
|---|---|---|
| Number of copies | : | 3000 |
| Available at | : | Orthodox Seminary and Other Christian Bookshops. |
| D.T.P. | : | Sophia Print House, Kottayam Ph. 0481 - 2303237 |
| Printing | : | Udaya Offset, Kottayam |

Price: **Rs. 40/-**

# പ്രസ്താവന

സഭാംഗങ്ങൾക്കുവേണ്ടി ഓർത്തഡോക്സ് വൈദിക സെമിനാരി അവതരിപ്പിക്കുന്ന ഒരു വിശ്വാസ പരിശീലനപദ്ധതിയാണ് ദിവ്യബോധനം. കഴിവും താൽപര്യവുമുള്ള ആർക്കും സ്ത്രീപുരുഷ ഭേദമെന്യേ ഈ പദ്ധതിയിൽ ചേരാം.

സഭയുടെ വിശ്വാസം അറിയുന്നതിനും പുലർത്തുന്നതിനും അടുത്ത തലമുറയ്ക്കു പകർന്നുകൊടുക്കുന്നതിനുമുള്ള ചുമതല വൈദികർക്കു മാത്രമുള്ളതല്ല. സഭ മുഴുവന്റെയും കൂടിയുള്ള ഉത്തരവാദിത്വമാണിത്. അത്മായക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കും വളരെ വലിയ പങ്കാണുള്ളത്, ഈ ചുമതല കാര്യക്ഷമമായി നിർവഹിക്കുന്നതിൽ.

യുക്തിചിന്തയുടെ ഈ കാലയളവിൽ സത്യവിശ്വാസം നിലനിർത്തണമെങ്കിൽ, ആരാധനയിലും സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഓർത്തഡോക്സ് വിശ്വാസത്തെ ബുദ്ധിപരമായിക്കൂടെ സ്വായത്തമാക്കേണ്ടുന്നയാവശ്യം സഭാംഗങ്ങൾക്കെല്ലാവർക്കുമുണ്ട്.

പ്രത്യേകിച്ചും സണ്ടേസ്കൂൾ അദ്ധ്യാപകർ, മർത്തമറിയം സമാജ പ്രവർത്തകർ, യുവജന പ്രസ്ഥാനത്തിലും വിദ്യാർത്ഥി പ്രസ്ഥാനത്തിലും നേതൃത്വം നൽകുന്നവർ, മുതലായ നേതൃത്വ നിരയിലുള്ള അത്മായർക്ക് വിശ്വാസപഠനം പ്രത്യേകമായി ആവശ്യമാണ്.

ഭക്തിയോടും വിശ്വാസത്തോടുംകൂടിയുള്ള സത്യാരാധനയും ക്രിസ്തുവിന്റെ മനുഷ്യസ്നേഹത്തിന്റെ മൂർത്തീകരണവുമാണ് സഭയുടെ രണ്ടു പ്രധാന ചുമതലകൾ. ഇവ രണ്ടും ശരിയായി നിർവഹിക്കണമെങ്കിൽ സഭാപാരമ്പര്യത്തിലെ ഗാഢമായ ഉപരിജ്ഞാനത്തിന്റെ താഴ്ന്ന പടികളിലേക്കെങ്കിലും വിശ്വാസികൾ കടന്നുവരാതെ, വിശ്വാസകാര്യങ്ങൾ വൈദികർക്കു മാത്രമായി വിട്ടുകൊടുക്കുന്നതു ഓർത്തഡോക്സ് പാരമ്പര്യത്തിനു നിരക്കാത്തതാണ്. മൂറോനഭിഷേകംമൂലം പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടുള്ള എല്ലാ സത്യവിശ്വാസികൾക്കും, ആരാധനയിലും മനുഷ്യസേവനത്തിലും കൂടിയുള്ള തങ്ങളുടെ ക്രിസ്തീയ ധർമനിർവ്വഹണത്തിന് ഈ പദ്ധതി സഹായകമായിത്തീരട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ സ്നേഹം നിറഞ്ഞ ജനങ്ങളെ തന്റെ പ്രത്യേക കരുണയാൽ കടാക്ഷിച്ച് അവർക്കു ദിവ്യബോധനം നൽകാൻ ഈ പദ്ധതി ഉപയോഗിക്കുമാറാകട്ടെ.

കോട്ടയം
20 – 12 – 1983

**ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ**
(പ്രസിഡന്റ്, ദിവ്യബോധനം കേന്ദ്രക്കമ്മിറ്റി)

# പ്രസാധകക്കുറിപ്പ്

ദിവ്യബോധനം പഠനപദ്ധതിയിൽ ഒന്നാമതായി പ്രസിദ്ധീകരിച്ച 'പ്രകാശത്തിലേക്ക്' എന്ന പുസ്തകം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയാണ്. പുതിയനിയമത്തിലേയ്ക്ക് ഒരു ആഹ്വാനമായി പ്രശസ്ത പുതിയനിയമ പണ്ഡിതനും ഓർത്തഡോക്സ് വൈദികസെമിനാരി അദ്ധ്യാപകനുമായ ബഹു. റ്റി. ജെ. ജോഷ്വാ അച്ചൻ രചിച്ച ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പാണിത്. ദിവ്യബോധനം വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും പുതിയനിയമത്തെക്കുറിച്ചുള്ള ആഴമായ അറിവും പഠന പ്രചോദനവും ലഭിക്കുവാൻ ഈ ഗ്രന്ഥം സഹായിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കായി നിർലോപമായ അനുഗ്രഹാശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായ പ. മോറാൻ മാർ ബസ്സേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസ്സരം സമർപ്പിക്കുന്നു.

ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മേൽനോട്ടം വഹിക്കുന്ന പ്രസ്ഥാനം പ്രസിഡന്റും സെമിനാരി പ്രിൻസിപ്പലുമായ റവ. ഡോ. കെ. എം. ജോർജ്ജച്ചൻ, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, വൈസ് പ്രസിഡന്റ് റവ. ഫാ. ഡോ. ജേക്കബ് കുര്യൻ, രജിസ്ട്രാർ റവ. ഫാ. ഡോ. ജോൺ പണിക്കർ, കോ-ഓർഡിനേറ്റർ ഫാ. ജേക്കബ് മാത്യു, സെൻട്രൽ ഓർഗനൈസർ പ്രൊഫ. വർഗ്ഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മറ്റിയാണ് ഈ പ്രസ്ഥാനത്തിന്റെ അനുദിന പ്രവർത്തനങ്ങൾ നിയന്ത്രിച്ചു വരുന്നത്.

വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ പദ്ധതിയുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽറ്റിയിൽ നിക്ഷിപ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റു തലത്തിലും അദ്ധ്യാപകരും സംഘാടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിൽ അക്ഷീണം പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥത്തിന്റെ ഡി. റ്റി. പി. ഭംഗിയായി നിർവ്വഹിച്ച സോഫിയാ പ്രിന്റ് ഹൗസിനും അച്ചടി ഭംഗിയായും കൃത്യമായും നിർവ്വഹിച്ച ഉദയാ പ്രസിനും നന്ദി.

സർവ്വോപരി സകല നന്മകൾക്കും കാരണഭൂതനായ സർവ്വശക്തനായ ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മറ്റിക്കു വേണ്ടി

പെന്തിക്കോസ്തി 2005

പഴയസെമിനാരി **ഫാ. ജേക്കബ് മാത്യു** (കോ-ഓർഡിനേറ്റർ)

# വാങ്മുഖം

'നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ?' വിശുദ്ധ ഗ്രന്ഥം വായിച്ചു കൊണ്ടിരുന്ന ഒരാളോടു ചോദിച്ചതാണ്; 'ഒരുത്തൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും' എന്നായിരുന്നു മറുപടി. പുതിയനിയമം സ്വയമായി വായിക്കുകയും പഠിക്കുകയും ചെയ്യുന്ന പലർക്കും ഉണ്ടാകുന്ന അനുഭവമാണിത്. പശ്ചാത്തലമായി അറിഞ്ഞിരിക്കേണ്ട പല വസ്തുതകൾ ഉണ്ട്. എങ്കിൽ മാത്രമേ പുതിയനിയമം ഉൾക്കൊള്ളുന്ന പുസ്തകങ്ങളുടെ സന്ദേശം ശരിയായി ഗ്രഹിക്കാൻ കഴിയൂ. അതിനു സഹായിക്കുന്ന ഒരു കൃതി ആയിട്ടാണ് ഇതു സംവിധാനം ചെയ്തിട്ടുള്ളതും. ഓരോ പാഠത്തിന്റെയും അവസാനത്തിൽ നൽകിയിട്ടുള്ള 'ചോദ്യങ്ങൾ' ശരിയായി ചെയ്യുന്നപക്ഷം ആ പാഠവിഷയം കൂടുതൽ ആഴമായി ഗ്രഹിക്കുവാൻ സഹായിക്കും. സ്വയമായി അന്വേഷണം നടത്തുന്നതോടൊപ്പം, കൂട്ടായി ചർച്ച ചെയ്യുന്നതിനും ഉതകുന്ന വിധമാണു ചോദ്യങ്ങൾ നൽകിയിട്ടുള്ളത്.

രണ്ടു വാല്യങ്ങളായിട്ടാണു പുതിയനിയമത്തെക്കുറിച്ചുള്ള ഈ പൊതു പഠനം അവതരിപ്പിക്കുന്നത്. അതിൽ ആദ്യത്തേതാണിത്. ഇതിൽ പുതിയ നിയമത്തിന്റെ ചരിത്രപരമായും, മതപരമായും, സിദ്ധാന്തപരമായും ഉള്ള പശ്ചാത്തലങ്ങൾ ആദ്യം വിവരിക്കുന്നു. പുതിയനിയമം 'സഭയാൽ സഭയ്ക്കുവേണ്ടി' ക്രോഡീകരിക്കപ്പെട്ടതാകുന്നു എന്ന യാഥാർത്ഥ്യം അടുത്തതായി വെളിപ്പെടുത്തുന്നു. പുതിയനിയമത്തിലുള്ള ഓരോ പുസ്തകവും, ആര്, ആർക്ക്, എപ്പോൾ, എന്തിനായി എഴുതപ്പെട്ടു എന്നറിഞ്ഞെങ്കിൽ മാത്രമേ ഓരോന്നിന്റെയും സന്ദേശം യഥാതഥം ഗ്രഹിക്കാൻ കഴിയൂ.

നാലു സുവിശേഷങ്ങളും അപ്പോസ്തലപ്രവൃത്തികളുമാണ് ഈ ഒന്നാം ഭാഗത്ത് ഉൾക്കൊള്ളിച്ചിട്ടുള്ളത്. സുവിശേഷങ്ങൾ എങ്ങനെ ഏതു സാഹചര്യത്തിൽ രചിക്കപ്പെട്ടു; അവ തമ്മിലുള്ള പരസ്പരബന്ധം എന്ത്? ഓരോ സുവിശേഷകന്റെയും ദൈവശാസ്ത്രപരമായ കാഴ്ചപ്പാട് എന്ത്, എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. അപ്പോസ്തലപ്രവൃത്തികൾ ലൂക്കോസിന്റെ സുവിശേഷത്തെ തുടർന്നാണു പഠിക്കുന്നത്. കാരണം അതു സുവിശേഷത്തിന്റെ തുടർച്ചയും, ലൂക്കോസിന്റെ രണ്ടാം വാല്യവുമാണല്ലോ. നാലാം സുവിശേഷത്തെക്കുറിച്ചുള്ള പഠനത്തോടെയാണ് ഈ ഒന്നാം ഭാഗം സമാപിക്കുന്നത്. ലേഖനങ്ങളെക്കുറിച്ചും, വെളിപ്പാടിനെക്കുറിച്ചുമാണു രണ്ടാംഭാഗത്തു പ്രതിപാദിക്കുന്നത്.

ഓരോ പുസ്തകത്തെക്കുറിച്ചും അവശ്യം അറിഞ്ഞിരിക്കേണ്ട ചില വസ്തുതകൾ നൽകുക മാത്രമേ ഈ പാഠങ്ങൾ കൊണ്ടു സാധിക്കുകയുള്ളു. പുസ്തകങ്ങളുടെ ഉള്ളടക്കം പഠിക്കുന്നതിനും, ആത്മീയമൂല്യ

ങ്ങൾ ഉൾക്കൊള്ളുന്നതിനും ആവശ്യമായ പ്രചോദനം നൽകുകയാണ് ഇതിന്റെ ലക്ഷ്യം. 'പ്രകാശത്തിലേക്കു' നയിക്കുന്ന ദീപസ്തംഭം. ഇതിൽ നിന്നുള്ള പ്രകാശം ആഴമായ പഠനത്തിലേക്കു നയിക്കട്ടെ എന്നാശംസിക്കുന്നു.

**ഫാദർ റ്റി. ജെ. ജോഷ്വാ**

# ഉള്ളടക്കം


പ്രസ്താവന 3

പ്രസാധകക്കുറിപ്പ് 4

വാങ്മുഖം 5


## യൂണിറ്റ് 1

## പുതിയനിയമത്തിന് ഒരു ആമുഖം


1. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം 9
2. ചരിത്ര സാംസ്കാരിക പശ്ചാത്തലം 12
3. പുതിയനിയമത്തിന്റെ യഹൂദചരിത്രപശ്ചാത്തലം 17
4. യിസ്രായേല്യരുടെ മതപരമായ പശ്ചാത്തലം. 23
5. യിസ്രായേലിന്റെ ഭൂമിശാസ്ത്രം 29
6. പുതിയനിയമത്തിന്റെ വളർച്ചയും നിയതരൂപവും 34


## യൂണിറ്റ് 2

## സമവീക്ഷണസുവിശേഷങ്ങളും അപ്പോസ്തലപ്രവൃത്തികളും


1. അപ്പോസ്തലപ്രഘോഷണം 40
2. സുവിശേഷങ്ങൾ 44
3. മർക്കോസിന്റെ സുവിശേഷം: സവിശേഷതകൾ 49
4. മത്തായിയുടെ സുവിശേഷം: ‘സഭാ’ സുവിശേഷം 55

| | | |
|---|---|---|
| 5. | ലൂക്കോസിന്റെ സുവിശേഷം: സാർവത്രിക രക്ഷാസന്ദേശം | 60 |
| 6. | അപ്പോസ്തലപ്രവൃത്തികൾ: സഭയുടെ പ്രാഥമിക ചരിത്രം | 66 |


## യൂണിറ്റ് 3

# സമവീക്ഷണസുവിശേഷങ്ങളിലെ പ്രധാന സന്ദേശം


| | | |
|---|---|---|
| 1. | ദൈവരാജ്യം | 73 |
| 2. | ദൈവരാജ്യത്തിന്റെ ധാർമികത - ഗിരിപ്രഭാഷണം | 77 |
| 3. | യേശുവിന്റെ ഉപമകൾ | 83 |
| 4. | യേശുക്രിസ്തു ആര്? | 87 |
| 5. | യേശുവിന്റെ അത്ഭുതപ്രവൃത്തികൾ | 93 |
| 6. | പുനരുത്ഥാനം - ഏറ്റം വലിയ അത്ഭുതം | 99 |


## യൂണിറ്റ് 4

# യോഹന്നാന്റെ സുവിശേഷം


| | | |
|---|---|---|
| 1. | സുവിശേഷകനും പശ്ചാത്തലവും | 104 |
| 2. | സുവിശേഷകന്റെ ലക്ഷ്യം | 110 |
| 3. | വചനം ജഡമെടുത്തു | 114 |
| 4. | 'അടയാളങ്ങൾ' - യോഹന്നാന്റെ സുവിശേഷത്തിൽ | 120 |
| 5. | മാളികയിൽ ചെയ്ത പ്രഭാഷണം | 126 |
| 6. | സുവിശേഷത്തിലെ കൂദാശാപരമായ ഉപദേശം | 130 |

# യൂണിറ്റ് 1
# പുതിയനിയമത്തിന് ഒരു ആമുഖം

## പാഠം 1

## പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധം

❑ പഴയനിയമം കൂടാതെ പുതിയനിയമപഠനം സാധ്യമല്ല ❑ നിയമങ്ങൾ എന്നതിന്റെ അർത്ഥം ❑ രണ്ടു ഭാഗങ്ങളും തമ്മിലുള്ള സാമ്യങ്ങൾ ❑ പുതിയനിയമ രചയിതാക്കൾ പഴയനിയമം എപ്രകാരം ഉപയോഗിച്ചു.

ഒരു സ്നേഹിതൻ ഒരവസരത്തിൽ പ്രസ്താവിച്ചു: 'ഞാൻ പഴയനിയമം വായിക്കാറില്ല; പുതിയനിയമം മാത്രമേ വായിക്കാറുള്ളു.' ഈ അഭിപ്രായം പുലർത്തുന്നവരായി വേറെ പലരും കണ്ടേക്കാം. പഴയനിയമം യെഹൂദ ജനതയുടെ വേദഗ്രന്ഥമല്ലേ? അത് അനുശാസിക്കുന്നതു ന്യായപ്രമാണവും, അവയുടെ അനുഷ്ഠാനങ്ങളുമല്ലേ? ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് അതിനെന്തു പ്രസക്തി? എന്നിങ്ങനെ ചോദിക്കുന്നവരും കാണാം. ഈ പശ്ചാത്തലത്തിൽ പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധത്തെപ്പറ്റി നാം മനസ്സിലാക്കേണ്ടത് ഏറ്റവും ആവശ്യമാണ്.

അഗസ്തീനോസിന്റെ പ്രസ്താവന വളരെ പ്രസക്തവും അർത്ഥപൂർണവുമായി തോന്നുന്നു: 'പുതിയനിയമം പഴയനിയമത്തിൽ മറഞ്ഞുകിടക്കുന്നു; പഴയതു പ്രകാശിതമാകുന്നതു പുതിയനിയമത്തിലും.' രണ്ടും തമ്മിലുള്ള ബന്ധമത്രേ ഈ വാക്യത്തിൽ കാണാവുന്നത്. പുതിയനിയമപഠനം ശരിയായി നടത്തണമെങ്കിൽ പഴയനിയമത്തെപ്പറ്റിയുള്ള പരിജ്ഞാനം അപരിത്യാജ്യമാണ്. പഴയനിയമസംഭവങ്ങളും ഉപദേശങ്ങളും പൂർത്തീകരണം കണ്ടെത്തുന്നതു പുതിയനിയമത്തിലാണെന്നു മനസ്സിലാക്കണം.

### നിയമങ്ങൾ

പഴയ - പുതിയനിയമങ്ങൾ എന്നുള്ള പ്രയോഗം നമുക്കു പരിചിതമാകുന്നു. എന്നാൽ അത് ആശയക്കുഴപ്പം വരുത്തുന്നതാണ്. 'ബെറീത്ത്' എന്ന എബ്രായ പദത്തിന് ഉടമ്പടി (തുല്യമായ ഗ്രീക്ക് - 'ഡയാത്തിക്കി') എന്നാണർത്ഥം. അതിന്റെ ലത്തീൻ പരിഭാഷ 'ടെസ്റ്റമെൻടം' എന്നാണ്. അതിൽ നിന്നത്രേ ടെസ്റ്റമെന്റ് (Testament) എന്ന ഇംഗ്ലീഷും, അതിന്റെ

ഭാഷാന്തരമായി 'നിയമവും' കടന്നുവന്നത്. പഴയതും പുതിയതുമായ ഉട മ്പടികൾ എന്ന അർത്ഥത്തിലാണ് നാം മനസ്സിലാക്കേണ്ടത്. സീനായ് മല യിൽവച്ചു യഹോവ യിസ്രായേലുമായി ഉടമ്പടി ചെയ്തു (പുറ. 19). അതിനു തുല്യമായി കാൽവറിയിൽ വച്ചു യേശുക്രിസ്തു സഭയുമായി പുതിയ ഉടമ്പടി ചെയ്യുന്നു (മർക്കോ. 14:24). പഴയനിയമത്തിൽത്തന്നെ ഭാവിയിൽ ചെയ്യുവാനുള്ള പുതിയ ഉടമ്പടിയെപ്പറ്റി പരാമർശമുണ്ട്. 'ഞാൻ യിസ്രായേൽഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും' (യിരെമ്യ. 31:31). അതു യേശുക്രിസ്തുവിൽ നിവർ ത്തിതമായി. അതുകൊണ്ടു പൗലോസ് പറയുന്നു: "ദൈവം ഞങ്ങളെ 'പുതിയ ഉടമ്പടിയുടെ' ശുശ്രൂഷകന്മാർ ആകുവാൻ പ്രാപ്തരാക്കി" (2 കൊരി. 3:6).

പഴയനിയമവും പുതിയനിയമവും തമ്മിൽ പലതിലും വ്യത്യാസങ്ങൾ ഉണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നാൽ അവ തമ്മിലുള്ള പൊരു ത്തവും ഐക്യവുമാണു നമ്മെ കൂടുതൽ ആകർഷിക്കുന്നത്. അവ ഒരു പുസ്തകത്തിന്റെ രണ്ടു ഭാഗങ്ങൾ മാത്രമെന്ന ധാരണ നമുക്കുണ്ടാകും.

(a) രണ്ടു ഭാഗങ്ങളിലും ഒരേ ദൈവത്തെപ്പറ്റിയാണു പ്രതിപാദിക്കു ന്നത്. അബ്രഹാമിന്റെയും, യിസ്ഹാക്കിന്റെയും, യാക്കോബിന്റെയും ദൈവ മാണു പുതിയനിയമത്തിൽ യേശുക്രിസ്തുവിൽക്കൂടി സംസാരിക്കുന്നത്. യേശുക്രിസ്തുവിൽക്കൂടി രക്ഷണ്യപ്രവർത്തനം നിവർത്തിച്ച ദൈവം തന്നെയാണു യിസ്രായേലിനെ ഈജിപ്തിൽ നിന്നു വിടുവിച്ചു കനാനി ലേയ്ക്കു കൊണ്ടുവന്നതും പ്രവാചകന്മാർ മൂലം സംസാരിക്കയും ചെയ്തത്. സൃഷ്ടികർമ്മത്തിൽ പ്രവർത്തിച്ച ദൈവം തന്നെയാണു യേശു ക്രിസ്തുവിൽകൂടി വ്യാപരിച്ചതും. 'ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശി ക്കണം എന്ന് അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിനു ഞങ്ങളുടെ ഹൃദ യങ്ങളിൽ പ്രകാശിച്ചിരിക്കുന്നു' (2 കൊരി. 4:6). യിസ്രായേല്യരോടു വിവി ധമായും ഭാഗംഭാഗമായും സംസാരിച്ച ദൈവം തന്നെ അന്ത്യസമയത്തു പുത്രൻ മുഖാന്തരം അരുളിച്ചെയ്തു (എബ്രാ. 1:1).

എന്നാൽ ഈ സത്യം നിഷേധിച്ചിട്ടുള്ളവർ സഭയിൽ എഴുന്നേറ്റിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച മാർക്കിയൻ (Marcion) ഇതിനൊരുദാഹരണ മാണ്. പഴയനിയമത്തിൽ പ്രത്യക്ഷപ്പെട്ട ദൈവവും, പുതിയനിയമത്തിൽ യേശുക്രിസ്തുവിൽക്കൂടി പ്രത്യക്ഷപ്പെടുന്ന ദൈവവും രണ്ടാണെന്നത്രേ അയാളുടെ അഭിപ്രായം.

(b) രണ്ടു ഭാഗങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട ഒരു ജനതയെപ്പറ്റി പ്രതി പാദിക്കുന്നു: പഴയനിയമം ദൈവജനമായ യിസ്രായേലിനെപ്പറ്റി, അവരുടെ

ഉത്ഭവം, ചരിത്രം, ജയാപചയങ്ങൾ, ആത്യന്തിക ലക്ഷ്യം എന്നിവ വ്യക്തമാക്കുന്നു. ദൈവത്തിന്റെ ദൗത്യനിർവഹണത്തിനായി ലോകത്തിൽ നിയോഗിക്കപ്പെട്ടവരാണവർ. അതേവിധത്തിൽത്തന്നെ പുതിയനിയമത്തിൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനതയാണു ക്രിസ്തീയ സഭ. അതു പുതിയ യിസ്രായേലാണ്. പഴയ യിസ്രായേലിന്റെ തുടർച്ചയും പൂർത്തീകരണവുമാണ്. യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായ പുതിയ സമൂഹം ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനവും വിശുദ്ധ ജനവുമായിത്തീർന്നിരിക്കുന്നു (പുറ. 19:6; താരതമ്യപ്പെടുത്തുക. 1 പത്രോ. 2:9). ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനം ലോകത്തിൽ തുടർന്നുകൊണ്ടുപോകാൻ നിയുക്തരാണവർ.

(c) പഴയനിയമ സംഭവങ്ങൾ പുതിയനിയമ സംഭവങ്ങളുടെ ദൃഷ്ടാന്തങ്ങളും മാതൃകകളുമാണ്: യേശുക്രിസ്തുവിന്റെ ജീവിതത്തിലും ക്രിസ്തീയസഭയുടെ അനുഭവത്തിലുമുള്ള അനവധി സംഭവങ്ങൾ പഴയനിയമചരിത്രത്തിൽ മുൻകുറികളും അടയാളങ്ങളുമായി കാണാം. യേശുക്രിസ്തു ഈജിപ്തിൽനിന്നും തിരികെ വന്നതും (ശിശുവായിരിക്കുമ്പോൾ ദർശനപ്രകാരം യൗസേഫ് ഈജിപ്തിലേക്കു കൊണ്ടുപോയശേഷം തിരിച്ചുവന്നത്), മരുഭൂമിയിൽ 40 ദിവസങ്ങൾ ഉപവാസത്തിൽ കഴിച്ചതും, തുടർന്നുണ്ടായ പ്രലോഭനങ്ങളും എല്ലാം യിസ്രായേലിന്റെ അനുഭവങ്ങളിൽ സൂചിപ്പിച്ചിരുന്നു എന്നു സുവിശേഷകൻ വ്യാഖ്യാനിക്കുന്നു. അതുപോലെ സഭയുടെ അനുഭവത്തിലും പലതും മുൻകുറി ആയി പഴയനിയമത്തിൽ കാണാം (1 കൊരി. 10:1–13 നോക്കുക).

(d) പഴയനിയമം പുതിയനിയമത്തിൽ നിവർത്തിതമാകുന്നു: പഴയനിയമത്തിലെ അനവധി പ്രവചനങ്ങളും സങ്കീർത്തനങ്ങളും പുതിയതിൽ പൂർത്തീകരിക്കപ്പെടുന്നു. പുതിയനിയമ എഴുത്തുകാർ എല്ലാംതന്നെ ഈ വീക്ഷണം ഉൾക്കൊണ്ടവരായിരുന്നു. മത്തായിയുടെ സുവിശേഷത്തിൽ ഉടനീളം പഴയനിയമ ഉദ്ധരണികൾ നൽകിക്കൊണ്ടു യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ഓരോ സംഭവവും, പ്രവചന പൂർത്തീകരണമായി വിവരിക്കുന്നുണ്ട്. മറ്റു സുവിശേഷങ്ങളിൽ ഇത്രയും വ്യാപകമായിട്ടില്ലെങ്കിലും ഈ അടിസ്ഥാനത്തിലുള്ള പല പരാമർശങ്ങളും കാണാം.

പൗലോസിന്റെ ലേഖനങ്ങളിലും, പഴയനിയമ ഉദ്ധരണികൾ മൂലമാണു തന്റെ ആശയങ്ങളും ഉപദേശങ്ങളും ന്യായീകരിക്കുന്നതും സ്ഥിരീകരിക്കുന്നതും. ഉദാ. വിശ്വാസത്താലുള്ള നീതീകരണം എന്നതു പൗലോസിന്റെ പുതുതായ ഒരു സിദ്ധാന്തമല്ലെന്നും, പഴയനിയമത്തിൽ അബ്രഹാമിന്റെ ജീവിതത്തിൽ വെളിപ്പെട്ടതാണെന്നും ഉല്പത്തി 15:6 ഉദ്ധരിച്ചുകൊണ്ടു പ്രസ്താവിക്കുന്നു (റോമ. 4; റോമ. 1:1; 4:23 കാണുക).

പുതിയനിയമ എഴുത്തുകാർ പഴയനിയമത്തിൽ നിന്നുള്ള ഉദ്ധരണികൾ നടത്തിയിട്ടുള്ളത് അവരുടെ പഴയനിയമ പാണ്ഡിത്യം പ്രകടമാക്കാനല്ല, പിന്നെയോ ക്രിസ്തുസഭ എന്നുള്ളത്, പൊടുന്നനവേ പൊന്തിവന്ന ഒരു പ്രസ്ഥാനമല്ല എന്നും, ദീർഘമായ ഒരുക്കത്തിന്റെയും, സുചിന്തിതവും, ആസൂത്രിതവുമായ ഒരു ദൈവപദ്ധതിയുടെയും പരിണതഫലമായി രൂപം കൊണ്ടതാണെന്നും സ്ഥാപിക്കാനത്രേ. പഴയനിയമം എന്നതു പുതിയ നിയമത്തിനു വേണ്ടിയുള്ള സുദീർഘമായ ഒരുക്കമായിരുന്നു. പഴയനിയമ പ്രതീക്ഷകളും അഭിലാഷങ്ങളും പൂവണിഞ്ഞു ഫലപൂർണമായതു പുതിയനിയമത്തിൽ യേശുക്രിസ്തുവിന്റെ ജീവിതത്തിലും അവിടുത്തെ പ്രവർത്തനത്തിലുമാകുന്നു.

**ചോദ്യങ്ങൾ**

1. കർത്താവിന്റെ ജീവിതത്തിലെ ഏതെല്ലാം സംഭവങ്ങൾ പ്രവചന സാക്ഷാത്ക്കാരമായി വിവരിക്കുന്നു?
2. പഴയനിയമത്തിലെ കഥാപാത്രങ്ങളിൽ ആരെയെല്ലാം പുതിയനിയമത്തിൽ ഉദ്ധരിക്കയും ഉദാഹരിക്കയും ചെയ്തിട്ടുണ്ട്? മൂന്നു പേരെക്കുറിച്ചെങ്കിലും പരാമർശിക്കുക.
3. പഴയനിയമ പഠനം എന്തുകൊണ്ട് ആവശ്യപ്പെടുന്നു? വ്യക്തമാക്കുക.

**പാഠം 2**

# ചരിത്ര സാംസ്ക്കാരിക പശ്ചാത്തലം

## ഗ്രേക്കോ - റോമൻ സംസ്ക്കാര പശ്ചാത്തലം

❑ ക്രിസ്തുസഭ ആവിർഭവിച്ചത് എങ്ങനെയുള്ള കാലത്തും പശ്ചാത്തലത്തിലുമാണ്? ❑ അവയുടെ സ്വാധീനം സഭയേയും, പുതിയനിയമ കൃതികളേയും ഏതെല്ലാംവിധത്തിൽ സ്വാധീനിച്ചിട്ടുണ്ട്? ❑ രാഷ്ട്രീയം, മതം, സംസ്ക്കാരം, തത്ത്വചിന്തകൾ എന്നിവയുടെ പശ്ചാത്തല വീക്ഷണം.

ഒരു ചെടിയുടെ വളർച്ച നിർണയിക്കുന്ന പ്രധാന ഘടകമാണ് അത് എങ്ങനെയുള്ള മണ്ണിൽ, ഏതു ചുറ്റുപാടിൽ വളരുന്നു എന്നത്. അതുപോലെ ക്രിസ്തുസഭ വളർന്നതും, 'പുതിയനിയമം' രൂപംകൊണ്ടതും എങ്ങനെയുള്ള സാഹചര്യത്തിൽ എന്നറിയേണ്ടത് ഏറ്റം ആവശ്യമത്രേ. സാഹചര്യങ്ങളുടെ സ്വാധീനം വിവിധ തരത്തിൽ ഉണ്ടാകാം. പുതിയനിയ

മത്തിന്റെ വേരുകൾ പഴയനിയമത്തിലാണെന്നു മുൻപഠനത്തിൽ കാണുകയുണ്ടായി. എന്നാൽ ആ വേരുകൾ ഇറങ്ങിച്ചെല്ലുന്നതു ഗ്രേക്കോ റോമൻ ലോകത്തിലേക്കും അതിന്റെ സാംസ്ക്കാരിക പശ്ചാത്തലത്തിലേക്കുമായിരുന്നു. അതിനാൽ ആ ലോകത്തിന്റെ സവിശേഷതകൾ അറിഞ്ഞിരിക്കേണ്ടതാണ്.

## 1. ശാന്തിയും സമാധാനവും നിറഞ്ഞ രാഷ്ട്രീയാന്തരീക്ഷം

അന്ന് അധിപത്യത്തിലിരുന്ന റോമാസാമ്രാജ്യം അതിവിസ്തൃതവും സുശക്തവും, സുസംഘടിതവുമായിരുന്നു. ഏകദേശം 200 വർഷം നീണ്ടുനിന്ന രക്തച്ചൊരിച്ചിലിന്റെയും, നിരന്തരമായ പോരാട്ടങ്ങളുടെയും അന്ത്യം കുറിച്ചുകൊണ്ട് അഗസ്തുസ് സീസറുടെ കാലത്തോടുകൂടി സമാധാനത്തിന്റെയും സൈ്വരതയുടെയും അന്തരീക്ഷം കൈവന്നു. ബി. സി. 27 മുതൽ സമാധാനവും, ഐക്യവും കളിയാടുന്ന കെട്ടുറപ്പുള്ള ഒരു ഭരണസംവിധാനമുണ്ടായി. സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളെ പ്രോവിൻസുകളായി തിരിച്ചുകൊണ്ടു സുശക്തമായ ഒരു ഭരണമായിരുന്നു അത്. എല്ലാ ഭാഗങ്ങളുമായി നേരിട്ടുള്ള നിയന്ത്രണം ഗവർണർമാർ, മറ്റു റോമൻ പ്രതിനിധികൾ തുടങ്ങിയവർ മുഖാന്തരം സാധ്യമാക്കിത്തീർത്തു.

വിസ്തൃതമായ സാമ്രാജ്യത്തെ ഐക്യത്തിലും ഭദ്രതയിലും സംരക്ഷിക്കുവാൻ പോരുന്ന അനവധി ഘടകങ്ങളുണ്ടായിരുന്നു. അന്നുണ്ടായിരുന്ന വിപുലമായ യാത്രാസൗകര്യങ്ങൾ എടുത്തു പറയേണ്ടതാണ്. 'എല്ലാ റോഡുകളും റോമിലേക്ക് നയിക്കുന്നു' (All roads lead to Rome) എന്നു പറയത്തക്കവണ്ണം സാമ്രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളുമായി ബന്ധിക്കുന്ന റോഡുകളും നാവികസൗകര്യങ്ങളും ഉണ്ടായിരുന്നു. പരസ്പരം അറിയുന്നതിനും അടുക്കുന്നതിനും അതുപകരിച്ചു. പ്രസിദ്ധമായ റോമൻ നിയമസംഹിതയും, ഭദ്രതയെ പരിപോഷിപ്പിച്ചു. സാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ ഗ്രീക്കും, പടിഞ്ഞാറൻ ഭാഗങ്ങളിൽ ലത്തീനും പ്രചാരത്തിലിരുന്നു. ഈ ഭാഷകൾ പൊതുമാധ്യമങ്ങളായി വർത്തിച്ചു. പ്രത്യേകിച്ച് അന്നു പ്രചാരത്തിലിരുന്ന കൊയ്നെ ഗ്രീക്ക് (കൊയ്നെ = സാധാരണ) സാമ്രാജ്യത്തിന്റെ എല്ലാ ഭാഗത്തും ഭാഗികമായെങ്കിലും വ്യാപിച്ചിരുന്നു.

രാഷ്ട്രീയമായി കെട്ടുറപ്പുള്ള ഭരണസംവിധാനം, ആശയവിനിമയത്തിനുള്ള വർദ്ധിച്ച സാദ്ധ്യതകൾ, ഉൽക്കൃഷ്ടമായ റോമൻ നിയമസംഹിതകൾ, പൊതുവായ ഒരു ഭാഷ ഇവയെല്ലാം സാമ്രാജ്യത്തെ ഐക്യത്തിലും സമാധാനത്തിലും കാത്തുസൂക്ഷിച്ചു.

## 2. സാമുദായികമായ അസമത്വങ്ങളും ഉച്ചനീചത്വങ്ങളും നിലനിന്നു

രാജ്യങ്ങൾ ഒന്നുചേർന്നെങ്കിലും, ഭരണചക്രം സുശക്തമായിരുന്നെങ്കിലും, സാമുദായികവും സാമൂഹ്യവുമായ അസമത്വങ്ങളും ഉച്ചനീചത്വങ്ങളും ചൂഷണങ്ങളും സാമ്രാജ്യത്തിൽ തേർവാഴ്ച നടത്തി. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവു രൂക്ഷമായിരുന്നു. അടിമത്വ സമ്പ്രദായം സാർവത്രികമായിരുന്നു. സാമൂഹ്യവ്യവസ്ഥിതി തന്നെ അടിമത്വത്തിൽ അധിഷ്ഠിതമായിരുന്ന ഒന്നാണ്. വ്യക്തിത്വം നിഷേധിക്കപ്പെട്ടു കേവലം മൃഗതുല്യം പരിഗണിക്കപ്പെട്ട അടിമകളുടെ അവസ്ഥ അതിദയനീയമായിരുന്നു. ഒരു കൂലിക്കാരനു ലഭിച്ചിരുന്ന വേതനം വളരെ തുച്ഛം. വിശപ്പടക്കാൻപോലും അപര്യാപ്തം. മാത്രമല്ല, അവൻ പലപ്പോഴും ചൂഷണവിധേയനുമാക്കപ്പെട്ടു.

റോമാക്കാരുടെ നികുതിഭാരം സാധാരണക്കാരായ ജനങ്ങൾക്കു ദുർവഹമായിത്തീർന്നു. ഈ പശ്ചാത്തലത്തിൽ 'ദരിദ്രരായ നിങ്ങൾ ഭാഗ്യവാന്മാർ' എന്നു ഗലീലയിൽ മുഴങ്ങിക്കേട്ട സദ്വാർത്ത ജനങ്ങൾക്ക് ആശ്വാസവും, പ്രത്യാശയും പകരുന്നതായിക്കാണാം. 'അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും ആശ്വാസം നൽകുന്ന' ക്ഷണം അത്യന്തം സ്വാഗതാർഹമായിരുന്നു.

## 3. അനവധി മതങ്ങൾ ഒന്നിച്ച്

രാഷ്ട്രീയമായ ഐക്യം ദൃശ്യമായിരുന്നെങ്കിലും മതപരമായ വൈവിധ്യവും ബഹുവിധ വിശ്വാസവും നിലനിന്നു. ഇന്നും ഭാരതത്തിലെന്നപോലെ, അന്നും റോമാസമ്രാജ്യത്തിലും വൈവിധ്യമാർന്ന മതങ്ങൾ നാമ്പെടുക്കുകയും പുഷ്ടി പ്രാപിക്കയും ചെയ്തു. അഭ്യസ്തവിദ്യരും സാധാരണക്കാരും തമ്മിൽ ഇക്കാര്യത്തിൽ ചില വ്യത്യാസങ്ങൾ പ്രകടമായിരുന്നു. സാധാരണ ജനങ്ങൾ ബഹുദൈവങ്ങളിൽ വിശ്വസിച്ചു. എവിടെയും ക്ഷേത്രങ്ങളും പൂജാസ്ഥലങ്ങളും കാണാം. ഗ്രേക്കരുടെ ദേവന്മാരെത്തന്നെ റോമാക്കാരും സ്വീകരിപ്പാൻ മടിച്ചില്ല. ജീവിതത്തിന്റെ ഓരോ മണ്ഡലവും, ഓരോ ദേവന്റെയോ ദേവിയുടെയോ ആധിപത്യത്തിലും നിയന്ത്രണത്തിലുമാണെന്ന് അവർ കരുതി, പൂജകളും ആരാധനയും നടത്തി.

ചക്രവർത്തിയാരാധനയും പ്രചാരത്തിൽ വന്നു. അലക്സാണ്ടറെ ദൈവമെന്നു കരുതി ഗ്രീക്കുകാർ ആരാധിക്കുവാൻ ഒരുമ്പെട്ടതുപോലെ റോമൻ ചക്രവർത്തിമാരുടെ പേരിൽ ക്ഷേത്രങ്ങൾ പല സ്ഥലത്തും സ്ഥാപിക്കപ്പെട്ടു. അവരെ ആരാധിക്കുന്നതിനു പ്രോത്സാഹനം നൽകി. അഗസ്തൂസ് ചക്രവർത്തിക്കു വേണ്ടി പ്രതിഷ്ഠിക്കപ്പെട്ട ക്ഷേത്രങ്ങൾ സാമ്രാ

ജ്യത്തിന്റെ പല ഭാഗത്തുമുയർന്നു. മറ്റു ചക്രവർത്തിമാരും ആ ചുവടു പിന്തുടർന്നു.

## മിസ്റ്ററി മതങ്ങൾ (Mystery Religions)

ഗ്രേക്കോ – റോമൻ മതവിശ്വാസത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാന മാണു നിഗൂഢമതങ്ങൾക്കുള്ളത്. ഗ്രീക്കു രാജാക്കന്മാരുടെ കീഴിൽ സുര ക്ഷിതത്വം നഷ്ടപ്പെട്ടപ്പോൾ ജനങ്ങൾക്കു രാഷ്ട്രത്തിലുള്ള വിശ്വാസം ഇല്ലാതായി. അവർ വ്യക്തിനിഷ്ഠമായ മതചിന്തയിലേക്കും, അനുഭൂതി യിലേക്കും തിരിഞ്ഞു. അവർ ദേവന്മാരെപ്പറ്റി ചിന്തിച്ചും, അവരുടെ വീര പ്രവൃത്തികൾ നാടകരൂപത്തിൽ അവതരിപ്പിച്ചും, ദേവന്മാരുടെതന്നെ അനു ഭൂതിയിൽ പങ്കുപറ്റാൻ ശ്രമിച്ചു. എല്ലാറ്റിലും ഒരു നിഗൂഢത്വം അവർ പാലിച്ചു. പൗരസ്ത്യദേശങ്ങളിലെല്ലാം ഇത്തരത്തിലുള്ള നിഗൂഢമതങ്ങൾ വളർച്ച പ്രാപിച്ചു. പ്രധാനപ്പെട്ട നിഗൂഢമതങ്ങൾ, ഇസ്സിസ്സിന്റെ പൂജ (Isis Cult), മിത്രായിസം (Mithra Cult), ഡയനീഷ്യസ് പൂജ (Deonysius Cult), ഓർഫിക്കുമതം (Orphic Religion), ഒസ്സിറിസ് പൂജ (Osiris Cult) തുടങ്ങി യവയാണ്. ഈ നിഗൂഢമതങ്ങളെല്ലാം ഏതെങ്കിലും ദേവനിൽ വിശ്വസി ച്ചിരുന്നു. ദേവന്റെ അനുഭവം തന്നെ വിശ്വാസികൾക്കുമുണ്ടാകുമെന്നു പ്രതീക്ഷിച്ചു. ദേവനോടു കൂടി മരിക്കയും ഉയിർക്കുകയും, ആനന്ദിക്കു കയും, അമർത്യത ആർജിക്കയും ചെയ്യുമെന്ന് അവർ കരുതി. എല്ലാ നിഗൂ ഢമതങ്ങൾക്കും പ്രവേശനകർമങ്ങൾ അഥവാ ഉപനയനകർമങ്ങൾ (സ്നാനം തുടങ്ങിയവ) ഉണ്ടായിരുന്നു. കൂടാതെ ശുദ്ധീകരണകർമങ്ങളും ആചരിച്ചുപോന്നു. ഭക്തജനങ്ങൾക്ക് ആനന്ദാനുഭൂതി വാഗ്ദാനം ചെയ്തു. പൊതുവേ ലോകോല്ലാസങ്ങളോടു വിരക്തി പ്രകടിപ്പിച്ചു. ക്രിസ്തുസഭ യുടെ പ്രാരംഭകാലത്ത് ഈ നിഗൂഢമതങ്ങളിൽനിന്നുള്ള സ്വാധീനവും വെല്ലുവിളിയും വളരെ വലുതായിട്ടുണ്ടായിരുന്നു. അവയുടെ പല ആശ യങ്ങളും ഉപയോഗിച്ചുകൊണ്ടു ക്രിസ്തീയ സന്ദേശം പ്രചരിപ്പിക്കാൻ കഴിഞ്ഞു എന്നുള്ളത് ഒരു നേട്ടമാണ്. അനുഷ്ഠാനങ്ങൾ പലതും സ്വീക രിച്ച് അവയ്ക്കു ക്രിസ്തീയമായ അർത്ഥവും, പ്രസക്തിയും നൽകി.

## ജ്ഞാനമതം

നിഗൂഢമതങ്ങളോടു വളരെ ബന്ധപ്പെട്ട മറ്റൊരു മതചിന്തയാണു ഗ്നോ സ്റ്റിസിസം (Gnosticism) അഥവാ ജ്ഞാനവാദം. ഇതിന്റെ സ്വാധീനം ശക്ത മായതു രണ്ടാം നൂറ്റാണ്ടിലാണെങ്കിലും ആദ്യശതകത്തിൽ തന്നെ ഈ ചിന്ത നാമ്പെടുത്തതായി കരുതാം. ഈ മതത്തിൽ മുക്തി നേടുന്നത് 'ജ്ഞാനം' (Gnosis) മൂലമാണ്. യുക്തിചിന്തയിൽക്കൂടിയോ ശാസ്ത്രീയ വിശകലനത്തിൽ കൂടിയോ നേടുന്ന ജ്ഞാനമല്ല, നിഗൂഢമാർഗത്തിൽകൂടി കൈവരുന്ന അറിവാണു രക്ഷയ്ക്കു നിദാനം. ഇത്തരത്തിലുള്ള

ആദ്ധ്യാത്മികജ്ഞാനത്തിന് ഇവർ വലിയ വില കൽപിക്കയും, അതു പ്രാപിക്കാൻ ഉത്സാഹിക്കയും ചെയ്തു. താത്വിക വിചിന്തനവും, താപസ ജീവിതവും അവർ പ്രധാനമായിക്കരുതി.

യെഹൂദമതവിശ്വാസികൾ പോലും ജ്ഞാനവാദചിന്തയുടെ സ്വാധീന ത്തിൽ കുറെയൊക്കെ വരാൻ ഇടയായി. പുതിയനിയമ എഴുത്തുകാർ പലരും ഈ മതത്തിനെതിരായി ശബ്ദമുയർത്തുകയും പരോക്ഷമായി വാദമുഖങ്ങൾ ഉന്നയിക്കയും ചെയ്തിട്ടുണ്ട്. പൗലോസ് തന്റെ ലേഖന ങ്ങളിൽ 'ഗ്നോസിസ്' എന്ന പദം തന്നെ സ്വീകരിച്ചുകൊണ്ട് അതിനു ക്രിസ്തീയമായ അർത്ഥവും പ്രസക്തിയും നൽകുന്നു. പൗലൊസിന്റെ ക്രിസ്തുവിജ്ഞാനീയം ഇതു പ്രസ്പഷ്ടമാക്കുന്നുണ്ട്.

## 4. വിവിധ തത്ത്വചിന്തകളുടെ ഒരു ലോകം

മനുഷ്യന്റെ അഭിനിവേശങ്ങളെയും, അന്വേഷണബുദ്ധിയേയും തൃപ്തി പ്പെടുത്താൻ അനവധി തത്ത്വചിന്തകളും അന്നു പ്രചാരത്തിലുണ്ടായി രുന്നു. ബുദ്ധിജീവികൾക്ക് ആകർഷകമായ ഒരു വേദിയായിത്തീർന്നു അത്. ബി. സി. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ച പ്ളേറ്റോയുടേയും, സോക്രട്ടീസി ന്റെയും സ്വാധീനങ്ങൾ വിട്ടുമാറിയിരുന്നില്ല. ദൃശ്യമായ ലോകത്തിനാധാരം, അദൃശ്യമായ 'ആശയ'ങ്ങളുടെ (The world of ideas) ലോകമാണെന്ന ചിന്ത എടുത്തു പറയേണ്ടതാണ്. പാരത്രിക ലോകത്തിന്റെ നിത്യതയും യാഥാർ ത്ഥ്യവും ഉയർത്തിപ്പിടിച്ചു.

### സ്റ്റോയിസിസം

ഉത്ഭവം ബി. സി. നാലാം നൂറ്റാണ്ടിൽ. വളർച്ചയും സ്വാധീനവും വ്യാപ കമായിരുന്നു. എന്താണു ധന്യജീവിതം? പ്രപഞ്ചവുമായി പൊരുത്തപ്പെ ട്ടുള്ള ഒരു ജീവിതമാണ്. പ്രപഞ്ചം മുഴുവനും വ്യാപിച്ചു നിൽക്കുന്ന ചൈത ന്യമാണു ദൈവം. ആ ദൈവത്തിലാണു മനുഷ്യൻ ജീവിക്കയും, ചരി ക്കയും, നിലനിൽക്കയും ചെയ്യുന്നത്. ധാർമിക ബോധനത്തിൽ 'സ്റ്റോയി സിസം' യെഹൂദമതചിന്തയോട് അടുത്തുനിൽക്കുന്നു.

### എപ്പിക്കുറിയനിസം

ഉത്ഭവം ബി. സി. നാലാം നൂറ്റാണ്ടിൽത്തന്നെ. ലോകത്തെപ്പറ്റിയുള്ള ചിന്തയും, ധാർമികതയെപ്പറ്റിയുള്ള വീക്ഷണവുമാണ് ഇതിൽ പ്രധാനമായി ശ്രദ്ധിക്കേണ്ടത്. പ്രപഞ്ചോത്പത്തി അണുക്കളുടെ (atom) സംഘർഷ ത്തിൽ നിന്നാണ്. അങ്ങനെ ലോകവും മനുഷ്യനും യാദൃച്ഛികമായി ഉത്ഭ വിച്ചതാണെന്നു വരുന്നു. അവിടെ ദൈവത്തിനു യാതൊരു പ്രസക്തിയു മില്ല. എപ്പിക്കുറിയസിന്റെ ധാർമികതയെപ്പറ്റിയുള്ള ചിന്ത വളരെ സ്വാധീനം ചെലുത്തിയിട്ടുള്ളതാണ്. നൈസർഗികാഭിലാഷങ്ങളെ പിൻപറ്റുന്നതായി

രിക്കണം ജീവിതലക്ഷ്യം. ആഹ്ളാദവും ആനന്ദവും അഭികാമ്യം; വേദന പരിത്യജിക്കേണ്ടതും. യഥാർത്ഥ ആനന്ദം ലഭിക്കുന്നത് സുകൃതപരിശീലനത്തിൽ കൂടിയാണ്; മനഃസാക്ഷി കുറ്റപ്പെടുത്താനിടയാകരുത്. എന്നാൽ ആത്യന്തികമായി എപ്പിക്കൂരിയൻ സിദ്ധാന്തം ജഡികോല്ലാസങ്ങളിലേക്കു വഴുതിപ്പോയി.

മേൽപ്പറഞ്ഞ സിദ്ധാന്തങ്ങളുടെയും, തത്ത്വചിന്തകളുടെയും അടിയൊഴുക്ക് ഒന്നാംശതകത്തിലെ ഗ്രേക്കോ - റോമൻ ലോകത്തിൽ വ്യാപ്തമായിട്ടുണ്ടായിരുന്നു. അവയുടെ മിശ്രിതമായ ചിന്താഗതിയും സ്വാധീനവും അവഗണിക്കാൻ പാടില്ലാത്ത തരത്തിലായിരുന്നു.

### ചോദ്യങ്ങൾ

1. ഒന്നാം നൂറ്റാണ്ടിൽ നിലവിലിരുന്ന രാഷ്ട്രീയാന്തരീക്ഷം ക്രിസ്തീയ സഭയ്ക്ക് എത്രമാത്രം അനുകൂലമായിരുന്നു?
2. ക്രിസ്തീയസഭയ്ക്ക് മതപരമായി നേരിടേണ്ട വെല്ലുവിളികൾ എന്തെല്ലാമായിരുന്നു?
3. മതബാഹുല്യമുള്ള ഭാരതത്തിൽ ക്രിസ്തീയസാക്ഷ്യം എപ്രകാരം നിർവഹിക്കാം?

## പാഠം 3

# പുതിയനിയമത്തിന്റെ യഹൂദ ചരിത്രപശ്ചാത്തലം

❑ ഒന്നാം നൂറ്റാണ്ടിനു തൊട്ടുമുമ്പുള്ള ചരിത്രം ❑ ചരിത്ര പശ്ചാത്തലം ഏതെല്ലാംവിധത്തിൽ സുവിശേഷത്തെയും, ക്രിസ്തീയ സഭയെയും സ്വാധീനിച്ചിട്ടുണ്ട്?

ക്രിസ്തീയസഭ, ചരിത്രത്തിന് ഒരു വലിയ സ്ഥാനം നൽകുന്നുണ്ട്. ചരിത്രത്തിൽ പ്രവർത്തിക്കുന്ന, ചരിത്രത്തെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന ഒരു ദൈവത്തെയാണു വിശ്വസിക്കുന്നത്. ക്രിസ്തുചരിത്രം ഒരു ചരിത്രസംഭവമാണ്. അതു മനസ്സിലാക്കാൻ അതിനു മുമ്പുള്ള ചരിത്രപശ്ചാത്തലം നാം അറിഞ്ഞിരിക്കണം.

ഒന്നാം നൂറ്റാണ്ടിൽ ഇസ്രായേൽജനം ഒരു വിമോചകനുവേണ്ടി പ്രതീക്ഷാപൂർവം കാത്തിരിക്കയായിരുന്നു. വിദേശാധിപത്യത്തിൽ നെടുവീർ

പ്പിട്ടു കഴിഞ്ഞ അവർ ദൈവത്താൽ അയയ്ക്കപ്പെടുന്ന മശിഹായുടെ ആഗമനം പ്രതീക്ഷിച്ചു. ആ മശിഹാ എങ്ങനെയുള്ള ചുറ്റുപാടിലേക്കാണു വന്നതെന്നും, എപ്രകാരമുള്ള സാഹചര്യത്തിലാണു പ്രവർത്തിച്ചതെന്നും അറിയേണ്ടതാണ്.

## വിദേശാധിപത്യത്തിന്റെ ദീർഘചരിത്രം

ഇസ്രായേൽ ദൈവത്തിന്റെ സ്വന്തജനമായിരുന്നു. എങ്കിലും അവർ വൈദേശികാധിപത്യത്തിലാവുകയും പീഡനങ്ങൾ അനുഭവിക്കയും ചെയ്യേണ്ടിവന്നു.

## യവനമേധാവിത്വം

ബി. സി. നാലാം നൂറ്റാണ്ടു മുതൽ ഉദിച്ചുയർന്ന യവനമേധാവിത്വം യിസ്രായേൽ ജനതയെ പലവിധത്തിൽ ബാധിച്ചു. പ്രത്യേകിച്ചു സിറിയൻ രാജ്യം യിസ്രായേലിനെ കീഴ്പ്പെടുത്തി യവന മേൽക്കോയ്മ അടിച്ചേൽപ്പിക്കുവാൻ ശ്രമിച്ചു. ബി. സി. രണ്ടാം നൂറ്റാണ്ടിൽ സിറിയൻ രാജാവായ അന്ത്യോക്കസ് എപ്പിഫാനസിന്റെ കാലത്ത് (ബി. സി. 175-157) യഹൂദ ജനത അത്യധികം കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവന്നു. ദുർവഹമായ നികുതി ചുമത്തുക മാത്രമല്ല, യഹൂദമതത്തെ നശിപ്പിച്ച്, യവന സംസ്ക്കാരവും യവന മതവും വ്യവസ്ഥാപിതമാക്കുവാൻ ഉദ്യമിച്ചു. ഇതാണു മക്കാബിയരുടെ വിപ്ലവത്തിനു കാരണമാക്കിയത്.

എപ്പിഫാനസ് ചെയ്ത കടുംകൈകൾ പലതാണ്. യെരുശലേം ദേവാലയം അശുദ്ധമാക്കുകയും വിഗ്രഹാരാധന നടപ്പിലാക്കുകയും ചെയ്തു. ദേവാലയത്തിലെ അതിവിശുദ്ധ സ്ഥലത്തു പന്നികളെ യാഗം കഴിച്ച് അശുദ്ധമാക്കി (ദാനി. 9:27 ഇതേപ്പറ്റി സൂചിപ്പിക്കുന്നു). രാജ്യത്തുടനീളം വിഗ്രഹാരാധന പ്രചരിപ്പിച്ചു. മോശൈക ന്യായപ്രമാണം ആചരിക്കുന്നതിൽ നിന്നു ജനങ്ങളെ വിലക്കി. അങ്ങനെ ശാബത്, പരിഛേദന മുതലായവ നിരോധിക്കപ്പെട്ടു. മഹാപുരോഹിതസ്ഥാനികളെ ഇഷ്ടം പോലെ നീക്കുകയും, അവരോധിക്കയും ചെയ്തു. യവന സംസ്ക്കാരത്തിന്റെ അടയാളമായ കായികാഭ്യാസശാലകളും കളിസ്ഥലങ്ങളും ഉണ്ടാക്കി. ഇങ്ങനെ നീങ്ങിക്കൊണ്ടിരുന്ന പ്രവർത്തനങ്ങളെ അനുകൂലിക്കുന്നവർ യഹൂദ്യരുടെ ഇടയിൽ ചുരുക്കമായിട്ടുണ്ടായി.

എന്നാൽ ദേശീയബോധവും, മതതീക്ഷ്ണതയുമുള്ളവർ, ന്യായപ്രമാണത്തോടും, മോശൈകപാരമ്പര്യത്തോടും കൂറുള്ളവർ ഈ നീക്കത്തെ ചെറുക്കുവാൻ മുമ്പോട്ടുവന്നു. പിതാക്കന്മാരുടെ വിശ്വാസങ്ങൾ കാത്തുസൂക്ഷിക്കുവാൻ അരയും തലയും മുറുക്കി രംഗത്തിറങ്ങി. അവർക്കു നേതൃത്വം കൊടുത്തതു ഹശ്മോന്യ വംശജനായ മറ്റാത്തിയസ് എന്ന

പുരോഹിതനായിരുന്നു. സിറിയൻ സൈന്യത്തോട് എതിർത്തുനിൽക്കുവാനുള്ള ശക്തിയില്ലാതിരുന്നതിനാൽ യഹൂദ്യമലകളിൽ കേന്ദ്രീകരിച്ചു ഒളിപ്പോരു യുദ്ധം സംഘടിപ്പിച്ചു. ബി. സി. 166-ൽ മറ്റാത്തിയസ് മരിച്ചെങ്കിലും അദ്ദേഹത്തിന്റെ പുത്രന്മാർ വീരോചിതമായി വിമോചനസമരം തുടർന്നു. മൂത്തപുത്രൻ യൂദാസ് ('മക്കാബിയസ്' എന്നു മറുനാമം – ആ പേരിൽനിന്ന് ആ കുടുംബത്തിൽപ്പെട്ടവരെ മക്കാബിയർ എന്നു വിളിക്കപ്പെട്ടു) അബ്രഹാമിന്റെ വിശ്വാസത്തോടും, ഏലിയായുടെ തീക്ഷ്ണതയോടും ദാവീദിന്റെ ധൈര്യത്തോടും പോരാട്ടം നടത്തി. ബി. സി. 165-ൽ സിറിയൻ സൈന്യത്തെ പരാജയപ്പെടുത്തിക്കൊണ്ടു മൂന്നു വർഷമായി അശുദ്ധമായിക്കിടന്ന ദേവാലയം വീണ്ടും വിശുദ്ധീകരിച്ചു പ്രതിഷ്ഠോത്സവം ആചരിച്ചു. മറ്റു പല നേട്ടങ്ങളും യൂദാസ് കൈവരിച്ചു. വീണ്ടുമുള്ള ഏറ്റുമുട്ടലിൽ യൂദാസ് മരിക്കയും പകരം സഹോദരൻ യോനാഥാൻ നേതൃത്വം ഏൽക്കയും ചെയ്തു. അയാൾ നാലു വർഷക്കാലം യിസ്രായേലിന്റെ സ്വാതന്ത്ര്യം സംരക്ഷിച്ചുകൊണ്ടു യവനസംസ്ക്കാരത്തെ ശക്തമായി എതിരിട്ടു. രാഷ്ട്രീയാധികാരം മാത്രമല്ല പുരോഹിതസ്ഥാനവും ഇയാൾ കയ്യേറ്റു. അതു പരാജയത്തിലേക്കു വഴിനടത്തി. തുടർന്നു വന്ന സൈമൺ (ബി. സി. 143–135) ഒരുത്തമ യോദ്ധാവും ബുദ്ധിശാലിയുമായിരുന്നു. യിസ്രായേലിന്റെ സ്വാതന്ത്ര്യം കുറെയൊക്കെ സാധ്യമാക്കി. രാജ്യം വളരെയധികം പുരോഗതി കൈവരിച്ചു. എന്നാൽ സിറിയൻ സൈന്യവുമായുള്ള ഏറ്റുമുട്ടലിൽ അയാൾ മരിച്ചു. പുത്രനായ ജോൺ മഹാപുരോഹിതസ്ഥാനവും രാജസ്ഥാനവും ഒരുമിച്ചു ഏറ്റെടുത്തു. സ്വന്തം പേരുവച്ച നാണയം പ്രസിദ്ധപ്പെടുത്തുകയും, യിസ്രായേലിന്റെ വ്യക്തിത്വം കാത്തുസൂക്ഷിക്കുവാൻ യത്നിക്കയും ചെയ്തു. ഇക്കാലയളവിലാണ് യഹൂദമതത്തിൽ പിന്നീടു വളരെ സ്വാധീനം വരിച്ചിട്ടുള്ള പരീശന്മാരും സാദൂക്യരും ഉദയം ചെയ്യുന്നത്. ചാവുകടൽ തീരത്തു ആസ്ഥാനമാക്കിയ കുംറാൻ സന്യാസികളുടെ ആവിർഭാവവും ഈ കാലഘട്ടത്തിൽത്തന്നെ.

ജോണിന്റെ കാലശേഷം അന്തഃഛിദ്രങ്ങളുടെയും കുടുംബകലഹത്തിന്റെയും, ചേരിപ്പോരുകളുടെയും രംഗമായി യിസ്രായേൽ മാറി. പരീശന്മാർ മക്കാബിയ ഭരണകർത്താക്കളെ വെറുത്തു; സാദൂക്യർ അനുകൂലിക്കുകയും ചെയ്തു. മഹാപുരോഹിതസ്ഥാനത്തിനു വേണ്ടിയുള്ള തർക്കങ്ങളും വടംവലികളും അന്തരീക്ഷം കലാപകലുഷിതമാക്കി. ഒരു വിഭാഗം റോമാക്കാരുടെ സഹായം അഭ്യർത്ഥിച്ചു. അങ്ങനെ ബി. സി. 65-ൽ റോമാക്കാർ രംഗപ്രവേശം ചെയ്തു. സിറിയാ റോമാക്കാരുടെ അധീനത്തിലായിരുന്നു. തുടർന്ന് അവർ പലസ്തീനിലേക്കും കടന്നുവന്നു.

മക്കാബിയ വിപ്ലവത്തെപ്പറ്റി ഒരു വിലയിരുത്തൽ ഇവിടെ സ്ഥാനസ്ഥിതമാണ്.

### നേട്ടങ്ങൾ:

1. കുറെനാളത്തേയ്ക്കു രാഷ്ട്രീയ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാൻ കഴിഞ്ഞു. 2. സാമ്പത്തികവും, രാഷ്ട്രീയവുമായ പുരോഗതി നേടി. 3. ജനത്തെ ഐക്യബോധത്തിലേക്കു കൊണ്ടുവന്നു. 4. യെരൂശലേം നഗരം സുരക്ഷിതമാക്കി. 5. പുറജാതിമതത്തിന്റെ മുന്നേറ്റത്തെ ചെറുത്തുകൊണ്ട് പിതാക്കന്മാരുടെ വിശ്വാസം കാത്തുസൂക്ഷിച്ചു. 6. മുടങ്ങിപ്പോയ ദൈവാലയാരാധനയും യാഗങ്ങളും പുനഃസ്ഥാപിച്ചു. 7. മതതീക്ഷ്ണതയുള്ള ചില വിഭാഗങ്ങൾ ഉയർന്നുവന്നു. 8. ചില സങ്കീർത്തനങ്ങൾ ഇവരുടെ കാലത്തു രചിക്കപ്പെട്ടവയായി കരുതുന്നു. ഉദാ. 78, 83, 85, 89. etc. 9. വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിമരണം വരിക്കുക എന്ന നൂതനാശയം സ്വീകൃതമായി.

### റോമൻ ആധിപത്യം (ബി. സി. 63 – ഏ. ഡി. 66)

മക്കാബിയരുടെ നേതൃത്വത്തിൽ കുറെയൊക്കെ സ്വാതന്ത്ര്യം അനുഭവിച്ച യഹൂദജനം വീണ്ടും മറ്റൊരു വിദേശാധിപത്യത്തിലായിത്തീർന്നു. അത് ഒരു നൂറ്റാണ്ടു കാലം നീണ്ടുനിന്നു. റോമാക്കാർ ഭരണപരമായി വളരെ സമർത്ഥരായിരുന്നു. പ്രാദേശികമായി ഭരണാധിപന്മാരെ നിയമിച്ചുകൊണ്ടു റോമിന്റെ നിയന്ത്രണം അവർ സുശക്തമാക്കി. യഹൂദമതം സ്വീകരിച്ച ഏദോമ്യ വംശജനായിരുന്നു അന്തിപറ്റേർ. ഇയാൾ റോമാക്കാരുടെ പിന്തുണ നേടിക്കൊണ്ട് യഹൂദ്യയിലെ ദേശാധിപതി ആയി. അയാളുടെ പുത്രനാണു കുപ്രസിദ്ധനായ ഹേരോദേസ് ഒന്നാമൻ. ഇയാൾ പലസ്തീന്റെ മുഴുവൻ ഭരണാധികാരിയായിത്തീർന്നു. ബി. സി. 37–ൽ ഭരണാധികാരിയായി നിയമിക്കപ്പെട്ട അയാൾ ബി. സി. 30–ൽ രാജസ്ഥാനം സ്വീകരിച്ചു.

യേശുക്രിസ്തു ജനിക്കുമ്പോൾ പലസ്തീൻരാജ്യം ഭരിച്ചിരുന്നത് ഈ ഹേരോദേസ് ആയിരുന്നു. അയാളുടെ ഭരണപാടവം എടുത്തുപറയേണ്ടതാണ്. റോമാ ചക്രവർത്തിയുടെ പദ്ധതികളും നയപരിപാടികളും നടപ്പിലാക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചു. റോമാ – യവന സംസ്ക്കാരം പ്രചരിപ്പിക്കുന്നതിൽ അതീവ തൽപ്പരനായിരുന്നു. അതിന്റെ ഘടകമായി ചക്രവർത്തി ആരാധന പ്രചരിപ്പിച്ചു. പുതിയ പട്ടണങ്ങൾ പണിത് അവയ്ക്കു ചക്രവർത്തിയുടെ പേരു നൽകി. ശിൽപകലയിൽ തൽപ്പരനായ ഹേരോദേസ് യെരുശലേം ദേവാലയം പുതുക്കിപ്പണിയുന്ന അതിബൃഹത്തായ ഒരു പദ്ധതി ആരംഭിച്ചു. കോട്ടകൾ, കൊട്ടാരങ്ങൾ, നഗരങ്ങൾ എന്നിവ നിർമിക്കുന്നതിൽ വിജയിച്ചു. അയാൾ സ്വന്തം ആധിപത്യം നിലനിർത്തുവാൻ എന്തു ഹീനകൃത്യവും ചെയ്യാൻ മടിക്കാത്തവനായിരുന്നു. അതുകൊണ്ടാണല്ലോ രണ്ടു വയസ്സിനു താഴെയുള്ള പിഞ്ചുകുഞ്ഞുങ്ങളെ കൊല

ചെയ്യാൻ കൽപ്പന കൊടുത്തത് (മത്താ. 2:16). മരണത്തിനു മുമ്പ് രാജ്യം മൂന്നു പുത്രന്മാർക്കായി ഭാഗിച്ചുകൊടുത്തു. അർക്കാലാവോസിനെ യഹൂദ്യയുടെ അധിപതിയായും അന്തിപ്പാസിനെ ഗലീല, പെറിയ മുതലായവയുടെ ദേശാധിപതി ആയും, ഫിലിപ്പിനെ, ഇതൂര്യാ, തൃക്കോനിക്യ പ്രദേശങ്ങളിലെ അധിപതിയായും നിയോഗിച്ചു.

## അർക്കലാവോസ് (ബി. സി. 4 – ഏ. ഡി. 6)

ക്രൂരതയിലും കഠിനപ്രവൃത്തിയിലും പിതാവിനെ കവച്ചുവച്ചു. ശത്രുക്കളെയെല്ലാം നിഷ്ക്കരുണം അമർച്ച ചെയ്തു. സ്വേഛാനുസരണം മഹാപുരോഹിതനെ മാറ്റുകയും നിയമിക്കയും ചെയ്തു. സ്വാധീനശക്തിയുള്ള കുടുംബങ്ങൾ അയാൾക്കെതിരെ ഗൂഢാലോചന നടത്തുകയും അയാളെ സ്ഥാനഭ്രഷ്ടനാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ചക്രവർത്തിയുടെ പക്കൽ നിവേദനം നടത്തുകയും ചെയ്തു (ലൂക്കോ. 19:22–27 യേശുവിന്റെ ഉപമ ഈ ചരിത്രപശ്ചാത്തലത്തിൽ കാണുക). അവസാനം അഗസ്തൂസ് ചക്രവർത്തി അർക്കലാവോസിനെ ഫ്രാൻസിലേക്കു നാടുകടത്തി. തൽസ്ഥാനത്തു റോമൻ പ്രോക്കുറേറ്ററെ നിയമിച്ചു.

## അന്തിപ്പാസ് (ബി. സി. 4 – ഏ. ഡി. 39)

ഇയാളെ ഇടപ്രഭു (Tetrarch) എന്നാണു സുവിശേഷങ്ങളിൽ വിളിച്ചിട്ടുള്ളത് (മത്താ. 14:1) സ്വന്തസ്ഥാനം ഭദ്രമാക്കുവാൻ എന്തും ചെയ്യുമായിരുന്നു (ലൂക്കോ. 13:31). യേശുവിനെ കൊല്ലുവാനും ഇയാൾ ഇച്ഛിച്ചതായി കാണാം. എന്നാൽ കർത്താവ് അയാളെ 'കുറുക്കൻ' എന്നാണ് വിളിച്ചിട്ടുള്ളത്.

യോഹന്നാൻ സ്നാപകനെ വധിച്ചത് ഇയാളാണ്. അതേപ്പറ്റി സുവിശേഷങ്ങളിൽ വിവരിച്ചിട്ടുണ്ട്. അരേത്താ രാജാവിന്റെ മകളെ വിവാഹം ചെയ്തിരുന്നുവെങ്കിലും, സഹോദരന്റെ ഭാര്യ ഹേരോദ്യയെ സ്വന്തമാക്കി വിവാഹം ചെയ്തു. ഇതു അരേത്താ രാജാവുമായുള്ള ഏറ്റുമുട്ടലിനും, ആത്യന്തികമായി അയാളുടെ വീഴ്ചയ്ക്കുമിടയായി. ചക്രവർത്തി അന്തിപ്പാസിനെ 'ഗോൾ' (ആധുനിക ഫ്രാൻസ്) എന്ന സ്ഥലത്തേയ്ക്കു നാടുകടത്തി.

## ഫിലിപ്പ് (ബി. സി. 4 – ഏ. ഡി. 34)

മറ്റു രണ്ടു പേരേക്കാൾ ഉത്തമനായ ഭരണാധിപനായിരുന്നു. കൈസർ ചക്രവർത്തിയുടെ പ്രീതിക്കായി 'പാനീയ' എന്ന പഴയ പട്ടണം പുതുക്കി പണിതു. 'കൈസര്യ' (ഫിലിപ്പിന്റെ) എന്ന പേരു നൽകി (മത്താ. 16:12, മർക്കോ. 8:21). ഏ. ഡി. 34–ൽ ഇയാൾ മരിച്ചപ്പോൾ അയാൾ ഭരിച്ചിരുന്ന പ്രദേശങ്ങൾ റോമാ പ്രവിശ്യയായ സിറിയായോടു ചേർത്തു. അഗ്രിപ്പാ

ഒന്നാമൻ, രണ്ടാമൻ എന്നു രണ്ടു പേരെ കൂടി ഹേരോദ്യ കുടുംബത്തിലെ ഭരണാധിപന്മാരായി നാം അറിയുന്നുണ്ട്. ഇവരിൽ ഒന്നാമൻ ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്നതായി (അ. പ്ര. 12) കാണാം. പലസ്തീനിൽ വളരെ തീക്ഷ്ണതയുള്ള യഹൂദനായി അയാൾ വർത്തിച്ചു. പരീശന്മാർക്കും മറ്റു യഹൂദന്മാർക്കും അയാളെ വളരെ ബഹുമാനമായിരുന്നു. അഗ്രിപ്പാ രണ്ടാമൻ റോമാക്കാരുമായി സഖ്യമുണ്ടാക്കാൻ ശ്രമിച്ചയാളാണ്. ഇയാളുടെ മുമ്പിലാണു പൗലോസ് പ്രതിവാദം നടത്തിയത് (അ. പ്ര. 25:26). ഇയാളുടെ അന്ത്യകാലം റോമിൽ ചെലവിട്ടു.

## റോമൻ പ്രോക്കുറേറ്റർമാർ

യഹൂദ്യ പ്രവിശ്യ റോമൻ പ്രോക്കുറേറ്ററുടെ കീഴിൽ വരുത്തിയ കാര്യം നാം മുകളിൽ കണ്ടു. അങ്ങനെ ഒന്നിനുപുറകേ പല ഗവർണർമാർ ഭരണം നടത്തി. ഇവരിൽ അഞ്ചാമത്തവനായിരുന്നു പൊന്തിയോസ് പീലാത്തോസ്. പ്രോക്കുറേറ്റർമാർ പൊതുവേ റോമൻ മേധാവിത്വത്തിൽ അഹമ്മതി പൂണ്ടവരും യഹൂദരെ പുഛിച്ചു വെറുക്കുന്നവരുമായിരുന്നു. ഇവരോടുള്ള എതിർപ്പു പലപ്പോഴും യഹൂദന്മാർ പ്രകടമാക്കി.

ഏ. ഡി. 66 മുതൽ യഹൂദന്മാർ, പ്രത്യേകിച്ചു തീവ്രവാദികളായ 'എരിവുകാരുടെ' നേതൃത്വത്തിൽ റോമാക്കാർക്കെതിരായി തുറന്ന യുദ്ധം ആരംഭിച്ചു. അവർക്കു വേണ്ടത്ര സംഘാടന ശക്തിയോ, ആൾബലമോ ഇല്ലായിരുന്നതിനാൽ റോമാക്കാരിൽനിന്നു കടുത്ത നാശനഷ്ടങ്ങൾ അനുഭവിക്കേണ്ടി വന്നു. വെസ്പേഷ്യന്റെയും പുത്രനായ ടൈറ്റസിന്റെയും നേതൃത്വത്തിൽ ഏ. ഡി. 70-ൽ യെരൂശലേം തകർത്തുതരിപ്പണമാക്കി. ദേവാലയം തീയ്ക്കിരയാക്കി. കല്ലോടുകല്ലു ശേഷിക്കയില്ല എന്നു കർത്താവ് അതിനെപ്പറ്റി പറഞ്ഞ പ്രവചനം നിറവേറി (മർക്കോസ് 13:2). നീറോയ്ക്കു ശേഷം വന്ന ട്രാജൻ, ഹാഡ്രിയൻ എന്ന ചക്രവർത്തിമാർ അവശേഷിച്ച യഹൂദന്മാരെ ദയനീയമായി പരാജയപ്പെടുത്തുകയും പീഡിപ്പിക്കയും ചെയ്തു. അങ്ങനെ യഹൂദജനത രാജ്യമില്ലാതെയും; യെരൂശലേം ദേവാലയം നഷ്ടപ്പെട്ടും, ലോകത്തിന്റെ നാനാഭാഗത്തും ശൂന്യശിഷ്ടമായി. പിന്നീടു 1947 -ലാണ് 'ലീഗ് ഓഫ് നേഷൻ' യഹൂദ രാഷ്ട്രത്തെപ്പറ്റിയുള്ള പ്രമേയം പാസ്സാക്കുന്നത്. 1948 -ൽ രാഷ്ട്രം രൂപം പ്രാപിച്ചു.

## ചോദ്യങ്ങൾ

1. മക്കാബിയ വിപ്ലവത്തിൽ നിന്നു യഹൂദജനതയ്ക്കുണ്ടായ നേട്ടങ്ങൾ വിലയിരുത്തുക.
2. റോമൻ മേധാവിത്വം യഹൂദജനതയെ എങ്ങനെ ബാധിച്ചു?

## പാഠം 4

# ഇസ്രായേല്യരുടെ മതപരമായ പശ്ചാത്തലം

❑ യഹൂദമതത്തിന്റെ വിശ്വാസമൂല്യങ്ങൾ ❑ ദൈവാലയവും മതാനുഷ്ഠാനങ്ങളും ❑ യഹൂദമതത്തിലെ അവാന്തരവിഭാഗങ്ങൾ

യഹൂദന്മാരുടെ ചരിത്രപരമായ പശ്ചാത്തലമാണു കഴിഞ്ഞ പാഠത്തിൽ നാം കണ്ടത്. അവരുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളെപ്പറ്റിയാണ് ഈ പാഠത്തിൽ പ്രതിപാദിക്കുന്നത്. യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിലും, അപ്പോസ്തലന്മാരുടെ പ്രബോധനത്തിലും കാണുന്ന പല പരാമർശങ്ങളും മനസ്സിലാക്കാൻ ഈ പഠനം ആവശ്യമത്രേ. ക്രിസ്തീയസഭ എങ്ങനെയുള്ള ഒരു മതപശ്ചാത്തലത്തിലാണു പിറന്നത് എന്നു നിശ്ചയമായും അറിഞ്ഞിരിക്കണം. പുതിയനിയമം മനസ്സിലാക്കാൻ ഇതു വളരെയധികം ഉപകരിക്കും.

ചാവുകടൽ ചുരുളുകൾ ലഭിച്ചതിനുശേഷം ബി. സി. ഒന്നാം നൂറ്റാണ്ടിലെ യഹൂദസഭയെക്കുറിച്ചും, വിശ്വാസാചാരങ്ങളെക്കുറിച്ചും കൂടുതൽ അറിവു സാധ്യമായിട്ടുണ്ട്. യഹൂദറബിമാരുടെ മിഷ്നാകൾ, തൽമൂദുകൾ എന്നിവയും ഇക്കാര്യത്തിൽ വെളിച്ചം വീശുന്നവയാണ്. എന്നാൽ അവയിൽ കൂടുതലായും പിൽക്കാലമതത്തിന്റെ ചിത്രമാണു കാണുന്നത് എന്ന കാര്യം വിസ്മരിക്കുന്നില്ല.

### 1. വിശ്വാസങ്ങൾ

ഒന്നാമതായി അവരുടെ അടിസ്ഥാനവിശ്വാസങ്ങൾ പരിശോധിക്കാം. (എ) ഏകദൈവം: ഏകദൈവവിശ്വാസം രൂഢമൂലമായിരുന്നു. പ്രവാസത്തിനുശേഷം വിഗ്രഹങ്ങളെ അവർ പരിപൂർണമായി വർജിച്ചു. മാത്രമല്ല, ധാർമികപ്രമാണങ്ങൾക്കു മുൻതൂക്കം നൽകുന്ന ഒരു ദൈവത്തെ അവർ കണ്ടു. ദൈവത്തിന്റെ ആളത്തം, വിശുദ്ധി, നീതി എന്നിവയ്ക്കു ഊന്നൽ നൽകി. ദൈവത്തിന്റെ അപ്രമേയത്വവും മഹാപരിശുദ്ധതയും നിമിത്തം, 'യഹ്വേ' എന്ന നാമംപോലും അവർ ഉച്ചരിക്കുമായിരുന്നില്ല. അതിവിദൂരനും, (transcendent) അഗമ്യതേജോമയനുമായ ദൈവം തന്റെ സാന്നിദ്ധ്യം ഭൂമിയിലും തന്റെ ജനത്തിന്റെ നടുവിലും സാധ്യമാക്കിയത് 'ഷെക്കീനാ' (തേജസ്സ്) യിൽ കൂടിയാണ്. കാവൽ മാലാഖമാരെ നിയോഗിച്ചു ദൈവം തന്റെ ജനത്തെ സൂക്ഷിക്കുന്നു.

(ബി) ദൈവത്തിന്റെ സ്വന്തജനം: സത്യേക ദൈവവും തന്റെ സ്വന്തജനമായ യിസ്രായേലുമായി ഒരു പ്രത്യേക ബന്ധം നിലനിൽക്കുന്നു. ദൈവ

ത്തിന്റെ വെളിപാടു അവർക്കു പ്രത്യേകമായുണ്ടായി. ഈജിപ്തിൽനിന്നു അത്ഭുതകരമായി വീണ്ടെടുത്ത് അവരുമായി ഉടമ്പടിയിറങ്ങി. അതു കൊണ്ടു യിസ്രായേൽ ദൈവത്തിന്റെ സ്വന്തജനം; മണവാട്ടി; ആദ്യജാതൻ – ഇതൊക്കെയാണ്. മറ്റുള്ള ജനങ്ങളെപ്പറ്റി അവർ എന്തു ചിന്തിച്ചു? ആത്യന്തികമായി സകലജാതികളും യഹോവയുടെ രക്ഷയിൽ വന്നെത്തുമെന്ന് ചില പ്രവാചകന്മാർ കരുതി. ജാതികളുടെ പ്രകാശമായി അവരെ തെരഞ്ഞെടുത്തിരിക്കുന്നു എന്ന ചിന്ത ചിലപ്പോൾ പ്രകടമാണ്.

(സി) ന്യായപ്രമാണത്തിന്റെ സ്ഥാനം: യഹോവയും യിസ്രായേലും തമ്മിലുള്ള ബന്ധം 'തോറാ' (Law) യിൽ കൂടിയാണു പുലരുന്നത്. ദൈവത്തിന്റെ ഹിതം 'തോറാ'യിൽക്കൂടി അവിടുന്നു വെളിപ്പെടുത്തിയിരിക്കുന്നു. സൃഷ്ടിക്കു മുമ്പേ തന്നെ തോറാ ഉണ്ട്. അതിന്റെ അടിസ്ഥാനത്തിലാണു സൃഷ്ടി നടത്തിയിരിക്കുന്നത് – ഇതായിരുന്നു അവരുടെ വിശ്വാസം.

ന്യായപ്രമാണത്തെ (Torah) പ്പറ്റിയുള്ള വിശ്വാസം, പ്രവാസത്തിനു ശേഷം കൂടുതൽ ശക്തമായി. ന്യായപ്രമാണം ശരിയായി പഠിക്കുകയും ആചരിക്കുകയും ചെയ്താൽ ദൈവരാജ്യം സംസ്ഥാപിതമായിത്തീരുമെന്നു പ്രതീക്ഷിച്ചു. അങ്ങനെ ന്യായപ്രമാണത്തിനു കൂടുതൽ പ്രാധാന്യം കല്പിച്ചപ്പോൾ അതു പഠിപ്പിക്കുന്നതിനും, വ്യാഖ്യാനിക്കുന്നതിനും പ്രാപ്തിയുള്ള സൊപ്രേന്മാർ (Sopherim), ശാസ്ത്രിമാർ (പുതിയ പരിഭാഷയിൽ 'ധർമോപദേഷ്ടാക്കന്മാർ') ഉയർന്നുവന്നു.

ന്യായപ്രമാണം ലിഖിതരൂപത്തിൽ മാത്രമല്ല, വാമൊഴിയായി, അഥവാ പാരമ്പര്യമായി പകർന്നുവന്നിട്ടുള്ളതും ഉൾക്കൊള്ളുന്നു. രണ്ടും ഒന്നുപോലെ പ്രാധാന്യമർഹിക്കുന്നു എന്നു പരീശന്മാരും മറ്റും കരുതി. സുനഗോഗുകളുടെ പ്രാധാന്യംതന്നെ ന്യായപ്രമാണം പാരായണം ചെയ്യുകയും പഠിപ്പിക്കയും ചെയ്യുന്ന കേന്ദ്രം എന്ന നിലയ്ക്കാണ്.

(ഡി) മ്ശീഹായെക്കുറിച്ചുള്ള പ്രതീക്ഷ: ചരിത്രത്തിൽ പ്രവർത്തിക്കുന്ന ഒരു ദൈവത്തിൽ വിശ്വസിച്ചു. ഈജിപ്തിൽ നിന്ന് അവരെ വിമോചിപ്പിച്ച ദൈവത്തെ ഓർത്തു. അതിനാൽ വിദേശാധിപത്യത്തിൽ കഷ്ടമനുഭവിച്ചു കഴിയുമ്പോൾ അവർ ഭാവിയിലേക്കു പ്രതീക്ഷയോടെ നോക്കി. ദൈവം ഒരു വിമോചകനെ – മ്ശീഹായെ – അയയ്ക്കുമെന്നും, അവൻ യിസ്രായേലിനെ ആന്തരികമായും ബാഹ്യമായും ഉള്ള എല്ലാ ദുരിതങ്ങളിൽനിന്നും വിമോചിപ്പിച്ചു ദൈവത്തിന്റെ ആധിപത്യം സാർവ്വത്രികമാക്കുമെന്നും കരുതി. മ്ശീഹാ ദൈവത്തിന്റെ രാജത്വം സ്ഥാപിക്കുകയും ജനമെല്ലാം വിശുദ്ധിയിലും അനുസരണത്തിലും കീഴ്പ്പെടുകയും ചെയ്യും.

മ്ശീഹായെപ്പറ്റി പഴയനിയമത്തിൽ ഏകരൂപത്തിലുള്ള പ്രതീക്ഷകളല്ല കാണുന്നത്. അപ്പോക്കലിപ്റ്റിക്കൽ കൃതികൾ (ഭാവിയെ അനാവരണം

ചെയ്തു കാണിക്കുന്ന വിധത്തിലുള്ള) ബി. സി. രണ്ടാം നൂറ്റാണ്ടു മുതൽ രൂപപ്പെട്ടതോടുകൂടി ഭാവിയെക്കുറിച്ചുള്ള പ്രത്യാശയും മ്ശീഹായെക്കുറിച്ചുള്ള വിശ്വാസവും രൂഢമായിത്തീർന്നു. മോശെയെപ്പോലെ ഒരു വലിയ നേതാവ്, അല്ലെങ്കിൽ ദാവീദിനെപ്പോലെ, ഒരു വലിയ രാജാവ് എന്ന പ്രതീക്ഷയാണു ചിലപ്പോൾ. അമാനുഷികനായി മേഘത്തിന്മേൽ വരുന്ന ഒരുവനെന്നുള്ള ചിന്തയും വിരളമല്ല.

മ്ശീഹായെപ്പറ്റിയുള്ള പ്രതീക്ഷ ഉൽക്കടമായിരുന്നതിനാലാണു യോഹന്നാൻ മാംദാനായോടു 'നീ തന്നെയോ മ്ശീഹാ' എന്നു ചോദിക്കാൻ ജനത്തെ പ്രേരിപ്പിച്ചത്. യേശുവിനെ മ്ശീഹാ ആയി ബഹുഭൂരിപക്ഷത്തിനും അംഗീകരിപ്പാൻ കഴിയാഞ്ഞത് അവരുടെ പ്രതീക്ഷകൾക്കു വിപരീതമായി സൗമ്യനും, ശാന്തനും, കഷ്ടപ്പെടുന്നവനുമായി അവിടുന്നു വന്നതു കൊണ്ടത്രേ.

(ഇ) ഉയിർത്തെഴുന്നേൽപ്: മരണാനന്തര ജീവിതത്തെക്കുറിച്ചു പഴയ നിയമങ്ങളിൽ അധികം സൂചനകളൊന്നുമില്ല. തുടർച്ചയായ ജീവിതമുണ്ടെന്നുള്ളതിനെപ്പറ്റി ചില ഭാഗങ്ങളിൽ സൂചനകളുണ്ട് (സങ്കീ. 16, 17, 49, 73; ഇയ്യോ. 14:13–15; 19:25–29). എന്നാൽ അതു നിഴൽപോലെ മൂകവും പ്രവർത്തനരഹിതവുമായ ഒരു അവസ്ഥയായിരിക്കും. മരണാനന്തരം ആളുകൾ 'ഷിയോളിൽ' സ്ഥിതിചെയ്യുന്നു എന്നു വിശ്വസിച്ചു.

എന്നാൽ പീഡനങ്ങളിൽ (മക്കാബിയകാലത്തും മറ്റും) രാഷ്ട്രത്തിനും മതത്തിനും വേണ്ടി സ്വന്തം ജീവനർപ്പിച്ചവരുടെ ഭാവി എന്തായിരിക്കും എന്ന ചിന്തക്കു പ്രസക്തിയുണ്ടായി. വ്യക്തിത്വത്തിന്റെ അനശ്വരതയെക്കുറിച്ചു കൂടുതൽ വ്യക്തമായ ചിന്ത വളർന്നു. ഇതിന്റെയെല്ലാം ഫലമായി ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പിലും, ഭാവിന്യായവിധിയിലും ഉള്ള വിശ്വാസം ഉളവായി.

മക്കാബിയ കാലത്തു ശരീരത്തിന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള ചിന്ത ശക്തിപ്പെട്ടു. ദാനീ. 12:2 കാണുക. കർത്താവിന്റെ കാലത്തു പരീശന്മാർ പുനരുത്ഥാനത്തിൽ വിശ്വസിച്ചു. എന്നാൽ സാദൂക്യർ അതു നിഷേധിച്ചു (മത്താ. 22:23–33; അ. പ്ര. 23:6).

### 2. ആരാധനയും ആചാരങ്ങളും

യഹൂദമതത്തിലെ വിശ്വാസങ്ങളെപ്പറ്റിയാണല്ലോ ഇതുവരെ കണ്ടത്. യഹോവയോട് അവർക്കു പ്രത്യേകമായ ഒരു ബന്ധവും കടമയുമുള്ളതു നാം കണ്ടു. 'യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും' എന്നുള്ള ചിന്ത അവരെ ഭരിച്ചതിന്റെ ഫലമാണ് ആരാധന അർപ്പിക്കുവാനുള്ള പ്രേരണ.

യെരുശലേം ദേവാലയം: എസ്രാ, നെഹമ്യാമാരുടെ കാലം മുതൽ ദേവാലയത്തിന്റെ നടുനായകത്വം അംഗീകൃതമായി. എന്താണ് അതിന്റെ പ്രാധാന്യം? ദൈവത്തിന്റെ തേജസ്സ് (Shekinah) അവിടെ വസിച്ചു. ദൈവത്തിന്റെ സാന്നിദ്ധ്യം ഈ ഭൂമിയിൽ എവിടെയെങ്കിലും കേന്ദ്രീകൃതമായിട്ടുണ്ടെങ്കിൽ അതു ദൈവാലയത്തിൽ, പ്രത്യേകിച്ച് അതിന്റെ അതിവിശുദ്ധസ്ഥലത്താണ്. അവിടെയാണു ദൈവം തന്റെ ജനത്തിനു പാപമോചനം നൽകിയത്. അതിനുവേണ്ടി യാഗങ്ങളും പ്രായശ്ചിത്തങ്ങളും അർപ്പിക്കണമെന്നു മാത്രം. ദേവാലയാരാധനയുടെ പ്രധാന ഘടകം യാഗങ്ങളും വഴിപാടുകളും അർപ്പിക്കുന്നതാണ്.

യഹൂദമതം വിശ്വസിച്ചത്, ചില പ്രത്യേക സന്ദർഭങ്ങളിൽ ദൈവം അത്ഭുതകരമായി അവരോട് അടുത്തു ഇടപെടുകയും, അവർക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു എന്നാണ്. അങ്ങനെയുള്ള സംഭവങ്ങളെ അനുസ്മരിക്കുന്നതിനുവേണ്ടിയാണ് അവർ പെരുന്നാളുകൾ (festivals) ആചരിച്ചത്. ഈജിപ്തിൽ നിന്നുള്ള വിമോചനം അനുസ്മരിക്കുവാൻ പെസഹായും, സീനായ്മലയിൽ വച്ചു ന്യായപ്രമാണം ലഭിച്ചത് അനുസ്മരിക്കുവാൻ പെന്തിക്കോസ്തിയും (വാരോത്സവം), മരുഭൂമിയിലെ കൂടാരവാസം ഓർക്കുവാൻ കൂടാരപ്പെരുന്നാളും (സൂക്കോത്ത്) ആചരിച്ചു. ഭൂതകാല സംഭവങ്ങളെ വർത്തമാനകാലാനുഭവങ്ങളാക്കിത്തീർക്കുകയാണ് ഈ പെരുന്നാൾ ആചരണത്തിൽക്കൂടി. പൂരിം പെരുന്നാളും, പ്രതിഷ്ഠോത്സവ പെരുന്നാളും ഈ വിധത്തിൽ നടത്തുന്നു. പാപപരിഹാര ദിവസം (Day of Atonement – യോം കിപ്പൂർ) ഉപവാസത്തിന്റെയും, പശ്ചാത്താപത്തിന്റെയും, ബലിയർപ്പണത്തിന്റെയും ദിവസമാണ്; ദൈവവുമായി അനുരഞ്ജനപ്പെടുന്ന അനുഭവം.

യെരൂശലേം ദേവാലയം കൂടാതെ സുനഗോഗുകൾ ആരാധനാകേന്ദ്രമായിരുന്നു. സുനഗോഗിന്റെ ഉത്ഭവം പ്രവാസകാലത്താണെന്നു കരുതപ്പെടുന്നു. ദേവാലയത്തിൽ ബലിയർപ്പണമാണു പ്രധാന കർമ്മം. സുനഗോഗിൽ ന്യായപ്രമാണം വായിച്ചുകേൾക്കുകയും, പഠിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ്. പത്തു യഹൂദന്മാർ എവിടെ പാർത്താലും അവിടെ ഒരു സുനഗോഗ് ഉണ്ടാക്കാം. ശാബതിലെ ആരാധനയാണു മുഖ്യമായിട്ടിവിടെ നടക്കുന്നത്. റബിമാർ പൈതങ്ങൾക്കു മതബോധനം നൽകുന്ന വിദ്യാലയവും സുനഗോഗിൽ ആയിരുന്നു. സുനഗോഗിനെക്കുറിച്ചു ജി. എഫ്. മൂർ എഴുതിയിരിക്കുന്നത് 'അതു പുരാതനകാലത്തെ ഒരു നിസ്തുല്യ സ്ഥാപനവും അതിന്റെ സർവപ്രധാനമായ ഉദ്ദേശ്യം ജനങ്ങളെ മതത്തെക്കുറിച്ചു പഠിപ്പിക്കുന്നതുമായിരുന്നു.' സുനഗോഗ് ആരാധന ക്രിസ്തീയസഭയുടെ ആരാധനാക്രമം രൂപീകരിക്കുന്നതിൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട് എന്നു കാണാം.

### 3. യഹൂദ മതകക്ഷികൾ

യഹൂദന്മാരുടെ ജീവിതം കേന്ദ്രീകരിച്ചിരുന്നത്, ന്യായപ്രമാണം, ദേവാലയം, പെരുന്നാളുകൾ, സുനഗോഗ് എന്നീക്കാര്യങ്ങളിലാണ്. ഇവയോടുള്ള അവരുടെ മനോഭാവവും, ഇവയെപ്പറ്റിയുള്ള വിശ്വാസവും അവരെ വിവിധ തട്ടുകളിലാക്കി. ന്യായപ്രമാണത്തെപ്പറ്റിയുള്ള വിശ്വാസംതന്നെ അവരെ വ്യത്യസ്ത ചേരികളിലാക്കുന്നതായിരുന്നു.

#### അംഹാറെസ് (= മണ്ണിന്റെ മക്കൾ / People of the land).

ഇവരായിരുന്നു ബഹുഭൂരിപക്ഷവും. അവർക്കു ന്യായപ്രമാണാനുഷ്ഠാനങ്ങളിൽ അത്ര നിഷ്ഠയോ താല്പ്പര്യമോ ഇല്ലായിരുന്നു. ഇവരെപ്പറ്റി മതമേധാവികൾക്കു പുച്ഛവും വെറുപ്പുമായിരുന്നു. ചുങ്കക്കാരോടുകൂടി 'പാപികൾ' എന്നു വിശേഷിപ്പിച്ചിട്ടുള്ളത് ഇവരെയാണ്. അവരാണ് യിസ്രായേലിലെ കാണാതെ പോയ ആടുകൾ. യേശുക്രിസ്തുവിന്റെ ഹൃദയവും വാത്സല്യവും അവരിലാണു പതിഞ്ഞത്.

#### പരീശന്മാർ

വേർതിരിക്കപ്പെട്ടവൻ അഥവാ വേർപാടുകാരൻ എന്നാണു പേരിനർത്ഥം. അവരുടെ ഉത്ഭവത്തെപ്പറ്റി മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ന്യായപ്രമാണത്തിന് ഇവർ സർവ്വപ്രധാനമായ സ്ഥാനം നൽകി. ദൈവഹിതം ന്യായപ്രമാണത്തിൽ വെളിപ്പെട്ടിട്ടുണ്ട്. അതു മനുഷ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും ഭരിക്കേണ്ടതാണ്. ലിഖിതങ്ങളായവ മാത്രമല്ല ന്യായപ്രമാണത്തിൽ ഉൾപ്പെടുന്നത്. എഴുതപ്പെടാത്ത പാരമ്പര്യങ്ങളും തുല്യപ്രധാനമാണ്. ന്യായപ്രമാണത്തെ കാലാനുസൃതമാക്കി വ്യാഖ്യാനിക്കുവാൻ അവർ ഉത്സാഹിച്ചു.

മരിച്ചവരുടെ പുനരുത്ഥാനം, ദൂതന്മാരുടെയും ആത്മാക്കളുടെയും അസ്തിത്വം, മനുഷ്യന്റെ സ്വാതന്ത്ര്യം എന്നിവയും അവർ വിശ്വസിച്ചു. സുവിശേഷങ്ങളിൽ അവരെപ്പറ്റി അപഹാസ്യമായി നൽകിയിട്ടുള്ള ചിത്രം, അവരുടെ പൊതുവായ അവസ്ഥയെ വെളിപ്പെടുത്തുന്നതല്ല.

#### സാദൂക്യർ

സാദോക്ക് എന്ന പേരിൽ നിന്നായിരിക്കണം സാദൂക്യർ എന്ന നാമം ഉത്ഭവിച്ചതെന്ന് ഊഹിക്കപ്പെടുന്നു. ഇവർ ഉയർന്ന പുരോഹിതവർഗക്കാരായിരുന്നു. ഉത്ഭവം ബി. സി. രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആയിരിക്കണം. പരീശകക്ഷികളോട് അവർ എപ്പോഴും എതിർത്തുനിന്നു. ദേവാലയ ശുശ്രൂഷകളിലും കർമങ്ങളിലും ഏർപ്പെട്ടുകഴിഞ്ഞതുകൊണ്ടു പൊതുജനങ്ങളിൽനിന്ന് അകന്നു ജീവിച്ചു.

അവർ ലിഖിതങ്ങളായ ന്യായപ്രമാണം മാത്രമേ സ്വീകരിച്ചുള്ളു. എഴുതപ്പെടാത്ത പാരമ്പര്യങ്ങളെ അവർ നിഷേധിച്ചു. അതിനുള്ള കാരണം വ്യക്തമാണ്. അവർ സാമ്പത്തികമായും സാമൂഹ്യമായും ഭദ്രത അനുഭവിച്ചു. അതിൽ അവർ സംതൃപ്തരായിക്കഴിഞ്ഞു. പണ്ട് എഴുതിവച്ച ന്യായപ്രമാണം അവർ അംഗീകരിച്ചു. എന്നാൽ മാറിക്കൊണ്ടിരിക്കുന്ന ജീവനുള്ളതും സംഗതവുമായ പ്രമാണത്തെ അവർ തിരസ്കരിച്ചു. ന്യായപ്രമാണത്തിൽ വർത്തമാനകാല ജീവിതവുമായി വലിയ പ്രസക്തി അവർ കല്പിച്ചില്ല. മരിച്ചവരുടെ പുനരുത്ഥാനം അവർ സ്വീകരിച്ചില്ല. ഇവിടെത്തന്നെ ആനന്ദിക്കാനും ആശ്വസിക്കാനുമുള്ളപ്പോൾ മറ്റൊരു ജീവിതത്തിനു സ്ഥാനമില്ല. മാലാഖമാരോ, ആത്മാക്കളോ ഉള്ളതായി അവർ വിശ്വസിച്ചില്ല. മനുഷ്യൻ തന്നെ അവന്റെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കണമെന്നും വാദിച്ചു. റോമൻ ഭരണത്തോട് അവർക്ക് എതിർപ്പൊന്നുമുണ്ടായിരുന്നില്ല. മറിച്ച്, അവരോടു സഹകരിക്കണമെന്ന് അഭിപ്രായമുണ്ടായിരുന്നു. കയ്യപ്പാവ് ഒരു സാദൂക്യനായിരുന്നു.

ഒരിക്കൽ ഇവരിൽ ചിലർ യേശുവിനെ സമീപിച്ചു മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്നു സ്ഥാപിക്കുവാൻ ദേവരവിവാഹപ്രകാരം ഏഴു സഹോദരന്മാരുടെ ഭാര്യയായിരുന്ന സ്ത്രീ മരിച്ചുകഴിഞ്ഞു പുനരുത്ഥാനത്തിൽ ആരുടെ ഭാര്യയായിരിക്കും എന്നു ചോദിക്കുന്നുണ്ടല്ലോ (മത്താ. 22:23–33). തോറാ മാത്രം അവലംബമാക്കിയ അവരെ, തോറായിൽനിന്നു തന്നെ ഉദ്ധരിച്ചു കർത്താവു പരാജയപ്പെടുത്തി പറഞ്ഞയച്ചു.

### എസേന്യർ (The Essenes)

ചാവുകടലിനു പടിഞ്ഞാറെതീരത്തു മരുഭൂമിയിൽ വസിച്ചിരുന്ന ഒരു വൃന്ദം സന്യാസിമാരാണ് ഇവർ. ഫൈലോയുടെയും ജോസീഫസിന്റെയും എഴുത്തുകളിൽക്കൂടി ഇവരെപ്പറ്റി അറിവു ലഭിച്ചിരുന്നെങ്കിലും ചാവുകടൽ ചുരുൾ (1947–ൽ) കണ്ടെടുത്തതോടെയാണ് അവരെപ്പറ്റി കൂടുതൽ അറിവു ലഭിച്ചത്. കുംറാനിൽ താമസിച്ചിരുന്ന സന്യാസികളും എസ്സേന്യരും ഒരേ സമൂഹം തന്നെയാണെന്നു പണ്ഡിതലോകം കരുതുന്നു.

'നീതിയുടെ ഗുരു' എന്ന പേരിൽ അറിയപ്പെടുന്ന ആളാണു സ്ഥാപകൻ. 'ഉടമ്പടിക്കാർ', 'പ്രകാശത്തിന്റെ മക്കൾ' എന്നിങ്ങനെ പല പേരിലും ഈ സമൂഹത്തെ വിശേഷിപ്പിക്കുന്നു. ദുഷ്ടപുരോഹിതന്റെ കരങ്ങളാൽ സ്ഥാപകൻ വധിക്കപ്പെട്ടശേഷം ഇവർ ദമസ്കോസിലേക്കു പലായനം ചെയ്തിരിക്കാം. വീണ്ടും അവർ തിരിച്ചെത്തി കുംറാനിൽ ആസ്ഥാനമാക്കി എന്നു കരുതാം. ഏ. ഡി. 70–ൽ റോമാക്കാർ യെരൂശലേം നശിപ്പിച്ചശേഷം ഇവരുടെ ആസ്ഥാനവും ആക്രമിച്ച് അഗ്നിക്കിരയാക്കി. അതോടെ ആ പ്രസ്ഥാനവും നശിച്ചു.

ന്യായപ്രമാണത്തെപ്പറ്റിയുള്ള ഇവരുടെ വീക്ഷണം പരീശന്മാരുടേതിനേക്കാൾ കർക്കശമായിരുന്നു. അതായിരിക്കാം ഇവരെ മരുഭൂമിയിലേക്കും സന്യാസജീവിതത്തിലേക്കും നയിച്ചത്. ഭക്തിവൈരാഗികളായ അവർ സകലവും പൊതുവകയായി ഗണിച്ചു; സ്വപ്രയത്നത്താൽ ജീവിച്ചു. ദിനകൃത്യങ്ങൾ വളരെ നിഷ്ഠയോടെ ആചരിച്ചു. ന്യായപ്രമാണം ശരിയായി പഠിക്കുകയും ആചരിക്കുകയും ചെയ്യുന്നതുവഴി മ്ശീഹായുടെ ആഗമനം സുസാധ്യമാക്കാമെന്ന് അവർ കരുതി. ഈ സമൂഹവും, അവരുടെ ആശയാദർശങ്ങളും ക്രിസ്തുമതത്തെയും, പുതിയനിയമത്തെയും സാരമായി സ്വാധീനിച്ചിട്ടുണ്ട് എന്നു പറയാം.

മേൽപ്പറഞ്ഞ പ്രധാന മതകക്ഷികളെ കൂടാതെ 'എരിവുകാർ' (Zealots) എന്നറിയപ്പെടുന്ന തീവ്രവാദികൾ, ഹേരോദോസിന്റെ കുടുംബത്തെ അനുകൂലിച്ച വിഭാഗമായ 'ഹേരോദ്യർ' എന്നിവരും ഉണ്ടായിരുന്നു.

**ചോദ്യങ്ങൾ**

1. ഒന്നാം നൂറ്റാണ്ടിൽ ഇസ്രായേൽജനത പുലർത്തിയ വിശ്വാസങ്ങളും പ്രത്യാശകളും എത്രമാത്രം ക്രിസ്തീയ സഭയിലും, പുതിയനിയമത്തിലും പ്രതിഫലിച്ചിട്ടുണ്ട്?
2. ക്രിസ്തീയ ആരാധനയുടെ വളർച്ചയ്ക്ക് യെഹൂദസഭയോടുള്ള കടപ്പാട് എത്രമാത്രം?
3. സാദൂക്യരും പരീശന്മാരും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
4. എസ്സേന്യരെപ്പറ്റി ലഭിക്കുന്ന അറിവെന്ത്?

### പാഠം 5

# യിസ്രായേലിന്റെ ഭൂമിശാസ്ത്രം

❑ യിസ്രായേൽ എവിടെ, എങ്ങനെയുള്ള രാജ്യം ❑ സുവിശേഷ സംഭവങ്ങളുടെ ബന്ധത്തിൽ സ്ഥലങ്ങൾ മനസ്സിലാക്കുക ❑ കാലാവസ്ഥ.

സുവിശേഷങ്ങൾ യേശുക്രിസ്തുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. അവയിൽ പട്ടണങ്ങൾ, റോഡുകൾ, മലകൾ, തടാകങ്ങൾ, സമുദ്രം, നദികൾ തുടങ്ങിയവയെപ്പറ്റി ധാരാളം പരാമർശങ്ങൾ കാണാം. അവ എവിടെയെന്നും എങ്ങനെയുള്ളവയെന്നും മനസ്സിലാക്കേണ്ടത് ആവശ്യമത്രേ.

## പേരുകൾ

പല പേരുകളിൽ ഈ രാജ്യം അറിയപ്പെടുന്നു. 'കനാൻനാട്' ഇതു പുരാതനമായ പേര്. മുമ്പ് അവിടെ അധിവസിച്ചിരുന്നവരിൽനിന്നു ലഭിച്ച പേരാണ്.

**പലസ്തീൻ:–** നമുക്കു കൂടുതൽ പരിചിതമായ ഈ നാമം ഗ്രേക്കർ (ഗ്രീക്കുകാർ) നൽകിയതാണ്. ഫെലിസ്ത്യരുടെ നാട് എന്നർത്ഥത്തിൽ.

**ഇസ്രായേൽ:–** വേദപുസ്തകത്തിൽ അധികമുള്ളതും, ആധുനികമായി അറിയപ്പെടുന്നതും ഈ നാമത്തിലാണ്. ദൈവത്തിന്റെ സ്വന്തജനമായി യിസ്രായേല്യർ വസിക്കുന്ന പ്രദേശം എന്നാണർത്ഥം. 'പാലും തേനും ഒഴുകുന്ന ദേശം' എന്നും 'വാഗ്ദത്തദേശ'മെന്നും ഉള്ള പേരുകൾ വേദപുസ്തകത്തിലുണ്ട്.

**വിശുദ്ധനാട്:–** യഹൂദന്മാർക്കും ക്രിസ്ത്യാനികൾക്കും മുസ്ലീമുകൾക്കും ഈ ദേശത്തോടു മതപരമായ ബന്ധവും ആഭിമുഖ്യവും ഉള്ളതുകൊണ്ട് ഇതിനെ 'വിശുദ്ധ നാട്' എന്നു വിളിക്കുന്നു.

## എവിടെ

യിസ്രായേൽരാജ്യം യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളുടെ മദ്ധ്യേ സ്ഥിതിചെയ്യുന്നു. ഭൂമിശാസ്ത്രപരമായ ഈ കിടപ്പ് ഈ രാജ്യത്തിന്റെ ഭാഗധേയത്തെ വളരെയധികം ബാധിച്ചിട്ടുണ്ട്. 'ഇതു യെരൂശലേമാകുന്നു; ഞാൻ അതിനെ ജാതികളുടെ മദ്ധ്യേ വച്ചിരിക്കുന്നു; അതിനു ചുറ്റും രാജ്യങ്ങളുണ്ട്' (യെഹ. 5:5). പൊതുവായി പറഞ്ഞാൽ വടക്കു 'ദാനും' തെക്ക് 'ബേർശെബ'യും, പടിഞ്ഞാറു മദ്ധ്യധരണിക്കടലും, കിഴക്ക് ബാശാൻദേശവുമാണ് അതിർത്തികൾ. വിസ്തീർണം ഏകദേശം 15000 ച. കി. നീളം 217 കി. മി. ഏറ്റം കൂടിയ വീതി (തെക്കേ അറ്റം), 150 കി. മി. കുറഞ്ഞവീതി (വടക്ക്) 67 കി. മീ. ആകുന്നു. യോർദാനക്കരെ (Transjordan) എന്നു വിളിക്കുന്ന യോർദ്ദാൻനദിയുടെ കിഴക്കേ കരയിലും യഹൂദന്മാർ പാർത്തിരുന്നു. രണ്ടു ഭാഗങ്ങൾക്കൂടി കണക്കാക്കിയാലും കേരളത്തേക്കാൾ ചെറിയ ഒരു രാജ്യമായിരുന്നു.

## ഭൂപ്രകൃതി

അതിപുരാതനകാലത്തുണ്ടായ സങ്കീർണങ്ങളായ ഭൂപരിണാമങ്ങളിലൂടെയാണു മലകളും താഴ്‌വരകളും നിറഞ്ഞ ഇന്നത്തെ യിസ്രായേൽ രൂപം കൊണ്ടത്.

ഭൂപ്രകൃതി അടിസ്ഥാനമാക്കി നാലു ഭാഗങ്ങളായി തിരിക്കാം. (1) സമുദ്രതലം: മദ്ധ്യധരണിക്കടലിന്റെ തീരത്തായി സ്ഥിതിചെയ്യുന്നു. ഇതിന്റെ

വീതിക്ക് ഏകരൂപതയില്ല. ഫിനിഷ്യ സമതലം, ശാരോൻ സമതലം, ഫെലിസ്ത്യ സമതലം എന്നീ മൂന്നു ഭാഗങ്ങൾ ഇതിൽപ്പെടുന്നു. പല തുറമുഖ പട്ടണങ്ങളും ഇവിടെയുണ്ട് (യോപ്പാ, ലുദ്ദ, റാംലെ, സോർ, സീദോൻ മുതലായവ). ഫിനിഷ്യക്കും ശാരോൻ സമതലത്തിനും മദ്ധ്യേയാണ് കാർമേൽഗിരി. (2) മധ്യമലനാട്: സമതലങ്ങൾക്കു കിഴക്കായി കുന്നുകളും, മേടുകളും ഉൾക്കൊള്ളുന്ന ഈ ഭാഗത്താണ് യഹൂദ്യ, ശമര്യ, ഗലീലാ എന്നീ മൂന്നു പ്രദേശങ്ങൾ. ഇവിടുത്തെ കാലാവസ്ഥ പൊതുവേ ഹിതകരമാണ്. തെക്കേ അറ്റത്തു നെഗേബ് മരുഭൂമി; അവിടെ വരണ്ട കാലാവസ്ഥയാണ്.

(3) യോർദ്ദാൻ താഴ്‌വര: വടക്കു ലെബനോൻ താഴ്‌വര മുതൽ തെക്കു ചെങ്കടലിന്റെ ഒരു ശിഖരമായ അക്കാബാ ഉൾക്കടൽവരെ 500 കി. മീറ്ററിൽ അധികം നീണ്ടുകിടക്കുന്ന ഒരു പിളർപ്പാണ് ഈ താഴ്‌വര. ഈ താഴ്‌വരയ്ക്കു മൂന്നു മുതൽ അഞ്ചു കി. മീ. വരെ വീതിയുണ്ട്. ഭൂഗർഭത്തിലെ സംഘർഷം നിമിത്തം ഉൾവലിവ് ഉണ്ടായി രൂപം പ്രാപിച്ചതാണ്. ഇത് ഭൂമുഖത്തെ ഏറ്റം താഴ്ന്ന പ്രദേശമത്രേ. ഇതിന്റെ മദ്ധ്യേ കൂടിയാണ് യോർദ്ദാൻനദി വളഞ്ഞുപുളഞ്ഞ് തെക്കോട്ട് ഒഴുകുന്നത്. ഹെർമോന്റെ അടിവാരത്തിൽ നിന്നു പുറപ്പെട്ട് ഹൂളാ തടാകത്തിലെത്തുന്നു (ഇന്ന് അതു ചതുപ്പുപ്രദേശമാണ്). വീണ്ടും തെക്കോട്ട് ഒഴുകി ഗലീലാതടാകത്തിൽ ലയിക്കുന്നു. വീണ്ടും പ്രവഹിച്ചു ചാവുകടലിൽ ചെന്നുചേരുന്നു.

4. യോർദ്ദാനക്കരെയുള്ള മലകൾ: നാലാമത്തെ മുഖ്യമേഖലയായ ട്രാൻസ് - യോർദ്ദാനു വേദപുസ്തകത്തിൽ പറയാറുള്ളത് 'യോർദാനക്കരെ' എന്നാണ്; അതായത് യോർദ്ദാന്റെ കിഴക്കേ പ്രദേശം. ഇത് ഭാഗീകമായി ഫലഭൂയിഷ്ഠവും, ഭാഗികമായി മരുഭൂമിയുമായ ഒരു ഉന്നതതടമത്രേ. ശാന്തമായ കാലാവസ്ഥ, പടിഞ്ഞാറുനിന്നുള്ള ശീതളമായ കാറ്റ്, പശ്ചിമ യോർദാനേക്കാൾ കൂടുതൽ മഴ - ഇവ ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്. ധാരാളം മേച്ചിൽപ്പുറങ്ങളും ഫലസമൃദ്ധിയുള്ള വയലുകളുമുണ്ട്. പുരാതനരാജ്യമായ മോവാബ്, ഉത്തരഗിലയാദ് എന്നിവ ഈ പ്രദേശത്താണ്. ഇവിടുത്തെ ഏറ്റം പ്രധാനമായ നദി 'യാർമുക്ക്' ആണ്. ഇതിനു വടക്കുള്ള ദേശത്തെ പഴയനിയമത്തിൽ ബായാൻ എന്നു വിളിച്ചിരിക്കുന്നു.

റോമൻ പ്രോവിൻസുകൾ: റോമാക്കാർ ഇസ്രായേലിനെ ഭരിച്ചപ്പോൾ നാലു പ്രോവിൻസുകളായി വിഭജിച്ചു: (1) യഹൂദിയ (2) ശമര്യ (3) ഗലീല (4) പെറിയ.

### യഹൂദിയാ

തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്നു. ഉയർന്ന കുന്നുകളും ആഴമുള്ള താഴ്‌വരകളും നിറഞ്ഞിരിക്കുന്നു. താഴ്‌വരകൾ ഫലപുഷ്ടിയുള്ളതാണ്.

മലഞ്ചരിവുകൾ ആടുമാടുകളുടെ മേച്ചിൽപ്പുറങ്ങളാണ്. ഇവിടുത്തെ പ്രധാന നഗരങ്ങൾ യെരുശലേം (തലസ്ഥാനം), യെറീഹോ, ബേത്‌ലഹേം, ഹെബ്രോൻ, ബേർശെബാ എന്നിവയത്രേ. സൂയസ്, സീനായ്, അക്കാബാ എന്നീ സ്ഥാനങ്ങളിലേക്കുള്ള പാതകൾ ബേർശെബാ വഴി കടന്നുപോകുന്നു. ഹെബ്രോനിൽ ആണ് ഗോത്രപിതാക്കന്മാരുടെ ശവകുടീരങ്ങൾ സ്ഥിതിചെയ്യുന്ന മക്പേലഗുഹ. ഇപ്പോൾ അവിടെ മനോഹരമായ ഒരു മുസ്ലീം ദേവാലയമാണുള്ളത്. ബേത്‌ലഹേം പട്ടണവും അതിന്റെ സമീപമുള്ള താഴ്‌വരയും പ്രകൃതിമനോഹരമത്രേ. ബേത്‌ലഹേമിന് 10 കി. മീ. വടക്ക് യെരൂശലേം നഗരം സ്ഥിതിചെയ്യുന്നു. നിരവധി ചരിത്രസംഭവങ്ങൾക്കു സാക്ഷ്യം നിന്നിട്ടുള്ള ഈ നഗരം യഹൂദന്മാർക്കും, ക്രിസ്ത്യാനികൾക്കും, മുസ്ലീങ്ങൾക്കും ഒന്നുപോലെ സുപ്രധാനമത്രേ.

### ശമര്യ

ഇത് ഒരു ഉന്നത പ്രദേശമാണ്. ഇവിടെ മൂന്നു പുരാതന തീർത്ഥസ്ഥാനങ്ങൾ സ്ഥിതിചെയ്യുന്നു - ബെഥേൽ, ശീലോവ്, ശേഖേം (നാബ്ലുസ്). കിഴക്കുനിന്നും പടിഞ്ഞാറുനിന്നും ചുരങ്ങൾ വഴി ഇവിടെ എത്താം. വടക്കോട്ടു പോകുന്തോറും ഈ മലനാട് കൂടുതൽ വിസ്തൃതവും ഫലപുഷ്ടവുമായി കാണാം.

ഏബാൽ, ഗരിസീം എന്നീ ഗിരിയുഗ്മം ഇവിടെയാണ്. ഇവയുടെ മദ്ധ്യേയാണ് ശേഖേം. യാക്കോബിന്റെ പുരാതനമായ കിണർ ഇവിടെയുണ്ട്. വടക്കേ രാജ്യമായ യിസ്രായേലിന്റെ ആസ്ഥാനമായിരുന്ന ശമര്യപട്ടണത്തിന്റെ അവശിഷ്ടങ്ങൾ ചരിത്രത്തിന്റെ സാക്ഷികളായി അവിടെയുണ്ട്.

### ഗലീല

വടക്കേ അറ്റത്താണ് ഗലീല. ഇവിടെ ചില പർവതനിരകളുണ്ട്. ഗിൽബോവ, താബോർ, കർമ്മേൽ, ഹെർമ്മോൻ എന്നീ ഗിരിശൃംഗങ്ങൾ പ്രത്യേകം സ്മരണീയമാണ്. തെക്ക് അക്കാബായിലേക്കും, വടക്ക് ദെമസ്ക്കോസിലേക്കും, കിഴക്ക് പെല്ലാ എന്ന സ്ഥലങ്ങളിലേക്കും പോകുന്ന സുപ്രധാന പാതകൾ ഗലീലയെ മറ്റു സ്ഥലങ്ങളുമായി ബന്ധിക്കുന്നു.

ഗലീലയിൽ മലനിരകളും സമതലങ്ങളുമായി ഇടവിട്ടു കിടക്കുന്നു. ഹൃദ്യമായ കാലാവസ്ഥയാണ്. പ്രകൃതി കനിഞ്ഞരുളിയ സ്ഥലമാണു ഗലീല. അതിനാൽ അവിടം കൂടുതൽ ഐശ്വര്യസമൃദ്ധവും ജനനിബിഡവുമായിരുന്നു. വിസ്തൃതമായ എസ്ദ്രലോൺ സമതലം ഫലപുഷ്ടിയുള്ള കൃഷിപ്രദേശമാണ്. ഗലീലാ തടാകത്തിന്റെ തീരത്തു ചുറ്റുമായി ജനബാഹുല്യമുള്ള പല പട്ടണങ്ങളും ഉയർന്നുവന്നു. ഗന്നസരേത്ത്, തിബര്യോസ്, ഗലീല എന്നീ പേരുകളിൽ അറിയപ്പെടുന്ന തടാകം ശുദ്ധജലവാഹിയാണ്.

22 കി. മീ. നീളവും 13 കി. മീ. വീതിയുമിതിനുണ്ട്. സമുദ്രനിരപ്പിൽനിന്നു 686 അടി താണു കിടക്കുന്നതുകൊണ്ടു വായുസമ്മർദ്ദം മൂലം അപ്രതീക്ഷിതമായി, കൊടുങ്കാറ്റും തിരമാലകളുടെ ക്ഷോഭവും അനുഭവപ്പെടാറുണ്ട്.

സുവിശേഷങ്ങളിൽ പരാമർശിച്ചിട്ടുള്ള, കപ്പർന്നഹൂം, കോരസീൻ, ബേത്സയിദ, മഗ്ദല, തിബര്യോസ്, ദൽമനൂഥാ, ഗദര മുതലായ പട്ടണങ്ങൾ ഗലീലത്തടാകത്തിന്റെ തീരത്തു സ്ഥിതി ചെയ്തിരുന്നു. തിബര്യോസ് ഒഴികെ മറ്റുള്ളവ എല്ലാം തന്നെ ഇന്നു ശൂന്യശിഷ്ടങ്ങളാണ്.

**കാലാവസ്ഥ**

വൈവിധ്യമാർന്ന ഭൂപ്രകൃതിപോലെ യിസ്രായേലിന്റെ കാലാവസ്ഥയും വ്യത്യസ്തമാണ്. മരവിപ്പിക്കുന്ന തണുപ്പ് വടക്കുള്ള ഹെർമ്മോന്യ പ്രാന്തത്തിൽ അനുഭവപ്പെടുമ്പോൾ, വരണ്ടുപോകുന്ന ഉഷ്ണമായിരിക്കും തെക്കുള്ള നെഗേബ് മരുഭൂമിയിൽ. യെരുശലേമിൽ മഞ്ഞു പെയ്യുന്ന സമയം, അവിടെ നിന്ന് 23 കി. മീ. കിഴക്കുള്ള യെറീഹോ സമഭൂമിയിൽ സമശീതോഷ്ണാവസ്ഥയായിരിക്കും. ഭൂപ്രകൃതിയാണു കാലാവസ്ഥയെ നിയന്ത്രിക്കുന്നത്.

യിസ്രായേലിനെപ്പറ്റി പൊതുവേ പറയുമ്പോൾ ജൂൺ മദ്ധ്യം മുതൽ സെപ്റ്റംബർ മദ്ധ്യം വരെ വരണ്ട കാലമാണ്. അന്നു അന്തരീക്ഷം സുപ്രസന്നമായിരിക്കും; മേഘാവൃതമായിരിക്കയില്ല. പ്രഭാതത്തിൽ ലഭിക്കുന്ന മഞ്ഞും ഈർപ്പവും വൃക്ഷലതാദികൾക്കു ഉപകരിക്കും. ഇങ്ങനെ ലഭിക്കുന്ന മഞ്ഞുകൊണ്ടാണു മുന്തിരിച്ചെടികൾ വളരുക. വേനലിന്റെ ആദ്യഘട്ടത്തിലാണു കൊയ്ത്ത്. കിഴക്കേ ഉൾപ്രദേശങ്ങളിലേക്കു വീശിയടിക്കുന്ന കടൽക്കാറ്റ് ചൂടിനെ സമീകരിക്കുന്നു. ജൂൺ മധ്യത്തിൽ ഉഷ്ണം ഏറ്റവും ഉയർന്നിരിക്കും. സെപ്റ്റംബർ മധ്യം വരെ വരൾച്ച നീണ്ടു നില്ക്കുന്നു. ഇക്കാലത്തു തെക്കുള്ള മരുഭൂമിയിൽ നിന്നടിക്കുന്ന ഉഷ്ണക്കാറ്റ് ദുർവഹമായിരിക്കും. 'തെക്കൻകാറ്റ് അടിക്കുമ്പോൾ ഉഷ്ണമുണ്ടാകും എന്നു നിങ്ങൾ പറയുന്നു. അപ്രകാരം സംഭവിക്കുകയും ചെയ്യുന്നു' (ലൂക്കോ. 2:–55).

ഒക്ടോബറിൽ മഴയും തുടർന്നു ശീതകാലവുമാണ്. ആഴ്ചയിലൊരിക്കൽ എങ്കിലും ശക്തിയായ ചുഴലിക്കാറ്റും തുടർന്നു മഴയും വീണ്ടും പ്രകാശമുള്ള അന്തരീക്ഷവുമായിരിക്കും. കാറ്റിനു മുമ്പു അന്തരീക്ഷം പൊടി നിറഞ്ഞതായിരിക്കും. പടിഞ്ഞാറുനിന്നുള്ള കാറ്റടിക്കുമ്പോൾ സൂര്യന്റെ ഉദയാസ്തമയങ്ങൾ അത്യന്തം ചേതോഹരങ്ങളായിരിക്കും (മത്താ. 16:2–3 വായിക്കുക).

മഞ്ഞുകാലം കഴിഞ്ഞു മാർച്ച് - ഏപ്രിൽ ആകുമ്പോഴേയ്ക്കു വസന്തോത്സവം വന്നണയുകയായി. മഞ്ഞുകാലത്ത് ഇലകളെല്ലാം കൊഴിഞ്ഞു മൃതപ്രായമായ വൃക്ഷലതാദികൾ, വസന്തം വന്നെത്തുമ്പോൾ താരും തളിരും അണിഞ്ഞ് പ്രകൃതി മുഴുവൻ പുതുജീവന്റെ തുടിപ്പ് പ്രകടമാകും. ഈ കാലഘട്ടത്തിലാണു പുതുജീവന്റെ സന്ദേശവുമായി ഉയിർപ്പുപെരുന്നാൾ ആഘോഷിക്കുവാൻ ഇടയാകുന്നത്. പലസ്തീനിലെങ്ങും ഇക്കാലഘട്ടത്തിൽ ചേതോഹരങ്ങളായ പുതുപുഷ്പങ്ങൾ വിടർന്നു നിൽക്കുന്നതു കാണാം. യേശുവിന്റെ ജന്മനാട് അപ്പോൾ ഒരു നന്ദനോദ്യാനം പോലെ കാണപ്പെടും. പിന്നീട് വേനൽക്കാലം ആരംഭിക്കുകയായി.

**ചോദ്യങ്ങൾ**

1. യിസ്രായേലിന്റെ ഒരു ചിത്രം വരച്ച് അതിൽ പ്രധാനപ്പെട്ട പ്രോവിൻസുകൾ, പട്ടണങ്ങൾ, ജലാശയങ്ങൾ മുതലായവ അടയാളപ്പെടുത്തുക.
2. യിസ്രായേലിന്റെ ഭൂപ്രകൃതി, അവിടെ വസിച്ച ജനങ്ങളുടെ ചരിത്രം, ജീവിതവീക്ഷണം എന്നിവയെ എങ്ങനെ സ്വാധീനിച്ചിട്ടുണ്ട് എന്നു കണ്ടുപിടിക്കുക.
3. സുവിശേഷങ്ങളിൽ യിസ്രായേലിന്റെ കാലാവസ്ഥയെ കുറിക്കുന്ന പരാമർശങ്ങൾ ഏതെല്ലാമെന്നു കണ്ടുപിടിക്കുക.
4. 'യിസ്രായേൽ വൈവിധ്യങ്ങളുടെ നാട്' - ഈ പ്രസ്താവന എത്രമാത്രം ശരിയെന്ന് അവിടത്തെ ഭൂമിശാസ്ത്രം, കാലാവസ്ഥ എന്നിവ വിവരിച്ചുകൊണ്ടു വെളിപ്പെടുത്തുക.

### പാഠം 6

# പുതിയനിയമത്തിന്റെ വളർച്ചയും നിയതരൂപവും

❑ പുതിയനിയമത്തിന്റെ ചരിത്രപരമായ വളർച്ച മനസ്സിലാക്കുന്നതിൽക്കൂടി ഓരോ പുസ്തകത്തിന്റെയും ചരിത്രപശ്ചാത്തലം ഗ്രഹിക്കാം ❑ പുതിയനിയമം ക്രിസ്തീയ സഭയ്ക്കുവേണ്ടി സഭയാൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഒന്ന്. ❑ ദുരുപദേശങ്ങളെ തരണം ചെയ്തു സത്യോപദേശം നിലനിർത്തുന്നതിൽ പരിശുദ്ധാത്മാവ് എപ്രകാരം പുതിയനിയമ ക്രോഡീകരണത്തിൽക്കൂടി പ്രവർത്തിച്ചു?

യേശുക്രിസ്തുവിനും അപ്പോസ്തലന്മാർക്കും വേദഗ്രന്ഥമായിട്ട് എന്താണ് ഉണ്ടായിരുന്നത്? നിലവിലിരുന്ന പഴയനിയമം മാത്രം (അന്ന്

'പഴയ'നിയമം എന്ന പേരില്ലായിരുന്നു). മറ്റൊന്ന് എഴുതുവാൻ അവർ ഉദ്ദേശിച്ചിരുന്നില്ല. യേശുക്രിസ്തു എന്തെങ്കിലും എഴുതിയതായോ, എഴുതിവയ്ക്കുവാൻ അനുഗാമികളോടു നിർദ്ദേശിച്ചതായോ കാണുന്നില്ല. അപ്പോൾ പിന്നെ എങ്ങനെയാണു സുവിശേഷങ്ങളും മറ്റു പുതിയ നിയമപുസ്തകങ്ങളും രൂപംകൊണ്ടത്? പലവിധത്തിലും പ്രയോജനപ്രദമായ ഒരു പഠനമാണിത്. സഭയും വേദഗ്രന്ഥവും തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ ഇതുപകരിക്കും. 'സഭയാൽ, സഭയ്ക്കുവേണ്ടി രചിക്കപ്പെട്ട പുസ്തകങ്ങളാണ്' എന്നുള്ള പ്രസ്താവനയുടെ വാസ്തവികത വെളിപ്പെടും. വേദപുസ്തകം സംബന്ധിച്ചുള്ള പല അന്ധവിശ്വാസങ്ങളും തെറ്റുധാരണകളും ദുരീകരിക്കുവാനും ഈ പഠനം സഹായകമാണ്.

പുതിയനിയമത്തിലെ ആദ്യമായി എഴുതപ്പെട്ട കൃതികൾ പൗലോസിന്റെ ലേഖനങ്ങളാണ്. അവ വേദഗ്രന്ഥമായി അംഗീകരിക്കപ്പെടുമെന്ന പ്രതീക്ഷയോടെയോ ലക്ഷ്യത്തോടെയോ എഴുതപ്പെട്ടവയല്ല. പ്രത്യുത, താൻ സ്ഥാപിച്ചതും, തനിക്കു ബന്ധപ്പെട്ടതുമായ സഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും ആവശ്യങ്ങളുമാണ് അവ എഴുതുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ദുരുപദേശങ്ങൾ, ദുരാചാരങ്ങൾ ഉയർത്തിയ പ്രശ്നങ്ങളും, ഭിന്നതകളും, പിളർപ്പുകളും വരുത്തിയ വൈഷമ്യങ്ങളുമാണു ലേഖനങ്ങൾ എഴുതുവാൻ കാരണമാക്കിയത്. എന്നാൽ അവ പരിശുദ്ധാത്മ പ്രേരിതമായി എഴുതപ്പെട്ടതിനാൽ ഏതു കാലത്തുമുള്ള ഏതു ജനതയ്ക്കും അവ സംഗതമായിത്തീർന്നു. അവ ഓരോന്നും ഓരോ സഭയ്ക്കോ വ്യക്തിക്കോ ഉദ്ദേശിച്ച് എഴുതി. എന്നാൽ അപ്പോസ്തലന്റെ കാലത്തിനുശേഷമാണ് അവ ഒരുമിച്ചു ശേഖരിക്കപ്പെടുന്നത്. പത്രോസിന്റെ രണ്ടാം ലേഖനം എഴുതപ്പെട്ടപ്പോഴേയ്ക്കും പൗലോസിന്റെ ലേഖനങ്ങൾ പൊതുപ്രചാരത്തിൽ വന്നു എന്നു കാണാം (2 പത്രോ. 3:15 വായിക്കുക).

## സുവിശേഷങ്ങൾ എങ്ങനെ രൂപീകൃതമായി?

ആദിമഘട്ടത്തിൽ സുവിശേഷസത്യങ്ങൾ എഴുതിവയ്ക്കുവാൻ ആരും ഉദ്യമിച്ചില്ല. അതിനു കാരണങ്ങൾ പലതാണ്.

1. എഴുതി പ്രചരിപ്പിക്കുന്നതിനേക്കാൾ, പറഞ്ഞും, പ്രസംഗിച്ചും പ്രചരിപ്പിക്കുകയായിരുന്നു അപ്പോസ്തലന്മാരുടെയും മറ്റു സുവിശേഷകന്മാരുടെയും താല്പര്യം. കർത്താവിന്റെ കല്പനയും അപ്രകാരമായിരുന്നല്ലോ (മത്താ. 28:18; 2 യോഹ. 12). 2. കർത്താവിന്റെ പുനരാഗമനം ആസന്ന ഭാവിയിൽ സംഭവിക്കുമെന്നു പ്രതീക്ഷിച്ചിരുന്നതിനാൽ വരുംതലമുറയ്ക്ക് എഴുതിവയ്ക്കേണ്ട ആവശ്യകത ഉണ്ടെന്നു കരുതിയില്ല.

അതിനാൽ ആദ്യത്തെ മൂന്നു ദശകങ്ങളിൽ സുവിശേഷം വാമൊഴിയായി പ്രചരിക്കുകയായിരുന്നു. യേശുക്രിസ്തു ചെയ്തതും ഉപദേശിച്ച

തുമായ വസ്തുതകൾ വിശ്വസ്തതയോടെ ദൃക്സാക്ഷികൾ മറ്റുള്ളവർക്കു പകർന്നുകൊടുത്തു. 1 യോഹ. 1:1-2. കാണുക. സഭ, 'അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടു' സുവിശേഷം ഗ്രഹിക്കുകയായിരുന്നു (അ. പ്ര. 2:42). പിന്നീട് 'ഉപദേഷ്ടാക്കന്മാർ' പ്രാദേശിക സഭകളിൽ ഈ ചുമതല നിർവ ഹിച്ചു (എഫേ. 4:11). അങ്ങനെ വാമൊഴിയായി സുവിശേഷപാരമ്പര്യം സമൂഹത്തിൽ പ്രചരിക്കാൻ തുടങ്ങി. 'ആദിമുതൽതന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകരും ആയിരുന്നവർ നമുക്ക് ഏല്പിച്ചുതന്നി ട്ടുള്ളതനുസരിച്ചാണ്' എന്നു ലൂക്കോസ് പ്രസ്താവിക്കുമ്പോൾ (ലൂക്കോ. 1:2) ഇക്കാര്യം വ്യക്തമാണ്. സുവിശേഷം വാമൊഴിയായി നിലനിന്നിരു ന്നതിനെപ്പറ്റി പൗലോസും സൂചിപ്പിക്കുന്നു (1 കൊരി. 15:3). ശ്രദ്ധാപൂർവം സുവിശേഷം വായിക്കുന്നവർക്ക് ഒരു കാര്യം ഗ്രഹിക്കാം. അവയിൽ ലേഖന ശൈലിയേക്കാൾ മുന്നിട്ടുനിൽക്കുന്നതു വാചികശൈലിയാണ്. സാധാരണ സംഭാഷണങ്ങളിലുപയോഗിക്കുന്ന തരം വാചകഘടന മുറ്റി നിൽക്കുന്നു.

ഈ വാചിക പാരമ്പര്യം (Oral tradition) ഇന്നു കൂടുതൽ പഠനത്തിനും ഗവേഷണത്തിനും വിധേയമായിക്കൊണ്ടിരിക്കുന്നു. തന്മൂലം സുവിശേഷ സത്യങ്ങളിലേക്കു പുതിയ ഉൾക്കാഴ്ച ലഭിച്ചിട്ടുണ്ട്. സുവിശേഷ പ്രഘോ ഷകർ സ്ഥലകാലമനുസരിച്ചു യേശുവിന്റെ വചനങ്ങളെയും ചെയ്തിക ളെയും സ്വകീയമായ രീതിയിൽ അനുരൂപണം നടത്തിയിട്ടുണ്ട്. ഒരേ ഉപ ദേശം വ്യത്യസ്ത രൂപത്തിലും സന്ദർഭത്തിലും സുവിശേഷങ്ങളിൽ കാണു ന്നതിന്റെ കാരണമതാണ്. ഒരേ സംഭവം വ്യത്യസ്ത സന്ദർഭത്തിലും കാണാം. ഉദാ. മത്തായിയുടെ സുവിശേഷത്തിൽ 'ഉറപ്പുള്ള പാറയിൽ പണിത വീടിനെ' (7:27-29) ക്കുറിച്ചു പറയുന്നു. കാറ്റും മഴയും വെള്ള പ്പൊക്കവും ഉണ്ടാകുന്ന പലസ്തീനിയൻ സാഹചര്യത്തിൽ വീട് പാറപ്പുറ ത്താണു നിർമിക്കുക. ആ സാഹചര്യം അറിയാവുന്നവർക്ക് അതു സുഗ്രാ ഹ്യമാണ്. ലൂക്കോസിന്റെ സുവിശേഷത്തിൽ അന്ത്യോക്യൻ സാഹചര്യ ത്തിന് അനുസരണമാംവണ്ണം പാഠഭേദം കാണാം. പാറയിൽ പണിയുന്ന തിനു പകരം വാനം നന്നായി താഴ്ത്തി അടിസ്ഥാനമിട്ടു വീടു പണിയു ന്നതായി വിവരിക്കുന്നു. അന്ത്യോക്യൻ പശ്ചാത്തലവും, അവിടുത്തെ നദി യിലെ വെള്ളപ്പൊക്കവും അറിയാവുന്നവർക്ക് ഈ വിവരണം കൂടുതൽ അനുയോജ്യമായിരിക്കും. മേൽപറഞ്ഞതിൽ വെളിപ്പെടുന്ന ഒരു സത്യം സുവിശേഷകന്മാർ ക്രിസ്തുവിന്റെ തത്ത്വങ്ങളെ അനുവാചകരുടെ പരി തോവസ്ഥയ്ക്ക് അനുസരണമായി ആവിഷ്ക്കരിച്ചു എന്നാണ് (ഇതേപ്പറ്റി പിന്നീടൊരു പാഠത്തിൽ കൂടുതൽ പ്രതിപാദിക്കുന്നുണ്ട്).

സുവിശേഷം എഴുതുവാനുള്ള സാഹചര്യം: ദൃക്സാക്ഷികളായ അപ്പോസ്തലന്മാരുടെ കാലം വേഗത്തിൽ കടന്നുപോയി. അവരിൽനിന്നു

നേരിട്ടു കേൾക്കുവാൻ സാഹചര്യം കുറഞ്ഞപ്പോൾ അവരുടെ വാക്കുകൾ രേഖപ്പെടുത്തിവയ്ക്കുവാൻ പ്രേരണയുണ്ടായി. മാത്രമല്ല സഭ കൂടുതൽ വളരുകയും വ്യാപിക്കയും ചെയ്തപ്പോൾ അപ്പസ്തോലന്മാർക്കും സഹ പ്രവർത്തകർക്കും എല്ലാ സമൂഹങ്ങളിലും സന്നിഹിതരായിരിക്കാൻ സാധ്യ മല്ലല്ലോ. അതുപോലെതന്നെ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് ആദ്യം അവർ പ്രതീക്ഷിച്ചപോലെ ആസന്നമായിരിക്കയില്ല എന്നുള്ള ചിന്തയും ഉയർന്നുവന്നു. ഇവയെല്ലാമാണു സുവിശേഷങ്ങൾ രേഖപ്പെടുത്തുവാൻ പ്രേരിപ്പിച്ച ഘടകങ്ങൾ. അപ്പസ്തോലന്മാരുടെ ഓർമക്കുറിപ്പുകളായിട്ടോ, സമൂഹത്തിന്റെ വിശ്വാസ സംഹിതയായിട്ടോ, വേദോപദേശസഹായിക ളായിട്ടോ യേശുവിന്റെ ഉപദേശങ്ങളും പ്രവൃത്തികളും എഴുതപ്പെടുവാനി ടയായി.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും, പൗലോസിന്റെ ലേഖനങ്ങൾ, നാലു സുവിശേഷങ്ങൾ, അപ്പസ്തോല പ്രവൃത്തികൾ, മറ്റു ലേഖനങ്ങൾ, വെളിപാട് എന്നിവ എഴുതപ്പെട്ടു (ചില കൃതികൾ രണ്ടാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ മാത്രമേ എഴുതപ്പെട്ടുള്ളു എന്നു ചിന്തി ക്കുന്നവരുണ്ട്). എന്നാൽ ഇവയെല്ലാം ഒരുമിച്ചു ചേർത്ത് ഇന്നു കാണുന്ന വിധത്തിൽ ഒരു പുസ്തകമായി ക്രോഡീകരിച്ചിരുന്നില്ല, തിരുവെഴുത്ത് എന്ന വിധത്തിൽ ആധികാരിക ഗ്രന്ഥമായി അംഗീകരിക്കപ്പെടുന്നത് അതിനു ശേഷമാണ്.

**പുതിയനിയമ കാനോൻ:** രണ്ടാം നൂറ്റാണ്ട് ആയപ്പോഴേയ്ക്കും ഇപ്പോ ഴുള്ള പുതിയനിയമ പുസ്തകങ്ങൾക്കു പുറമേ മറ്റു പല കൃതികളും സമൂ ഹത്തിൽ പ്രചാരത്തിൽവന്നു. അവയിൽ പലതും വേദവിപരീതികൾ അവ രുടെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിന് എഴുതിയിട്ടുള്ളവയാണ്. അപ്ര കാരം പരിശുദ്ധാത്മ നിശ്വാസിതങ്ങളും സത്യോപദേശം ഉൾക്കൊള്ളുന്ന തുമായ കൃതികളും അങ്ങനെയല്ലാത്തവയും പ്രചാരത്തിൽ വന്നു. ഇതു വിശ്വാസികൾക്കു ചിന്താക്കുഴപ്പമുണ്ടാക്കുന്നതായി. വേദഗ്രന്ഥമെന്ന് അപ്പോഴും സഭ കരുതിയിരുന്നതു പഴയനിയമമാണെന്നോർക്കണം. എന്നാൽ ആരാധനാസമൂഹത്തിൽ പൗലോസിന്റെ ലേഖനങ്ങളും സുവി ശേഷങ്ങളും വായിക്കുന്ന അനുഭവത്തിൽ അവ ക്രമേണ പഴയനിയമ ഗ്രന്ഥങ്ങളോടൊപ്പം പ്രധാനപ്പെട്ടതും വിലപ്പെട്ടതുമെന്നു സഭ കാണുക യാണുണ്ടായത്.

പുതിയനിയമപുസ്തകങ്ങൾ തെരഞ്ഞെടുത്ത് ആധികാരികങ്ങളായി നിശ്ചയിക്കപ്പെടുവാനിടയായത് – അഥവാ പുതിയനിയമ കാനോൻ രൂപീ കൃതമായതു വേദവിപരീതികളുടെ പ്രവർത്തനത്തെ പ്രതിരോധിക്കുവാ നാണ്. അതേസമയം പഴയനിയമത്തിന്റെ ദൃഷ്ടാന്തം സഭയെ സ്വാധീനി ച്ചിരിക്കണം. യഹൂദസഭയ്ക്കുള്ളതുപോലെ ഉപയോഗിക്കുവാൻ ആധികാ

രികതയുള്ള ഒരു ഗണം ലിഖിതങ്ങൾ വേണമെന്നു ക്രിസ്ത്യാനികൾ ചിന്തിച്ചു.

‘കാനോൻ’ എന്ന ഗ്രീക്കു വാക്കിനു ‘വരകോൽ’ (measuring rod) എന്നാണ് വാച്യാർത്ഥമെങ്കിലും ‘അടിസ്ഥാനപ്രമാണം’ അഥവാ ‘മാന ദണ്ഡം’ എന്ന് അർത്ഥം നൽകാം. ‘പുതിയനിയമ കാനോൻ’ എന്നുള്ളത് അടിസ്ഥാനപ്രമാണങ്ങൾ ഉൾക്കൊള്ളുന്ന ആധികാരിക ഗ്രന്ഥങ്ങൾ ഏതെ ല്ലാമെന്നും നിർണയിക്കുന്നതത്രേ. ഇതു ദീർഘമായ ഒരു ചരിത്രം ഉൾക്കൊ ള്ളുന്നതാണ്. ഒരു സുപ്രഭാതത്തിൽ ഈ പുസ്തകങ്ങളെല്ലാം ഒരുമിച്ചു ചേർത്തു പുതിയനിയമ ഗ്രന്ഥമായി പ്രഖ്യാപനമുണ്ടാവുകയല്ല; പല തെര ഞ്ഞെടുപ്പുകളിൽ കൂടിയും, ക്രമേണയായ അംഗീകരണത്തിൽ കൂടിയും പല നൂറ്റാണ്ടുകളുടെ ചരിത്രപുരോഗതിയുടെ ഫലമാണ്.

കാനോനിൽ ഉൾപ്പെടുത്തുന്നതിനു പ്രധാനമായി മൂന്നു മാനദണ്ഡങ്ങൾ ഉപയോഗിച്ചു. (1) ഒരു പുസ്തകത്തിനു പരസ്യാരാധനയിൽ വായിച്ചു ദീർഘമായ അംഗീകരണം നേടിയിരിക്കണം. (2) അതിലെ ഉള്ളടക്കം വായ നക്കാർക്കു പ്രയോജനപ്രദവും സത്യോപദേശത്തിനു നിരക്കുന്നതുമായി രിക്കണം. (3) കൃതിയുടെ ആധികാരിക സ്വഭാവം - അപ്പസ്തോലന്മാരോ, അവരോട് ഉറ്റബന്ധമുണ്ടായിരുന്നവരോ എഴുതിയതായിരിക്കണം.

ഈ മാനദണ്ഡങ്ങൾ വച്ചു നാലു സുവിശേഷങ്ങൾ ആദ്യം അംഗീകരി ക്കപ്പെട്ടു. അതേ അടിസ്ഥാനത്തിൽ പൗലോസിന്റേതായി കരുതപ്പെടുന്ന പതിമൂന്നു ലേഖനങ്ങൾക്കും കാനോനിൽ പ്രവേശനം ലഭിച്ചു. മറ്റു പുതിയ നിയമ ഗ്രന്ഥങ്ങൾക്കു ക്രമാനുഗതമായും വൈകിയുമാണു അംഗീകരണം ലഭിച്ചത്. എങ്കിലും അവസാനം അവ സ്വീകരിക്കപ്പെട്ടു. അത് അപ്പസ്തോ ലന്മാരുമായി അവയ്ക്ക് ഉണ്ടെന്നു സങ്കൽപ്പിച്ചിരുന്ന ബന്ധത്തിന്റെ അടി സ്ഥാനത്തിലാണ്.

എബ്രായലേഖനം, യാക്കോബ്, യൂദാ, വെളിപാട്; 1, 2 പത്രോസ്; 1, 2, 3 യോഹന്നാൻ എന്നീ ഒൻപതു കൃതികൾക്കു സാർവത്രികമായ അംഗീ കരണം വൈകി മാത്രമാണു ലഭിച്ചത്. ഇവയിൽ രണ്ടിന്റെ ചരിത്രം - എബ്രാ യർ, വെളിപാടു - പ്രത്യേകം ശ്രദ്ധേയമാണ്. എബ്രായലേഖനം പൗര സ്ത്യസഭാവിഭാഗത്തിൽ നേരത്തെ അംഗീകരണം ലഭിച്ചു എങ്കിലും, പാശ്ചാത്യസഭയിൽ അംഗീകരിക്കപ്പെടുന്നത് നാലാം നൂറ്റാണ്ടിന്റെ അവ സാനം മാത്രമാണ്. അതുപോലെ വെളിപാടു പുസ്തകം പാശ്ചാത്യസഭ യിൽ ആദ്യമേതന്നെ സ്ഥാനം നേടി. എന്നാൽ പൗരസ്ത്യർ അതിനെ തഴഞ്ഞു. ബൈസന്റിയൻപാരമ്പര്യത്തിലുള്ള ഓർത്തഡോക്സുസഭകൾ അതിനെ പിന്നീടു സ്വീകരിച്ചെങ്കിലും പൗരസ്ത്യ സിറിയൻ സഭകൾ അത് ഇന്നും സ്വീകരിച്ചിട്ടില്ല.

ചരിത്രപരമായ അന്വേഷണം നടത്തുമ്പോൾ പുതിയനിയമഗ്രന്ഥങ്ങളുടെ ഒരു പട്ടിക ആദ്യമായി ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തിയതു വേദവിപരീതിയായ മാർസിയൻ (Marcion) ആയിരുന്നു. ഇതു രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിലാണ്. അയാൾ പഴയനിയമം അപ്പാടെ തിരസ്കരിച്ചു. അതിന്റെ സ്ഥാനത്തു ലൂക്കോസിന്റെ സുവിശേഷവും പൗലോസിന്റെ 10 ലേഖനങ്ങളും അവരോധിച്ചു. ഈ കൃതികളിൽ അയാളുടെ ഉപദേശങ്ങൾ സ്ഥാപിക്കുവാൻ തക്ക പാഠഭേദങ്ങൾ വരുത്തുകയും ചെയ്തു.

പഴയനിയമത്തോടൊപ്പം പുതിയനിയമത്തിനും സ്ഥാനം നൽകാനുള്ള സന്നദ്ധത സഭയ്ക്കുണ്ടായതു മാർസിയനിൽ നിന്നായിരിക്കണം. മാത്രമല്ല, സഭയുടെ ഔദ്യോഗികമായ ഒരു ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ നിർബന്ധിതമായിത്തീരുകയും ചെയ്തു. അങ്ങനെ റോമിലെ സഭ പ്രസിദ്ധീകരിച്ച കാനോൻ ആയിരിക്കണം മൂററ്റോറി 18-ാം നൂറ്റാണ്ടിൽ ഇറ്റലിയിൽ കണ്ടുപിടിച്ച പുരാതന ലിഖിതം. സഭാപിതാക്കന്മാർ പലരും അവരുടെ പാരമ്പര്യത്തിൽ പുതിയനിയമ പുസ്തകങ്ങൾ ഏവയൊക്കെ എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഓറിഗൻ, അലക്സാണ്ട്രിയായിലെ ക്ലിമ്മീസ്, യൂസീബിയസ്, യെറുശലേമിലെ മാർ കൂറിലോസ്, അത്താനാസ്യോസ്, ജറോം എന്നീ സഭാപിതാക്കന്മാർ നൽകിയിട്ടുള്ള കാനോൻ ശ്രദ്ധാർഹമാണ്. അവ എല്ലാം ഒന്നുപോലെയല്ല. പലതും വ്യത്യാസപ്പെട്ടിരിക്കുന്നു.

അലക്സാണ്ട്രിയായിലെ അത്താനാസ്യോസ് ഏ. ഡി. 365-ൽ അയച്ച ചാക്രികലേഖനത്തിൽ പുതിയനിയമ കാനോൻ വിവരിക്കുന്നു. അതിൽ ഇന്നുള്ള 27 പുസ്തകങ്ങളുണ്ട്. എന്നാൽ യെറുശലേമിലെ മാർ കൂറിലോസിന്റെ ലിസ്റ്റിൽ വെളിപാടുപുസ്തകം ഉൾപ്പെടുത്തിയിട്ടില്ല. പൊതുസുന്നഹദോസുകൾ ഒന്നും തന്നെ വേദപുസ്തക കാനോനെപ്പറ്റി നിർവചിച്ചിട്ടില്ല. എന്നാൽ പാശ്ചാത്യസഭയിൽ കാർത്തേജിലെ കൗൺസിൽ (ഏ. ഡി. 397) നിശ്ചയിച്ച ലിസ്റ്റിൽ ഇന്നുള്ള 27 പുസ്തകങ്ങളുമുണ്ട്. പൗരസ്ത്യസഭയിൽ ഏ. ഡി. 340-ൽ കൂടിയ ലവുദിക്യ കൗൺസിൽ ചെയ്തിട്ടുള്ള നിശ്ചയവും പ്രസ്താവ്യമാണ്.

**ചോദ്യങ്ങൾ**

1. സുവിശേഷത്തിന്റെ വാചികപാരമ്പര്യം എന്നാൽ എന്ത്?
2. പുതിയനിയമ കാനോൻ എങ്ങനെ രൂപീകരിക്കപ്പെട്ടു?
3. വേദപുസ്തകം 'ദൈവത്തിന്റെ വചനമാണ്' എന്നു പറയുന്നതിന്റെ വിവക്ഷ വിവരിക്കുക.

# യൂണിറ്റ് 2

# സമവീക്ഷണസുവിശേഷങ്ങളും അപ്പസ്തോലപ്രവൃത്തികളും

## പാഠം 1

## അപ്പസ്തോല പ്രഘോഷണം

❑ അപ്പസ്തോല പ്രഘോഷണത്തിൽനിന്നു സുവിശേഷങ്ങൾ ഉരുത്തിരിഞ്ഞു ❑ ക്രിസ്തീയസഭയുടെ അടിസ്ഥാനവിശ്വാസങ്ങൾ പ്രഘോഷണത്തിൽ അടങ്ങിയിരിക്കുന്നു.

ഒന്നാം നൂറ്റാണ്ടിലെ യഹൂദസഭയിൽ നിന്നാണല്ലോ ക്രിസ്തീയസഭയുടെ ഉത്ഭവം. പ്രാരംഭഘട്ടത്തിൽ രണ്ടും തമ്മിൽ ബാഹ്യമായ വ്യത്യാസങ്ങൾ അത്ര തന്നെ പ്രകടമല്ലായിരുന്നു. ആരാധനയ്ക്ക് അവർ ഒരുമിച്ചു ചേർന്നു; യെറുശലേം ദേവാലയത്തിലും, സുനഗോഗുകളിലും പഴയ പെരുന്നാളുകൾ അവർ ഒരുമിച്ചാചരിച്ചു. ഒരേ ഭാഷയും, ഒരേ സംസ്കാരവും അവർ മുറുകെപ്പിടിച്ചു. എന്നാൽ അപ്പസ്തോലന്മാരെയും, അവരോടുകൂടിയുള്ള ചെറിയ ക്രൈസ്തവ സമൂഹത്തെയും, ഇതര യഹൂദന്മാരിൽനിന്നു വേർതിരിച്ചു നിറുത്തുന്ന ഒന്നുണ്ടായിരുന്നു – യേശുവിനെപ്പറ്റിയുള്ള നിർണയവും, ഉത്ഥിതനായ ക്രിസ്തുവിൽക്കൂടി സംലഭ്യമായ ആത്മാവബോധവും.

യേശുവിനെപ്പറ്റി അവർക്കു വ്യക്തമായ ഒരു ബോധ്യമുണ്ടായിരുന്നു. അതു ബുദ്ധിപരമായ അറിവുകൊണ്ടോ, മനഃശാസ്ത്രപരമായ അപഗ്രഥനത്തിൽനിന്നോ രൂപംകൊണ്ടതല്ല. ദൈവാത്മാവു വെളിപ്പെടുത്തിക്കൊടുത്തതും, സ്വജീവിതത്തിൽ അനുഭവവേദ്യമായിത്തീർന്നിട്ടുള്ളതുമാണ്. യേശുവിനെപ്പറ്റിയുള്ള ഈ ആത്മാവബോധം അവർ മുറുകെപ്പിടിക്കുകയും അവരുടെ ഉത്തമബോധ്യം സുധീരം ലോകത്തോട്, പ്രഖ്യാപിക്കുകയും ചെയ്തു. അവരുടെ പ്രഖ്യാപനം എന്തായിരുന്നു എന്നു പുതിയനിയമത്തിന്റെ പേജുകളിൽനിന്നു സംഗ്രഹിക്കാവുന്നതാണ്. മൗലികമായ സന്ദേശം ഒന്നുതന്നെയായിരുന്നെങ്കിലും, കാലദേശങ്ങൾക്കനുസരണമായും, ആവശ്യങ്ങൾക്കനുസൃതമായും, രൂപപ്പെടുത്തിയിരുന്നു എന്നു കരുതാം.

പൗലോസ് അപ്പസ്തോലൻ 'എന്റെ സുവിശേഷം' (റോമ. 2:16; 16:15) എന്നും, 'ഞങ്ങളുടെ സുവിശേഷം' (2 കൊരി. 4:3; 1 തെസ്സ. 1:5) എന്നും പ്രസ്താവിക്കുന്നത് അപ്പസ്തോലിക സമൂഹം പൊതുവായി പ്രഘോഷി

ച്ചിരുന്ന സത്യത്തെയാണ്. ഓരോ അപ്പസ്തോലനും, സുവിശേഷകനും തനതായോ പ്രത്യേകമായോ സുവിശേഷമില്ല. അടിസ്ഥാനപരമായി എല്ലാവർക്കും പ്രഘോഷിക്കുവാനുള്ളത് ഒന്നുതന്നെ. അതവർ പ്രാപിക്കയും, വിശ്വസ്തതയോടെ പകർന്നുകൊടുക്കുകയും ചെയ്തു.

പുതിയനിയമത്തിൽ പലയിടത്തായി ചിതറിക്കിടക്കുന്ന ഭാഗങ്ങൾ പരിശോധിച്ചാൽ പ്രഘോഷണസന്ദേശം എന്തായിരുന്നു എന്നു ഗ്രഹിക്കാം. ചില ഭാഗങ്ങൾ നോക്കുക: 1 കൊരി. 15:1–11; അ. പ്ര. 2:14–36; 3:12–16; 4:8–12; 10:34–43; 1 പത്രൊ. 1:10–12; 2:21–24. ഇവയിൽ അപ്പസ്തോലിക സഭയുടെ വിശ്വാസത്തിന്റെ സത്ത ദൃശ്യമാണ്.

അപ്പസ്തോലിക പ്രഘോഷണത്തിന്റെ ഉള്ളടക്കം ഏതാണ്ടു താഴെക്കാണുന്ന പ്രകാരം നമുക്കു സമാഹരിക്കാം. 1. യേശുക്രിസ്തു ചരിത്രത്തിലേക്കു വന്നതു പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണ്. പഴയനിയമത്തിൽ വെളിപ്പെട്ടു ലഭിച്ചിരിക്കുന്ന ദൈവോദ്ദേശ്യത്തിന്റെ പൂർത്തീകരണമാണ് യേശുക്രിസ്തു. അതോടൊപ്പം ഒരു പുതിയ തുടക്കവും കുറിക്കുന്നു. ദൈവോദ്ദേശ്യത്തിന്റെ ഒരു പുതിയ ചക്രവാളം അവിടുന്നു തുറക്കുകയും ഒരു പുതിയ സൃഷ്ടി സമാരംഭിക്കുകയുമാണ്. യേശുക്രിസ്തുവിൽ യഹൂദന്മാർ പ്രതീക്ഷിച്ചിരുന്ന 'വരാനിരിക്കുന്ന യുഗം' ആവിർഭവിച്ചു കഴിഞ്ഞു.

2. പുതിയ യുഗത്തിന്റെ ഉൽഘാടനത്തിലും, ആവിർഭാവത്തിലും യേശുക്രിസ്തുവിനു നിസ്തുല്യമായ ഒരു സ്ഥാനമുണ്ട്. അവിടുന്നു മനുഷ്യപുത്രനും, മ്ശീഹായും, ദാവീദുപുത്രനും ഒക്കെയാണ്. തന്നിലാണു സകലതും പൂർത്തീകരിക്കപ്പെടുന്നത്.

3. യേശുക്രിസ്തുവിനെപ്പറ്റി പ്രസ്താവിക്കുമ്പോൾ, അവിടുത്തെ ഐഹികശുശ്രൂഷയെപ്പറ്റി പരാമർശിക്കും. നന്മ ചെയ്തു കൊണ്ടു ഗ്രാമം തോറും പട്ടണംതോറും സഞ്ചരിച്ചതും രോഗികളെ സൗഖ്യമാക്കിയതും, സ്വർഗീയ സന്ദേശങ്ങൾ സരളമായി പകർന്നുകൊടുത്തതും എല്ലാം അതിൽപ്പെടും.

4. യേശുവിന്റെ പീഡാനുഭവത്തിനു കൂടുതൽ ശക്തീകരണം നൽകി. ക്രൂശു യാദൃശ്ചികമോ, ആകസ്മികമോ ആയി ഉണ്ടായതല്ല. ദൈവോദ്ദേശ്യത്തിലും പദ്ധതിയിലും ഉൾപ്പെടുത്തിയിരുന്നതാണ്. തന്റെ പീഡാനുഭവത്തെപ്പറ്റി കഷ്ടപ്പെടുന്ന ദാസനിൽക്കൂടിയും (യെശ. 53) മറ്റു പ്രവചനങ്ങളിൽക്കൂടിയും വെളിപ്പെടുത്തിയിരുന്നു. മ്ശീഹാ എന്ന നിലയിൽ അവിടുന്നു കഷ്ടം അനുഭവിക്കേണ്ടിയിരുന്നു.

5. യേശു തിരുവെഴുത്തുകളിൻപ്രകാരം കഷ്ടം അനുഭവിച്ചു എന്നു മാത്രമല്ല, തിരുവെഴുത്തുകളിൻപ്രകാരം ഉയിർത്തെഴുന്നേൽക്കയും ചെയ്തു (1 കൊരി. 15:3f). ഇതു ശക്തമായി അപ്പസ്തോലന്മാർ പ്രഘോഷിച്ചു. പുതിയനിയമത്തിന്റെ സ്ഥായിയായ ഒരു വിശ്വാസമാണത്. ആദിയോടന്തം അതിന്റെ പ്രതിധ്വനി മനസ്സിലാക്കാം.

6. ക്രിസ്തുവിന്റെ പീഡാനുഭവം, ഉയിർപ്പ് എന്നിവയിൽ കൂടി അവിടുന്നു ദൈവത്തിന്റെ വലത്തുഭാഗത്തേക്കു ഉയർത്തപ്പെട്ടു. അതായത് അവിടുന്നു സകലത്തിന്മേലും അധികാരവും കർത്തൃത്വവുമുള്ളവനായി അവരോധിക്കപ്പെട്ടു. പുതിയ സൃഷ്ടിയുടെ ശക്തികേന്ദ്രവും, നിയാമകശക്തിയും അവിടുന്നുതന്നെ.

7. യേശുക്രിസ്തു മൂലം സംജാതമായ പുതിയ മനുഷ്യസമൂഹത്തിന്റെമേൽ ദൈവം തന്റെ പരിശുദ്ധാത്മാവിനെ അയച്ചു. അങ്ങനെ അവർ പുതുശക്തിയും പുതിയ ലക്ഷ്യവുമുള്ളവരായിത്തീർന്നു. ഈ പുതിയ സമൂഹം (സഭ) ദൈവത്തിന്റെ ജനമാണ്; സാക്ഷാൽ യിസ്രായേൽ.

8. ദൈവത്തിന്റെ ഈ പുതിയ യിസ്രായേലിൽ പാപമോചനവും അനുരഞ്ജനവും ലഭ്യമാണ്. അതിനായി എല്ലാവരെയും ആഹ്വാനം ചെയ്യുന്നു.

9. പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്ന കർത്താവായ ക്രിസ്തു തന്നെ ലോകത്തെ ന്യായം വിധിപ്പാൻ വീണ്ടും വരും. അങ്ങനെ അവിടുന്നു ഉൽഘാടനം ചെയ്ത പുതിയ യുഗവും, പുതിയ സൃഷ്ടിയും സമ്പൂർണതയിലേക്കു കൊണ്ടുവരും. അപ്പോഴായിരിക്കും അവിടുത്തെ പ്രവൃത്തിയുടെ പൂർത്തീകരണം.

മേൽപ്പറഞ്ഞ ഘടകങ്ങൾ എല്ലാംതന്നെ ഓരോ പ്രസംഗത്തിലും ഉണ്ടായിരിക്കണമെന്നില്ല. എങ്കിലും അവയിൽ മിക്കതും ഉൾപ്പെടുത്തിക്കൊണ്ടു ശ്രോതാക്കളുടെ പശ്ചാത്തലത്തിനും സാഹചര്യത്തിനും അനുസരണമായി ശക്തീകരണം നൽകി അവതരിപ്പിക്കുകയായിരുന്നു ചെയ്തത്. ഈ പ്രഘോഷണത്തിനു ഗ്രീക്കിൽ 'കെറുഗ്മാ' (Kerugma) എന്നും സുറിയാനിയിൽ 'കോറൂസൂസോ' എന്നും പറയും (ഏവൻഗേലിയോൻ വായിക്കുന്നതിനു മുമ്പുള്ള ആമുഖ വാക്കുകളിൽ പട്ടക്കാരൻ പറയുന്നത് 'ജീവൻ നൽകുന്ന പ്രഘോഷണം' എന്നത്രേ). സുവിശേഷത്തെക്കുറിച്ചുള്ള ആധുനിക പഠനം ഈ 'കെറുഗ്മാ'യ്ക്കു വലിയ പ്രാധാന്യം നൽകുന്നു.

മേൽപ്പറഞ്ഞ ഘടകങ്ങൾ അപ്പസ്തോലിക പ്രഘോഷണത്തിന്റെ ഒരു 'അസ്ഥിപഞ്ജരം' (Skeleton) മാത്രമാണ്. മജ്ജയും, മാംസവും നൽകി അതിനെ സജീവവും, സാന്ദർഭികവുമായ സന്ദേശമാക്കിത്തീർക്കുമായിരുന്നു. അവിടെയാണു പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും കൃപാവരവും

ഉണ്ടാകുന്നത്. സഭയുടെ ജീവിതത്തിൽനിന്നും, ആത്മാവിലുള്ള അതിന്റെ അനുഭവത്തിൽനിന്നും അന്യമായ ഒരു പ്രഘോഷണമായിരുന്നില്ല. സഭയുടെ മുഴുവനായ ശുശ്രൂഷയുടെ പശ്ചാത്തലത്തിൽ – സൗഖ്യമാക്കുക, പഠിപ്പിക്കുക, പാപമോചനം നൽകുക മുതലായവ – മാത്രമേ പ്രഘോഷണത്തെ കാണാവൂ. അപ്പസ്തോലിക സഭ പ്രഘോഷിച്ചതു ക്രിസ്തുവിന്റെ ജീവിതം, മരണം, ഉയിർപ്പ് മുതലായ കാര്യങ്ങളെ കേവലം ഗതകാലസംഭവങ്ങളായിട്ടല്ല. പ്രത്യുത, തങ്ങളുടെ ജീവിതത്തിൽ അലിഞ്ഞുചേർന്നതും, ജീവിതത്തെ രൂപാന്തരപ്പെടുത്തി നയിക്കുന്നതുമായ യാഥാർത്ഥ്യമായിട്ടായിരുന്നു.

ക്രിസ്തുവിൽ വിശ്വസിക്കുന്നതും, തന്നിൽ വസിക്കുന്നതുമായ ക്രിസ്തീയസഭയ്ക്കു സുവിശേഷം ഒരു സന്ദേശമല്ല; ഭൂതകാല സംഭവങ്ങളുടെ അനുസ്മരണയുമല്ല. അനുഭവവേദ്യമായിത്തീർന്നിട്ടുള്ള ആത്മീക യാഥാർത്ഥ്യമാണ്. ഒരു കുഞ്ഞിന്റെ മരണം നാം പത്രത്തിൽ വായിക്കുകയോ, കേട്ടറിയുകയോ ചെയ്യുമ്പോൾ നമ്മിലുണ്ടാകുന്ന പ്രതികരണം എന്തായിരിക്കും? എന്നാൽ ആ സംഭവം ആ കുഞ്ഞിന്റെ മാതാപിതാക്കളിലും സ്വന്തം കുടുംബാംഗങ്ങളിലും ഉണ്ടാക്കുന്ന പ്രതികരണം നിശ്ചയമായും നമുക്കുണ്ടാകുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കും. ഏതാണ്ട് അതുപോലെ ‘ക്രിസ്തുസംഭവം’ (Christ - event) അർത്ഥപൂർണവും നിസ്തുലവുമായിത്തീരുന്നതു ക്രിസ്തുവിൽ വസിക്കുന്ന വിശ്വാസികൾക്കാണ്. ആ യാഥാർത്ഥ്യമത്രേ അവർ വാക്കിലും, ആരാധനയിലും ജീവിതത്തിലും എല്ലാം പ്രഘോഷിക്കയും സാക്ഷീകരിക്കയും ചെയ്യുന്നത്.

പ്രഘോഷണത്തിൽ ഭൂതകാല സംഭവങ്ങളുടെ ആവിഷ്ക്കരണം മാത്രമല്ല; അവയുടെ അർത്ഥവും പ്രസക്തിയും ഉയർത്തിക്കാണിക്കുകയാണ്. അപ്പോഴത്രേ അതു യഥാർത്ഥത്തിൽ ‘കെറുഗ്മാ’ ആയിത്തീരുക. ‘ക്രിസ്തുസംഭവം’ ദൈവത്തിന്റെ ദീർഘമായ ഉദ്ദേശ്യത്തിന്റെയും പദ്ധതിയുടെയും പശ്ചാത്തലത്തിൽ മനസ്സിലാക്കുകയും, സ്വന്തം ജീവിതത്തിൽ അതു വരുത്തുന്ന അനുഭവം വെളിപ്പെടുത്തുകയും ചെയ്യുമ്പോഴാണു ‘പ്രഘോഷണം’ ശക്തവും, ദീപ്തവുമായിത്തീരുന്നത്.

### ചോദ്യങ്ങൾ

1. അപ്പസ്തോല പ്രഘോഷണത്തിന്റെ ഉള്ളടക്കം എന്തായിരുന്നു?
2. പുതിയനിയമത്തിൽ പ്രഘോഷണത്തിനു വലിയ സ്ഥാനം നൽകിയിരിക്കുന്നതായി കാണാം. ഇന്നു നമ്മുടെ സഭയിൽ അതിനുള്ള സ്ഥാനമെന്ത്? ഇന്നത്തെ പോരായ്മകൾ എന്തെല്ലാം? പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുക.

3. അപ്പസ്തോല പ്രവൃത്തികളിൽ പത്രോസ്, പൗലോസ് എന്നിവരുടെ പ്രസംഗങ്ങൾ പരിശോധിച്ച്, അവയിലെ പ്രധാന വിഷയങ്ങൾ കണ്ടുപിടിക്കുക.

## പാഠം 2

# സുവിശേഷങ്ങൾ

❑ സുവിശേഷം എന്നാൽ എന്ത്? ❑ നാലു സുവിശേഷങ്ങൾ ഉണ്ടോ? ❑ നാലു സുവിശേഷങ്ങളും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ ❑ സമവീക്ഷണ സുവിശേഷങ്ങൾ

അപ്പസ്തോലപ്രഘോഷണം എന്തായിരുന്നു എന്നു കഴിഞ്ഞ പാഠത്തിൽ നാം കണ്ടു. 'സുവിശേഷം' എന്നത് അപ്പസ്തോല പ്രഘോഷണത്തിൽ നിന്നുരുത്തിരിഞ്ഞതാണ്. അതു കേവലം ജീവചരിത്രമല്ല. കഥാവിഷ്കരണമല്ല; അനുസ്മരണക്കുറിപ്പുകളുമല്ല. എന്നാൽ ഇവയുടെ എല്ലാം അംശം സുവിശേഷത്തിൽ ഉണ്ടു താനും.

'സുവിശേഷം' എന്നത് 'ഏവൻഗേലിയോൻ' എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. അർത്ഥം, 'സുവാർത്ത,' 'സദ്വാർത്ത' എന്നത്രേ. മനുഷ്യവർഗത്തിനു മുഴുവനും വേണ്ടിയുള്ള സദ്വാർത്തയാണു അതുൾക്കൊള്ളുന്നത്. അതു ചരിത്രത്തിൽ പ്രവർത്തിച്ച ദൈവപുത്രനായ യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായിരിക്കുന്നു (റോമ. 1:1–2). ക്രിസ്തുവിൽക്കൂടി അനുഭവവേദ്യമാകുന്ന പുതിയ അനുഭവത്തിന്റെ വെളിച്ചത്തിൽ, അവിടുന്ന് ആരാകുന്നു എന്നും, എന്തുപദേശിക്കയും, പ്രവർത്തിക്കയും ചെയ്തുവെന്നും വെളിപ്പെടുത്തുകയത്രേ. ആദ്യഘട്ടത്തിൽ സുവിശേഷം വാചികരൂപത്തിൽ (വാമൊഴി) പ്രചരിച്ചു. ക്രിസ്തുവിനുശേഷം ഏതാണ്ടു മൂന്നര ദശകത്തിനു ശേഷം മാത്രമാണു ലിഖിതരൂപത്തിൽ സുവിശേഷം പ്രത്യക്ഷപ്പെടുന്നത്. അങ്ങനെ ഉണ്ടാകുന്നതിനുള്ള കാരണവും സാഹചര്യവും മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി നാലു സുവിശേഷങ്ങളും പ്രചാരത്തിൽ വന്നു. 'നാലു സുവിശേഷങ്ങൾ' എന്നു വിശേഷിപ്പിക്കുന്നത് യഥാർത്ഥത്തിൽ തെറ്റാണ്. സുവിശേഷം ഒന്നേയുള്ളു. അതു ദൈവപുത്രനായ ക്രിസ്തുവിനെ കുറിക്കുന്നതാണ്. എന്നാൽ അതേപ്പറ്റിയുള്ള നാലു വീക്ഷണങ്ങളും നാല് അവതരണങ്ങളുമാണു നാലു സുവിശേഷങ്ങളിൽ കാണുന്നത്: അവ കാലദേശങ്ങൾക്കനുസരണമായി പകർന്നുവന്ന പാരമ്പര്യങ്ങളിൽനിന്നു രൂപം പ്രാപിച്ച

താണ്: സഭയുടെ സജീവപാരമ്പര്യങ്ങളാകുന്നു സുവിശേഷരചനയുടെ പിമ്പിലുള്ളത്. ഓരോ എഴുത്തുകാരനും, തന്റേതായ സാഹചര്യങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി സ്വന്തമായ വിലയിരുത്തലും, വിശകലനവും ചെയ്താണു പാരമ്പര്യവസ്തുതകളെ ക്രോഡീകരിച്ച് അവതരിപ്പിച്ചിരിക്കുന്നത്.

## സുവിശേഷങ്ങൾ തമ്മിലുള്ള വ്യത്യാസം

സ്ഥായിയായ രൂപവും സന്ദേശവും സുവിശേഷങ്ങളിൽ ഒന്നാണെങ്കിലും സുവിശേഷങ്ങൾ തമ്മിൽ പ്രത്യക്ഷമായ വ്യത്യാസം കാണാം. ആദ്യം ശ്രദ്ധയിൽപ്പെടുന്നത് ആദ്യത്തെ മൂന്നു സുവിശേഷങ്ങളും (സമവീക്ഷണ സുവിശേഷങ്ങൾ) യോഹന്നാന്റെ സുവിശേഷവും തമ്മിലുള്ള വ്യത്യാസമാണ്. വളരെ സമഗ്രമായി മാത്രം ഇവിടെ പ്രതിപാദിക്കാം.

**1. യേശുവിന്റെ ശുശ്രൂഷ:** ഒരു വർഷം കൊണ്ടവസാനിക്കുന്ന വിധമാണു സമവീക്ഷണ സുവിശേഷങ്ങളിലേത്. യോഹന്നാനിൽ കുറഞ്ഞതു മൂന്നു വർഷം നീണ്ടുനിൽക്കുന്നു. മൂന്നു പെസഹായിൽ യേശു സംബന്ധിക്കുന്നതായി യോഹന്നാൻ വിവരിക്കുന്നു; മാത്രമല്ല, യേശു പല പ്രാവശ്യം യെറുശലേം സന്ദർശിക്കുന്നുമുണ്ട്.

**2. ഉപദേശങ്ങളിലുള്ള വ്യത്യാസം:** സമാന്തര സുവിശേഷങ്ങളിൽ നിശിതവും ഊർജ്ജസ്വലവുമായ പ്രസ്താവങ്ങളും ജീവസുറ്റ ഉപമകളും ദർശിക്കാം. യോഹന്നാനിൽ സുദീർഘവും, സങ്കീർണവുമായ പ്രഭാഷണങ്ങളാണ്. ഉപമകളേയില്ല. പ്രതിപാദ്യവിഷയങ്ങളും വ്യത്യസ്തങ്ങളത്രേ. സമവീക്ഷണ സുവിശേഷങ്ങളിൽ ദൈവരാജ്യത്തിന് ഊന്നൽ കൊടുക്കുമ്പോൾ യോഹന്നാനിൽ ക്രിസ്തു ആരെന്നും, തനിക്കു പിതാവിനോടുള്ള ബന്ധമെന്തെന്നും വെളിപ്പെടുത്തുകയാണ്.

**3. അത്ഭുതങ്ങളും അടയാളങ്ങളും:** സമാന്തര സുവിശേഷങ്ങളിൽ അത്ഭുതങ്ങളും വീര്യപ്രവൃത്തികളും ചിതറിക്കിടക്കുന്നു. യോഹന്നാൻ ഏഴെണ്ണം മാത്രം തെരഞ്ഞെടുത്ത് അവയെ 'അടയാളങ്ങളായി' ചിത്രീകരിക്കയും, അവയിൽക്കൂടി ക്രിസ്തുവിന്റെ ആളത്വത്തെ കുറിക്കുന്ന സത്യങ്ങൾ വ്യക്തമാക്കുകയുമാണ് (മണവാളനായ ക്രിസ്തു, രക്ഷകനായ ക്രിസ്തു, ജീവന്റെ അപ്പമായ ക്രിസ്തു, പ്രകാശമായ ക്രിസ്തു, ഉത്ഥാനവും ജീവനുമായ ക്രിസ്തു). യോഹന്നാനിൽ ഭൂതോച്ചാടനം ഒന്നും തന്നെയില്ല.

## മൂന്നു സുവിശേഷങ്ങളുയർത്തുന്ന പ്രശ്നം

ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ (Synoptic Gospels) എന്നു വിളിക്കുന്നു. കാരണം അവ സമാന്തരമായി

ഒരേ വീക്ഷണത്തിൽ അവതരിപ്പിക്കാവുന്നതാണ്. ഇവ തമ്മിലുള്ള സാമ്യവും പരസ്പര ബന്ധവും സുവിശേഷ പഠിതാക്കളെ ആകർഷിക്കാതിരിക്കയില്ല. തൽഫലമായി ഉയർന്നുവന്ന പ്രശ്നമാണു (Synoptic problem) നാമിപ്പോൾ ചർച്ച ചെയ്യുന്നത്.

1. അവ തമ്മിൽ പല തരത്തിലുള്ള സാമ്യങ്ങൾ ദർശിക്കാം.

**(a) ഉള്ളടക്കം:** മർക്കോസിന്റെ സുവിശേഷത്തിലെ (ഗ്രീക്ക്) മൊത്തം 661 വാക്യങ്ങളിൽ 606 എണ്ണം മത്തായിയിലും 302 എണ്ണം ലൂക്കോസിലും കാണാം. മർക്കോസിന്റെ സുവിശേഷം മറ്റു രണ്ടിലും വളരെയധികമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

**b) പൊതു രൂപരേഖ:** മൂന്നു സുവിശേഷങ്ങളും യേശുവിന്റെ ശുശ്രൂഷയെ ഒരേവിധത്തിലും ക്രമത്തിലുമാണ് അവതരിപ്പിച്ചിട്ടുള്ളത്. യോർദ്ദാൻ നദിയിലെ സ്നാനം, മരുഭൂമിയിലെ ഉപവാസം, ഗലീലയിലെ പരസ്യ ശുശ്രൂഷ, യെറുശലേമിലേക്കുള്ള യാത്ര, പീഡാനുഭവം, മരണം, ഉയിർപ്പ് എന്നിങ്ങനെയാണ്. പല സംഭവങ്ങളും ഒരേ ക്രമത്തിലും തുടർച്ചയിലുമാകുന്നു.

**c) പദാനുപദ പൊരുത്തം:** മൂലഭാഷയിൽ മാത്രമേ ഇക്കാര്യം വ്യക്തമായി മനസ്സിലാകൂ. ഒരേ ഭാഷയിലും ശൈലിയിലും ഒരേ സംഭവം വിവരിക്കുന്നതു ശ്രദ്ധയിൽപ്പെടാതിരിക്കയില്ല. ഉദാ. മർക്കോ. 2:10, മത്താ. 9:6, ലൂക്കോ. 5:24. മൂന്നിലും ഒരേ വാചക ഘടനയും ശൈലിയുമാണ്. ഇതുപോലെ മറ്റനേകം ഭാഗങ്ങളുമുണ്ട് (മർക്കോ. 1:16; മത്താ. 4:13; മർക്കോ. 2:21, മത്താ. 9:15, ലൂക്കോ. 5:35). അക്ലിഷ്ടങ്ങളായ ചില ഭാഷാപ്രയോഗങ്ങൾ മൂന്നിലും ഒരേവിധത്തിൽ കാണാം.

**2. വ്യത്യാസങ്ങൾ:** മൂന്നു സുവിശേഷങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ സാമ്യങ്ങളേക്കാൾ പഠനാർഹമാണ്. മാമോദീസാ, പ്രലോഭനം, മറുരൂപം, പുനരുത്ഥാനം ഇവയെപ്പറ്റിയുള്ള വിവരണങ്ങളിൽ പല വ്യത്യാസങ്ങളും കാണാം. അതുപോലെ അവതരണക്രമത്തിലും വ്യത്യാസം പ്രകടമാണ്. ഉദാ. മത്തായിയും ലൂക്കോസും, യേശുവിന്റെ രണ്ടാമത്തെയും മൂന്നാമത്തെയും പ്രലോഭനം ഒരേ ക്രമത്തിലല്ല നൽകുന്നത്.

ഓരോ സുവിശേഷകനും മറ്റുള്ളവരിൽ കാണാത്ത തനതായ ചില ഭാഗങ്ങൾ ചേർത്തിട്ടുണ്ട്. ലൂക്കോസിൽ ഇതു കൂടുതലായി കാണാം. യേശുവിന്റെ ജനനത്തെ സംബന്ധിച്ച കഥകൾ മത്തായിയിലും ലൂക്കോസിലും വിഭിന്നമാണ്. മർക്കോസ് അവയൊന്നും സ്വീകരിച്ചിട്ടില്ല. ഇങ്ങനെ പലതുമുണ്ട്.

അപ്പോൾ നമ്മുടെ മുമ്പിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ (1) എന്തുകൊണ്ടു മൂന്നു സുവിശേഷങ്ങളും തമ്മിൽ ഇത്രയധികം സാമ്യവ്യത്യാസങ്ങൾ? (2) എന്തുകൊണ്ടു രണ്ടു സുവിശേഷങ്ങൾ (മത്തായി, ലൂക്കോസ്) തമ്മിൽ കൂടുതലായ സാമ്യ വ്യത്യാസങ്ങൾ? (3) എങ്ങനെ ഓരോരുത്തർക്കും പ്രത്യേകമായ ഭാഗങ്ങൾ ഉണ്ടായി?

ഇവയ്ക്കു പരിഹാരം നിർദ്ദേശിക്കുകയത്രേ 'സമവീക്ഷണപ്രശ്നം' കൈകാര്യം ചെയ്യുന്നത്. അതു താഴെപ്പറയുന്ന വിധത്തിലാണ്. (a) വാചികരൂപത്തിൽ സുവിശേഷം പ്രചരിച്ചിരുന്നതിനാൽ 'സുവിശേഷങ്ങളിൽ' സാമ്യവ്യത്യാസങ്ങൾ സ്വാഭാവികമാണ്. ഓരോ സുവിശേഷകനും പൊതുവായ പാരമ്പര്യത്തിൽനിന്നു സ്വീകരിച്ചതിനാൽ സാമ്യവും വ്യത്യസ്ത കൈവഴികളിൽക്കൂടി പ്രാപിച്ചതിനാൽ വ്യത്യാസവും ന്യായീകരിക്കാം. എന്നാൽ ഒരേ ക്രമത്തിലും, ഒരേ ഭാഷയിലും ഒരേ ശൈലിയിലും പല ഭാഗങ്ങളും അവതരിപ്പിക്കുമ്പോൾ വാമൊഴിയായുള്ള പാരമ്പര്യത്തിൽ നിന്നു അതു സംഭവിക്കുക സാധ്യമല്ല. ലിഖിതരൂപത്തിലുള്ള പരസ്പര ബന്ധത്തിലേക്കു വിരൽ ചൂണ്ടുന്നു.

**ദ്വിരേഖാ സിദ്ധാന്തം:** വിശദമായ പഠനത്തിന്റെ വെളിച്ചത്തിൽ മത്തായിയും, ലൂക്കോസും, മർക്കോസിന്റെ സുവിശേഷത്തെ ആശ്രയിച്ചും, ഉപയോഗിച്ചുമാണ് എഴുതിയിട്ടുള്ളത് എന്ന നിഗമനത്തിലെത്തി. അപ്പോൾ ആദ്യം എഴുതപ്പെട്ടിട്ടുള്ളതു മർക്കോസിന്റെ സുവിശേഷമെന്നു വരുന്നു. ഇതിൽനിന്ന് വ്യത്യസ്തമായ അഭിപ്രായവും ഇല്ലാതില്ല. അതായത്, ആദ്യം രചിച്ചതു മത്തായിയുടേതാണെന്നും, മർക്കോസ് അതിന്റെ സംക്ഷേപരൂപമാണെന്നും; ലൂക്കോസ്, മർക്കോസിനെയും മറ്റു ചില ദൃക്സാക്ഷി വിവരണങ്ങളേയും ഉപജീവിച്ചു തന്റെ സുവിശേഷത്തിനു രൂപം നൽകി. അടുത്തകാലം വരെയും റോമാസഭയിൽ നിലനിന്നുപോന്ന അഭിപ്രായമിതാണ്. എന്നാൽ ഇന്നു കൂടുതൽ ശാസ്ത്രീയമായ പഠനത്തിന്റെ വെളിച്ചത്തിൽ മർക്കോസിന്റെ പ്രാഥമികത്വം എല്ലാവരും അംഗീകരിക്കുന്നു. മാത്രമല്ല, മറ്റു രണ്ടു സുവിശേഷകന്മാരും മർക്കോസിനെ ഉപയോഗിച്ചിട്ടുണ്ട് എന്നുള്ളതും.

മർക്കോസിൽ കർത്താവിന്റെ ഉപദേശഭാഗങ്ങൾ താരതമ്യേന കുറവാണ്. മത്തായിയിലും ലൂക്കോസിലും ഇതു വളരെ ദീർഘമായിട്ടുണ്ട്; അതിനു വളരെ സാമ്യവുമുണ്ട്. അതിൽ നിന്ന് അനുമാനിക്കാവുന്നത് ഈ രണ്ടു സുവിശേഷകന്മാരും, മർക്കോസിന്റെ ലിഖിതരൂപം കൂടാതെ മറ്റൊരു രേഖ ഉപയോഗിച്ചു എന്നാണ്. ഉപദേശങ്ങളും അരുളപ്പാടുകളുമാണ് ഇതിലെ ഉള്ളടക്കം. ഈ രേഖ നാളിതുവരെ കണ്ടുപിടിച്ചിട്ടില്ല. ജർമ്മൻ പണ്ഡിതന്മാർ 'മൂലം' (Source) എന്നർത്ഥമുള്ള 'Quelle' (ചുരുക്കെഴുത്ത് = Q) എന്നതിനു പേരു നൽകി. ഈ Q സിദ്ധാന്തം അംഗീകരിക്കാത്ത

പലരുമുണ്ട് എങ്കിലും ബഹുഭൂരിപക്ഷവും അത് അംഗീകരിച്ചിട്ടുണ്ട്. ചരിത്രകാരനും കൈസര്യയിലെ ബിഷപ്പുമായിരുന്ന യൂസീബിയസ് (ഏ. ഡി. 260-340) രേഖപ്പെടുത്തിയിട്ടുള്ളത് ഇതിനെക്കുറിച്ചായിരിക്കുമോ? 'മത്തായി എബ്രായഭാഷയിൽ (അറമായ) അരുളപ്പാടുകൾ (logia) രേഖപ്പെടുത്തുകയും ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് അതു ഭാഷാന്തരപ്പെടുത്തുകയും ചെയ്തു.' ഏഷ്യാമൈനറിലെ പേപ്പിയാസ് (ഏ. ഡി. 60 -130) ഇപ്രകാരം പ്രസ്താവിച്ചതായിട്ടാണു പറയുന്നത്. ഈ ഉദ്ധരണിയുടെ വ്യാഖ്യാനം വാദപ്രതിവാദങ്ങൾ ഉളവാക്കിയിട്ടുള്ളതാണ്. മാത്രമല്ല, ഈ സങ്കല്പകൃതിയുടെ (Q) വിശദാംശങ്ങളെപ്പറ്റിയും അഭിപ്രായാന്തരമുണ്ട്. എങ്കിലും കർത്താവിന്റെ ദിവ്യമൊഴികളാണു പ്രധാനമായ ഉള്ളടക്കമെന്നു കരുതുന്നു. ഏതായാലും മർക്കോസിന്റെ സുവിശേഷവും 'Q' രേഖയുമാണു പ്രധാനപ്പെട്ട രണ്ടു മൂലങ്ങൾ എന്നു ചിന്തിക്കുന്നു.

**ചതുർരേഖാ സിദ്ധാന്തം:** ദ്വിരേഖാസിദ്ധാന്തം എല്ലാ കാര്യങ്ങളും വ്യക്തമാക്കാൻ പര്യാപ്തമല്ല. മത്തായിയിലും, ലൂക്കോസിലും, അവരവർക്കു മാത്രമുള്ള ഭാഗങ്ങൾ ഉണ്ട്. അവയ്ക്ക് എന്തു വിശദീകരണം നൽകും? അതിനു മറുപടിയായി മത്തായിക്കു പ്രത്യേകമായ ഒരു മൂലവും (M) ലൂക്കോസിനു തനതായ (L) മറ്റൊരു മൂലവും ഉണ്ടായിരുന്നിരിക്കണം. അപ്പോൾ മർക്കോസ് Q, മത്തായിക്കു മാത്രമുള്ളത്, ലൂക്കോസിനു മാത്രമുള്ളത് എന്നിങ്ങനെ നാലു മൂലങ്ങളാണു സമാന്തര സുവിശേഷങ്ങളുടെ പിമ്പിലുള്ളതെന്ന അനുമാനത്തിൽ എത്തിച്ചേരുന്നു.

മേൽക്കാണിച്ച ചിത്രം അതു ഉന്നയിക്കപ്പെട്ടപ്പോൾ വളരെ സ്വീകാര്യമായി പലർക്കും തോന്നിയിരുന്നു. എന്നാൽ ഇതു സംബന്ധമായ എല്ലാ ചോദ്യങ്ങൾക്കും അതു തൃപ്തികരമായ ഉത്തരമാകുന്നു എന്നു തീർത്തും പറയാവുന്നതല്ല. പുതിയനിയമ പണ്ഡിതന്മാർ കൂടുതൽ വിശദവും, ശാസ്ത്രീയവുമായ പഠനം തുടർന്നുകൊണ്ടിരിക്കുന്നു. ചതുർരേഖാ സിദ്ധാന്തത്തിനുമപ്പുറമായി കൂടുതൽ മൂലരേഖകൾ കണ്ടെത്തുവാൻ കഴിയുമോ എന്നുള്ള ശ്രമം ഒരു വശത്തു നടക്കുന്നു. അതേസമയം ഓരോ സുവിശേഷകനും സ്വന്തം വേദശാസ്ത്രപരമായ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി എങ്ങനെ ഓരോ കൃതിയും രൂപപ്പെടുത്തിയെന്നു കണ്ടുപിടിക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. ലിഖിതരൂപത്തിലുള്ള സുവിശേഷങ്ങളുടെ മൂലനിരൂപണത്തേക്കാൾ (Source Criticism) ഇന്നു കൂടുതൽ ശ്രദ്ധയും താൽപ്പര്യവും, വാചികരൂപത്തിലുള്ള പരിണാമത്തിലാണ്. രൂപവിമർശനവും (Form Criticism) രചനാചരിത്ര നിരൂപണവും (Redaction Criticism) ഈ മേഖലയിൽ പ്രവർത്തിക്കുന്നു. സുവിശേഷ രചനയെപ്പറ്റിയും, സുവിശേഷകരുടെ ഉൾക്കാഴ്ച, ലക്ഷ്യം എന്നിവയെക്കുറിച്ചും കൂടുതൽ അറിവു പ്രസ്തുത പഠനങ്ങളിൽ നിന്നു ലഭിക്കുന്നുണ്ട്.

### ചോദ്യങ്ങൾ

1. യോഹന്നാന്റെ സുവിശേഷവും സമാന്തരസുവിശേഷങ്ങളും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം?
2. ആദ്യത്തെ മൂന്നു സുവിശേഷങ്ങൾ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കണ്ടുപിടിക്കുക.
3. 'സമവീക്ഷണപ്രശ്നം' എന്ത് എന്നു സംക്ഷിപ്തമായി പറയുക; അതിനുള്ള ഏറ്റം തൃപ്തികരമായ വിശദീകരണം നൽകുക.

### പാഠം 3

# മർക്കോസിന്റെ സുവിശേഷം: സവിശേഷതകൾ

❑ ഗ്രന്ഥകർത്താവ്; എഴുതിയ സാഹചര്യം ❑ ലക്ഷ്യം ❑ സുവിശേഷത്തിന്റെ സവിശേഷതകൾ ❑ ദൈവശാസ്ത്ര വീക്ഷണം ❑ ക്രിസ്തു സഹനത്തിന്റെ ഉത്തമ മാതൃക

പ്രഥമമായി എഴുതപ്പെട്ട സുവിശേഷം മർക്കോസിന്റേത് എന്നു നാം കണ്ടു. സജീവവും സത്യസന്ധവുമായ അവതരണമത്രേ അതിലുള്ളത്. ആരെയും ആകർഷിക്കുന്ന യഥാർത്ഥമായ ഈ കൃതി എഴുതിയത് ആരാണ്? ഗ്രന്ഥകാരനെപ്പറ്റി ഈ കൃതിയിൽ വ്യക്തമായ യാതൊരു സൂചനയുമില്ല. എന്നാൽ 14:51 -ൽ അജ്ഞാതനാമാവായ ഒരു യുവാവ് ഭയചകിതനായി വസ്ത്രമുപേക്ഷിച്ച് നഗ്നനായി ഓടിപ്പോകുന്ന ചിത്രം നൽകുന്നത് ആത്മചരിതമെന്നു ചിലർ കരുതുന്നു.

പുതിയനിയമത്തിൽ മർക്കോസിനെപ്പറ്റി പല ഭാഗത്തും കാണുന്നുണ്ട് (അ. പ്ര: 12:12–25; 13:5, 15:36. കൊലോ. 4:10, ഫിലേ. 2:4. 2 തിമൊ. 4:11). യെരൂശലേമിൽ ഭവനമുള്ള മറിയാമിന്റെ മകൻ (ഈ ഭവനത്തിലായിരുന്നു കർത്താവും ശിഷ്യന്മാരും സമ്മേളിച്ചിട്ടുള്ളത്); ബർന്നബാസിന്റെ ബന്ധു; പൗലോസിന്റെ ആദ്യത്തെ മിഷനറിയാത്രയിൽ സഹകാരിയും പിന്നീട് റോമിലെ ബന്ധനത്തിൽ സഹവാസിയും; പത്രോസിന്റെ വത്സലൻ ഈ നിലകളിലൊക്കെയാണു കാണുന്നത്. ഇദ്ദേഹം അലക്സന്ത്രിയായിൽ സഭ സ്ഥാപിച്ചുവെന്നാണു പാരമ്പര്യം. കോപ്റ്റിക്സഭ മർക്കോസിന്റെ സിംഹാസനം അവകാശപ്പെടുന്നുണ്ട്.

ഈ മർക്കോസു തന്നെയാണു സുവിശേഷം എഴുതിയതെന്ന് ഏതാണ്ടു സാർവത്രികമായി വിശ്വസിക്കുന്നു. രണ്ടാം നൂറ്റാണ്ടിലെ പേപ്പിയാസിന്റെ ഉദ്ധരണി ചരിത്രകാരൻ യൂസീബിയസ് നൽകിയിട്ടുള്ളതു കഴിഞ്ഞ അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്. അതിൽ പറയുന്നത്: (1) പത്രോസിന്റെ സഹചാരിയും, ദ്വിഭാഷിയുമായിരുന്നു മർക്കോസ്. (2) പത്രോസിൽ നിന്നു കേട്ട പ്രസംഗങ്ങളാണ് മർക്കോസിന്റെ സുവിശേഷത്തിനാധാരം. (3) എന്നാൽ അവ ക്രമമായിട്ടല്ല മർക്കോസ് എഴുതിയത്.

പത്രോസിന്റെ രക്തസാക്ഷിമരണത്തിനുശേഷം മർക്കോസ് സുവിശേഷം എഴുതിയെന്നു മറ്റു സഭാപിതാക്കന്മാരും രേഖപ്പെടുത്തുന്നു (ജസ്റ്റിൻ മാർട്ടിയർ, ഐറേനിയസ്, ജറോം). ആന്തരികമായ പല തെളിവുകളും ബാഹ്യമായ പാരമ്പര്യങ്ങളും മർക്കോസാണ് ഇതിന്റെ എഴുത്തുകാരൻ എന്നു തെളിയിക്കുന്നു. അപ്പസ്തോലനല്ലാത്ത ഒരാളുടെ സുവിശേഷം ആദിമസഭയിൽ ആധികാരികമായി അംഗീകരിക്കപ്പെടുവാൻ ഇടയായത് ഇതിനു പത്രോസു ശ്ലീഹായുമായിട്ടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്.

## രചനാകാലവും സ്ഥലവും

പൊതുവായ അഭിപ്രായം, എ. ഡി. 70 നു മുമ്പും (അന്നാണ് യെരൂശലേമിന്റെ നാശം) പത്രോസിന്റെ രക്തസാക്ഷിമരണത്തിനു ശേഷവും എഴുതപ്പെട്ടു എന്നാണ്. അപ്പോൾ ഏ. ഡി. 65–നും 67–നുമിടയ്ക്കു രചിക്കപ്പെട്ടു എന്നു പറയാം. റോമിലെ യെഹൂദേതര ക്രിസ്ത്യാനികൾക്കു വേണ്ടി റോമിൽ വച്ചു തന്നെയാണ് എഴുതപ്പെട്ടത്. യഹൂദപാരമ്പര്യങ്ങൾ പലതും വിശദീകരിച്ചു കൊടുക്കുന്നതിൽനിന്ന് അനുവാചകർ യഹൂദരല്ലായിരുന്നു എന്നു കാണാം (7:3–4; 14:12; 15:42). മാത്രമല്ല, ലത്തീൻ പദങ്ങളുടെ സ്വാധീനം റോമൻജനതയ്ക്കാണ് എഴുതിയതെന്നു സൂചിപ്പിക്കുന്നു. പീഡനം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സഭയെപ്പറ്റി ഇതിലുള്ള സൂചനകളും അർത്ഥഗർഭമാണ് (8:34–38, 10:38, 39; 13:9–13).

## ലക്ഷ്യം

1. ഞെരുക്കം അനുഭവിക്കുന്ന ക്രൈസ്തവ സഹോദരങ്ങളെ ധൈര്യപ്പെടുത്തി ആശ്വസിപ്പിക്കുവാനും ക്രൈസ്തവജീവിതത്തിൽ സഹനത്തിനുള്ള പ്രാധാന്യം എന്തെന്നു വെളിപ്പെടുത്തുവാനും ശ്രമിക്കുന്നു.

2. ക്രൂശിന്റെ സത്യം പുറത്തുള്ളവർക്ക് അജ്ഞാതവും തടങ്ങൽപാറയുമായിരുന്നു. ക്രൂശ് ഒരു പരാജയമായിരുന്നുവോ? അല്ല എന്നു കാണിക്കുവാനാണു മർക്കോസ് ഉദ്യമിക്കുന്നത്. അതിനാൽ യേശുവിന്റെ പീഡാനുഭവത്തെപ്പറ്റി വിസ്തൃതമായി പ്രതിപാദിക്കുന്നു. ക്രൂശ് ദൈവസ്നേ

ഹത്തെ വെളിപ്പെടുത്തുന്നു. അനേകർക്കുവേണ്ടി മറുവിലയായി യേശു തന്റെ ജീവനെ അർപ്പിക്കയത്രേ ചെയ്തത്. അതുവഴി പിതാവിന്റെ തിരുവിഷ്ടം നിറവേറ്റുകയായിരുന്നു. യേശുവിന്റെ പുനരുത്ഥാനം ദൈവത്തിന്റെ ആത്യന്തികവിജയം കുറിക്കുന്നു. ഈ സത്യം വിശ്വാസികളുടെ ഹൃദയത്തിൽ പതിക്കുവാൻ മർക്കോസ് ശ്രമിക്കുന്നു.

## സുവിശേഷത്തിന്റെ പ്രത്യേകതകൾ

1. മർക്കോസിന്റെ സംഭവവിവരണങ്ങൾ താരതമ്യേന മിഴിവുറ്റവയാണ്. ഒരു ദൃക്സാക്ഷി വിവരണത്തിന്റെ മേന്മയതിനുണ്ട്. യേശു കുഞ്ഞുങ്ങളെ കൈകളിലെടുത്ത് അണയ്ക്കുന്നു (9:36; 10:13-16); പുരുഷാരത്തെ അമ്പതും നൂറും വീതമുള്ള പന്തികളായിരുത്തുന്നു (6:40); വഞ്ചിയിൽ അമരത്തു തലയിണവച്ച് ഉറങ്ങുന്നു (4:38); യേശു ശിഷ്യന്മാർക്കു മുമ്പായി നടന്നു (10:32). ഇവയൊക്കെ പത്രോസിന്റെ സ്മരണകളിൽനിന്നു മർക്കോസിനു ലഭിച്ചവയാണ്.

യേശുവിന്റെ ഭാവങ്ങളും വിചാരങ്ങളും വരച്ചുകാണിക്കുന്നതിലും മർക്കോസ് വിജയിച്ചിട്ടുണ്ട്. യേശു ആഴമായി നെടുവീർപ്പിട്ടു (7:34; 8:12); അവിടുന്നു മനസ്സലിഞ്ഞു (6:34); അവിടുത്തേക്കു ധാർമികരോഷമുണ്ടായി (3:5; 8:33; 10:14). ധനികനായ യുവാവിനെ കണ്ടപ്പോൾ ഉള്ളിൽ സംപ്രീതി തോന്നി 'വാത്സല്യപൂർവം കടാക്ഷിച്ചു' (10:21). മറ്റാരേയുംപോലെ യേശു വികാരവിചാരങ്ങൾ ഉള്ള ഒരു പൂർണമനുഷ്യൻ എന്ന ചിത്രം ഉരുത്തിരിയുന്നു.

2. ഗ്രീക്കിൽ സുവിശേഷം എഴുതിയെങ്കിലും, അറമായ ഭാഷയിലാണു മർക്കോസ് ചിന്തിച്ചിരുന്നത്. നമ്മിൽ പലരും മലയാളത്തിൽ ചിന്തിച്ച് ഇംഗ്ലീഷിൽ എഴുതുന്നതുപോലെ. പല അറമായ പദങ്ങളും വിശദീകരണ സഹിതം രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാ: തലീത്താ കൂമി (ബാലേ എഴുന്നേൽക്ക) 5:41; എഫത്താ (തുറന്നു വരിക) 7:34; കൊർബാൻ (വഴിപാട്) 7:11; (പിതാവേ) അബ്ബാ. 14:36; ഏലോഹി, ഏലോഹി ലമ്മാ ശബ്ദക്താനി (എന്റെ ദൈവമേ എന്റെ ദൈവമേ എന്നെ കൈവിട്ടതെന്ത്) 15:34. പലസ്തീനിൽ ജനിച്ചുവളർന്ന എഴുത്തുകാരന്റെ മാതൃഭാഷ അറമായ ആയിരുന്നു എന്ന് ഇവ സൂചിപ്പിക്കുന്നു. ലത്തീൻപദങ്ങളും അങ്ങിങ്ങായി കാണാം. അവയെല്ലാംതന്നെ സാങ്കേതികപദങ്ങളാണ്. വായനക്കാരായ റോമാക്കാർക്ക് അവ സുപരിചിതമായിരുന്നു. ഉദാ. ദീനോറാ, ലീജിയൻ, സെഞ്ചൂറിയൻ, പ്രേറ്റോറിയം തുടങ്ങിയവ. വിൻസന്റ് ടെയ്‌ലർ പറയുന്നത്, 'സത്താപരമായി യഹൂദക്രിസ്ത്യൻ പാരമ്പര്യമാണെങ്കിലും യെഹൂദേതര ക്രിസ്ത്യാനികൾക്കുവേണ്ടിയാണ് ഈ സുവിശേഷം വിരചിതമായത്.'

3. അപ്പസ്തോലന്മാരുടെ ബലഹീനതകൾ മറച്ചുവയ്ക്കുവാൻ യാതൊരു ശ്രമവും കാണുന്നില്ല. നേരെമറിച്ചു യഥാതഥമായി അവതരിപ്പിക്കയത്രേ ചെയ്യുന്നത്. ഉദാ. 4:40; 5:31; 6:49, 52; 9:19; 14:27-31. ചില വ്യത്യാസങ്ങൾ വരുത്തി മത്തായി അവതരിപ്പിക്കുന്നതു ശ്രദ്ധേയമാണ്. ഉദാ. സെബദിപുത്രന്മാർ യേശുവിനെ സമീപിച്ച്, ദൈവരാജ്യത്തിൽ വലത്തും ഇടത്തും ഇരിപ്പാനുള്ള അവകാശം അന്വേഷിക്കുമ്പോൾ, മത്തായിയുടെ സുവിശേഷത്തിൽ അവരുടെ അമ്മ ചോദിക്കുന്നതായിട്ടാണ് (മർക്കോ. 10:35; മത്താ. 20:21).

## മർക്കോസിന്റെ ദൈവശാസ്ത്രം

**ദൈവപുത്രൻ:** യേശു ദൈവപുത്രനായ മ്ശീഹാ ആണെന്നുള്ള സഭയുടെ വിശ്വാസമാണു മർക്കോസിനെ ആദ്യവസാനം ഭരിക്കുന്നത്. പ്രതീക്ഷയോടെ ആർക്കുവേണ്ടി കാത്തിരുന്നുവോ ആ മ്ശീഹാ തന്നെയാണ് യേശു. അവിടുന്ന് അവകാശപ്പെട്ട അധികാരം ഈ സത്യം വെളിപ്പെടുത്തുന്നു. ഒരു ഗുരു എന്ന നിലയിൽ അവിടുന്നു 'ശാസ്ത്രിമാരെപ്പോലെയല്ല അധികാരമുള്ളവനായിട്ടത്രേ ഉപദേശിച്ചത്' (മർക്കോ. 1:21). ന്യായപ്രമാണത്തിന്മേലും തനിക്ക് അധികാരമുണ്ടായിരുന്നു (7:1-13). പാരമ്പര്യങ്ങളെ പലതും അവിടുന്നു നിരസിക്കുന്നു. ശാബതിന്മേലും യേശുവിന് അധികാരമുണ്ട്. മനുഷ്യപുത്രൻ ശബത്തിനും കർത്താവാകുന്നു (2:27-28). ദേവാലയത്തിന്മേൽ അധികാരമുണ്ട് എന്ന് ഓശാനദിവസം ദൈവാലയത്തിൽ ചെയ്ത പ്രവൃത്തികൾ തെളിയിച്ചു (11:15-18). ദൈവത്തിൽ മാത്രം നിക്ഷിപ്തമായ പാപമോചനാധികാരം യേശു പ്രയോഗിച്ചു (2:5-12). ദുരാത്മാക്കളുടെമേൽ അവിടുന്ന് അധികാരമവകാശപ്പെടുകയും അവയെ ബഹിഷ്കരിക്കയും ചെയ്തു (3:19-27). പ്രകൃതിശക്തിയുടെമേൽ അധികാരം വെളിപ്പെടുത്തിയ സന്ദർഭങ്ങളും വിരളമല്ല (4:41-45; 6:45-52). പഴയനിയമത്തിൽ ദൈവത്തിനുമാത്രം അവകാശപ്പെട്ട അധികാരങ്ങളാണു മേൽ കാണിച്ചവ. അവയിൽക്കൂടി യേശു യഥാർത്ഥ ദൈവപുത്രനെന്നും വാഗ്ദത്ത മ്ശീഹാ എന്നും തെളിയിക്കുന്നു. സുവിശേഷം ആരംഭിക്കുന്നതു തന്നെ 'ദൈവപുത്രനായ യേശുവിന്റെ സുവിശേഷം' എന്നാണ് (1:1). മാമോദീസായുടെ സമയത്തു കേട്ട അശരീരി ദൈവപുത്രനെന്ന സത്യം സ്ഥിരീകരിക്കുന്നു. അവസാനം ക്രൂശിന്റെ ചുവട്ടിൽ നിന്ന ശതാധിപൻ സാക്ഷീകരിക്കുന്നു, 'ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു സത്യം' (15:39).

എങ്കിൽ എന്തുകൊണ്ടാണ് യഹൂദമതമേധാവികൾ യേശുവിനെ വാഗ്ദത്ത മ്ശീഹാ ആയി അംഗീകരിക്കാഞ്ഞത്? അവർ പ്രതീക്ഷിച്ചിരുന്ന മ്ശീഹായെ എന്തുകൊണ്ടാണ് യേശുവിൽ കാണാഞ്ഞത്? രാഷ്ട്രീയ

വീക്ഷണമുള്ള സാദൂക്യരും ഹേരോദ്യരും മാത്രമല്ല, മതതീക്ഷ്ണതയുള്ള പരീശന്മാരും യേശുവിനെ തിരസ്കരിച്ചല്ലോ. ഈ പ്രശ്നം അന്നും പലരെയും അലട്ടുന്ന ഒന്നായിരുന്നു. അതിന് മർക്കോസ് തന്റെ സുവിശേഷത്തിൽകൂടി ഉത്തരം നൽകാൻ ശ്രമിച്ചിട്ടുണ്ട്. ഒന്നാമത് അന്നത്തെ യഹൂദമേധാവികളുടെ ഹൃദയം കഠിനപ്പെട്ടുപോയി. യാഥാർത്ഥ്യം ഗ്രഹിക്കാതവണ്ണം മനസ്സ് മരവിച്ചുപോയി. അവർക്കു തന്മൂലം യേശു ഉയർത്തിയ വെല്ലുവിളി സ്വീകരിപ്പാൻ കഴിഞ്ഞില്ല. യേശു അവർക്കു തടങ്ങൽപ്പാറയായിരുന്നു എന്നു മർക്കോസ് ചൂണ്ടിക്കാണിക്കുന്നു. അത് മൂലക്കല്ല് അവർക്ക് ഇടർച്ചക്കല്ലായിരുന്ന അനുഭവമായിത്തീർന്നിരുന്നു.

എന്നാൽ യേശു എന്തുകൊണ്ടാണു തന്റെ 'മ്ശീഹാ - രഹസ്യം' പരസ്യമായി അവരോടു വെളിപ്പെടുത്താഞ്ഞത്? പലപ്പോഴും അതു ഗോപ്യമായി വയ്ക്കുവാൻ അനുശാസിക്കുന്നുണ്ട്. അടയാളം കാണിച്ച് മ്ശീഹാ ആണെന്നു തെളിയിക്കുവാൻ ആവശ്യപ്പെട്ടപ്പോഴും അതു നിരസിക്കയത്രേ ചെയ്തത്.

താൻ മ്ശീഹാ ആകുന്നു സത്യം. എന്നാൽ അവർ പ്രതീക്ഷിച്ച വിധമുള്ള മ്ശീഹാ അല്ല. അവിടുന്നു കഷ്ടപ്പെടുന്ന മറ്റുള്ളവർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായിക്കൊടുക്കുന്ന, ഒരു മ്ശീഹാ ആകുന്നു (8:27–34). അവിടുന്നു സർവ്വശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നവനും ആകാശമേഘങ്ങളിൽ വരാനിരിക്കുന്നവനുമാണ് (14:61–63). പക്ഷേ ഇപ്പോൾ കഷ്ടപ്പെടേണ്ടവനാണ് (9:12). അതു തിരുവെഴുത്തിൻ പ്രകാരമായിരുന്നു.

**മനുഷ്യപുത്രൻ:** മ്ശീഹാ ആണെങ്കിലും തന്റെ 'മ്ശീഹാ രഹസ്യം (Messianic Secret) ഗോപനം ചെയ്യുവാൻ അവിടുന്നു സ്വയമായി ഉപയോഗിച്ച പേര് 'മനുഷ്യപുത്രൻ' എന്നായിരുന്നു. ഇത് അറമായ ഭാഷയിലുള്ള 'ബർനാശ' (സുറിയാനി-ബർനോശോ) എന്ന പദത്തിന്റെ വിവർത്തനമാണ്. അതിന്റെ അർത്ഥം മനുഷ്യൻ എന്നു മാത്രമാണ്. സങ്കീ. 8:4. പ്രവാചകനായ ഹെസെക്കിയേൽ 'മനുഷ്യപുത്രൻ' എന്നാണു വിളിക്കപ്പെടുന്നത് (യെഹെ. 2:2; 3:24). ദാനിയേലിന്റെ പുസ്തകത്തിൽ 'മനുഷ്യപുത്രൻ' യിസ്രായേൽ ജനത്തിന്റെ പ്രതീകമാണ് (ദാനി. 7:13–14). അപ്പൊക്രിഫാ പുസ്തകമായ 'ഹാനോക്കി'ന്റെ പുസ്തകത്തിൽ 'മനുഷ്യപുത്രൻ' സ്വർഗീയനും പ്രതാപവാനും, ലോകാവസാനത്തിൽ ന്യായാധിപനായി പ്രത്യക്ഷപ്പെടുന്ന മ്ശീഹാ ആയിട്ടുമാണ്. അപ്പോൾ 'മനുഷ്യപുത്രൻ' എന്നതു മ്ശീഹായുടെ ഒരു പേരാകുന്നു. എന്നാൽ അദ്ദേഹം ദൈവത്തിന്റെ ദാസനായി കഷ്ടപ്പെടുന്ന ഒരുവനായിട്ടത്രേ ഏശായാ ചിത്രീകരിക്കുന്നത് (ഏശാ. 52:13; 53:12). ഏശായായുടെ 'യഹോവയുടെ ദാസന്റെ' ചിത്രീക

രണം പുതിയനിയമ എഴുത്തുകാരെയെല്ലാം വളരെ സ്വാധീനിച്ചിട്ടുള്ള താണ് (ഏശാ. 53:3-6). മറ്റുള്ളവർക്കുവേണ്ടി കഷ്ടപ്പെടുന്ന അതിലെ ചിത്രം യേശുവിൽ മാത്രമാണ് അവർ അന്വർത്ഥമായി കണ്ടത്.

മർക്കോസിന്റെ സുവിശേഷത്തിൽ യേശുവിനെ 'മനുഷ്യപുത്രനായി' അവതരിപ്പിക്കുമ്പോൾ രണ്ടു കാര്യങ്ങൾ അതിൽ വെളിപ്പെടുത്തുന്നു. (a) സ്വയം ശൂന്യമാക്കി ദാസവേഷം ധരിച്ചു സേവനത്തിലും സഹനത്തിലും ജീവിതം സമർപ്പിച്ച യേശു (8:31; 9:11; 10:33; 14:21). (b) ലോകാവസാന ത്തിൽ മനുഷ്യരെ വിധിക്കാൻ വരുന്ന അധികാരിയും പ്രതാപവാനുമായ ക്രിസ്തു (8:38; 13:26-27; 14:62).

പരസ്പരവിരുദ്ധങ്ങളായി തോന്നാവുന്ന ഈ രണ്ട് ആശയങ്ങളും മനു ഷ്യപുത്രൻ എന്ന പേരിൽക്കൂടി ക്രിസ്തുവിൽ അന്വയിക്കയാണു ചെയ്തി ട്ടുള്ളത്.

## ക്രിസ്തു - സഹനത്തിന്റെ ഉത്തമ മാതൃക

മർക്കോസിന്റെ സുവിശേഷത്തിൽ ശക്തീകരണം നൽകിയിരിക്കുന്നതു ക്രിസ്തുവിന്റെ സഹനത്തിനാണ്. അതിന്റെ അത്യുച്ചകോടിയാണു ക്രൂശ്. പാപമില്ലാത്ത ഒരുവന്റെ കഷ്ടതയുടെ പാരമ്യതയാണ്. ബൈബിൾ പണ്ഡി തന്മാർ ഈ സുവിശേഷത്തെ ഒരാമുഖത്തോടു കൂടിയ യേശുവിന്റെ പീഡാ നുഭവചരിത്രം എന്നു വിളിക്കാറുണ്ട്. ഈ സുവിശേഷം രചിച്ചകാലത്തു കഷ്ടതയും സഹനവും ക്രിസ്തീയ ജീവിതത്തിന്റെ അവിഭാജ്യ ഘടക മായിരുന്നു. പലസ്തീനിലും, റോമിലും എല്ലാം ക്രിസ്തീയവിശ്വാസികൾ പീഡ അനുഭവിക്കേണ്ട സാഹചര്യം. പത്രോസും പൗലോസും രക്ത സാക്ഷിത്വം വരിച്ചു. ഈ ചുറ്റുപാടിൽ 'വിശ്വാസത്തിന്റെ നായകനും, പൂർത്തിവരുത്തുന്നവനുമായ യേശുവിനെ' നോക്കിക്കൊണ്ട് ആത്മ ധൈര്യവും ഉത്തേജനവും പ്രാപിക്കയാണു വേണ്ടത്. ക്രൂശെടുത്ത് ക്രിസ്തുവിനെ പിൻപറ്റുവാൻ മർക്കോസ് സുവിശേഷത്തിൽക്കൂടി ആഹ്വാനം ചെയ്യുന്നു.

### ചോദ്യങ്ങൾ

1. മർക്കോസിനെപ്പറ്റി ലഭിക്കുന്ന വിവരങ്ങൾ എന്തെല്ലാം?
2. മർക്കോസിന്റെ സുവിശേഷത്തിൽ നിങ്ങളെ പ്രത്യേകമായി ആകർ ഷിച്ച ഘടകങ്ങൾ എന്തെല്ലാം?
3. മർക്കോസ് യേശുവിനെ ദൈവപുത്രനും മനുഷ്യപുത്രനുമായി അവ തരിപ്പിക്കുന്നു. യേശുവിന്റെ യഥാർത്ഥ മനുഷ്യത്വം ഉയർത്തിപ്പിടിക്കേ ണ്ടതിന്റെ ആവശ്യകതയെന്ത്?

## പാഠം 4

# മത്തായിയുടെ സുവിശേഷം: 'സഭാ' സുവിശേഷം

❑ എഴുത്തുകാരനും, എഴുതിയ സാഹചര്യവും ❑ എഴുത്തുകാരന്റെ ലക്ഷ്യങ്ങൾ ❑ സുവിശേഷത്തിന്റെ സവിശേഷതകൾ ❑ സുവിശേഷകന്റെ ദൈവശാസ്ത്രം

മർക്കോസിന്റെ സുവിശേഷം എഴുതിയ സാഹചര്യവും അതിന്റെ ലക്ഷ്യവുമെന്തെന്നു നാം കണ്ടു. അതിൽനിന്നു വ്യത്യസ്തമായ സാഹചര്യവും ലക്ഷ്യവുമാണു മത്തായിയുടെ സുവിശേഷത്തിനു പിമ്പിലുള്ളത്. മർക്കോസിന്റെ സുവിശേഷവും 'ക്യു' എന്നു പറയുന്ന രേഖയും, എഴുത്തുകാരനു പ്രത്യേകമായി ലഭിച്ച പാരമ്പര്യവും സമന്വയിച്ചാണു മത്തായിയുടെ സുവിശേഷം രൂപപ്പെടുത്തിയത്. വസ്തുതകളുടെ തെരഞ്ഞെടുപ്പിലും, അവതരണത്തിലും, എഴുത്തുകാരന്റെ പ്രത്യേക ദൈവശാസ്ത്രം പ്രകടിതമാണ്.

**മത്തായി:** ചുങ്കം പിരിവുകാരനും ലേവി എന്നു മറുനാമമുള്ള (ലൂക്കോ. 5:27; മർക്കോ. 2:14) വനുമായ മത്തായി യേശുവിന്റെ 12 ശിഷ്യന്മാരിൽ ഒരാളാണ്. അദ്ദേഹം ഈ സുവിശേഷമെഴുതി എന്നു പാരമ്പര്യമായി വിശ്വസിക്കുന്നു. "ക്രിസ്തുശിഷ്യനായ മത്തായി 'യേശുവിന്റെ മൊഴികൾ' (logia) ശേഖരിച്ച് എബ്രായഭാഷയിൽ (അറമായ) എഴുതി; അതിനു വിവിധ പരിഭാഷകളുണ്ടായി" എന്നുള്ള പാപ്പിയാസിന്റെ പ്രസ്താവനയാണു പാരമ്പര്യത്തിന്റെ മുഖ്യ ആധാരം. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഐറേനിയോസും ഇതേ ആശയം പ്രകടിപ്പിക്കുന്നു.

ഇന്നത്തെ സുവിശേഷം മേൽപ്പറഞ്ഞ 'അറമായ സുവിശേഷ'ത്തിന്റെ ഗ്രീക്കുപരിഭാഷയാണെന്ന് ആരും കരുതുന്നില്ല. ഒരു വിവർത്തനകൃതിയുടെ ശൈലിയും രീതിയുമല്ല മത്തായിയുടെ സുവിശേഷത്തിനുള്ളത്. മാത്രമല്ല, ഗ്രീക്കുഭാഷയിൽ മാത്രം കണ്ടുവരുന്ന അനവധി വാക്കുകൾ ഈ സുവിശേഷത്തിൽ കാണാം. ഒരുപക്ഷേ മത്തായി എഴുതിയ അറമായ സുവിശേഷത്തിന്റെ ഗ്രീക്കു പരിഭാഷയും, മർക്കോസിന്റെ സുവിശേഷവും, മറ്റു ചില രേഖകളും ഉപയോഗിച്ച് ഈ സുവിശേഷം എഴുതിയതായി കരുതാം. എന്നാൽ അത് ആര് എന്നുള്ളത് അജ്ഞാതമാണ്. മത്തായിയുടെ പാരമ്പര്യം അവകാശപ്പെടാവുന്നതുകൊണ്ടു മത്തായിയുടെ സുവിശേഷം എന്നു വിളിക്കുന്നതിൽ യാതൊരു അപാകതയുമില്ല.

## എഴുതിയ സാഹചര്യം

മർക്കോസിന്റെ സുവിശേഷം വിരചിതമായതിനു രണ്ടു ദശകങ്ങൾക്കു ശേഷം സിറിയായിലും പലസ്തീനിലും ഉയർന്നുവന്ന സാഹചര്യമാണ് ഇതിനു പിമ്പിലുള്ളത്. എ. ഡി. 70-ൽ യറുശലേം ദേവാലയം നശിപ്പിക്കപ്പെട്ടു. യഹൂദമതത്തിൽ പരീശന്മാരുടെ നേതൃത്വം ഉയർന്നുവന്നു. അവരുടെ കാപട്യവും, കർക്കശമായ ആചാരവിധികളും സത്യമതത്തിൽനിന്നവരെ വ്യതിചലിപ്പിച്ചു. കരുണയും സ്നേഹവും പുറംതള്ളിയിട്ട് ബാഹ്യമായ അനുഷ്ഠാനങ്ങൾക്ക് അമിത പ്രാധാന്യം നൽകി. അവർ വാഗ്ദത്ത മ്ശീഹായെ നിരസിക്കയും ചെയ്തു. അവർ ക്രിസ്തീയ സഭയ്ക്ക് ഒരു വെല്ലുവിളിയായിത്തീർന്നു.

സഭയ്ക്കുള്ളിൽ തന്നെ വളർന്ന ഒരു ചിന്ത, യേശുവിന്റെ ആഗമനത്തോടെ ന്യായപ്രമാണവും പ്രവാചകന്മാരും അപ്രസക്തമായി എന്നാണ്. യേശുവിന്റെ നാമത്തിൽ പ്രവചിക്കാനും, ഭൂതങ്ങളെ പുറത്താക്കാനും കഴിയുമെന്നവകാശപ്പെട്ടുകൊണ്ടു പ്രത്യക്ഷപ്പെട്ട 'കള്ളപ്രവാചകന്മാർ' (മത്തായി 7:15 മു.) പ്രശ്നം സൃഷ്ടിക്കാതിരുന്നില്ല. ഈ സാഹചര്യങ്ങളിലായിരിക്കണം എഴുത്തുകാരൻ, ഒരു ഭാഗത്തു പരീശ മതത്തെ ഭത്സിക്കാനും അതിന്റെ അപകടം ചൂണ്ടിക്കാണിക്കാനും ശ്രമിക്കുന്നതോടൊപ്പം ന്യായപ്രമാണത്തെ നീക്കുവാനല്ല നിവർത്തിപ്പാനത്രേ യേശു വന്നത് എന്നു സ്ഥാപിക്കാനും ഉദ്യമിക്കുന്നത് (മത്തായി. 5:18 മു). 'കർത്താവേ! കർത്താവേ! എന്നു വിളിക്കുന്നവനല്ല ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ അംഗീകരിക്കപ്പെടും' എന്നു സൂചിപ്പിക്കുന്നു (7:21).

സഭ, സംഘടനാപരമായി കൂടുതൽ വളർച്ചയും, വ്യാപ്തിയും പ്രാപിച്ചിട്ടുള്ള അവസ്ഥയാണിതിലുള്ളത്. ഇതിൽനിന്നെല്ലാം ഊഹിക്കാവുന്നത് ഏ. ഡി. 80 നും 90 നും ഇടയ്ക്കുള്ള കാലത്തു സിറിയായിൽ വച്ചു ഗ്രീക്കു സംസാരിക്കുന്ന യഹൂദ ക്രൈസ്തവർക്കുവേണ്ടി എഴുതപ്പെട്ടു എന്നാണ്.

## ലക്ഷ്യം

1. യഹൂദമതവും യേശുക്രിസ്തുവും തമ്മിലുള്ള ബന്ധം സ്ഥാപിച്ചുകൊണ്ടു ന്യായപ്രമാണവും പ്രവാചകന്മാരും യേശുവിൽ നിറവേറപ്പെട്ടു എന്നു തെളിയിക്കുക. 2. ക്രിസ്തീയ സഭയാണ് യഥാർത്ഥ യിസ്രായേൽ. യേശുവിൽ ഒരു പുതിയ മോശയെ കാണാം. ദൈവാലയം നശിപ്പിക്കപ്പെട്ടപ്പോൾ അതിന്റെ ആരാധനയ്ക്കു പകരം ക്രിസ്തീയ സഭയിൽ പുതിയ ആരാധന സാധ്യമാണ്. 3. യേശുവിന്റെ ഉപദേശങ്ങൾ പഴയനിയമത്തേക്കാൾ എത്ര ഉൽകൃഷ്ടവും, ആധികാരികവുമെന്നു കാണിക്കുക. 4. സഭാപരമായ താല്പര്യവും എഴുത്തുകാരനുണ്ട്. സഭയുടെ അടിസ്ഥാനത്തെ

പ്പറ്റി തെറ്റായ ചിന്തകൾ പ്രചരിച്ചിരുന്നതിനാൽ, അതിന്റെ യഥാർത്ഥ സ്വഭാവം, ലക്ഷ്യം എന്നിവയെപ്പറ്റി വെളിപ്പെടുത്തുക. 5. ഉയർന്നുവന്ന പല ചോദ്യങ്ങൾക്കും ഉത്തരം നൽകേണ്ട (apologetic motive) ആവശ്യ വുമുണ്ടായി. യേശു എന്തുകൊണ്ട് യോഹന്നാനാൽ മാമോദീസാ ഏറ്റു? യേശുവിന്റെ ശരീരം ശിഷ്യന്മാർ കല്ലറയിൽനിന്നും മാറ്റി ഒളിച്ചുവച്ചതല്ലേ? യേശുവിന്റെ ജനനത്തെ സംബന്ധിച്ചും അപഖ്യാതികൾ പ്രചരിച്ചു. ഇവ യ്ക്കുത്തരം നൽകുവാൻ എഴുത്തുകാരൻ പ്രത്യേകം ശ്രദ്ധിക്കുന്നതായി കാണാം.

## സുവിശേഷത്തിന്റെ ദൈവശാസ്ത്രം

**1. ക്രിസ്തു പഴയനിയമത്തിന്റെ പൂർത്തീകരണം:** ദൈവം വാഗ്ദാനം ചെയ്തിരുന്ന മ്ശീഹായാണ് യേശു. പിതാക്കന്മാരും പ്രവാചകന്മാരും പ്രതീക്ഷിച്ചിരുന്നവൻ അവിടുന്നാണ്. എന്നാൽ യഹൂദ മേധാവികൾ അവനെ തിരസ്കരിച്ചു. അങ്ങനെ സ്വന്തജനത്താൽ തിരസ്കൃതനായ യേശു തന്നെയാകുന്നു യഥാർത്ഥ ക്രിസ്തു. മോശ എപ്രകാരം യിസ്രാ യേൽജനതയെ ഫറവോനിൽനിന്നു വിമോചിപ്പിച്ചുവോ അപ്രകാരം ക്രിസ്തുവാണു മനുഷ്യവർഗത്തിന്റെ വിമോചകൻ.

മോശയ്ക്കു സമാന്തരമായി, അതേസമയം, മോശയേക്കാൾ മികച്ചവ നായി യേശുവിനെ മത്തായി അവതരിപ്പിക്കുന്നു. മോശ മലയിൽവച്ച് യിസ്രായേലിനു നിയമങ്ങൾ നൽകി. അതുപോലെ 'പുതിയ മോശയാ കുന്ന' ക്രിസ്തുവും മലയിൽവച്ചു തന്റെ പ്രബോധനം നൽകി. എന്നാൽ മോശെയെപ്പോലെ മദ്ധ്യവർത്തി ആയി നിന്നു നിയമം വാങ്ങിക്കൊടുക്കു കയല്ല; പഴയനിയമങ്ങളുടെ കുറവുകൾ നികത്തി അവിടുന്നു തന്നെ സൂക്തങ്ങൾ നൽകുകയാണ്. 'നിയമങ്ങളെ ഇല്ലാതാക്കാനല്ല പൂർണമാ ക്കാനാണു ഞാൻ വന്നിരിക്കുന്നത്' (മത്താ. 5:17). 'പൂർവികന്മാരോടു പറ ഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്,' എന്നാവർത്തിച്ച് ആധികാരികമായി പ്രഖ്യാപിക്കുന്നു.

മോശ തന്റെ ഉപദേശങ്ങൾ 5 പുസ്തകങ്ങളിലായി നൽകിയിരിക്കുന്നു. 'പുതിയ മോശയും' തന്റെ ഉപദേശങ്ങൾ 5 ഭാഗങ്ങളായി നൽകുന്നു. 1. ഗിരിപ്രഭാഷണം (അ. 5–7). 2. പ്രേഷിത പ്രബോധനം (അ. 10). 3. ദൈവ രാജ്യത്തെക്കുറിക്കുന്ന ഉപമകൾ (അ. 13) 4. സഭാശിക്ഷണം (അ. 18) 5. യുഗാന്ത്യപരമായ പ്രബോധനം (അ. 24–25). ഇവ ഓരോ ഭാഗവും അവസാനിക്കുന്നതു ഒരേ തരത്തിലുള്ള വാചകഘടനയിലാണ്. 'ഈ വച നങ്ങളെ പറഞ്ഞു തീർന്നപ്പോൾ,' എന്നു കാണാം (7:28; 11:1; 13:53; 19:1; 26:1).

ക്രിസ്തുവിന്റെ ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ സംഭ വങ്ങളും പ്രവചനങ്ങളുടെ പൂർത്തീകരണമെന്നു തെളിയിക്കുന്നു. അതി നുവേണ്ടി നാല്പത്തൊന്നു പ്രാവശ്യം പഴയനിയമം ഉദ്ധരിക്കുന്നുണ്ട്. ഓരോ ഭാഗവും ഉദ്ധരിക്കുന്നത് 'അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ' എന്ന വിശദീകരണത്തോടെയാണ്. അങ്ങനെ തിരുവെഴുത്തുകളുടെ സാക്ഷ്യത്തിൽകൂടി യേശു സാക്ഷാൽ മശിഹാ ആണെന്നും പഴയനിയമം മുഴുവനും തന്നിൽ പൂർത്തീകരണം പ്രാപിച്ചുവെന്നും സുവിശേഷകൻ സ്ഥാപിക്കുന്നു.

**ദാവീദു വംശജനായ രാജാവ്:** യേശു യഥാർത്ഥത്തിൽ മ്ശീഹാ തന്നെ. എന്തെന്നാൽ അവിടുന്നു ദാവീദു വംശജനായി വാഗ്ദത്തം ചെയ്യപ്പെട്ടവനാണ്. യിസ്രായേലിന്റെ വിമോചകനും ന്യായപാലകനും സമാധാന സംരക്ഷകനുമായവൻ ദാവീദു വംശത്തിൽനിന്നു ജനിക്കു മെന്നു പ്രതീക്ഷിച്ചു (യിരമ്യാ 23.5; യെശ. 11:2; മീഖാ. 5:1). അങ്ങനെ യേശു ദാവീദുവംശജനായി (1:1, 16). ദാവീദിന്റെ പട്ടണമായ ബേത്ല ഹേമിൽ ജനിച്ചു (2:1). അവിടുത്തെ പരസ്യശുശ്രൂഷാക്കാലത്ത് അനേകർ 'ദാവീദുപുത്രാ' എന്നു തന്നെ വിളിക്കുന്നു (9:27; 12:33; 15:23). പീലാ ത്തോസ്, 'നീ യഹൂദന്മാരുടെ രാജാവോ' എന്നു ചോദിച്ചപ്പോൾ 'ഞാൻ ആകുന്നു' എന്നു യേശു പ്രതിവചിച്ചു (27:11). അവിടുന്നു രാജാവാണ്. പക്ഷേ, തന്റെ രാജ്യം ഐഹികമല്ലെന്നു മാത്രം. അവിടുന്നു പ്രസംഗിച്ചതും പഠിപ്പിച്ചതും അഴിഞ്ഞുപോകാത്ത സ്വർഗരാജ്യത്തെക്കുറിച്ചായിരുന്നു. അതിന്റെ അധിപനത്രേ അവിടുന്ന്. 'സ്വർഗത്തിലും ഭൂമിയിലുമുള്ള സർവ്വ അധികാരവും തനിക്കു നൽകപ്പെട്ടിരിക്കുന്നു' (28:16-20).

**2. സഭ - പുതിയ യിസ്രായേൽ:** സുവിശേഷത്തെ 'സഭാ സുവിശേഷം (Ecclesiastical Gospel: Church Gospel) എന്നു വിളിക്കാറുണ്ട്. അതു പല കാരണത്താലാകുന്നു. 'സഭ' (ecclesia) എന്ന പദം തന്നെ സുവിശേഷ ത്തിൽ മാത്രമേയുള്ളൂ (16:18; 18:17). സഭയിലെ ആരാധനയ്ക്ക് (ഞായറാ ഴ്ചതോറുമുള്ള വായനപ്പടി) ഈ സുവിശേഷത്തിൽ നിന്നാണ് അധികവും വായിച്ചുകൊണ്ടിരുന്നത്. സഭയിലേക്കു വരുന്ന വിശ്വാസപഠിതാക്കൾക്കു (Catechumens) പ്രബോധനം നൽകുന്നതിന് ഈ സുവിശേഷം ഏറ്റം ഉപ യുക്തമായിരുന്നു.

പുതിയ യിസ്രായേലായ സഭയെ സ്ഥാപിക്കുന്നതിന്റെ ആദ്യപടിയായി യേശു പഴയ ഇസ്രായേലിന്റെ 12 ഗോത്രങ്ങളെ പ്രതിനിധാനം ചെയ്യാ നെന്നോണം തന്റെ ശിഷ്യസമൂഹത്തിൽനിന്നും 12 പേരെ പ്രത്യേകം തിര ഞ്ഞെടുത്തു (10:1-4). അവരെ ദൈവരാജ്യം പ്രഘോഷിക്കുവാൻ അവി ടുന്നു നിയോഗിക്കുന്നു. അവർ പോയി 'സകല ജാതികളെയും ശിഷ്യ

രാക്കിക്കൊൾവാൻ' (28:20) അന്ത്യശാസനം നൽകി. സഭ ഈ ദൗത്യം നിർവഹിപ്പാൻ പ്രതിജ്ഞാബദ്ധമാണ്.

കൈസര്യഫിലിപ്പ്യയിൽ വച്ച് യേശു പത്രോസിനോടു പറയുന്നു: 'നീ പാറയാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല' (16:18). ഈ വാക്യത്തെപ്പറ്റി വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ ഉണ്ട്. പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസത്തിന്മേലാണു സഭ പണിയപ്പെട്ടിരിക്കുന്നത് എന്നുള്ളതത്രേ ഏറ്റം സ്വീകാര്യമായിട്ടുള്ളത്.

സഭാശിക്ഷണത്തെപ്പറ്റി (18:15-20) യും പ്രതിപാദിക്കുന്നു. സഭയെ കേൾക്കാത്തവൻ, ചുങ്കക്കാരനെപ്പോലെയും, പുറജാതിക്കാരനെപ്പോലെയും ആയിരിക്കട്ടെ (18:17). സഭയുടെ ക്രമപരിപാലനവും സംഘടനാവളർച്ചയും പ്രാധാന്യമർഹിക്കുന്നു.

സഭയുടെ ചൈതന്യകേന്ദ്രം ക്രിസ്തു തന്നെയാകുന്നു. 'ഇമ്മാനുവേൽ' (ദൈവം നമ്മോടുകൂടെ) ആകുന്ന ക്രിസ്തു സഭയിൽ സന്നിഹിതനാണ്. 'എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്' (18:20). മാത്രമല്ല 'ലോകാവസാനത്തോളം എല്ലാ നാളും ഞാൻ നിങ്ങളോടുകൂടെ ഉണ്ട്' (28:20) എന്ന വാഗ്ദത്തവും സഭയ്ക്കു നൽകിയിരിക്കുന്നു. സഭയുടെ മഹത്വവും വൈശിഷ്ട്യവും, അതു ക്രിസ്തു വസിക്കുന്ന, സമൂഹം എന്നതിലാകുന്നു. സഭയുടെ സർഗശക്തി, ജീവിക്കുന്ന ക്രിസ്തു അത്രേ.

### ചോദ്യങ്ങൾ

1. മത്തായിയുടെ സുവിശേഷത്തെ 'സഭാസുവിശേഷം' എന്നു വിശേഷിപ്പിക്കുന്നത് എന്തുകൊണ്ട്?
2. സുവിശേഷകന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം? അത് ഇന്ന് എപ്രകാരം സഭയ്ക്ക് നിറവേറ്റാൻ കഴിയും?
3. ഈ സുവിശേഷത്തിൽ യേശുക്രിസ്തുവിനെ ഒരു ''പുതിയ മോശ''യായി ചിത്രീകരിക്കുന്നു. എങ്ങനെ?

## പാഠം 5

# ലൂക്കോസിന്റെ സുവിശേഷം: സാർവത്രിക രക്ഷാസന്ദേശം

❑ സുവിശേഷത്തെപ്പറ്റി പൊതുവായ പ്രസ്താവന ❑ ഗ്രന്ഥകാരൻ ❑ എഴുതിയ സ്ഥലവും കാലവും ❑ സവിശേഷതകൾ ❑ ദൈവശാസ്ത്രം

മർക്കോസ്, പീഡനത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തുവിനെ സഹനത്തിനു മാതൃകയായി അവതരിപ്പിച്ചുവെങ്കിൽ, മത്തായി, യെഹൂദ-ക്രൈസ്തവ സംവാദത്തിന്റെ പശ്ചാത്തലത്തിൽ യേശുവിനെ യഥാർത്ഥ മശിഹാ ആയും, പഴയനിയമപൂർത്തീകരണമായും അവതരിപ്പിച്ചു. ലൂക്കോസ് നൽകുന്ന ക്രിസ്തുദർശനം 'ലോകത്തിന്റെ മുഴുവൻ രക്ഷകനെന്ന' നിലയ്ക്കാണ്. ലാളിത്യത്തിലും, സാഹിത്യഭംഗിയിലും മികച്ചുനിൽക്കുന്ന ഈ സുവിശേഷം ഒറ്റപ്പെട്ട കൃതിയല്ല. ഇതിന്റെ രണ്ടാംഭാഗം, (അപ്പസ്തോലപ്രവൃത്തികൾ) ഇതിനോടു ചേർന്നു വായിക്കേണ്ടതാണ്. എങ്കിൽ മാത്രമേ എഴുത്തുകാരന്റെ ഉൾക്കാഴ്ചയെപ്പറ്റിയും ലക്ഷ്യത്തെപ്പറ്റിയും ശരിയായ അവബോധം ലഭിക്കുകയുള്ളു. അദ്ദേഹം ഒരു നല്ല ചരിത്രകാരനുമായിരുന്നു. സുവിശേഷത്തിന്റെ ആമുഖവാക്കുകൾ അതു വെളിപ്പെടുത്തുന്നു (1:1-4). ലഭ്യമായിരുന്ന സകല രേഖകളും മൂലങ്ങളും വസ്തുതകളും പരിശോധിച്ചു ത്യാജ്യഗ്രാഹ്യവിവേചനത്തോടെ, ഔചിത്യപൂർവ്വം അദ്ദേഹം സുവിശേഷം അവതരിപ്പിക്കുന്നു.

### ലൂക്കോസ്

ഈ ഗ്രന്ഥത്തിന്റെ എഴുത്തുകാരൻ ലൂക്കോസ് ആണെന്നുള്ളതിന് ആന്തരികമായും ബാഹ്യമായും ഉള്ള സാക്ഷ്യങ്ങൾ ഉണ്ട്. 1. സുവിശേഷത്തിന്റെയും അപ്പസ്തോലപ്രവൃത്തികളുടെയും തുടക്കം താരതമ്യപ്പെടുത്തിയാൽ ഇവ രണ്ടും ഒരാൾ എഴുതിയതെന്നു തെളിയും. മാത്രമല്ല രണ്ടിന്റെയും ഭാഷയും, പ്രതിപാദനവും ഇതിന് ഉപോത്ബലകമാണ്. 2. അപ്പസ്തോലപ്രവൃത്തികൾ രണ്ടാംഭാഗം (16-28) പരിശോധിച്ചാൽ അവിടെ പല ഭാഗത്തും 'ഞങ്ങൾ' എന്ന ബഹുവചനം പ്രയോഗിച്ചിരിക്കുന്നതു കാണാം (16:10-17; 20:5-21; 27:1 - 28:16). ഈ ഭാഗങ്ങൾ എഴുത്തുകാരന്റെ ഡയറിക്കുറിപ്പിൽനിന്ന് എടുത്തിട്ടുള്ളവയാണെങ്കിൽ, മിഷൻ യാത്രകളിൽ അദ്ദേഹം പൗലോസിന്റെ സഹയാത്രികനായിരുന്നു. അവസാനം പൗലോസിനോടു കൂടെ റോമിലേക്കു പോവുകയും അദ്ദേഹത്തോടുകൂടെ പാർക്കുകയും ചെയ്തു. ഇതു ലൂക്കോസായിരിക്കാനാണ് സാധ്യത. 'വൈദ്യനായ പ്രിയ ലൂക്കോസ്' തന്നോടുകൂടെ റോമിൽ ഉള്ള കാര്യം പൗലോസ് അനുസ്മരിക്കുന്നുണ്ടല്ലോ (കൊലോ. 4:14; ഫിലേ. 24).

3. രണ്ടു ഗ്രന്ഥങ്ങളിലും വൈദ്യഭാഷയുടെ സ്വാധീനം ചില പണ്ഡിതന്മാർ കണ്ടെത്തുന്നു. പത്രോസിന്റെ അമ്മായിഅമ്മയുടെ പനി 'കലശലായി'രുന്നു എന്നും (4:38), കുഷ്ഠരോഗിയുടെ വിവരണത്തിൽ 'ശരീരം മുഴുവൻ' കുഷ്ഠം ബാധിച്ചവനെന്നും (5:12) വിശേഷിപ്പിക്കുന്നു (അ. പ്ര. 9:18; 28:8). വൈദ്യന്മാരുടെ നേരെയുള്ള വിമർശനം മയപ്പെടുത്തി പറയുന്നു (മർക്കോ. 5:26 താരതമ്യപ്പെടുത്തുക ലൂക്കോ. 8:43). പക്ഷേ ഈ തെളിവുകളൊന്നും അദ്ദേഹം ഒരു വൈദ്യനായിരുന്നു എന്നു ഖണ്ഡിതമായി സ്ഥാപിക്കുവാൻ പര്യാപ്തമല്ല എന്ന് പല പണ്ഡിതന്മാരും ചൂണ്ടിക്കാണിക്കുന്നു. കാരണം ഇതുപോലുള്ള ഭാഷാപ്രയോഗം സമകാലീനമായ വൈദ്യന്മാരല്ലാത്തവരുടെ എഴുത്തുകളിലും കണ്ടെത്താം. 4. രണ്ടാം നൂറ്റാണ്ടു മുതലുള്ള പാരമ്പര്യം ഗ്രന്ഥകാരൻ ലൂക്കോസ് ആണെന്നത്രേ. മൂററ്റോറിയൻ കാനോനിൽ (രണ്ടാം നൂറ്റാണ്ട്) ലൂക്കോസിന്റെ കൃതിയെന്നു പറയുന്നു. അലക്സാന്ത്രിയായിലെ ക്ലിമ്മീസ്, ഓറിജൻ, തെർത്തുല്യൻ മുതലായ സഭാപിതാക്കന്മാരും ഇതേ അഭിപ്രായക്കാരാണ്.

പൗലോസിന്റെ സഹചാരിയും സഹപ്രവർത്തകനുമായ ലൂക്കോസ് തന്നെ എഴുതിയ എന്ന് ആദിമസഭ ദൃഢമായി വിശ്വസിച്ചതുകൊണ്ടായിരിക്കണമല്ലോ, മറ്റുവിധത്തിൽ അപ്രധാനനായ ലൂക്കോസിന്റെ ഈ കൃതി സർവ്വസമ്മതമായി സഭ അംഗീകരിക്കുവാൻ ഇടയായിത്തീർന്നത്.

ലൂക്കോസിനെപ്പറ്റി പുതിയനിയമത്തിൽ മൂന്നു പരാമർശങ്ങളേ ഉള്ളൂ. (കൊലോ 4;14; ഫിലേ. 24:2 തിമോ. 4:11). ഇവയിൽനിന്നും, മറ്റു പാരമ്പര്യങ്ങളിൽനിന്നുമായി അദ്ദേഹത്തെപ്പറ്റി നമുക്ക് മനസ്സിലാക്കാവുന്നത്; ജന്മനാ ഒരു പുറജാതി (സുവിശേഷകരിൽ ഇദ്ദേഹം മാത്രമാണു പുറജാതിക്കാരൻ. കൊലോ. 4:10–14), തൊഴിൽവഴി ഒരു ഭിഷഗ്വരൻ, മാനസാന്തരം മൂലം ഒരു ക്രിസ്ത്യാനി, പ്രവർത്തനത്തിൽ പൗലോസിന്റെ സ്നേഹിതനും സഹകാരിയും. അദ്ദേഹത്തെപ്പറ്റി കൂടുതൽ അറിയണമെങ്കിൽ അദ്ദേഹത്തിന്റെ കൃതികൾ (സുവിശേഷവും അപ്പസ്തോലപ്രവൃത്തികളും) വായിച്ചു മനസ്സിലാക്കുകയാണു വേണ്ടത്.

### എഴുതിയ സ്ഥലവും കാലവും

പാരമ്പര്യം അനുസരിച്ച് ഗ്രീസിൽ വച്ച് ഏ. ഡി. 85 നോട് അടുത്ത കാലത്തു രചിച്ചു എന്നു കരുതുന്നു. യെരൂശലേമിന്റെ നാശത്തെപ്പറ്റിയുള്ള വിവരണത്തിൽ (ലൂക്കോ. 21:20) ആ സംഭവം നടന്നതിന്റെ അനുസ്മരണയിൽനിന്ന് വിവരിക്കുന്നതുപോലെ തോന്നിപ്പോകുന്നു. മർക്കോസിന്റെ സുവിശേഷം അദ്ദേഹം കണ്ടിട്ടുണ്ട്; അതുപയോഗിച്ചിട്ടുമുണ്ട്. മാത്രമല്ല മറ്റു പല രേഖകളും പരിശോധിക്കുവാൻ തക്കവണ്ണം ലഭ്യമായിരുന്നു (ലൂക്കോ. 1:1–4). അതിൽനിന്നും ഏതാനും ദശകങ്ങൾ സഭാചരിത്രത്തിൽ പിന്നിട്ടതായിക്കരുതാം.

## ലക്ഷ്യം

'രാജശ്രീ തെയോഫിലോസിന്' ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചും, ഉപദേശങ്ങളെക്കുറിച്ചും, വസ്തുനിഷ്ഠമായ ഒരു വിവരണം നൽകുകയായിരുന്നു ലക്ഷ്യം. ആരായിരുന്നു ഈ തെയോഫിലോസ്? സാമൂഹ്യമായി വളരെ ഉയർന്ന ഒരു റോമൻ ഭരണാധികാരി ആയിരുന്നിരിക്കാം. എന്നാൽ ഒരു വ്യക്തിയെ മാത്രമല്ല ലൂക്കോസ് മുന്നിൽ കാണുന്നത്. തെയോഫിലോസിനെപ്പോലെ സാമൂഹ്യവും സാംസ്ക്കാരികവുമായ പുരോഗതി പ്രാപിച്ച അനേകരെ കാണുന്നുണ്ട്; പ്രത്യേകിച്ച് പുറജാതികളിൽ നിന്ന് ക്രിസ്തീയ സഭയിലേക്കു ചേർന്നിട്ടുള്ളവർ. അവർക്കു മനസ്സിലാകത്തക്ക ഭാഷയും ശൈലിയും ഉപയോഗിച്ചിരിക്കുന്നു. അതിനാൽ അറമായ പദങ്ങൾ നിശ്ശേഷം ഉപേക്ഷിച്ചിട്ടുണ്ട്. എബ്രായ പദങ്ങൾക്കു പകരം തത്തുല്യങ്ങളായ ഗ്രീക്കു പദങ്ങളാണ് ചേർത്തിരിക്കുന്നത്.

ഉദാ. 'കനാന്യനായ (എബ്രായ) ശെമയോനെ', 'എരിവുകാരൻ' (Zealot) ആയി മാറി. 'ഗോൽഗോത്താ' – 'ക്രാനിയോൻ' എന്നാക്കി. 'റബി', 'ഗുരുവും' ആയി. പ്രവചനങ്ങളുടെ പൂർത്തീകരണമായി യേശുവിനെ അവതരിപ്പിക്കുന്നില്ല. അതിനാൽ പഴയനിയമത്തിൽ നിന്നുള്ള ഉദ്ധരണികൾ വളരെ വിരളമായിട്ടേ ഉള്ളൂ. ജാതികളിൽ നിന്നുള്ളവർക്ക് യഥാർത്ഥമായ ക്രിസ്തുവിജ്ഞാനീയം നൽകുക എന്നതായിരുന്നു ലൂക്കോസിന്റെ മുഖ്യലക്ഷ്യം.

## സവിശേഷതകൾ

പാരമ്പര്യമനുസരിച്ച് ലൂക്കോസ് ഒരു ചിത്രകാരനാണ്. വിശ്രമ സമയങ്ങളിലൊക്കെ അദ്ദേഹം ചിത്രം വരച്ചിരുന്നുപോലും. ഏതായാലും വാക്കുകൾ കൊണ്ട് മനോഹരചിത്രം രചിക്കാൻ കഴിവുള്ള ഒരു കലാനിപുണനായിരുന്നു അദ്ദേഹം. റെനൻ, ലൂക്കോസിന്റെ കൃതിയെ വിശേഷിപ്പിക്കുന്നത് 'ലോകത്തിലെ ഏറ്റവും മനോഹരകൃതി' എന്നാണ്. സുന്ദരമായ ശൈലിയും, ഹൃദ്യമായ അവതരണവും ഈ പുസ്തകത്തെ വിശിഷ്ടകലാസൃഷ്ടിയാക്കി മാറ്റിയിട്ടുണ്ട്. ഇതിൽ പ്രകടമായിട്ടുള്ള ചില സവിശേഷതകൾ പരിശോധിക്കാം.

**1. സാമൂഹ്യദർശനം:** സമ്പത്തിനെപ്പറ്റിയും സമ്പന്നരെപ്പറ്റിയുമുള്ള വീക്ഷണം ശ്രദ്ധേയമാണ്. സാമൂഹ്യനീതിയുടെ ശക്തനായ വക്താവാണദ്ദേഹം. ഉദാ. മത്തായിയിൽ 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ' എന്നുള്ളതു ലൂക്കോസിൽ 'ദരിദ്രരായ നിങ്ങൾ (ആത്മാവിൽ അല്ല) ഭാഗ്യവാന്മാർ' എന്നാണ് (മത്താ. 5:3; ലൂക്കോ. 6:20). ഭാഗ്യാവസ്ഥാവർണ്ണനയോടു ലൂക്കോസ് 'ഹാ കഷ്ട'മെന്നുള്ള ഭാഗവും കൂട്ടിച്ചേർക്കുന്നു. 'സമ്പ

ന്നരായ നിങ്ങൾക്കു ഹാ കഷ്ടം... ഇപ്പോൾ തൃപ്തന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം' (ലൂക്കോ. 6:24–26). ധനം 'അനീതിയുള്ള' മാമ്മോനാണ്. ധനത്തിന്റെ അപകടത്തെ വെളിപ്പെടുത്തുന്ന പല ഉപമകളും കൂട്ടിച്ചേർത്തി ട്ടുണ്ട് (16:1–31). ദാനധർമ്മം ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു. 'അക ത്തുള്ളതു ഭിക്ഷയായി കൊടുപ്പിൻ' (11:41). 'നിങ്ങൾക്കുള്ളതു വിറ്റു ഭിക്ഷ കൊടുപ്പിൻ' (12:33). ലൂക്കോസിനു മറ്റാരെയുംകാൾ വ്യക്തമായ ഒരു സാമ്പ ത്തികവീക്ഷണമുണ്ടായിരുന്നു.

**2. പാപികളോടും പതിതരോടുമുള്ള യേശുവിന്റെ ആർദ്രത:** ദൈവ സ്നേഹത്തേയും കരുണയെയും വെളിപ്പെടുത്തുന്ന ഉപമകൾ പലതുണ്ട്. മുടിയനായ പുത്രന്റെ ഉപമ (15:11ff). പരീശന്റെയും ചുങ്കക്കാരന്റെയും ഉപമ (18:9 മു). നല്ല ശമര്യാക്കാരന്റെ ഉപമ (19:30 മു.).

സമൂഹത്തിലെ ഏറ്റം നികൃഷ്ടരെന്നും, ഭ്രഷ്ടരെന്നും കരുതിയവ രെപ്പറ്റി യേശുവിനു പ്രത്യേകം കരുതലുണ്ടായിരുന്നു. പാപിനിയായ സ്ത്രീക്ക് അവിടുന്നു മോചനം നൽകുന്നു (7:37 മു). സമൂഹത്തിൽ വെറു ക്കപ്പെട്ട ചുങ്കക്കാരൻ സക്കായിയുടെ ആതിഥ്യം അവിടുന്നു സ്വീകരി ക്കുന്നു (19:1 മു). അനുതപിച്ച കള്ളനു പറുദീസാ വാഗ്ദാനം ചെയ്യുന്നു (23:43).

ശമര്യാക്കാരെ 'അയിത്ത'മുള്ളവരായി കരുതി അവരെ യഹൂദന്മാർ വെറുത്തിരുന്നു. എന്നാൽ യേശുവിന് അവരോടു പ്രത്യേക താല്പര്യ മുണ്ട്. തന്നെ ബഹിഷ്കരിച്ച ശമര്യഗ്രാമത്തെ യേശു ശപിക്കുന്നില്ല (9:55). നന്ദികെട്ട യെഹൂദന്മാർക്കുള്ള ശാസനയാണു നന്ദിയുള്ള ശമര്യാക്കാരൻ (17:18). ന്യായശാസ്ത്രിയുടെ സംശയം തീർക്കുന്നതു നല്ല ശമര്യാക്കാ രന്റെ കഥയിൽ കൂടിയാകുന്നു (10:25–37).

**3. സ്ത്രീകളുടെ ക്ഷേമത്തിലുള്ള താല്പര്യം:** അന്നു സമൂഹത്തിൽ സ്ത്രീകൾക്കു യാതൊരു സ്ഥാനവുമില്ലായിരുന്നു. വനിതാവിമോചനക്കാർ ലൂക്കോസിനെ അവരുടെ വലിയ വക്താവായി അംഗീകരിച്ചു എന്നു വരാം.

യേശുവിനെ അനുഗമിക്കുന്ന ശിഷ്യരുടെ കൂട്ടത്തിൽ സ്ത്രീകളുമുണ്ട്. 'അവർ തങ്ങളുടെ വസ്തുവകകളെക്കൊണ്ടു ശുശ്രൂഷ ചെയ്തുപോന്നു' (8:3). ലൂക്കോസ് മാത്രമേ കർത്താവിനു മാർത്താ, മറിയ എന്ന സഹോദ രികളോടുള്ള സൗഹൃദം വരച്ചുകാണിക്കുന്നുള്ളൂ (10:38–42). ലൂക്കോസിൽ യേശുവിന്റെ ദിവ്യകാരുണ്യം നേരിട്ടനുഭവിച്ച മൂന്നു സ്ത്രീകൾ (7:11; 7:37; 13:11) ഉണ്ട്. ചില ഉപമകളിലെ കഥാപാത്രങ്ങൾ സ്ത്രീകളാണ് (15:8 മു. 18:3 വരെ). യറുശലേം പുത്രിമാർ യേശുവിന്റെ കഷ്ടതയിൽ വിലപിക്കുന്നു (23:28). സ്ത്രീകൾ യേശുവിനെ ക്രൂശിങ്കലോളം അനുഗമിക്കുന്നു (23:27).

പ്രാരംഭകാലത്ത് ഏലിസബേത്ത്, മറിയം ഹന്നാ തുടങ്ങിയ വിശിഷ്ട സ്ത്രീകളെപ്പറ്റിയും രേഖപ്പെടുത്തിയിരിക്കുന്നു.

**4. പ്രാർത്ഥനയ്ക്കുള്ള സ്ഥാനം:** പലപ്പോഴും വേറിട്ടുപോയി പ്രാർത്ഥിക്കുന്ന യേശുവിന്റെ ചിത്രം ലൂക്കോസ് നൽകുന്നു. മാമോദീസായ്ക്കു മുമ്പും (3:2), പന്തിരുവരെ തെരഞ്ഞെടുക്കുന്നതിനു മുമ്പും (6:12), പരീശരുമായി വാഗ്വാദം നടത്തുന്നതിനു മുമ്പും, താബോർമലയിൽ രൂപാന്തരപ്പെടുമ്പോഴും (9:29). ഗത്ശീമോൻ തോട്ടത്തിലും (22:42), കാൽവറി കുരിശിന്മേൽ കിടക്കുമ്പോഴും (23:40) പ്രാർത്ഥിക്കുന്ന യേശുവിനെ കാണാം. പ്രാർത്ഥനയെക്കുറിക്കുന്ന മൂന്നു മനോഹരമായ ഉപമകൾ ലൂക്കോസ് നൽകിയിരിക്കുന്നു. (a) ചുങ്കക്കാരനും പരീശനും (18:10–14), (b) ന്യായാധിപനും വിധവയും (18:2–8), (c) അർദ്ധരാത്രിയിൽ മുട്ടിവിളിക്കുന്ന സ്നേഹിതൻ (11:5–8).

പ്രാർത്ഥനയുടെ ഭാഗമാണല്ലോ സ്തോത്രവും സ്തുതിയും. ലൂക്കോസ് മാത്രമേ നാലു പാട്ടുകൾ രേഖപ്പെടുത്തിയിട്ടുള്ളു: (1) മറിയാമിന്റെ പാട്ട് (1:46 മു). (2) സെഖര്യാവിന്റെ പാട്ട് (1:68 മു). (3) മാലാഖമാരുടെ പാട്ട് (2:14). (4) ശിമയോന്റെ പാട്ട് (2:29 മു).

**5. പരിശുദ്ധാത്മാവിന്റെ സുവിശേഷം:** പരിശുദ്ധാത്മവ്യാപാരത്തിന് ഊന്നൽ കൊടുത്തുകൊണ്ടു യേശുവിന്റെ ജീവിതത്തിലും പ്രവർത്തനത്തിലും അതെപ്രകാരമായിരുന്നു എന്നു വെളിപ്പെടുത്തുന്നു. രക്ഷകന്റെ വരവിനായി കാത്തിരുന്നവരിലും (1:41; 1:67 മു) അവിടുന്നു വന്നപ്പോൾ തന്നെ തിരിച്ചറിഞ്ഞവരിലും ആത്മാവു പ്രവർത്തിച്ചു (2:25). ദൈവത്തിന്റെ ഏറ്റവും വിശിഷ്ടദാനമായി പരിശുദ്ധാത്മാവിനെ ലൂക്കോസ് ദർശിക്കുന്നു (11:43). 'ലൂക്കോസിന്റെ ദൈവവിജ്ഞാനീയത്തിൽ' ഇതേപ്പറ്റി കൂടുതൽ കാണുക.

**6. സുവിശേഷത്തിന്റെ സാർവ്വലൗകിക ദർശനം:** യേശു ഇസ്രായേലിന്റെ മാത്രം രക്ഷകനല്ല, സർവജനത്തിന്റെയും ആണ് (2:29–32). ആദ്യവസാനം ഈ സത്യം പ്രസ്പഷ്ടമാക്കുന്നു. ശിമയോൻ യേശുക്കുഞ്ഞിനെ കരങ്ങളിൽ വഹിച്ചിട്ടു 'ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശ'ത്തെ കാണുന്നു. അവിടുത്തെ നാമത്തിൽ സകലജാതികളോടും പശ്ചാത്താപവും പാപമോചനവും പ്രസംഗിക്കണം (24:4). പുറജാതി മതത്തിൽനിന്നു ക്രിസ്തീയ വിശ്വാസത്തിലേയ്ക്കു കടന്നുവന്ന ലൂക്കോസ് സുവിശേഷത്തിനു സാർവലൗകികമായ പ്രസക്തി കാണുന്നതിൽ അതിശയിപ്പാനില്ല.

## ലൂക്കോസിന്റെ ദൈവവിജ്ഞാനീയം

(1) ജാതികൾക്ക് ഇതിൽ നൽകിയിട്ടുള്ള സ്ഥാനം മുകളിൽ സൂചിപ്പിച്ചി

ട്ടുള്ളതാണ്. സാർവത്രിക രക്ഷാസിദ്ധാന്തമാണ് ഇതിൽക്കൂടി ലൂക്കോസ് വിഭാവനം ചെയ്യുക. അപ്പസ്തോലപ്രവൃത്തികളുടെ തുടക്കം തന്നെ പെന്തിക്കോസ്തിയിൽ പരിശുദ്ധാത്മാവിന്റെ ആവാസത്തോടെയാണ്. ഇതു ബാബേലിലെ (ഉല്പ. 11) അനുഭവത്തിന്റെ മറുവശം ആകുന്നു. അന്നു മനുഷ്യന്റെ അഹന്ത മൂലം ഭാഷകൾ കലങ്ങി സമൂഹം ഛിന്ന ഭിന്നമായി. പെന്തിക്കോസ്തിയിൽ ആത്മാവു ലഭിച്ചപ്പോൾ, ഐക്യത്തിന്റെയും പരസ്പര കൂട്ടായ്മയുടെയും അനുഭവം കൈവന്നു. ആത്മാവിനെ നൽകിയിരിക്കുന്നതു തന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവർക്കുമാണ്. ലൂക്കോസ് ഇക്കാര്യം രണ്ടാം വാല്യത്തിൽ വ്യക്തമാക്കുന്നു. സുവിശേഷം 'യെരൂശലേമിലും, യഹൂദ്യയിൽ എല്ലായിടത്തും, ഭൂലോകത്തിന്റെ അറ്റത്തോളം എത്തേണ്ടതാകുന്നു. അതു സ്വീകരിക്കുന്നവരിൽ ശമര്യാക്കാരനും, ഷണ്ഡനും, റോമാക്കാരനും തത്ത്വചിന്തകരും എല്ലാം ഉൾപ്പെടുന്നു.

**(2) ലൂക്കോസിന്റെ യുഗാന്ത്യശാസ്ത്രം:** മുൻ സുവിശേഷകന്മാരെപ്പോലെ ലൂക്കോസും വിശ്വസിക്കുന്നത് ഈ ലോകത്തിന്റെ ചരിത്രം അതിനെ വീണ്ടെടുത്ത ക്രിസ്തുവിൽകൂടി പരിസമാപിക്കുമെന്നാണ്. എന്നാൽ മർക്കോസിന്റെ യുഗാന്ത്യചിന്തയുമായി താരതമ്യപ്പെടുത്തുമ്പോൾ ലൂക്കോസ് ചില വ്യതിയാനങ്ങൾ വരുത്തിയിട്ടുള്ളതായി കാണാം. 'ആസന്നമായിരിക്കുന്നു' എന്ന ചിന്താഗതിക്ക് അയവു വരുത്തിയിട്ടുണ്ട്. 'ദൈവരാജ്യം സമീപമായിരിക്കുന്നു' എന്നു മർക്കോസിൽ കാണുന്ന സന്ദേശം വിട്ടുകളഞ്ഞിരിക്കുന്നു. 'സമയം ആസന്നമായിരിക്കുന്നു' എന്നു പറയുന്നവർക്ക് ഒരു താക്കീതു നൽകിയിട്ടുണ്ട് (21:8 മു). ദൈവരാജ്യം ഉടൻതന്നെ പ്രത്യക്ഷപ്പെടുവാൻ ഇടയില്ല (19:11). 'ആഗോളവ്യാപകമായ സംഭവങ്ങൾ' ഈറ്റുനോവിന്റെ ആരംഭമായി ലൂക്കോസ് കാണുന്നില്ല.

ആദ്യഘട്ടത്തിലെ യുഗാന്ത്യവിശ്വാസം ലൂക്കോസ് വ്യത്യാസപ്പെടുത്തി. രണ്ടാമത്തെ വരവു വൈകുന്നതുകൊണ്ടു ലൂക്കോസ് സഭാചരിത്രത്തിലേയ്ക്കു കൂടുതൽ ശ്രദ്ധ വച്ചു. സഭയുടെ ദൗത്യത്തെയും ചരിത്രത്തിലുള്ള അതിന്റെ സ്ഥാനത്തെയും വ്യക്തമാക്കാൻ ലൂക്കോസ് ശ്രമിക്കുന്നു.

**ചോദ്യങ്ങൾ**

1. ലൂക്കോസ് മറ്റ് രണ്ടു സുവിശേഷകന്മാരിൽ നിന്ന് ഏതെല്ലാം കാര്യങ്ങളിൽ വ്യത്യസ്തനായിരിക്കുന്നു?
2. പ്രാർത്ഥനയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട് എന്ന കാര്യം സമർത്ഥിക്കുക.
3. ലൂക്കോസിന്റെ സാർവലൗകികദർശനം വിശദീകരിക്കുക.

## പാഠം 6

# അപ്പസ്തോലപ്രവൃത്തികൾ: സഭയുടെ പ്രാഥമിക ചരിത്രം

❑ പുസ്തകത്തിന്റെ പേരിനെപ്പറ്റി ❑ പുസ്തകത്തിന്റെ പ്രാധാന്യം ❑ പുസ്തക രചനയുടെ ലക്ഷ്യം ❑ ഉള്ളടക്കം ❑ ദൈവശാസ്ത്രം

സുവിശേഷങ്ങൾ യേശുക്രിസ്തുവിന്റെ ഉപദേശങ്ങളും പ്രവൃത്തികളുമാണ് ഉൾക്കൊള്ളുന്നതെങ്കിൽ അപ്പസ്തോലപ്രവൃത്തികളിൽ, അപ്പസ്തോലന്മാരുടെയും സഹകാരികളുടെയും ഉപദേശങ്ങളും പ്രവൃത്തികളുമാണുള്ളത്. 'പ്രവർത്തനങ്ങൾ' (പ്രക്സീസ്) എന്ന പേര് യവനഭാഷാ പ്രയോഗത്തിൽനിന്നു വരുന്നതാണ്. മഹാന്മാരുടെ ചെയ്തികളെ വിവരിക്കുവാനും മറ്റും രചിക്കുന്ന കൃതികൾക്ക് ഇപ്രകാരമുള്ള പേരു നൽകിയിരിക്കുന്നു.

ലൂക്കോസിന്റെ സുവിശേഷത്തിന്റെ തുടർച്ചയായിട്ടാണു ഈ കൃതി ആരംഭിച്ചിട്ടുള്ളത്. രണ്ടു കൃതികളും തെയോഫിലോസിന് സംബോധന ചെയ്തിരിക്കുന്നു. സുവിശേഷം ഉയിർത്തെഴുന്നേറ്റ ക്രിസ്തു സ്വർഗാരോഹണം ചെയ്യുന്ന സംഭവത്തോടെ സമാപിക്കുന്നു. അപ്പസ്തോല പ്രവൃത്തികൾ, സ്വർഗാരോഹണത്തിനുശേഷം അവിടുന്നു അപ്പസ്തതോലന്മാർ വഴി തുടർന്നു പ്രവർത്തിക്കുന്നത് വിവരിക്കുന്നു. എല്ലാ അപ്പസ്തോലന്മാരുടെയും പ്രവർത്തനങ്ങളെപ്പറ്റി ഇതിൽ കാണുന്നില്ല. ആദ്യഭാഗത്തു പത്രോസിന്റെയും, രണ്ടാംഭാഗത്ത് പൗലോസിന്റെയും പ്രവർത്തനങ്ങളെപ്പറ്റി മാത്രമേ പ്രതിപാദിക്കുന്നുള്ളൂ. എല്ലാ അപ്പസ്തോലന്മാരുടെയും പ്രവർത്തനചരിത്രം സംഗ്രഹിക്കുക ആയിരുന്നില്ല എഴുത്തുകാരന്റെ ലക്ഷ്യം.

ലൂക്കോസ് ഒരു ചരിത്രകാരനായിരുന്നു. അതേസമയം ദൈവശാസ്ത്രജ്ഞനുമായിരുന്നു. അതിനാൽ ഈ കൃതിയെ ആ അടിസ്ഥാനത്തിൽ മാത്രമേ വിലയിരുത്താൻ കഴിയൂ. സുവിശേഷരചനയിൽ അവധാനപൂർവ്വം മൂലങ്ങൾ ഉപയോഗിച്ച ലൂക്കോസ് ഈ കൃതിയുടെ രചനയിലും അപ്രകാരം ചെയ്തിരിക്കണം. ഉപയുക്തമായ മൂലങ്ങൾ ഏതെല്ലാമെന്നു തിട്ടപ്പെടുത്തുക പ്രയാസമാണ്. എങ്കിലും നമുക്ക് അനുമാനിക്കാവുന്നത്, പൗലോസിന്റെ യാത്രാവിവരണം ഉൾക്കൊള്ളുന്ന ഡയറിക്കുറിപ്പ് രണ്ടാം ഭാഗത്ത് ഉപയോഗിച്ചു. ആദ്യഭാഗത്ത്, യെറുശലേം, കൈസര്യ, അന്ത്യോക്യാ ഈ സഭാ കേന്ദ്രങ്ങളിൽനിന്ന് ലഭിച്ച വസ്തുതകളും പാരമ്പര്യങ്ങളും ആധാരമാക്കിയിരിക്കണം. ലൂക്കോസ് ഈ കേന്ദ്രങ്ങൾ സന്ദർശിക്കയും അവിടെ താമസിക്കയും ചെയ്തിട്ടുള്ളതാണല്ലോ.

## പ്രാധാന്യം

അപ്പസ്തോലപ്രവൃത്തികളുടെ പഠന പശ്ചാത്തലത്തിൽ മാത്രമേ അപ്പസ്തോലന്മാരുടെ ലേഖനങ്ങൾ ശരിക്കും മനസ്സിലാക്കാൻ കഴിയൂ. ആദിമ സഭയുടെ സൂക്ഷ്മമായ ഒരു ചിത്രം അപ്പസ്തോലപ്രവൃത്തികളിൽനിന്നു ലഭിക്കുന്നു. ആദ്യത്തെ സഭാചരിത്രമെന്ന് ഇതിനെ വിളിക്കാം. സഭയുടെ ഉത്ഭവം, വളർച്ച, ഘടന എന്നിവയെപ്പറ്റി മാത്രമല്ല അതിന്റെ സാമൂഹ്യവും, ആത്മികവുമായ അവസ്ഥയെക്കുറിച്ചും ഇതു വെളിപ്പെടുത്തുന്നു. ആരാധനാപരവും, സംഘടനാപരവുമായ അനുഭവത്തെക്കുറിച്ചും ഇതിൽ നിന്നാണ് ഗ്രഹിക്കാവുന്നത്. സഭയിൽ ഉയർന്നുവന്ന പൗരോഹിത്യക്രമം, കൂദാശാപരമായ അനുഷ്ഠാനങ്ങൾ എന്നിവയുടെ ഉത്ഭവചരിത്രം നിശ്ചയമായും പ്രാധാന്യം അർഹിക്കുന്നതാണ്.

## ലക്ഷ്യം

1. അപ്പസ്തോലികസഭയുടെ വളർച്ചയെ വരച്ചു കാണിക്കുകയാണ് പ്രധാന ലക്ഷ്യം. യറുശലേമിൽ ഒരു ചെറിയ സമൂഹമായിരുന്ന ക്രിസ്തീയ സഭ എങ്ങനെ വർഗത്തിന്റെയും വർണ്ണത്തിന്റെയും അതിർവരമ്പുകളെ ലംഘിച്ചുകൊണ്ട്, സാമ്രാജ്യത്തിന്റെ തലസ്ഥാനമായ റോമാ വരെ വളർന്നു വ്യാപിച്ചു എന്ന് ഇതിൽ കാണാം. പുസ്തകത്തിന്റെ കുറിവാക്യത്തിൽ 'നിങ്ങൾ ശക്തി ലഭിച്ചിട്ട്, യറുശലേമിലും, യഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും' (1:8) എന്നുണ്ട്. എപ്രകാരം ആ വാഗ്ദാനം നിറവേറ്റാൻ കഴിഞ്ഞു എന്നാണ് ഈ കൃതിയിൽ വെളിപ്പെടുത്തുന്നത്. പുസ്തകം അവസാനിക്കുന്നത്, വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിക്കുന്നതും, സുവിശേഷം വ്യാപിക്കുന്നതുമായ ചിത്രത്തോടെയാണ്.

2. പുറജാതികളുടെ ഇടയിലേക്കുള്ള സഭയുടെ വളർച്ച, ജാതീയ ക്രിസ്ത്യാനി ആയിരുന്ന ലൂക്കോസിന് താൽപര്യമുള്ള കാര്യമായിരുന്നു. അതുകൊണ്ട് പുറജാതി പ്രേഷിതത്വവുമായി ബന്ധപ്പെട്ട വസ്തുതകൾക്കു കൂടുതൽ പ്രാധാന്യം നൽകുന്നു. ആദ്യത്തെ പുറജാതികുടുംബത്തിന്റെ – കൊർന്നല്യോസിന്റെ – മാനസാന്തരവും, മാമോദീസായും വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട് (അ. പ്ര. 10). ഈ സംഭവത്തെപ്പറ്റി യറുശലേം സമ്മേളനത്തിൽ പരാമർശിക്കുന്നു. ജാതികളുടെ അപ്പസ്തോലനായ പൗലോസിന്റെ മാനസാന്തരം മൂന്നു പ്രാവശ്യം വിവരിക്കുന്നു (9, 22, 26). പുറജാതികളോടു സുവിശേഷം അറിയിക്കാൻ പൗലോസിനു ലഭിച്ച ദൈവിക വിളിയാണല്ലോ ഇതിലെ പ്രധാന പ്രതിപാദ്യം. പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിൽ പുറജാതികളുടെ ഇടയിലുള്ള പൗലോസിന്റെ പ്രവർത്തനചരിത്രമാണ്.

3. റോമാ ഗവൺമെന്റിൽ നിന്നുള്ള പീഡനം സഭയ്ക്ക് അഭിമുഖീക രിക്കേണ്ടിവന്നു. ഭരണകൂടത്തെ എതിർക്കുന്ന ഒരു സമൂഹമായി ക്രിസ്തീയസഭയെ ശത്രുക്കൾ ചിത്രീകരിക്കുകയും, തൽഫലമായി പല പീഡനങ്ങളും കഷ്ടങ്ങളും വിശ്വാസികൾക്ക് അനുഭവിക്കേണ്ടിയും വന്നു. എന്നാൽ സഭാംഗങ്ങൾ കലാപകാരികളോ ഭരണകൂടത്തിന്റെ ശത്രുക്കളോ അല്ല എന്നു തെളിയിക്കേണ്ടത് ആവശ്യമായിരുന്നു. ഈ കൃതിയിൽക്കൂടി ലൂക്കോസ് ശ്രമിക്കുന്നത് അക്കാര്യമാണ്. റോമൻ ഭരണാധിപന്മാരുമായി നല്ല ബന്ധം പുലർത്തിയെന്നും, അവരുടെ പ്രീതിയും, സന്മനോഭാവവും സഭയ്ക്കു സഹായകമായിരുന്നു എന്നും കാണിക്കുന്നു. ഉദാ. കൊരിന്തിലെ സംഭവം (18:12 മു). എഫേസൂസിൽ (19:35 മു).

4. ജാതികളുടെ അപ്പസ്തോലനായ പൗലോസിന്റെ സ്ഥാനം ഉയർ ത്തിക്കാണിക്കുന്നതിനും, അദ്ദേഹം പത്രോസിനേക്കാൾ ഒട്ടും കുറഞ്ഞ വനല്ല എന്നു തെളിയിക്കുന്നതിനും ലൂക്കോസിനു താല്പര്യമുള്ളതായി തോന്നിപ്പോകുന്നു. പത്രോസ് ചെയ്ത തരത്തിലുള്ള അത്ഭുതങ്ങളൊക്കെ പൗലോസും ചെയ്യുന്നുണ്ട്. പത്രോസ് ക്ഷുദ്രക്കാരനായ ശീമോനെ ശാസി ക്കുന്നതുപോലെ പൗലോസ്, ഏലിമസ് എന്നു മറുനാമമുള്ള ബർയേശു വിനെ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു. പത്രോസ് മരിച്ച ഒരാളെ ഉയിർപ്പിച്ചു എങ്കിൽ (തബീഥാ) പൗലോസും ഒരാൾക്ക് (എവുത്തിക്കോസ്) ജീവൻ നൽകുന്നു.

## വികസന ചരിത്രം

ആദിമസഭയുടെ വികസന ചരിത്രമാണിതിലുള്ളത് എന്നു നാം കണ്ടു. അതെങ്ങനെ, യറുശലേം മുതൽ ലോകത്തിന്റെ അറ്റത്തോളം വ്യാപി ക്കുന്നു എന്ന് ഉള്ളടക്കം പരിശോധിച്ചു കണ്ടുപിടിക്കാം.

**(1) യറുശലേമിലെ സഭ (1:1–6:7):** സഭയുടെ തുടക്കം യറുശലേമി ലാണ്. അവിടെ പരിശുദ്ധാത്മ ദാനത്തിനു വേണ്ടി കാത്തിരിക്കുന്ന സഭയെ കാണാം. പെന്തിക്കോസ്തിദിനത്തിൽ ആത്മവരം ലഭിച്ചശേഷം അപ്പ സ്തോലന്മാർ ശക്തിയോടെ സാക്ഷ്യം വഹിക്കുന്നു; എതിർപ്പുകളെയും, വെല്ലുവിളികളെയും അതിജീവിച്ചുകൊണ്ട്. അങ്ങനെ വളരുന്ന യറുശ ലേമിലെ സഭയുടെ ചിത്രം സമാപിക്കുന്നത് 'ദൈവവചനം പരന്നു, യറു ശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി, പുരോഹിതന്മാരിലും വലിയോരു കൂട്ടം വിശ്വാസത്തിനധീനരായിത്തീർന്നു' (6:7).

**(2) യഹൂദ്യാ, ശമര്യ ദേശങ്ങളിലേക്കു വ്യാപിക്കുന്നു (6:8–9:31):** സ്തേഫാനോസിന്റെ രംഗപ്രവേശം പ്രാധാന്യമർഹിക്കുന്നു. അതു ജാതി കളുടെ അപ്പസ്തോലനായ പൗലോസിന്റെ പ്രവർത്തനത്തിനു പശ്ചാ ത്തലമൊരുക്കുന്നതുപോലെയാണ്. ദൈവത്തിന്റെ പ്രവൃത്തി മോശൈക

ന്യായപ്രമാണത്തിലോ യറുശലേം ദേവാലയത്തിലോ ഒതുക്കിനിറുത്താവുന്നതല്ല. യഥാർത്ഥമായ ഇസ്രായേൽ ക്രിസ്തീയ സഭയാണ്. ഒരു സാർവത്രികസഭയെപ്പറ്റി അദ്ദേഹം വിഭാവനം ചെയ്യുന്നു. പക്ഷേ, അതുമൂലം രക്തസാക്ഷിത്വം വരിക്കേണ്ടിവന്നു. എന്നാൽ തുടർന്നുണ്ടായ പീഡനം സഭയുടെ വളർച്ചയ്ക്കും വികാസത്തിനും ഇടനൽകി. യഹൂദ്യാ, ശമര്യ പ്രദേശങ്ങളിലേക്കു സഭ വ്യാപിച്ചു. പൗലോസിന്റെ മാനസാന്തരവും സഭാപ്രവേശനവും ചരിത്രം കുറിക്കുന്ന സംഭവമായിരുന്നു. പുറജാതികളുടെ അപ്പസ്തോലനായി കർത്താവു തെരഞ്ഞെടുത്തത് അദ്ദേഹത്തെയാണ്. സഭയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടിയ സംഭവമായിരുന്നു പൗലോസിന്റെ മാനസാന്തരം.

ഈ രണ്ടാം ഭാഗം അവസാനിപ്പിക്കുന്നത് 'അങ്ങനെ യഹൂദ്യാ, ഗലീല, ശമര്യ എന്നീ ദേശങ്ങളിൽ ഒക്കെയും സഭയ്ക്കു സമാധാനമുണ്ടായി, അത് ആത്മികവർദ്ധന പ്രാപിച്ചും കർത്താവിനോടുള്ള ഭക്തിയിലും പരിശുദ്ധാത്മാവിന്റെ പ്രബോധനയിലും നടന്നും പെരുകിക്കൊണ്ടിരുന്നു' (13:31).

**(3) അന്ത്യോഖ്യായിലെ സഭ (9:32–12:24):** സഭയുടെ വളർച്ചയിൽ ഒരു പുതിയഘട്ടം കുറിക്കുന്നു. പുറജാതികളെ സഭയിൽ ചേർക്കുന്നത് വളരെ വൈമനസ്യമുള്ള കാര്യമായിരുന്നു. എന്നാൽ സ്വർഗീയദർശനം വഴി പത്രോസിന് അതിനാവശ്യമായ മാർഗനിർദ്ദേശം ലഭിച്ചു. അങ്ങനെ കൊർന്നല്യോസിനെയും കുടുംബത്തേയും സഭയിൽ പ്രവേശിപ്പിച്ചു.

പിന്നീട് അന്ത്യോഖ്യയിൽ സഭ സ്ഥാപിതമാകുന്നു. അതൊരു വലിയ പുറജാതി കേന്ദ്രമായിരുന്നു. പൗലോസിന്റെ പ്രേഷിത പ്രവർത്തനത്തിന്റെ തുടക്കം തന്നെ അവിടെയാണ്. ജാതികളിൽനിന്ന് അനേകർ വിശ്വാസം സ്വീകരിച്ചു. ഈ ഭാഗം അവസാനിക്കുന്നതു 'ദൈവവചനം മേൽക്കുമേൽ പരന്നുകൊണ്ടിരുന്നു' (12:24) എന്ന പ്രസ്താവനയിലാകുന്നു.

**(4) ഏഷ്യാമൈനറിലെ സഭ (12:25–16:5):** പരിശുദ്ധാത്മ നിയോഗത്തോടെ പൗലോസ് തന്റെ വേല നടത്തുന്നു. ഏഷ്യാമൈനറിലെ പല പുറജാതി കേന്ദ്രങ്ങളും സന്ദർശിച്ചു സഭ സ്ഥാപിച്ചു. എല്ലായിടത്തും ആദ്യം യഹൂദന്മാരോടും പിന്നീടു പുറജാതികളോടും സുവിശേഷം അറിയിക്കുക എന്നതായിരുന്നു പരിപാടി. അങ്ങനെ കുപ്രോസ്ദ്വീപിലും, പിസിദ്യ, ലവുദിക്യ പ്രദേശങ്ങളിലെ പട്ടണങ്ങളിലും സഭ വ്യാപിച്ചു. പുറജാതികളായവരെ പരിഛേദന കൂടാതെ സഭയിലേക്കു ചേർക്കുക ആയിരുന്നു പൗലോസും കൂടെയുള്ളവരും ചെയ്തത്.

പക്ഷേ ഇത് ഒരു പ്രതിസന്ധി സൃഷ്ടിച്ചു. പുറജാതികളായവരെ പരിഛേദന കൂടാതെ സഭയിൽ ചേർക്കുന്നതു ശരിയല്ല എന്ന അഭിപ്രായം പൊന്തിവന്നു. അതേപ്പറ്റി ചർച്ച ചെയ്തു തീരുമാനിക്കാൻ അപ്പസ്തോ

ലന്മാർ യാക്കോബിന്റെ നേതൃത്വത്തിൽ യറുശലേമിൽ സമ്മേളിച്ചു. പത്രോസും, പൗലോസും ഈ സമ്മേളനത്തിൽ സംബന്ധിച്ചു സംസാരിച്ചു. വാദപ്രതിവാദങ്ങൾക്കു ശേഷം പരിശുദ്ധാത്മനിയോഗത്താൽ ഏകകണ്ഠമായ തീരുമാനത്തിലെത്തി. ജാതികൾ പരിച്ഛേദന ഏല്ക്കേണ്ടതില്ല. അവർ മറ്റു ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതി. ആ തീരുമാനം ക്രിസ്തീയ സഭയെ യഹൂദസഭയുടെ ഒരു അനുബന്ധമെന്ന നിലയിൽനിന്ന് ഒരു സാർവത്രികസഭയുടെ നിലയിലേക്ക് ഉയർത്തുവാൻ പര്യാപ്തമായി.

പുതിയ ഉത്സാഹത്തോടും ഉണർവോടും പൗലോസ് തന്റെ മിഷൻ തുടരുന്നു. ഈ ഘട്ടത്തെ ലൂക്കോസ് അവതരിപ്പിക്കുന്നതു കാണുക: 'തന്മൂലം സഭകൾ വിശ്വാസത്തിൽ ഉറെയ്ക്കയും, എണ്ണത്തിൽ ദിവസേന പെരുകുകയും ചെയ്തു' (16:5).

**(5) യൂറോപ്പിലെ സഭ (16:6–19:20):** ആത്മചൈതന്യത്തോടെ പൗലോസ് പുതിയ വേലസ്ഥലങ്ങളിലെത്തി. അങ്ങനെ യൂറോപ്പിലേക്കു കടന്നു പ്രധാനങ്ങളും പ്രശസ്തങ്ങളുമായ ഫിലിപ്പ്യ, തെസ്സലോനിക്യ, കോരിന്ത്, ആതൻസ് എന്നീ പട്ടണങ്ങളിൽ സഭ സ്ഥാപിതമായി. പൗലോസിന്റെ വേലയിൽ പ്രതിബന്ധങ്ങൾ അവിടവിടെ ഉണ്ടായി. എങ്കിലും, അവയെ എല്ലാം അതിലംഘിച്ചു വചനം പരക്കുകയും സഭ വ്യാപിക്കുകയും ചെയ്തു.

മൂന്നാമത്തെ യാത്രയിൽ ഏഷ്യൻപ്രോവിൻസിലേക്കു വന്നു എഫേസൂസ് ആസ്ഥാനമാക്കി പ്രവർത്തിച്ചു. അതിന്റെ ചുറ്റുമുള്ള സ്ഥലങ്ങളിൽ വിജയകരമായി വേലകൾ നടന്നു. അതിന്റെ സമാപനമായി ലൂക്കോസ് രേഖപ്പെടുത്തുന്നു: 'ഇങ്ങനെ കർത്താവിന്റെ വചനം ശക്തിയോടെ പരന്നു പ്രബലപ്പെട്ടു' (19:20).

**(6) സുവിശേഷം റോമായിൽ (19:21–28:31):** വികാസത്തിന്റെ ആറാം ഘട്ടത്തിലേക്കു നാം കടക്കുന്നു. വളരെ ദീർഘമായ ഈ ഭാഗത്തു നാടകീയവും സാഹസികവുമായ പല സംഭവങ്ങളും ഉൾക്കൊള്ളുന്നു. അതിന്റെ തുടക്കം തന്നെ വളരെ ശ്രദ്ധേയമാണ്. 'ഇതു കഴിഞ്ഞിട്ടു പൗലോസ് മക്കദോന്യയിലും, അഖായയിലും കൂടി കടന്നു യെറുശലേമിലേക്കു പോകണം എന്നു മനസ്സിൽ നിശ്ചയിച്ചു; ഞാൻ അവിടെ ചെന്ന ശേഷം റോമയും കാണേണം എന്നു പറഞ്ഞു' (19:21).

തന്റെ ഗുരുവിന്റെ മാതൃക പിൻപറ്റി ദൃഢനിശ്ചയത്തോടെ പൗലോസ് യറുശലേമിൽ എത്തി. അവിടെ നടന്ന ഗൂഢാലോചനയുടെ ഫലമായി പൗലോസ് ബന്ധനസ്ഥനായി. തുടർന്നു വിസ്താരം, ജയിൽവാസം ഇവയ്ക്കുശേഷം റോമിലേക്ക് അയയ്ക്കപ്പെടുന്നു. അവിടെ എത്തിയശേഷം ജയിൽവാസി എങ്കിലും വചനം പ്രാഗത്ഭ്യത്തോടെ സംസാരിക്കുന്നു.

സുവിശേഷത്തിനു തടസ്സമില്ല എന്ന ചിത്രത്തോടെയാണു ലൂക്കോസിന്റെ ചരിത്രാവിഷ്കരണത്തിനു തിരശ്ശീല വീഴുന്നത്.

## ദൈവവിജ്ഞാനീയം

ലൂക്കോസ് കേവലം ഒരു ചരിത്രകാരനല്ലായിരുന്നു. തനതായ വീക്ഷണങ്ങൾ ഉള്ള ഒരു ദൈവശാസ്ത്രജ്ഞൻ കൂടി ആയിരുന്നു. അദ്ദേഹത്തിന്റെ രണ്ടു കൃതികളും ഒരുമിച്ചു വായിച്ചാൽ അതു വ്യക്തമാകും (സുവിശേഷപഠനത്തിൽ ഇതേപ്പറ്റി പ്രതിപാദിച്ചിട്ടുണ്ടല്ലോ). ഇവിടെ അപ്പസ്തോല പ്രവൃത്തികളിൽ നിന്നു ചുരുളഴിയുന്ന ചില വിഷയങ്ങളെ ചൂണ്ടിക്കാണിക്കുന്നു.

**1. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം:** മത്തായിയുടെ സുവിശേഷത്തിൽ ഉത്ഥിതനായ ക്രിസ്തു വാഗ്ദാനം ചെയ്യുന്നത് 'ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ ഇരിക്കും' എന്നാണ്. ലൂക്കോസിന്റെ ഭാഷ്യത്തിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം പരിശുദ്ധാത്മാവിൽക്കൂടി സ്ഥിതിചെയ്യുന്നു. ക്രിസ്തുവിന്റെ ശുശ്രൂഷ ആത്മനിറവിൽ ആരംഭിച്ചതുപോലെ സഭയുടെ ശുശ്രൂഷയും ആത്മനിറവിലാണു തുടങ്ങുന്നത്.

ഉടനീളം ആത്മവ്യാപാരത്തെപ്പറ്റി വിവരിക്കുന്നു. ഈ പുസ്തകത്തെ ചില പണ്ഡിതന്മാർ 'പരിശുദ്ധാത്മാവിന്റെ സുവിശേഷം' (Gospel of the Holy Spirit) എന്നു വിളിച്ചിട്ടുണ്ട്. ആത്മചൈതന്യത്തിൽ ധീരമായ സാക്ഷീകരണം സഭയിൽ നടക്കുന്നു. രക്തസാക്ഷിത്വം വരിക്കാനുള്ള ധൈര്യവും ആത്മവരത്താലാണ്. പൗലോസിനെയും ബർന്നബാസിനെയും തെരഞ്ഞെടുത്തതും നിയോഗിച്ചയയ്ക്കുന്നതും അവരുടെ പ്രവർത്തന മണ്ഡലത്തെ നിയന്ത്രിച്ചു നയിക്കുന്നതും പരിശുദ്ധാത്മാവാകുന്നു. സുപ്രധാനമായ തീരുമാനങ്ങൾ എടുക്കുവാൻ സഭയെ നയിക്കുന്നത് ആത്മാവത്രേ (15:28).

പരിശുദ്ധാത്മാവു കേവലം ഒരു ചൈതന്യമോ ശക്തിയോ അല്ല. തീരുമാനിക്കാനും, നയിക്കാനും, നിയന്ത്രിക്കാനും ശിക്ഷിക്കാനും എല്ലാം കഴിവുള്ള ഒരു ആളത്തമാണ്. സഭയുടെ സകല ശക്തിയും ചൈതന്യവും പരിശുദ്ധാത്മ വ്യാപാരത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു.

**2. യുഗാന്ത്യ വീക്ഷണം:** സുവിശേഷപഠനത്തിൽ ഇതേപ്പറ്റി അൽപ്പമായി നാം കാണുകയുണ്ടായി. യേശുവിന്റെ പുനരാഗമനം വൈകുന്നു എന്നു കണ്ടപ്പോൾ, ആഗമനത്തിനു മുമ്പുള്ള ഘട്ടം സഭയുടെ പ്രവർത്തനകാലമായി ലൂക്കോസ് വീക്ഷിക്കുന്നു. ഈ ഇടക്കാലത്ത്, സഭ ലോകത്തിന്റെ അറ്റത്തോളം ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുകയായിരുന്നു

അതിന്റെ ചുമതല. ഈ ദൗത്യനിർവഹണത്തിനുള്ള ശക്തി പരിശുദ്ധാത്മാവിനാൽ ലഭിക്കും.

സഭയുടെ ദൗത്യത്തിനും, കർത്തവ്യ നിർവഹണത്തിനും വലിയ പ്രാധാന്യം ലൂക്കോസ് നൽകുന്നത് അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ വീക്ഷണത്തിൽ നിന്നത്രേ.

**3. യറുശലേമിനുള്ള സ്ഥാനം:** സുവിശേഷത്തിലും അപ്പസ്തോല പ്രവൃത്തിയിലും യറുശലേമിനു സുപ്രധാനമായ ഒരു സ്ഥാനം ലൂക്കോസ് നൽകുന്നു. ദൈവിക പ്രേരണയാൽ നയിക്കപ്പെട്ടു യറുശലേമിൽ ചെന്ന ശേഷമാണു ക്രിസ്തുസംഭവങ്ങൾ നടക്കുന്നത്. ക്രിസ്തുവിന്റെ ശുശ്രൂഷയിൽ യറുശലേമിനു വലിയ സ്ഥാനമുണ്ട്.

അതുപോലെ സഭയും പരിശുദ്ധാത്മവരത്തിനായി യറുശലേമിൽ കാത്തിരിക്കണം. യറുശലേമിലെ സഭ വളരുന്നു. ഇവിടെയുള്ള അപ്പസ്തോലസമൂഹം സഭയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു. അപ്പസ്തോലന്മാരുടെ സമ്മേളനം കൂടുന്നത് അവിടെയാണ്. എന്നാൽ പിന്നീട് ആ നഗരത്തിന്റെ സ്ഥാനം നഷ്ടപ്പെട്ടുപോയി എന്നു മാത്രം.

**ചോദ്യങ്ങൾ**

1. പരിശുദ്ധാത്മ വ്യാപാരത്താൽ വളരുന്ന സഭയെ അപ്പസ്തോലപ്രവൃത്തികളിൽ കാണുന്നു. ഇന്നത്തെ 'കാരിസ്മാറ്റിക്ക് പ്രസ്ഥാനത്തെ' ഇതിന്റെ വെളിച്ചത്തിൽ എങ്ങനെ വിലയിരുത്തും?
2. യറുശലേം സുന്നഹദോസിന്റെ പ്രാധാന്യം വെളിപ്പെടുത്തുക.
3. അപ്പസ്തോല പ്രവൃത്തികളിലെ യുഗാന്ത്യ വീക്ഷണമെന്താണ്?

# യൂണിറ്റ് 3

# സമവീക്ഷണസുവിശേഷങ്ങളിലെ പ്രധാന സന്ദേശം

## പാഠം 1

## ദൈവരാജ്യം

❑ വാക്കിനെപ്പറ്റി ❑ സമവീക്ഷണസുവിശേഷങ്ങളിലെ മുഖ്യവിഷയം ❑ പഴയനിയമ പശ്ചാത്തലം ❑ യേശുവിന്റെ ഉപദേശത്തിൽ ❑ ദൈവ രാജ്യവും സഭയും

സമവീക്ഷണ സുവിശേഷങ്ങളുടെ പരസ്പരബന്ധം, അവ ഓരോ ന്നിന്റെയും പ്രത്യേകസ്വഭാവങ്ങൾ, ദൈവവിജ്ഞാനീയം എന്നിങ്ങനെ പൊതുവായ പഠനം നാം നടത്തിക്കഴിഞ്ഞു. ഈ സുവിശേഷങ്ങളിലെ ഉള്ളടക്കത്തിലേക്കു കടന്ന് അവിടെക്കാണുന്ന പ്രധാനപ്പെട്ട ചില വിഷ യങ്ങൾ ഓരോന്നായി പഠിക്കുകയാണ് അടുത്തതായി നാം ചെയ്യുന്നത്.

### ദൈവരാജ്യം

യേശുവിന്റെ ഉപദേശത്തെ ഒറ്റവാക്കിൽ പറയാമെങ്കിൽ അതു 'ദൈവ രാജ്യം' എന്നായിരിക്കും. ഉപമകളിൽ മുഴങ്ങി കേൾക്കുന്ന സന്ദേശമതാ കുന്നു. വീര്യപ്രവൃത്തികളും അത്ഭുതങ്ങളും തെളിയിക്കുന്നത് ഈ യാഥാർത്ഥ്യമാണ്. മുന്നോടിയായ സ്നാപകയോഹന്നാൻ യെഹൂദ്യമരു ഭൂമിയിൽ പ്രസംഗിച്ചു, 'മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചി രിക്കുന്നു' (മത്താ. 4:1–2). യേശുവും ഈ സന്ദേശമാണു പ്രഖ്യാപിക്കുന്നത് 'മാനസാന്തരപ്പെടുവിൻ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു' (മത്താ. 4:17). ഗലീലയിലുടനീളം ചുറ്റിസഞ്ചരിച്ചതു സ്വർഗരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ടത്രേ. തന്റെ ശ്രോതാക്കളുടെ ശ്രദ്ധയെ പിടിച്ചുപറ്റാൻ ഏറ്റവും അനുയോജ്യമായ വിഷയമായിരുന്നു അത്.

ദൈവരാജ്യം എന്ന പദം രണ്ടു പ്രാവശ്യം മാത്രമേ മത്തായി ഉപയോ ഗിക്കുന്നുള്ളൂ (12:28; 19:24). മറ്റെല്ലാ സന്ദർഭങ്ങളിലും 'സ്വർഗരാജ്യം' എന്ന വാക്കാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. രണ്ടിന്റെയും അർത്ഥം ഒന്നു തന്നെ. യഹൂദരെ ഉദ്ദേശിച്ചു സുവിശേഷമെഴുതിയതുകൊണ്ട് മത്തായി 'സ്വർഗരാജ്യം' എന്ന പദം സ്വീകരിച്ചു. കാരണം, ദൈവനാമത്തോടുള്ള അത്യധികമായ ബഹുമാനം കൊണ്ടു കഴിയുമെങ്കിൽ ദൈവം എന്ന പദം യഹൂദന്മാർ പ്രയോഗിക്കുമായിരുന്നില്ല. 'പിതാവിന്റെ രാജ്യം' (മത്താ. 13:43)

'മനുഷ്യപുത്രന്റെ രാജ്യം' (13:41; 16:28) എന്നീ പ്രയോഗങ്ങളും കാണാം. ഇവയെല്ലാം അർത്ഥമാക്കുന്നത് മനുഷ്യർക്കു നിത്യരക്ഷ പ്രദാനം ചെയ്തു കൊണ്ടുള്ള ദൈവത്തിന്റെ പിതൃഭരണമാണ്.

'മൽക്കൂത്' (മൽക്കൂസോ – സുറിയാനി) എന്ന എബ്രായപദം വ്യഞ്ജിപ്പിക്കുന്നത്, 'രാജത്വം,' 'ഭരണം', 'സർവാധിപത്യം' (Sovereignty) എന്നെല്ലാമാണ്. അല്ലാതെ സ്ഥലത്തോടു ബന്ധപ്പെടുത്തിയ ഒരാശയമല്ല പ്രധാനമായുള്ളത്.

യേശുവിന്റെ സമകാലീനർക്കു പ്രിയംകരമായ ഒരു പദമായിരുന്നു ദൈവരാജ്യം. എന്താണ് അതിന്റെ പഴയനിയമ പശ്ചാത്തലം? പഴയനിയമത്തിൽ ഈ പദം വളരെ വിരളമായി മാത്രമേ കാണുന്നുള്ളൂ. അത് യിസ്രായേൽ രാഷ്ട്രത്തെക്കുറിക്കുന്നതിനാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഭൗമികമായ രാഷ്ട്രത്തിൽനിന്നു വ്യത്യസ്തമായി ഭാവിയിൽ പ്രത്യക്ഷപ്പെടാനുള്ള ഒരു യാഥാർത്ഥ്യമായി ദാനിയേൽ പ്രവചനത്തിൽ കാണാം (2:44; 7:27). ഭൗമികരാജ്യങ്ങൾ ഉദിക്കയും അസ്തമിക്കയും ചെയ്യുന്നു. ദൈവരാജ്യം എന്നും നിലനിൽക്കും.

'ദൈവരാജ്യം' എന്ന വാക്കു പഴയനിയമത്തിൽ വിരളമാണെങ്കിലും ദൈവം രാജാവാകുന്നു എന്ന ആശയം സുലഭമാണ്. സെമിറ്റിക് ചിന്താഗതിയാണ് ഇതിന്റെ ആശയപശ്ചാത്തലം. ദൈവം കൽപ്പിക്കുന്നു; ജനങ്ങൾ അനുസരിക്കണം. ദൈവം അവരെ സംരക്ഷിക്കയും, പുലർത്തുകയും ചെയ്യുന്നു. ദൈവഭരണം നിത്യമാണ്. 'യഹോവ എന്നുമെന്നേക്കും ഭരിക്കും' (പുറ. 15:18; സങ്കീ. 145:10–13; 146:10). ദൈവത്തിന്റെ ഭരണം തന്റെ ജനമായ യിസ്രായേലിനോടു ബന്ധപ്പെട്ടാകുന്നു. അവരുടെ രാജാവ് ദൈവം മാത്രമാണ്. അതുകൊണ്ട് അവർക്ക് ഒരു രാജാവിനെ വാഴിച്ചു കിട്ടുവാൻ അപേക്ഷിച്ചപ്പോൾ ദൈവത്തിന് അഹിതമായിത്തീർന്നു (1 ശമു. 8; 12:12). അവർ തന്നിൽ വിശ്വസിച്ചും, തന്നെ അനുസരിച്ചും, ജീവിച്ചിരുന്നപ്പോഴെല്ലാം ദൈവം അവരെ ഭരിക്കുകയും, പരിപാലിക്കുകയും ചെയ്തു. എന്നാൽ അവർ തന്നെ ധിക്കരിച്ചപ്പോൾ ദൈവം അവരെ ത്യജിച്ചുകളഞ്ഞു. അതിന്റെ ഫലമായി ദുരന്തങ്ങൾ സംഭവിച്ചു. വൈദേശികശക്തികൾ അവരെ കീഴടക്കി, പീഡിപ്പിച്ചു. ആ സാഹചര്യത്തിൽ ദൈവം തന്റെ ആധിപത്യം വീണ്ടും സ്ഥാപിച്ച് അവരെ ഉദ്ധരിക്കുമെന്നുള്ള പ്രതീക്ഷകൾ നാമ്പെടുത്തു. ദൈവരാജ്യം ഭാവിയുടെ ഒരു പ്രതീക്ഷ ആയിരുന്നു (ഏശാ. 24:21–23; സെഫ. 3:14–18: സഖ. 14:16). ദൈവം വർത്തമാനകാലത്തിലും രാജാവാണെങ്കിലും തന്റെ രാജത്വം പ്രത്യക്ഷമായി പ്രകടമായിരുന്നില്ല; അതു മറഞ്ഞിരുന്നു. എന്നാൽ ഭാവിയിൽ അതു ശക്തിയോടും വ്യക്തമായും പ്രത്യക്ഷമാകും.

ദൈവരാജ്യം എന്ന പ്രമേയം യേശുവിന്റെ സമകാലീനർക്കും പ്രിയം കരമായിത്തീർന്നതു മേൽപ്പറഞ്ഞ സാഹചര്യത്തിലാണ്. അന്നുള്ള യഹൂദന്മാർ അവരുടെ സുനഗോഗിൽ ഇപ്രകാരം ആശംസിക്കുമായിരുന്നു (ഇപ്പോഴും അതുണ്ട്): 'അവിടുന്നു തന്റെ രാജ്യം നിങ്ങളുടെ ജീവിതത്തിലും, നിങ്ങളുടെ ദിവസങ്ങളിലും, യിസ്രായേൽ ഭവനക്കാരുടെ എല്ലാ നാളുകളിലും വേഗത്തിൽ ആസന്നമാക്കിത്തീർക്കട്ടെ! ആമ്മീൻ.'

ദൈവരാജ്യം വന്നെത്തുമ്പോൾ എന്തൊക്കെ സംഭവിക്കുമെന്നുള്ളത് അവരിൽ പലരും പലവിധത്തിൽ പ്രതീക്ഷിച്ചു. ചില പ്രതീക്ഷകളാണു മറിയാമിന്റെ പാട്ടിലും (ലൂക്കോ. 1:46–55), സഖരിയാവിന്റെ പാട്ടിലും (ലൂക്കോ. 1:68–79) പ്രതിഫലിച്ചു കാണുന്നത്. ചാവുകടൽ ചുരുളുകളിലും ഇതുപോലുള്ള പ്രതീക്ഷകൾ പ്രകടിതമായിട്ടുണ്ട്.

യേശുക്രിസ്തു കടന്നുവന്നതു ദൈവരാജ്യം സമാഗതമായി എന്ന പ്രഖ്യാപനത്തോടെയാകുന്നു. അവിടുത്തെ ആഗമനവും, പ്രവർത്തനവും, ദൈവരാജ്യം കൈവരുത്തുകയായിരുന്നു. പ്രതീക്ഷിച്ചിരുന്ന രക്ഷകൻ അവിടുന്നു തന്നെ. 'ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം' (മത്താ. 12:28; ലൂക്കോ. 17:21). യേശുവിന്റെ പ്രസംഗത്തിൽ ദൈവരാജ്യം വന്നെത്തിയെന്ന് അറിയിക്കുകയും അത്ഭുതങ്ങളിൽക്കൂടി അതു തെളിയിക്കുകയുമത്രേ ചെയ്തത്. ഭൂതങ്ങളെ ബഹിഷ്കരിക്കുന്നതിൽകൂടിയും, രോഗങ്ങളെ ദുരീകരിക്കുന്നതിൽക്കൂടിയും ദൈവത്തിന്റെ ശക്തിയും, ആധിപത്യവും കടന്നെത്തിയെന്നു തെളിയിച്ചു. ദൈവരാജ്യം ഒരു വർത്തമാനകാല യാഥാർത്ഥ്യമാണെന്നു വ്യക്തമാക്കി.

അങ്ങനെയെങ്കിൽ തിന്മയെന്തുകൊണ്ട് തുടരുന്നു? ദൈവരാജ്യം ഒരു യാഥാർത്ഥ്യമെന്ന് എങ്ങനെ അവകാശപ്പെടാം? അതിനുത്തരം സുവിശേഷകന്മാർ നൽകുന്നതു ദൈവരാജ്യത്തിന്റെ പൂർണിമ വന്നുകഴിഞ്ഞിട്ടില്ല എന്നാണ്.

## ദൈവരാജ്യവും ഭാവിയും

ക്രിസ്തുവിന്റെ ആഗമനവും രക്ഷണ്യപ്രവൃത്തിയും ഒരു പുതിയ യുഗാരംഭം കുറിച്ചു. അതിന്റെ സമ്പൂർത്തി ഭാവിയിലാണ്. അതുകൊണ്ടാണു ദൈവരാജ്യം വരുവാനുള്ള ഒന്നാകുന്നു എന്നും പറയുന്നത്. 'ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്ത ചിലർ ഈ നിൽക്കുന്നവരിൽ ഉണ്ട്' (മർക്കോ. 9:10) എന്നു യേശു പ്രസ്താവിച്ചു. കർത്താവു പഠിപ്പിച്ച പ്രാർത്ഥനയിൽ 'നിന്റെ രാജ്യം വരേണമേ' എന്നു ചൊല്ലുന്നു (മത്താ. 6:10). സ്വർഗരാജ്യം അവസാനനാളുകളിൽ മാത്രമേ പൂർണമായി സാക്ഷാൽക്കരിക്കപ്പെടുകയുള്ളൂ എന്നാണ്

ഇതു സൂചിപ്പിക്കുന്നത്. ഭാവിയോടു ബന്ധപ്പെടുത്തി ദൈവരാജ്യത്തെ പ്പറ്റി പറയുന്നഭാഗങ്ങൾ സുവിശേഷങ്ങളിൽ വളരെയുണ്ട്.

ദൈവത്തിന്റെ ഹിതം സമ്പൂർണമായി നിറവേറുന്ന വ്യവസ്ഥിതിയാണ് ദൈവരാജ്യം. ദൈവരാജ്യത്തിലേക്കു പ്രവേശിക്കുക എന്നതു ദൈവഭര ണത്തിനു സമ്പൂർണമായി വിധേയമാക്കുക എന്നാണ്. ദൈവത്തിന്റെ കർത്തൃത്വം പൂർണമായി അംഗീകരിക്കുമ്പോൾ ഒരു വ്യക്തി ദൈവ രാജ്യത്തിലേക്കു പ്രവേശിക്കുകയായി. ദൈവരാജ്യം പ്രാഥമികമായി ആന്ത രികമായ ഒരനുഭവമാകുന്നു. മനുഷ്യഹൃദയങ്ങളിൽ അതു സ്ഥാപിത മാകും, അതിന്റെ ബഹിർസ്പുരണം സാമൂഹ്യജീവിതത്തിൽ ഉണ്ടാകാതി രിക്കയില്ല. സ്നേഹവും, സാഹോദര്യവും, സമത്വവും, നീതിയും നില നിർത്തുന്ന ഒരു സമൂഹം രൂപപ്പെടുത്താനുള്ള ആവേശമുണ്ടാകും. ഹൃദ യത്തിൽ മാത്രം ഒതുങ്ങിനിൽക്കുകയില്ല. 'ദൈവരാജ്യം വന്നിരിക്കുന്നു; മാനസാന്തരപ്പെടുവീൻ' എന്നു കർത്താവും ശിഷ്യന്മാരും പ്രസംഗിച്ച പ്പോൾ, ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന് പ്രാഥമികമായി ഉണ്ടാ കേണ്ട അനുഭവത്തെയാണ് സൂചിപ്പിച്ചത്. ബദ്ധന്മാർക്കു വിടുതലും, കുരു ടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും, പീഡിതന്മാരെ വിടുവിച്ചയപ്പാനും ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാനുമാണ് (ലൂക്കോ. 4:18-19) കർ ത്താവു വന്നതെന്നു പറയുമ്പോൾ ദൈവരാജ്യത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ മാനങ്ങളിലേക്കു വിരൽ ചൂണ്ടുകയാണ്.

### സഭയും ദൈവരാജ്യവും

രണ്ടും തമ്മിൽ ബന്ധമുണ്ട്. ദൈവരാജ്യമാണ് സഭയെന്നു ചിന്തിച്ചി രുന്ന കാലമുണ്ടായിരുന്നു. ഇന്നാരും തന്നെ ദൈവരാജ്യത്തെ സഭ യ്ക്കുള്ളിൽ പരിമിതപ്പെടുത്തുകയില്ല. ദൈവരാജ്യത്തിന്റെ ആദ്യഫലമായി സഭയെ കാണാം. ദൈവരാജ്യാനുഭവം കൈവരുത്താൻ സഭ നിയോഗി ക്കപ്പെട്ടിരിക്കുകയാണ്. സഭ കേവലം ഒരു സാമുദായിക സംഘടനയല്ല. അതു സ്വർഗരാജ്യത്തിന്റെ മുൻകുറിയും, സ്വർഗരാജ്യാനുഭവത്തിന്റെ ശക്തമായ സാക്ഷിയുമാണ്.

യേശു തുടങ്ങിവെച്ച ദൈവരാജ്യം സ്ഥലകാലങ്ങളിൽ സാക്ഷാൽക്ക രിക്കപ്പെട്ടിരിക്കുന്നതു സഭയിലൂടെയാകുന്നു. ലോകാവസാനത്തിൽ വെളി പ്പെടുവാനിരിക്കുന്ന ദൈവരാജ്യത്തിന്റെ ഭൗമിക തലമാണു സഭ. ക്രിസ്തു അതിന്റെ സ്ഥാപകൻ മാത്രമല്ല, ഭരണാധിപനും വിധികർത്താവും ആകുന്നു. ദൈവത്തിന്റെ ഭരണം സഭയിലും സഭയിൽക്കൂടിയുമാണു ലോകത്തിനു കാണപ്പെടേണ്ടത്. ദൈവരാജ്യത്തെ ലോകത്തിനു വെളി പ്പെടുത്തുകയാണ് സഭയുടെ മൗലികമായ കർത്തവ്യം. അതിനാൽ ലോകത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ സാധ്യമല്ല. ചിലപ്പോൾ ലോകത്തെ

വിധിക്കേണ്ടതായും വിമർശിക്കേണ്ടതായും വരും. എന്നാൽ അതു ചെയ്യണമെങ്കിൽ സഭ സ്വയം തിരുത്തുവാനും വിശുദ്ധി നിലനിർത്താനും, ദൈവഭരണത്തിനു കൂടുതൽ കൂടുതൽ വിധേയമാക്കാനും സന്നദ്ധമായെങ്കിലേ സാധിക്കൂ.

**ചോദ്യങ്ങൾ**

1. "ദൈവരാജ്യം" – എന്ന വിഷയത്തിന്റെ പഴയനിയമപശ്ചാത്തലം വിവരിക്കുക.
2. ദൈവരാജ്യം വന്നു എന്നതിന്റെ തെളിവുകൾ എന്തായിരുന്നു?
3. ദൈവരാജ്യവും സഭയും തമ്മിൽ എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു?

## പാഠം 2

# ദൈവരാജ്യത്തിന്റെ ധാർമ്മികത: ഗിരിപ്രഭാഷണം

❑ ഒരു പ്രസംഗമല്ല ❑ ഉപദേശസമാഹാരം ❑ ലൂക്കോസിൽ സമതല പ്രസംഗം ❑ ഇതിന്റെ പ്രസക്തിയെപ്പറ്റിയുള്ള അഭിപ്രായങ്ങൾ ❑ ഉള്ളടക്കം

സുവിശേഷഭാഗങ്ങളിൽ മഹാത്മാഗാന്ധിയെ ഏറ്റവും ആകർഷിച്ചതു ഗിരിപ്രഭാഷണമായിരുന്നു (മത്താ. 5–7). അദ്ദേഹം അനുദിനം അതു വായിക്കുകയോ വായിച്ചുകേൾക്കുകയോ ചെയ്യുമായിരുന്നു. മഹാനായ ടോൾസ്റ്റോയിയുടെ ജീവിതവീക്ഷണത്തെ സ്വാധീനിച്ച പ്രധാന പ്രേരകശക്തിയും ഇതായിരുന്നു. ക്രൈസ്തവരും അക്രൈസ്തവരുമായ അനേകരെ ആകർഷിച്ചിട്ടുള്ളതും സ്വാധീനിച്ചിട്ടുള്ളതുമായ ഒന്നത്രേ ഗിരിപ്രഭാഷണം.

ദൈവരാജ്യത്തെപ്പറ്റി നാം കണ്ടുകഴിഞ്ഞു. ആ ദൈവരാജ്യത്തിന്റെ ധാർമികപ്രമാണമാണു ഗിരിപ്രഭാഷണത്തിൽ ഉയർന്നുനിൽക്കുന്നത്. ദൈവരാജ്യത്തിലെ അംഗങ്ങളുടെ ജീവിതവിശുദ്ധിയും ധാർമികതയുമാണ് അതിന്റെ അന്തസത്ത. ആദിമസഭയിൽ ഇതു സ്നാനാർത്ഥികളുടെയും (catechumens) നവാഗതരുടേയും പഠനവിഷയമായിരുന്നു. വലിയനോമ്പുകാലത്തായിരുന്നു അവരെ വിശ്വാസം പഠിപ്പിച്ചിരുന്നത്. സുറിയാനി സഭയിൽ നോമ്പുകാലത്തെ ദിനംതോറുമുള്ള ഏവൻഗേലിയോനിൽ

വായനാഭാഗമായി ഗിരിപ്രഭാഷണം ചേർത്തിട്ടുള്ളത് ഈ പാരമ്പര്യത്തിൽ നിന്നായിരിക്കാം.

ഗിരിപ്രഭാഷണം യേശുവിന്റെ ഒരു പ്രസംഗമല്ല. അവിടുന്നു ചെയ്ത പല പ്രസംഗങ്ങളുടെ പ്രസക്തഭാഗങ്ങൾ കൂട്ടിച്ചേർത്തതാണ്. ലൂക്കോസിന്റെ സുവിശേഷം പരിശോധിച്ചാൽ ഇതു വ്യക്തമാകും. ഇതിന്റെ ഉള്ളടക്കം ലൂക്കോസിൽ പല ഭാഗത്തായി ചിതറിക്കിടക്കുന്നു. മത്തായിയിൽ മലമേൽ കയറി നടത്തുന്ന പ്രസംഗമായി അവതരിപ്പിക്കുന്നു. ലൂക്കോസിൽ സമതലത്തിൽ നടത്തുന്ന പ്രസംഗമായും (6:22–49). രണ്ടും ആരംഭിക്കുന്നതു ഭാഗ്യാവസ്ഥയെപ്പറ്റി (Beatitudes) യുള്ള പ്രസ്താവനയോടെയാണ്; അവസാനിക്കുന്നത് ഭവനനിർമാതാവിന്റെ ഉപമയോടും. ഗിരിപ്രഭാഷണത്തേക്കാൾ വളരെ ഹ്രസ്വമാണു സമതലപ്രസംഗം. രണ്ടു സുവിശേഷകരും ഒരേ മൂലത്തിൽ (Q) നിന്നായിരിക്കണം തെരഞ്ഞെടുത്തിട്ടുള്ളത്.

ഗിരിപ്രഭാഷണം ക്രോഡീകരിച്ചപ്പോൾ അതിന് ഒരു പ്രത്യേക പ്രസക്തി ഉണ്ടായിരുന്നു. യഹൂദമതവുമായുള്ള സംവാദം ഇതിന്റെ പിമ്പിലുണ്ട്. മോശയുടെ നിയമങ്ങളോടും പ്രവാചകന്മാരോടും യേശുവിന്റെ മനോഭാവമെന്താണ് എന്ന ചോദ്യമുയർന്നു. അദ്ദേഹം അവ നിരസിച്ചുവോ? പഴയ പ്രമാണങ്ങളോടു ഒട്ടും ബന്ധമില്ലാത്ത നൂതനസിദ്ധാന്തങ്ങളാണോ അദ്ദേഹം പഠിപ്പിച്ചത്? ഇതിനൊരു മറുപടി നാം ഇവിടെ കാണുന്നു. 'ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത്' (മത്താ. 5:27). പഴയ പ്രമാണങ്ങൾക്കു പുതിയ വ്യാപ്തിയും പ്രസക്തിയും നൽകുകയാണ് യേശു ചെയ്തത്. അതുകൊണ്ടത്രേ അവിടുന്നു പറഞ്ഞത് 'നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ല എങ്കിൽ നിങ്ങൾ സ്വർഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു' (മത്താ. 5:20). നിയമം ഇല്ലാതാക്കുകയല്ല, പിന്നെയോ അതിനെ പൂർണമാക്കുകയായിരുന്നു യേശുവിന്റെ ദൗത്യം. പഴയതിനെ നിർമാർജനം ചെയ്യുകയല്ല, അതിനു പുതിയ മാനവും ആഴവും കണ്ടെത്തുകയായിരുന്നു അവിടുന്നു ചെയ്തത്.

ഗിരിപ്രഭാഷണം പ്രായോഗികമോ? ഗിരിപ്രഭാഷണത്തിന്റെ കാർക്കശ്യം പലരെയും നിരാശപ്പെടുത്തുന്നതാണ്. ഉദാ. സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും.......നിസ്സാരാ എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിനു യോഗ്യനാകും (മത്താ. 5:21) .....വലങ്കണ്ണു നിനക്ക് ഇടർച്ച വരുത്തുന്നെങ്കിൽ അതിനെ ചൂന്നെടുത്തു എറിഞ്ഞുകളക' (മത്താ. 5:29), 'ശത്രുക്കളെ സ്നേഹിക്കണം.' ഇതൊക്കെ എങ്ങനെ പ്രാവർ

ത്തികമാക്കാം! അസാധ്യമായ കാര്യങ്ങളല്ലേ ഗിരിപ്രഭാഷണത്തിലുള്ളത്. അതിന് എന്തു ന്യായീകരണമാണുള്ളത്?

## അതേപ്പറ്റി ഉയർന്നുവന്നിട്ടുള്ള ചില അഭിപ്രായങ്ങൾ

1. നിശ്ചയമായും ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന് ഇവ ആവശ്യമാണ്. നല്ല ശിക്ഷണവും, അനുസരണവും, നിയമങ്ങൾ പാലിക്കുവാനുള്ള തീക്ഷ്ണതയും ആവശ്യം. 'ഇടുക്കുവാതിലിലൂടെയാണല്ലോ പ്രവേശിക്കേണ്ടത്' (മത്താ. 7:13).

എന്നാൽ ഇവിടെ ഒരു കാര്യം ഓർക്കണം, ദൈവരാജ്യം ഒരു ദാനവും കൃപയുമാണ്. അതു വാഗ്ദാനം ചെയ്തിട്ടുള്ളതു 'പാപികൾക്കാണ്.' അതു മനുഷ്യന്റെ നേട്ടത്താലും പ്രയത്നത്താലുമല്ലല്ലോ. അതുകൊണ്ട് ഒന്നും ചെയ്യേണ്ട എന്നു വരുന്നില്ല.

2. ലൂഥറും മറ്റു പല പ്രോട്ടസ്റ്റന്റു ചിന്തകരും നിർദ്ദേശിക്കുന്നത്, അപ്രായോഗികങ്ങളായ ഇക്കാര്യങ്ങൾ ഒട്ടും അയവില്ലാത്തവിധം കർക്കശമായി നൽകിയിട്ടുള്ളതു മനുഷ്യന്റെ നിസ്സഹായതയും, കഴിവില്ലായ്മയും അവൻ മനസ്സിലാക്കി ദൈവത്തിന്റെ കരുണ (Grace) യിൽ സ്വയം അർപ്പിക്കുവാൻവേണ്ടിയാണ്. നിരാശയുടെ നീർക്കയത്തിൽനിന്ന് അവൻ ക്രൂശിങ്കലേക്കു വിശ്വാസത്തോടെ നോക്കി നീതീകരണം കണ്ടെത്തുവാനിടയാകും എന്നത്രേ.

ഇതു പിൽക്കാലത്തു പ്രോട്ടസ്റ്റന്റ് ചിന്തകളിൽ ഉയർന്നുവന്ന സിദ്ധാന്തം ഗിരിപ്രഭാഷണത്തിന്റെമേൽ അടിച്ചേൽപ്പിക്കയാകുന്നു. ദൈവതിരുമനസ്സ് സഫലീകൃതമാക്കാൻ മനുഷ്യനു സാധിക്കുകയില്ലെന്നുള്ള ആശയം അതിലെങ്ങും കാണുന്നില്ല. തന്റെ കൽപ്പനകളെ ശിഷ്യന്മാർ നിർവഹിക്കുവാൻ ക്രിസ്തു പ്രതീക്ഷിക്കുന്നതായിട്ടാണു ഗിരിപ്രഭാഷണം വെളിപ്പെടുത്തുന്നത്.

3. ഇതിലെ പ്രമാണങ്ങൾ സ്ഥലകാലപരിമിതികൾ ഉള്ള ഇക്കാലയളവിലേക്കുള്ളതല്ല; ആദർശസുന്ദരമായ ഒരു ഭാവി ലോകത്തിനുവേണ്ടിയാണ്.

പ്രമാണങ്ങളുടെ കാർക്കശ്യത്തെ ഈ അഭിപ്രായം കാര്യമായിട്ടെടുക്കുന്നു എന്നു പറയാം. പക്ഷേ യേശുവിന്റെ ഉപദേശം ഈ ലോകജീവിതത്തോടു ബന്ധപ്പെടുത്തിയും പ്രസക്തമാക്കിയും നൽകിയിട്ടുള്ളതാണ്. 'വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്' എന്നും മറ്റുമുള്ള കൽപ്പനകൾക്ക് ഈ ലോകജീവിതത്തിലല്ലേ പ്രസക്തിയുള്ളു.

4. ഇതിലെ പ്രമാണങ്ങൾ സഭയിലെ എല്ലാവർക്കുമായിട്ടല്ല. കർക്ക

ശവും, തീക്ഷ്ണവുമായ നിയമങ്ങൾ സഭയിലെ വേർതിരിക്കപ്പെട്ട സന്യാസികൾക്കും, ആത്മികവേദിയിൽ ഉയർന്നുചരിക്കുന്നവർക്കുമാണ്. അവർ ലോകത്തേയും, അതിന്റെ മോദങ്ങളെയും വെടിഞ്ഞ് ഇതിലെ പ്രമാണങ്ങൾക്കനുസരണമായി ജീവിക്കണം. സാധാരണക്കാരായ വിശ്വാസികൾക്ക് ഇത് എല്ലാം ബാധകമല്ല. റോമൻ കത്തോലിക്കാസഭയിൽ ഒരു കാലത്തു സ്വീകരിച്ചിരുന്ന അഭിപ്രായമാണിത്. പക്ഷേ ഇത് ഇന്നു സ്വീകാര്യമല്ല. മേൽപ്പറഞ്ഞ വിധത്തിലുള്ള ഒരു തരംതിരിവ് കർത്താവ് അവിടെ നൽകിയതായി കാണുന്നില്ല. ദൈവരാജ്യത്തിലെ അംഗങ്ങൾക്കെല്ലാമായി നൽകുന്ന പ്രമാണങ്ങളായിട്ടാകുന്നു.

5. ആൽബർട്ട് ഷൈറ്റ്സർ ഉന്നയിച്ചിട്ടുള്ള സിദ്ധാന്തമനുസരിച്ച്, യുഗാന്ത്യം അടുത്തുവെന്ന് യേശു വിശ്വസിച്ചതുകൊണ്ട് അതിനുമുമ്പുള്ള ഇടക്കാലത്തേക്ക് (Interim period) വളരെ കഠിനവും കർക്കശവുമായ നിയമങ്ങൾ നൽകി എന്നത്രേ (അടിയന്തിരാവസ്ഥക്കാലത്ത് നിയമങ്ങൾ കർക്കശമായിരിക്കുന്നതുപോലെ). അതുകൊണ്ട് ഇതിനെ 'ഇടക്കാല ധാർമിക നിയമങ്ങൾ' (Interim ethics) എന്നു വിളിക്കുന്നു.

നിയമങ്ങളുടെ പ്രാധാന്യം മുഖവിലയ്ക്ക് എടുക്കുന്നു എന്ന ഒരു മെച്ചമിതിലുണ്ട്. പക്ഷേ യേശുവിന്റെ ഉപദേശത്തിലെങ്ങും, ഇത് ഒരു ചുരുങ്ങിയ സമയത്തേക്കുള്ള കർശനനിയമമെന്നു ധ്വനിക്കുന്ന യാതൊന്നുമില്ല. വിശ്വാസികൾ ക്രിസ്തീയജീവിതത്തിൽ അനുഭവമാക്കേണ്ട കാര്യങ്ങൾ തന്നെയാണ്.

6. ക്രിസ്തുവിന്റെ ധാർമികശാസ്ത്രം മനുഷ്യപ്രകൃതിയിലധിഷ്ഠിതമല്ല. അവ അനുഷ്ഠിപ്പാൻ സാധാരണ മനുഷ്യനു സാധിക്കയുമില്ല. എന്നാൽ ഈ 'പുതിയപ്രമാണം' രക്ഷയുടെ അനുഭവത്തിൽ 'പുതിയ സൃഷ്ടി'യായിത്തീർന്നിട്ടുള്ള മനുഷ്യനു വേണ്ടിയാകുന്നു (New law for the New creation). സ്വന്ത കഴിവിലും നേട്ടത്തിലും അവൻ ഊന്നൽ കൊടുക്കുന്നില്ല. അവൻ ദൈവകൃപയിൽ എല്ലായ്പോഴും ചാരുന്നു. 'മനുഷ്യന് അസാധ്യമെങ്കിലും ദൈവത്തിനു സകലതും സാധ്യം' എന്ന് അവൻ ഓർക്കുന്നു. ദൈവകൃപ അനുഭവിച്ചിട്ടുള്ളവനായതുകൊണ്ട് ആ കൃപ അവന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണു ചെയ്യുന്നത്.

എന്തു ലഭിക്കുമെന്നുള്ള പ്രതിഫലത്തിന്റെ ലക്ഷ്യത്തോടെയല്ല, ദൈവം അവന് എന്തു ചെയ്തിരിക്കുന്നു എന്നുള്ള കൃതജ്ഞതയുടെ മനോഭാവത്തിലാണ് അവൻ വർത്തിക്കുന്നത്. ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും ആക്കിത്തീർത്തിരിക്കുന്നതിനാൽ അതിനനുസരണമായി ജീവിപ്പാനുള്ള ശ്രമമായിരിക്കും ചെയ്യുന്നത്.

## ഉള്ളടക്കം

ഗിരിപ്രഭാഷണത്തിന്റെ ഉള്ളടക്കം നാം അറിഞ്ഞിരിക്കണം.

**(1) അഷ്ടസൗഭാഗ്യങ്ങൾ:** ദൈവരാജ്യാവകാശികളുടെ അനുഭവമാണ് അഷ്ടസൗഭാഗ്യങ്ങൾ (മത്താ. 5:3-10). ലൂക്കോസിന്റെ സുവിശേഷത്തിൽ ഇതു നാലു മാത്രമാണ് (6:20-22). ഈ സൗഭാഗ്യങ്ങൾ വരച്ചുകാട്ടുന്ന സ്വഭാവങ്ങൾ എല്ലാം തന്നെ അടിസ്ഥാനപരമായി ക്രിസ്തുവിന്റെ സ്വഭാവമാണ്. ദൈവരാജ്യം യേശുവിൽ കേന്ദ്രീകൃതമാണല്ലോ. ഈ ഭാഗ്യവർണനകൾ ഉപരിപ്ലവമായി ബലഹീനതകൾ എന്നു തോന്നിപ്പോകാം. എന്നാൽ അവ പുതിയ യുഗത്തെ സ്വാഗതം ചെയ്യുമ്പോഴുണ്ടാകുന്ന അനുഭവങ്ങളാണ്.

**(2) ക്രിസ്തുശിഷ്യർ (സഭ):** ലോകത്തോടുള്ള ബന്ധത്തിൽ എങ്ങനെ ആയിരിക്കണം (5:13-16). അവർ ലോകത്തിന്റെ ഉപ്പും (കേടു കൂടാതെ സൂക്ഷിക്കുന്നത്; അലിഞ്ഞുചേർന്നു രുചി വരുത്തുന്നത്) പ്രകാശവുമാകുന്നു (യാഥാർത്ഥ്യം വെളിപ്പെടുത്തിക്കൊടുത്തു സത്യത്തിലേക്കു നയിക്കുന്നു).

**(3) പഴയനിയമങ്ങൾക്കു പുതിയ ഭാഷ്യം (6:17-48):** പഴയനിയമങ്ങളെ നീക്കിക്കളയുകയല്ല, അവയ്ക്ക് പുതിയ അർത്ഥവും വ്യാപ്തിയും കല്പിക്കുന്നു. കൊല ചെയ്യരുത് - വ്യഭിചാരം ചെയ്യരുത് എന്നു തുടങ്ങിയ കല്പനകൾ, എടുത്തുകൊണ്ട ബാഹ്യമായ പ്രവൃത്തിയേക്കാൾ ഉപരി അതിനു പ്രേരകമായ ചിന്തയും നിരൂപണവുമാണു പ്രധാനമെന്നു കാണിക്കുന്നു. വിവാഹമോചനം, കള്ളസത്യം, പ്രതികാരം, ശത്രുക്കളോടുള്ള സ്നേഹം എന്നിവയേപ്പറ്റിയും പരാമർശിക്കുന്നു. സ്നേഹമാണ് എല്ലാ കല്പനകളുടേയും പൂർത്തീകരണം.

**(4) പഴയ അനുഷ്ഠാനങ്ങൾക്കു പുതിയ ഭാഷ്യം (6:1-18):** ദാനധർമ്മം, പ്രാർത്ഥന, ഉപവാസം ഇവ മൂന്നുമാണ് ആത്മികജീവിതത്തിന്റെ മൂന്നു സ്തംഭങ്ങൾ; പഴയനിയമാനുഷ്ഠാനങ്ങളിൽ പ്രധാനപ്പെട്ടവ. പരീശമതത്തിൽ അവ എപ്രകാരം അനുഷ്ഠിച്ചിരുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണു ദൈവരാജ്യത്തിന്റെ മക്കൾ എങ്ങനെ ചെയ്യണമെന്നു വ്യക്തമാക്കുന്നത്. പ്രാർത്ഥനയെപ്പറ്റിയുള്ള പരാമർശത്തിൽ ഒരു മാതൃകാപ്രാർത്ഥനയും നൽകിയിട്ടുണ്ട് (ഇതു ലൂക്കോസിൽ വ്യത്യസ്തമായ ഒരു സന്ദർഭത്തിലാണു ചേർത്തിട്ടുള്ളത് 11:2-4).

**(5) ജീവിതത്തിൽ പുലർത്തേണ്ട മാനദണ്ഡങ്ങൾ (6:19-7:23):** പ്രായോഗിക ജീവിതത്തിൽ ശരിയായ ആന്തരിക ഉദ്ദേശ്യം തന്റെ അനുഗാമികൾക്കുണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു. ലോക

ത്തിൽ ആയിരിക്കയും, ലൗകികർ അല്ലാതിരിക്കുകയും ചെയ്യാനുള്ള ആഹ്വാനമത്രേ. യഥാർത്ഥമായ നിക്ഷേപം സ്വർഗത്തിലായിരിക്കണം. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കാനുള്ള സന്നദ്ധതയാണാവശ്യം. ആകുലവും ഉൽക്കണ്ഠയുമില്ലാത്ത ജീവിതം സാധിക്കുവാൻ ദൈവത്തിന്റെ പിതൃപരിപാലനം മനസ്സിലാക്കിയാൽ മതി.

അന്യരെ വിധിക്കുവാൻ തുനിയാതെ സ്വയം തിരുത്തലിനു ശ്രമിക്കണം. വിലയുള്ള മൂല്യങ്ങളെ അഗണ്യമായി തള്ളരുത്. വിശ്വാസപൂർവ്വമുള്ള സമീപനമായിരിക്കണം പ്രാർത്ഥനയിൽ വേണ്ടത്. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം സർവപ്രധാനമാണ്.

ഗിരിപ്രഭാഷണം സമാപിക്കുന്നതു ഫലം കായിക്കുന്ന വൃക്ഷത്തിന്റെയും (7:15–29) പാറമേൽ വീടുപണിത മനുഷ്യന്റെയും ദൃഷ്ടാന്തങ്ങളോടെയാണ്. ഏകാഗ്രമനസ്സോടെ ദൈവത്തിന്റെ വചനം സ്വീകരിച്ച്, അതനുസരിച്ചു ജീവിക്കുവാനുള്ള കർത്തവ്യം അനുസ്മരിക്കുന്നു.

**ചോദ്യങ്ങൾ**

1. ഗിരിപ്രഭാഷണത്തിന്റെ പ്രസക്തിയെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ എന്തെല്ലാം.
2. ഗിരിപ്രഭാഷണത്തിൽ മത്തായി രേഖപ്പെടുത്തിയിട്ടുള്ളവ ലൂക്കോസിന്റെ സുവിശേഷത്തിൽ എവിടെയെല്ലാമെന്നു കണ്ടുപിടിക്കുക.
3. ക്രിസ്തുവിന്റെ ഉപദേശത്തിന് (ഗിരിപ്രഭാഷണം) എന്തെങ്കിലും മൗലികത അവകാശപ്പെടാനുണ്ടോ? ഇതര മതങ്ങളിലും, തത്ത്വചിന്തയിലും സാമ്യമുള്ളവ എന്തെല്ലാം?

## പാഠം 3

# യേശുവിന്റെ ഉപമകൾ

❑ യേശുവിന്റെ ഉപദേശത്തിന്റെ സവിശേഷത ❑ ഉപമാസങ്കേതം ഉപയുക്തമാക്കുന്നു ❑ ഉപമകളുടെ തരംതിരിവ് ❑ ഉപമാ വ്യാഖ്യാനത്തിൽ ഓർക്കേണ്ട കാര്യങ്ങൾ

**യേശുവും ഉപമകളും**

'ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല' (യോഹ. 7:46) എന്നു യേശുവിന്റെ സംഭാഷണത്തെപ്പറ്റിയും,

ഉപദേശത്തെപ്പറ്റിയും പറയത്തക്കവണ്ണം അവ അതുല്യങ്ങളായിരുന്നു. സാധാരണക്കാരെയും പണ്ഡിതന്മാരെയും ഒന്നുപോലെ ആകർഷിക്കാൻ പോരുന്നവ ആയിരുന്നു. ഒരു സവിശേഷത അദ്ദേഹം ധാരാളം ഉപമകൾ ഉപയോഗിച്ചു എന്നതാണ്. അവിടുത്തെ ദിവ്യസന്ദേശം അധികപങ്കും ഉപമകളിൽക്കൂടി പകർന്നുകൊടുത്തു.

ഈ ബോധനമാർഗം യേശുവിന്റെ തനതായിട്ടുള്ളതാണോ? അല്ലെന്നു കാണാം, പഴയനിയമപഠനം നടത്തുമ്പോൾ. പ്രവാചകഗ്രന്ഥങ്ങളിൽ ഉപമകൾ ധാരാളമുണ്ട് (യെശയ്യാ 5:1-7; യിരമ്യ 23:1-4; ഹോശേ. 4:16; 13:5-6; ന്യായാ. 9:7-15). പിൽക്കാലത്ത് യഹൂദറാബിമാരും ഇതേ സങ്കേതം അവലംബിച്ചിരുന്നു. റാബിമാരുടെ കൃതികളായ മിദ്രാഷിം, മിഷ്ന, താൽമുദ് എന്നിവയിലെല്ലാം ധാരാളം ഉപമകൾ നമുക്കു കണ്ടെത്താം. റാബിമാരുടെ ഉപമാരൂപം തന്നെ യേശുവും പലപ്പോഴും സ്വീകരിച്ചിട്ടുള്ളതായി തോന്നുന്നു. ഉപമാപാരമ്പര്യം പരിചിതമായൊരു ജനതയോടാണ് യേശു ഉപമകൾ പറഞ്ഞത് എന്നു വ്യക്തം.

എങ്കിൽ യേശുവിന്റെ ഉപമകൾക്ക് എന്തു പ്രത്യേകതയാണുള്ളത്? അവയ്ക്ക് എന്തെങ്കിലും പുതുമയുണ്ടോ? നിശ്ചയമായും തന്റെ ഉപമകൾക്ക് ഒരു നവീനതയും വശ്യതയുമുണ്ടായിരുന്നു. ശ്രോതാക്കളുടെ പ്രതികരണത്തിൽ ഇതു പ്രകടമാണ്; 'ഇതെന്ത്, പുതിയൊരു പ്രബോധനം' (മർക്കോ. 1:27). അനുദിന ജീവിതത്തിലെ സാധാരണ സംഭവങ്ങളാണ് ഉപമകളായി അവതരിപ്പിച്ചത്. ഗ്രാമീണ ജീവിതവും, ഗ്രാമഭംഗിയും ഉപമകളിൽ മുറ്റിനിൽക്കുന്നു. വയലിലെ താമരയും, ഗോതമ്പും, മുന്തിരിയും, അത്തിയും, ആകാശത്തിലെ പറവകളും എല്ലാം യേശുവിന്റെ ശ്രദ്ധയിൽപ്പെട്ടു. നാട്ടിൻപുറത്തെ കർഷകനും, ആട്ടിടയനും, മീൻപിടുത്തക്കാരനും, തെരുവീഥികളിൽ കളിക്കുന്ന പൈതങ്ങളും ഭവനത്തിൽ പാത്രം കഴുകുന്നതും, വസ്ത്രം തുന്നുന്നതും മാവു കുഴയ്ക്കുന്നതുമായ സ്ത്രീകൾ; ഇവരെല്ലാം അവിടുത്തെ ഉപമകളിൽ സ്ഥലം പിടിച്ചിട്ടുണ്ട്. പിന്നെന്താണ് പ്രത്യേകതയുള്ളത്?

### 1. അവതരണത്തിലെ പുതുമ

ഏതു നിലയിലുള്ളവർക്കും ആസ്വദിക്കത്തക്കവണ്ണം ലളിതവും സരളവുമാണ് യേശുവിന്റെ ഉപമകൾ. എന്നാൽ കേൾവിക്കാരുടെ സവിശേഷ ശ്രദ്ധ ആകർഷിക്കാൻ പര്യാപ്തമായ ഒരംശം അവിടുത്തെ ഉപമകളിൽ ഉണ്ടാവും. ഉദാ: പിതാവിന്റെ ഇഷ്ടം ചെയ്തു ജീവിച്ച മൂത്തപുത്രനെക്കാൾ നമ്മുടെ അനുകമ്പ പിടിച്ചുപറ്റുന്നതു മുടിയനായ ഇളയ മകനാണ്. ലേവ്യനേക്കാളും പുരോഹിതനേക്കാളും നമ്മുടെ ബഹുമാനം 'അയിത്ത' ക്കാരനായ നല്ല ശമര്യാക്കാരൻ ആർജ്ജിക്കുന്നു. നഷ്ടപ്പെടാത്ത തൊണ്ണൂ

റ്റൊൻപത് ആടിനേക്കാൾ അധികം ആനന്ദം ഇടയനു നൽകുന്നതു കാണാതെ പോയ ആടാണ് (അതിനെ തിരിച്ചു കിട്ടിയപ്പോൾ). ഇങ്ങനെയുള്ള 'അപൂർവ്വതകൾ' ശ്രദ്ധ ആകർഷിക്കുക മാത്രമല്ല, ചിന്തകൾ ഉണർത്തുവാനും പര്യാപ്തമായിരുന്നു.

## 2. സന്ദേശത്തിന്റെ പുതുമ

ഉപമകൾ അവിടുന്ന് ഉപയോഗിച്ചത് അവിടുത്തെ പുതിയ സന്ദേശം അനാവരണം ചെയ്യാനാണ്. കഥകൾ പഴയതും, സാധാരണ സംഭവ്യങ്ങളുമാകാം. എന്നാൽ അവയിൽക്കൂടി 'ദൈവരാജ്യത്തിന്റെ രഹസ്യം' വെളിപ്പെടുത്തുകയാകുന്നു ചെയ്തിരിക്കുന്നത്. റാബിമാരുടെ ഉപമകൾ ധാർമിക പ്രബോധനം സുഗമമാക്കുവാൻ മാത്രമായിരുന്നു. എന്നാൽ യേശുവിന്റെ ഉപമകൾ അവിടുത്തെ ആഗമനത്തോടുകൂടി ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ സ്വഭാവത്തെയും പ്രവർത്തനത്തെയും പ്രധാനമായും പ്രതിപാദിക്കുവാനാണ്. അതുകൊണ്ട് ധാർമിക പ്രബോധനം അവയിൽ ഇല്ലെന്നു വരുന്നില്ല. ദൈവരാജ്യം സ്വീകരിക്കാൻ, വ്യക്തികളെ വെല്ലുവിളിക്കുന്നവയാണു മിക്ക ഉപമകളും.

## 3. ഉപമാകാരന്റെ പുതുമ

യേശുവിന്റെ സന്ദേശത്തിന്റെ കേന്ദ്രം അദ്ദേഹം തന്നെ ആയിരുന്നു. തന്നിൽനിന്ന് അന്യമായ ഏതോ ഒന്നിലേക്കു വിരൽ ചൂണ്ടുന്നവയല്ല; അവിടുത്തെ വ്യക്തിത്വത്തിലേക്കും ദൗത്യത്തിലേക്കും വെളിച്ചം വീശുന്നവയായിരുന്നു അവിടുത്തെ ഉപമകൾ. ഉപമകളിലൂടെയുള്ള പ്രഘോഷണത്തിന്റെ വിഷയം അവിടുന്നു തന്നെയായിരുന്നു.

ഇങ്ങനെ നോക്കുമ്പോൾ യേശുവിന്റെ ഉപമകൾക്ക് അന്യാദൃശമായ ആകർഷണീയതയും അർത്ഥപുഷ്ടിയും ഉണ്ടായിരുന്നതായി കാണാം.

## ഉപമകൾ എങ്ങനെ തരംതിരിക്കാം

സമവീക്ഷണ സുവിശേഷങ്ങളിൽ മാത്രമാണ് ഉപമകൾ നാം കാണുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ രൂപകങ്ങൾ (allegory) മാത്രമേയുള്ളു. ഉദാ. വാതിൽ, മുന്തിരിവള്ളി, ഇടയൻ. സമവീക്ഷണ സുവിശേഷത്തിൽ 65 ഉപമകൾ ഉണ്ടെന്നാണ് പ്രൊഫസർ മാൻസൻ അഭിപ്രായപ്പെടുന്നത്. അവയെ എങ്ങനെ തരംതിരിക്കാമെന്നു പലരും പരീക്ഷിച്ചിട്ടുള്ളതാണ്. പല മാനദണ്ഡങ്ങളും ഉപയോഗപ്പെടുത്താം. വിഷയത്തിന്റെ അടിസ്ഥാനത്തിൽ അവയെ വിഭജിക്കുകയാണ് ഏറ്റം എളുപ്പമായ മാർഗം. ദൈവരാജ്യത്തിന്റെ ഉപമകളെ പ്രൊഫ. ഡോഡ് വിഭജിച്ചിട്ടുള്ളതു ദൈവരാജ്യപ്രതിസന്ധിയുടെ ഉപമകൾ എന്നും, ദൈവരാജ്യത്തിന്റെ

വളർച്ചയുടെ ഉപമകൾ എന്നുമാണ്. പ്രൊഫ. മാൻസൻ ഉപമകളെ മൂന്നായി വിഭജിച്ചിരിക്കുന്നു.

1. നന്മയുടെയും തിന്മയുടെയും ഭാവങ്ങളെ പ്രകടമാക്കി മനുഷ്യ സ്വഭാവം വെളിപ്പെടുത്തുന്ന ഉപമകൾ. അവരുടെ മനഃസ്സാക്ഷിയെ തട്ടിയുണർത്തുന്നതിൽക്കൂടി ശ്രോതാക്കൾക്ക് ആത്മശോധന നടത്തുന്നതിനും സ്വയം കണ്ടെത്തുന്നതിനും ഇവ ഉപകരിക്കുന്നു.

ഉദാ: ബുദ്ധിയുള്ളവനും, ബുദ്ധിശൂന്യനുമായ ഭവനം പണിക്കാർ.

നല്ല ശമര്യക്കാരൻ, ഒഴിഞ്ഞുകിടക്കുന്ന ഭവനം, ധനവാനായ മൂഢൻ, അനീതിയുള്ള കാര്യവിചാരകൻ, പത്തു കന്യകമാർ.

പരീശനും ചുങ്കക്കാരനും; യുദ്ധത്തിനു പോകുന്ന രാജാവ്; ഗോപുരം പണിയുന്നവൻ; തോട്ടത്തിൽ വേലയ്ക്ക് അയക്കപ്പെടുന്ന രണ്ടു മക്കൾ.

2. ദൈവഭരണത്തെയും, ദൈവപ്രവർത്തനങ്ങളെയും പ്രസ്പഷ്ടമാക്കുന്ന ഉപമകൾ. സാധാരണ സംഭവങ്ങളെ മാധ്യമമാക്കിക്കൊണ്ട്, ദൈവ സ്വഭാവത്തെയും, ദിവ്യപ്രവർത്തനങ്ങളെയും വിശദീകരിക്കുന്നു. മനുഷ്യ ഹൃദയങ്ങളിൽ വിശ്വാസവും ആത്മികമായ ഉൾക്കാഴ്ചയും കൈവരുത്തുകയാണ് ലക്ഷ്യം. ദൈവത്തെപ്പറ്റി വ്യക്തിപരമായി മനസ്സിലാക്കുന്നതിനും, തന്മൂലം, ആഴമായ സ്നേഹവും ഭക്തിയും ജീവിതത്തിൽ ഉളവാകുന്നതിനും സാധിക്കും.

ഉദാ: വിതക്കാരൻ, രഹസ്യത്തിൽ വളരുന്ന വിത്ത്, കടുകുമണി, പുളിപ്പ്, മറഞ്ഞിരിക്കുന്ന നിധി, വിലയേറിയ മുത്ത്, വിത്തും കളയും, വിവിധ മത്സ്യങ്ങൾ അകപ്പെട്ട വല, മുട്ടിപ്പായി അപേക്ഷിക്കുന്ന വിധവ, അർദ്ധരാത്രിയിൽ മുട്ടിവിളിക്കുന്ന സ്നേഹിതൻ, കാണാതെപോയ ആട്, നഷ്ടപ്പെട്ട ദ്രഹ്മ.

മേൽക്കാണിച്ച ഉപമകളിൽ പ്രധാനമായി ദൈവരാജ്യവും ദൈവത്തിന്റെ പ്രവർത്തനവുമാണ് ആവിഷ്കരിച്ചിട്ടുള്ളത്.

3. മനുഷ്യസ്വഭാവവും, ദൈവപ്രവർത്തനവും രണ്ടും ഒരുമിച്ചു ബന്ധപ്പെടുത്തിയിട്ടുള്ള ഉപമകൾ. മനുഷ്യസ്വഭാവത്തെ ദൈവത്തിന്റെ സ്വഭാവവുമായി താരതമ്യപ്പെടുത്തിക്കൊണ്ടാണ് ചില സത്യങ്ങൾ വെളിപ്പെടുത്തുന്നത്.

ഉദാ: മുടിയൻപുത്രന്റെ ഉപമയിൽ, പിതാവിന്റെ കരുണാമസൃണമായ സ്നേഹവും, മൂത്തമകന്റെ നിർദ്ദയവും, നിഷ്ഠൂരവുമായ പെരുമാറ്റവും കാണാം. ഈ ഉപമകളുടെ ഉദ്ദേശ്യം അനുതാപവും, മാനസാന്തരവും ഉളവാക്കുകയാണ്. മനുഷ്യന്റെ ധാർമ്മികവും, ആത്മികവുമായ വശങ്ങളി

ലേക്കു വെളിച്ചം വീശിക്കൊണ്ട് പരിവർത്തനത്തിലേക്കു നയിക്കാതിരിക്കയില്ല. ദൈവത്തിന്റെ യഥാർത്ഥ സ്വഭാവത്തെ മനസ്സിലാക്കിക്കൊടുക്കുന്നതോടൊപ്പം മനുഷ്യൻ എത്തിച്ചേരാവുന്ന ഔന്നത്യവും കാണിക്കുന്നവയാണ് യേശുവിന്റെ ഉപമകൾ.

## ഉപമാ വ്യഖ്യാനം

ഉപമകളുടെ സന്ദർഭവും, പശ്ചാത്തലവും സുവിശേഷങ്ങളിൽനിന്നു സുഗ്രാഹ്യമല്ലാത്തതിനാൽ ഉപമാവ്യാഖ്യാനത്തിൽ പ്രയാസങ്ങൾ നേരിടുന്നു. യേശു എവിടെവച്ച്, എപ്പോൾ, എന്തിനുവേണ്ടി പറഞ്ഞുവെന്നു സുവിശേഷകന്മാർക്കു തന്നെ നിശ്ചയമില്ല. അതുകൊണ്ട് അവർ സ്വന്തം നിഗമനത്തിൽ എത്തി ഓരോ സന്ദർഭത്തിലും ചേർത്ത് അവതരിപ്പിച്ചിരിക്കയാണ്. തന്മൂലം ഒരു ഉപമയുടെ തന്നെ സന്ദർഭവും പശ്ചാത്തലവും, രണ്ടു സുവിശേഷങ്ങളിൽ രണ്ടു വിധത്തിൽ കണ്ടെന്നു വരും. ഉദാ: കാണാതെപോയ ആടിന്റെ ഉപമ. മത്തായി 18, ലൂക്കോ. 15. സന്ദർഭങ്ങൾ രണ്ടിലും വ്യത്യസ്തമാണ്.

യേശു പ്രസ്താവിച്ചപ്പോൾ ആരെ ലക്ഷ്യമാക്കിക്കൊണ്ടു പറഞ്ഞുവെന്നു പിന്നീടു നിശ്ചയമില്ലാതെ വന്നപ്പോൾ അന്നത്തെ സഭയോടുള്ള ബന്ധത്തിൽ പലതിനെയും പുനരാഖ്യാനം ചെയ്തിട്ടുള്ളതായി കാണാം. ഉപമകളുടെ അർത്ഥം കണ്ടെത്താനുള്ള നമ്മുടെ ശ്രമത്തിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്.

1. സുവിശേഷത്തിൽ ആ പ്രത്യേക സന്ദർഭത്തിൽ നൽകിയിരിക്കുന്നതിന്റെ ഉദ്ദേശ്യമെന്ത്? സുവിശേഷത്തിന്റെ മറ്റു ഭാഗങ്ങളുമായി ഇതെങ്ങനെ യോജിക്കുന്നു എന്നു കണ്ടുപിടിക്കണം.

2. സുവിശേഷകൻ ഉപയോഗിക്കുന്നതിനു മുമ്പ് അന്നുള്ള സഭ ആ ഉപമയെ എങ്ങനെ വീക്ഷിച്ചു? എന്തർത്ഥമതിനു നല്കി? ക്രിസ്തീയ സമൂഹം അവരുടെ ഉപദേശത്തിലും, പ്രബോധനത്തിലും അത് ഉൾപ്പെടുത്തിയത് എന്തു ലക്ഷ്യത്തോടെയാണ്?

3. യേശു ഇതു പ്രസ്താവിച്ചപ്പോൾ എന്തർത്ഥം നല്കി? യേശു ഉദ്ദേശിച്ചതെന്ത്? അവിടുത്തെ ശ്രോതാക്കൾ ആരായിരുന്നു? അവരെങ്ങനെ അതു മനസ്സിലാക്കി?

ഈ ചോദ്യങ്ങൾക്കുത്തരം കണ്ടുപിടിക്കാൻ ശ്രമിക്കണം. ഓരോ ഉപമയ്ക്കും പ്രധാനമായി ഒരു കേന്ദ്ര സന്ദേശമാണുണ്ടാവുക. അതെന്താണെന്ന് കണ്ടുപിടിക്കുകയാണ് ആവശ്യം. ഉപമയുടെ വിവിധ ഭാഗങ്ങൾക്കു അർത്ഥം നൽകുന്നതു കേന്ദ്രസന്ദേശം കണ്ടെത്തിയ ശേഷമേ ആകാവൂ.

യേശുവിന്റെ ഉപമകൾ മനുഷ്യരാശിക്ക് എന്നും സന്ദേശവാഹികളായിത്തന്നെ നിലകൊള്ളുന്നു. അവയുടെ കാലികമായ പ്രസക്തിയും, അർത്ഥവും കണ്ടുപിടിക്കുന്നതിലാണു നമ്മുടെ ധ്യാനവും പഠനവും കേന്ദ്രീകരിക്കേണ്ടത്.

**ചോദ്യങ്ങൾ**

1. മർക്കോസ് 4; മത്തായി 13. ഈ രണ്ട് അദ്ധ്യായങ്ങളിലെയും ഉപമകളുടെ പ്രതിപാദനത്തിലുള്ള വ്യത്യാസങ്ങൾ കണ്ടുപിടിക്കുക.
2. ദൈവരാജ്യത്തിന്റെ സവിശേഷതകളെ വെളിപ്പെടുത്തുന്ന ഉപമകൾ ഏതെല്ലാം?
3. യുഗാന്ത്യസംഭവങ്ങളോടു ബന്ധപ്പെട്ട ഉപമകൾ ഏതെല്ലാം?
4. ഉപമാവ്യാഖ്യാനം നടത്തുന്നതിൽ ഓർത്തിരിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

## പാഠം 4

# യേശുക്രിസ്തു ആര്?

❑ സമവീക്ഷണ സുവിശേഷങ്ങളിൽ യേശുവിനെ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു? ❑ ഉപയോഗിച്ചിട്ടുള്ള പേരുകളും അർത്ഥവും

യേശുക്രിസ്തുവിന്റെ സന്ദേശത്തെപ്പറ്റിയാണു മുമ്പുള്ള പാഠങ്ങൾ ചർച്ച ചെയ്തത്. ദൈവരാജ്യത്തെപ്പറ്റിയും, അതിന്റെ ധാർമിക നീതിയെക്കുറിച്ചും നാം മനസ്സിലാക്കിക്കഴിഞ്ഞു. ഉപമാ സങ്കേതം വഴിയുള്ള യേശുവിന്റെ പ്രബോധനവൈശിഷ്ട്യവും നാം മനസ്സിലാക്കി. ഇനിയും പ്രസക്തമായ ഒരു ചോദ്യമുണ്ട്, ഈ യേശു ആരായിരുന്നു? തന്റെ ദൗത്യം എന്തായിരുന്നു? സമവീക്ഷണസുവിശേഷങ്ങൾ യേശുവിനെ എപ്രകാരമാണ് അവതരിപ്പിച്ചിട്ടുള്ളത്.

വിവിധ പേരുകൾ (Titles) യേശുവിനു നൽകിയിട്ടുള്ളതായി കാണാം. അവയെല്ലാം പഴയനിയമപശ്ചാത്തലത്തിൽ മാത്രമേ മനസ്സിലാക്കാൻ കഴിയൂ.

### 1. മ്ശീഹാ (ക്രിസ്തു)

ഈ പേര് യേശുവിന്റെ അധരങ്ങളിൽനിന്ന് അപൂർവ്വമായി മാത്രം കേൾ

ക്കുന്നതാണ്. എന്നാൽ സമവീക്ഷണ സുവിശേഷകന്മാർ യേശുവിനെ 'മ്ശീഹാ' ആയി അംഗീകരിക്കയും ആ വിധത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. താഴെപ്പറയുന്ന ഭാഗങ്ങൾ ശ്രദ്ധിക്കുക: യേശുവിന്റെ പ്രലോഭനങ്ങൾ (മർക്കോ. 1:11), യോഹന്നാൻ സ്നാപകനു യേശു നൽകുന്ന മറുപടി (മത്താ. 11:2–6), യറുശലേമിലേക്കുള്ള യേശുവിന്റെ മഹത്വപ്രവേശനം (സഖര്യ 9:9 കാണുക), മഹാപുരോഹിതന്റെ മുമ്പാകെയുള്ള വിസ്താരം ഇവയെല്ലാം അവിടുന്നു മ്ശീഹാ ആണെന്നു വെളിപ്പെടുത്തുന്നവയാണ്.

'മ്ശീഹാ' എന്ന വാക്കിന്റെ അർത്ഥം 'അഭിഷിക്തൻ' എന്നാകുന്നു. ഇതു യിസ്രായേലിലെ രാജാക്കന്മാർക്കും, മഹാപുരോഹിതന്മാർക്കും ഉപയോഗിച്ചിരുന്ന വിശേഷണമാണ്. എന്നാൽ യേശുവിനു നൽകിയിട്ടുള്ളത് അവരിൽ ഒരാൾ എന്ന പോലെയല്ല, പിന്നെയോ ഇസ്രായേല്യ ജനതയുടെ പ്രതീക്ഷ സാഫല്യമണിഞ്ഞ വ്യക്തി എന്ന നിലയിലാണ്; പ്രവചനങ്ങളുടെ എല്ലാം നിവൃത്തി തന്നിൽ കൈവന്നു എന്ന അർത്ഥത്തിൽ.

എന്താണു മ്ശീഹായെപ്പറ്റി യഹൂദജനം വിശ്വസിച്ചത്? ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ (ഉദാ: ജോസഫ് ക്ലൗസ്നർ) മോശയെപ്പറ്റിയുള്ള ധാരണയിൽ നിന്നാണു മ്ശീഹായെപ്പറ്റിയുള്ള പ്രതീക്ഷ വളർന്നത്. ഈജിപ്തിലെ അടിമത്വത്തിൽനിന്ന് അത്ഭുതകരമായി ഇസ്രായേല്യരെ വിമോചിപ്പിച്ചതു മോശയായിരുന്നു. അതുപോലെ ഭാവിയിൽ സമ്പൂർണ്ണ വിമോചനം നൽകുന്ന ഒരുവൻ ഉയർന്നുവരും. ദാവീദ് ഇസ്രായേല്യർക്കു സ്വാതന്ത്ര്യവും ഭദ്രതയും കൈവരുത്തി. അതുപോലെ ഭാവിയിൽ വരുന്ന വിമോചകൻ ദാവീദിന്റെ വംശജനായിരിക്കും. മ്ശീഹായെപ്പറ്റിയുള്ള വിശ്വാസം രൂപംപൂണ്ടത് ഇസ്രായേലിലെ രാജവാഴ്ചയിൽ നിന്നാണ് എന്നു കരുതുന്ന പണ്ഡിതന്മാരുമുണ്ട് (ഉദാ. മൗനിക്കൽ). രാജാവ് അഭിഷിക്തനായിരുന്നു. അയാൾ യഹോവയോടു പ്രത്യേകം ബന്ധം പുലർത്തി; ദിവ്യമായ ശക്തിയും അധികാരവും ആർജിച്ചു. എന്നാൽ വരാനിരിക്കുന്ന രാജാവ് അഥവാ മ്ശീഹാ ആയിരിക്കും ഉത്തമനും, ആദർശവാനുമായ യിസ്രായേലിന്റെ രാജാവ്. അവൻ സാർവലൗകികമായ അധികാരമുള്ളവനും, പ്രതാപവാനുമായിരിക്കും. മ്ശിഹായെപ്പറ്റിയുള്ള പ്രതീക്ഷകൾ ശക്തമായി വളർന്നു വന്നതു യിസ്രായേൽക്കാർ വിദേശാധിപത്യത്തിൽ ഞെരുങ്ങിക്കഴിഞ്ഞപ്പോഴാണ്. അസാധാരണമായ വ്യക്തിപ്രഭാവത്തോടെ യോഹന്നാൻ സ്നാപകൻ പ്രത്യക്ഷനായപ്പോൾ അവൻ തന്നെ ആയിരിക്കും മ്ശീഹാ എന്നു ജനം സംശയിച്ചു.

സമവീക്ഷണ സുവിശേഷങ്ങൾ യേശുവിനെ യിസ്രായേലിന്റെ യഥാർത്ഥ മ്ശീഹാ ആയിട്ടവതരിപ്പിക്കുന്നു. എന്നാൽ ആത്മികവും, ധാർമികവുമായ ഒരു ആധിപത്യമാണ് അവിടുത്തേത്; രാഷ്ട്രീയമല്ല. യേശുക്രിസ്തു ആത്യന്തിക വിമോചകനാണ്. അവിടുന്നു പ്രകൃതിശക്തിക

ളുടെമേലും അധികാരമുള്ളവനാകുന്നു (കടലിനെ ശാസിക്കുന്നത്). മാത്രമല്ല അദൃശ്യലോകത്തു വ്യാപരിക്കുന്ന പൈശാചിക ശക്തികളുടെ മേലും അവിടുത്തേയ്ക്ക് അധികാരമുണ്ട്. ഒന്നും അവിടുത്തെ നിയന്ത്രണത്തിൽ പെടാത്തവ ആയിട്ടില്ല. ദാവീദിന്റെ സന്തതി എന്നു വിശേഷിപ്പിക്കുന്നതിൽകൂടി യിസ്രായേല്യരുമായി പ്രത്യേകബന്ധം വെളിപ്പെടുത്തുകയും, പ്രവചന പ്രതീക്ഷകളുടെ പൂർത്തീകരണമായിട്ടാണ് അവിടുന്നു വന്നത് എന്നു വ്യക്തമാക്കുകയുമത്രേ ചെയ്യുന്നത്.

## 2. ദൈവപുത്രൻ

പ്രത്യക്ഷമായിട്ടോ പരോക്ഷമായിട്ടോ 24 പ്രാവശ്യം ദൈവപുത്രൻ എന്ന പേര് യേശുവിനു സമവീക്ഷണ സുവിശേഷങ്ങളിൽ നൽകിയിട്ടുള്ളതായി കാണാം. 'അതേ പിതാവേ, ഇങ്ങനെയല്ലോ നിനക്കു പ്രസാദം തോന്നിയത്. എന്റെ പിതാവ് സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു. പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുപ്പാൻ ഇച്ഛിക്കുന്നവനുമല്ലാതെ ആരും പിതാവിനെ അറിയുന്നില്ല' (മത്താ. 11:27). 'ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വർഗത്തിലെ ദൂതന്മാരും, പുത്രനും കൂടി അറിയുന്നില്ല' (മർക്കോ. 13:32). ദൈവപുത്രൻ എന്നു സ്വയം വിശേഷിപ്പിക്കുന്ന പ്രധാനപ്പെട്ട രണ്ടു ഭാഗങ്ങളത്രെയിത്. ചില സന്ദർഭങ്ങളിൽ 'മ്ശീഹാ' എന്നതിന്റെ പര്യായമായി 'ദൈവപുത്രൻ' എന്നു വിളിക്കുന്നുണ്ട് (ലൂക്കോ. 22:66–70 കാണുക). അതിൽനിന്നു മനസ്സിലാകുന്നതു മ്ശീഹായ്ക്കു ദൈവപുത്രൻ എന്ന പേരും നൽകിയിരുന്നതായിട്ടാകുന്നു.

യവനപാരമ്പര്യത്തിൽ 'ദൈവപുത്രൻ' എന്ന പ്രയോഗം സർവസാധാരണമായിരുന്നു. എന്നാൽ സുവിശേഷങ്ങളുടെ പിമ്പിൽ എബ്രായ പാരമ്പര്യമാണു പ്രേരകമായിട്ടുള്ളത്. പഴയനിയമം പരിശോധിച്ചാൽ 'യിസ്രായേൽ ജനത'യ്ക്കു ദൈവപുത്രൻ എന്ന നാമം നൽകിയിട്ടുണ്ട്. 'യിസ്രായേൽ എന്റെ പുത്രൻ, എന്റെ ആദ്യജാതൻ തന്നെ. എനിക്കു ശുശ്രൂഷ ചെയ്വാൻ എന്റെ പുത്രനെ വിട്ടയയ്ക്കണമെന്നു ഞാൻ നിന്നോടു കല്പിക്കുന്നു' (പുറ. 4:22–23). ഇതത്രേ യഹോവയുടെ വാക്കുകൾ. ഹോശേയ പ്രവാചകനും ഇതിനു സമാനമായ വാക്കുകൾ ഉദ്ധരിക്കുന്നു (11:1, 3–4). യിസ്രായേൽ ജനത്തെ മുഴുവനായി 'ദൈവപുത്രൻ' എന്നു വിശേഷിപ്പിക്കുന്നു (യെശ. 1:2; 63:15–16 കാണുക). യേശുവിനെ ദൈവപുത്രൻ എന്നു വിളിക്കുന്നത് ഏതർത്ഥത്തിലാണ്? അവിടുന്നു 'യഥാർത്ഥ യിസ്രായേൽ' ആകുന്നു എന്ന നിലയിലാണോ? യിസ്രായേൽ ജനതയുടെ പ്രതിനിധിയും പ്രതീകവും അവിടുന്നായിരുന്നതിനാലാണോ? യിസ്രായേൽ ജനതയുടെ അനുഭവം യേശുക്രിസ്തുവിനുണ്ടായതായി വി.

മത്തായി സൂചിപ്പിക്കുന്നു. ഈജിപ്തിൽ നിന്നു തിരിച്ചുവന്നത് (മത്താ. 2:15cf. ഹോശ. 11:1); മരുഭൂമിയിൽ ആയിരുന്നത്, യിസ്രായേലിനു നേരിട്ട തരത്തിലുള്ള പ്രലോഭനങ്ങൾ യേശുവിനുമുണ്ടാകുന്നത് ഇവയൊക്കെ അവിടുന്ന് യഥാർത്ഥ യിസ്രായേൽ എന്നു തെളിയിക്കാനാണ്.

എന്നാൽ അതിലുപരിയായ ഒരർത്ഥവും, സ്ഥാനവും 'ദൈവപുത്രൻ' എന്ന സംജ്ഞയിലുണ്ട്. യിസ്രായേലിനോ, മറ്റാർക്കുമോ അവകാശപ്പെടാൻ പാടില്ലാത്ത ഒരു സ്ഥാനം യേശുവിന് ദൈവത്തോടുണ്ടായിരുന്നതായി കാണാം. അത്തരത്തിലുള്ള ഒരവബോധം യേശുവിനുണ്ടായിരുന്നതായി സുവിശേഷകന്മാർ മനസ്സിലാക്കി. ദൈവത്തിന്റെ പിതൃത്വത്തെ യഹൂദന്മാർ എല്ലാവരും അക്കാലത്തു വിശ്വസിച്ചിരുന്നു. എന്നാൽ യേശു അതിൽനിന്നു വ്യത്യസ്തമായ ഒരു ബന്ധമാണു തന്റേതെന്നു കരുതി. അത് നിത്യനായ പിതാവിനോടുള്ള തന്റെ നിത്യമായ ഒരു ബന്ധമാണ്. അതേപ്പറ്റി കൂടുതലായി നിർവചിക്കുവാനോ വിശദീകരിക്കുവാനോ സുവിശേഷകന്മാർ ഒരുമ്പെടുന്നില്ല.

### 3. മനുഷ്യപുത്രൻ

സുവിശേഷങ്ങളിൽ യേശു സ്വയമായി വിശേഷിപ്പിച്ച സാധാരണമായ സംജ്ഞ 'മനുഷ്യപുത്രൻ' എന്നുള്ളതാണ്. സുവിശേഷങ്ങൾക്കുപുറത്ത് അത് അധികമായും നാം കാണുന്നുമില്ല.

എബ്രായ, അറമായ ഭാഷകളിൽ 'മനുഷ്യപുത്രൻ' എന്നുള്ളതിന്റെ അർത്ഥം ഒരു മനുഷ്യവ്യക്തി എന്നു മാത്രമാണ്. ഈ അർത്ഥത്തിലാണോ യേശുക്രിസ്തു ആ പദം സ്വയം വിശേഷണമായി ഉപയോഗിച്ചത്? അല്ലെന്നുവേണം പഴയനിയമ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടത്. ഈ പേരിന് അതിന്റേതായ ഒരു ചരിത്രമുണ്ട്.

(a) സങ്കീ. 8:4, 5. 'മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം?' ഇവിടെ മനുഷ്യപുത്രന് 'മനുഷ്യൻ' എന്നു മാത്രമാണർത്ഥം. ദൈവമുമ്പാകെ അവൻ ഏതുമില്ല എന്നും, അതേസമയം അവൻ ഇതര സൃഷ്ടികളിൽ ഏറ്റം ഔന്നത്യമുള്ളവൻ എന്നുമാണ് പറയുന്നത്.

(b) യെഹ. 2:1, 'മനുഷ്യപുത്രാ; നിവർന്നുനിൽക്ക; ഞാൻ നിന്നോടു സംസാരിക്കും.' ഈ പുസ്തകത്തിൽ എൺപത്തേഴുപ്രാവശ്യം പ്രവാചകനെ ദൈവം സംബോധന ചെയ്യുന്നത്, 'മനുഷ്യപുത്രാ' എന്നാണ്. ദൈവമഹത്വത്തിന്റെ മുമ്പിൽ മനുഷ്യന്റെ നിസ്സാരതയെ കാണിക്കുന്ന ഒരു പേരു മാത്രം.

(c) സങ്കീ. 80:17 'നീ നിനക്കായി വളർത്തിയ മനുഷ്യപുത്രന്റെമേൽ

തന്നെ ഇരിക്കട്ടെ. എന്നാൽ ഞങ്ങൾ നിന്നെ വിട്ടു പിന്മാറുകയില്ല.' ഇവിടെ 'മനുഷ്യപുത്രൻ' ഒറ്റപ്പെട്ട വ്യക്തിയല്ല; യിസ്രായേൽ ജനത മുഴുവനാണ്.

(d) മുകളിൽ കണ്ട ആശയം കുറെക്കൂടി പരിപുഷ്ടിപ്പെട്ടിരിക്കുന്നത് ദാനി. 7:13–14 ലാണ്. 'രാത്രിദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു....സകലവംശങ്ങളും, ജാതികളും, ഭാഷക്കാരും അവനെ സേവിക്കേണ്ടതിനു അവന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു. അവന്റെ ആധിപത്യം നീങ്ങിപ്പോകാത്തതും അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു.' ഇവിടെ വിവരിച്ചിരിക്കുന്ന 'മനുഷ്യപുത്രൻ' ആരെന്ന് ദാനീ. 7:18, 22, 27 എന്നീ വാക്യങ്ങളിൽ കാണാം. 'അത്യുന്നതനായവന്റെ വിശുദ്ധന്മാർ' എന്നു വിളിച്ചിട്ടുള്ള 'യിസ്രായേൽ ജനമാണ്' മനുഷ്യപുത്രൻ. അവൻ പ്രത്യക്ഷനാകുന്നതു മറ്റു മൃഗങ്ങൾ (രാഷ്ട്രങ്ങൾ) നിർമാർജനം ചെയ്യപ്പെട്ടതിനുശേഷമാണ്. ചരിത്രത്തിന്റെ പൂർത്തീകരണത്തിൽ പ്രത്യക്ഷമാകുന്ന ദിവ്യമായ ഒരു സമൂഹത്തിന്റെ പ്രതിനിധിയും, പ്രതീകവുമാണു മനുഷ്യപുത്രൻ.

(e) അപ്പൊക്രിഫാ പുസ്തകമായ ഹാനോക്കിന്റെ കൃതിയിൽ (ക്രിസ്തുവിനു മുമ്പുള്ളത്) 'മനുഷ്യപുത്രനെപ്പറ്റി'യുള്ള വിശദമായ ഒരു ചിത്രീകരണമുണ്ട്. മഹത്വപൂർണമായ തന്റെ രൂപം വിവരിച്ചശേഷം 'മനുഷ്യപുത്രൻ' ആരാകുന്നു എന്ന ചോദ്യമുയർത്തുന്നു. അവൻ ആർദ്രവാനും, നീതിമാനും, ദിവ്യരഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനും, സൃഷ്ടിക്കു മുമ്പേ തിരഞ്ഞെടുക്കപ്പെട്ടവനും, സകല ആത്മാക്കളേക്കാളും ഉന്നതനും, സാർവത്രിക ന്യായവിധി നടത്തുവാൻ അധികാരം ലഭിച്ചവനുമാണ് (ഹാനോക്ക് 46–47).

ഇവിടെ വിവരിക്കുന്നതു ദാനിയേൽ പ്രവചനത്തിൽ നൽകിയിട്ടുള്ള അർത്ഥത്തിലാണോ? ഇവിടെ രണ്ടിടത്തും കാണുന്നത് അവൻ ഭൂമിയിൽ നിന്നുള്ളവനല്ല; സ്വർഗത്തിൽനിന്നു മേഘാരൂഢനായി വരുന്നവനാണ്. യിസ്രായേൽ ജനതയുടെ പ്രതീകമെന്നതിനേക്കാൾ, യുഗാന്ത്യത്തിൽ പ്രത്യക്ഷപ്പെടുന്ന സർവാധിപതിയും വിധികർത്താവുമാണ്.

മേൽക്കാണിച്ച പരാമർശങ്ങളിൽ നിന്ന് മനസ്സിലാകുന്നത് ഈ പേരിന്റെ അർത്ഥത്തിന് വളർച്ചയും വ്യാപ്തിയും കൈവന്നു എന്നാണല്ലോ. പ്രഥമ ശ്രവണത്തിൽ തോന്നുന്ന അർത്ഥത്തേക്കാൾ ആഴവും വ്യാമിശ്രതയും ഒന്നാം നൂറ്റാണ്ടിൽ അതിനുണ്ടായിരുന്നു.

'മനുഷ്യപുത്രൻ' ദൈവജനത്തെ അവരുടെ ശ്രേഷ്ഠാനുഭവത്തിൽ പ്രതിനിധീകരിക്കുന്നവനാണ്; അതേസമയം യിസ്രായേലിനെ ഉദ്ധരിക്കുവാനും വിമോചിപ്പിക്കുവാനും നിയുക്തനാണ്. അവൻ അഭൗമികനും,

ദിവ്യനും, ആത്മീകപ്രഭാവമുള്ളവനുമാകുന്നു. ഈ പറഞ്ഞവയുടെ അടിസ്ഥാനത്തിൽ സമവീക്ഷണ സുവിശേഷങ്ങളിലേക്ക് നാം തിരിയണം. കർത്താവ് എപ്പോഴും സ്വയം വിശേഷിപ്പിക്കുന്നത് ആ പേരിലാണ്. കാരണം അതു ശ്രോതാക്കളെ ചിന്തിപ്പിക്കുവാനും അവരുടെ ആലോചനയെ തട്ടിയുണർത്തുവാനും പര്യാപ്തമായിരുന്നു. അവിടുത്തെ ശുശ്രൂഷയുടെ രഹസ്യം എന്തെന്നു കണ്ടുപിടിക്കുവാൻ അതു പ്രേരണ നൽകി.

'മനുഷ്യപുത്രനായ' ഈ യേശു തികച്ചും ഭൗമികനായ ഒരുവനാണ്. മനുഷ്യത്വത്തിന്റെ പരിമിതിക്കുള്ളിൽ പ്രവൃത്തിച്ചവൻ. ഏറ്റവും വിനീതനായി ദാസരൂപം എടുത്തവൻ. കഷ്ടപ്പാടുകളും പീഡനവും സഹിച്ചവൻ. അതിദാരുണമായ ക്രൂശുമരണം വരെ ഏറ്റവൻ. അവൻ ജനങ്ങളെ മാനസാന്തരത്തിനായി ക്ഷണിക്കുന്നു. അവൻ തന്നെയല്ലേ ചരിത്രത്തിന്റെ പരിസമാപ്തി കൈവരുത്തുന്നവൻ? അവനോടുള്ള ബന്ധവും പ്രതികരണവുമാണു സകല മനുഷ്യരുടേയും ഭാഗധേയം കുറിക്കുന്നത്. 'മനുഷ്യപുത്രൻ' എന്ന സംജ്ഞ മനുഷ്യഹൃദയങ്ങളിൽ സമ്മിശ്രവികാരങ്ങളെ ഉണർത്തും. അസ്വസ്ഥതകളെ സൃഷ്ടിക്കും; ശരിയായ പ്രതികരണം അവരെ രക്ഷയിലേക്കു നയിക്കുകയും ചെയ്യും.

മേൽ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട പേരുകൾക്കു പുറമേ 'അബ്രഹാമിന്റെ സന്തതി', 'ആദാമിന്റെ സന്തതി' എന്നീ പേരുകളും സമവീക്ഷണ സുവിശേഷങ്ങളിൽ വിരളമായിട്ടുണ്ട്. മത്തായി ശ്ലീഹാ വംശാവലി വിവരണത്തിൽക്കൂടി (മത്താ. 1:2–17) യേശു അബ്രഹാമിന്റെ മകൻ എന്നു തെളിയിക്കയാണു ചെയ്തിരിക്കുന്നത്.

യഹൂദ പശ്ചാത്തലമുള്ള ക്രിസ്തീയ സഭാംഗങ്ങൾക്ക് എഴുതുന്ന മത്തായി, യേശുവിനെ അബ്രഹാമ്യ സന്തതി എന്നു ചൂണ്ടിക്കാണിക്കുന്നതിന്റെ ഔചിത്യം മനസ്സിലാക്കാവുന്നതേയുള്ളൂ. സാർവലൗകിക വീക്ഷണമുള്ള ലൂക്കോസ് വംശാവലി വിവരിച്ചുകൊണ്ട് യേശു 'ആദാമിന്റെ സന്തതി' എന്നു കാണിക്കുന്നു (ലൂക്കോ. 3:23–33). അതായത് യേശു നമ്മുടെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും, മാംസത്തിൽ നിന്നുള്ള മാംസവുമാകുന്നു. 'ആദാമിന്റെ സന്തതി' എന്നുള്ള പേരു സുവിശേഷത്തിലെങ്ങും ഉപയോഗിച്ചിട്ടില്ലെങ്കിലും ആദാമിനോടുള്ള ബന്ധം വെളിപ്പെടുത്തുന്ന പല ഭാഗങ്ങളുമുണ്ട്. യേശുവിന്റെ പ്രലോഭനങ്ങൾ തന്നെ ആദാമിന്റെ പ്രലോഭനങ്ങളുമായി സാമ്യമുള്ളവയാണ്.

സമവീക്ഷണ സുവിശേഷങ്ങളിൽ യേശുവിനെ വിവിധ പേരുകളിൽ കൂടി അവതരിപ്പിച്ചിരിക്കുന്നതു നാം കണ്ടു. യേശുവിനെ എബ്രായ പശ്ചാത്തലത്തിൽ ജനിച്ച ഒരു യഥാർത്ഥ മനുഷ്യനായും അതേസമയം ഭൗമികമായ ശക്തിയും, അധികാരവും ഉള്ള ഒരുവനായും, പ്രതീക്ഷക

ളുടെ എല്ലാം പൂർത്തീകരണവും, ചരിത്രത്തിന്റെ വിധാതാവും, യുഗാന്ത്യ സംഭവവുമായി യേശുവിനെ അവർ മനസ്സിലാക്കി. അവന്റെ സ്വഭാവം വ്യക്തമാണ്; മോചിക്കുന്നവനും സൗഖ്യമാക്കുന്നവനും, വാക്കിലും പ്രവൃത്തിയിലും ശക്തിയുള്ളവനുമാണ്. അവിടുന്നു ദൈവരാജ്യം സമുദ്ഘാടനം ചെയ്തു. അതു കൃപയുടെയും ന്യായവിധിയുടെയും സ്വഭാവത്തോടു കൂടിയതാകുന്നു. അതു ദാനമായി തരികയും നമ്മോടു ചിലത് ആവശ്യപ്പെടുകയും ചെയ്യുന്നു.

### ചോദ്യങ്ങൾ

1. 'യേശുക്രിസ്തു ആര്' എന്ന ചോദ്യത്തിന് ഇന്നത്തെ സമൂഹം നൽകുന്ന ഉത്തരങ്ങൾ എന്തെല്ലാം? അടിസ്ഥാനപരമായ ഉത്തരം എന്താണ്?
2. കൈസര്യ ഫിലിപ്യയിൽ വച്ചു പത്രോസ് ഏറ്റുപറഞ്ഞതിന് (മത്താ. 16:16–20) എന്തു പ്രാധാന്യം കല്പിക്കണം?
3. ഭാരതീയർക്ക് ക്രിസ്തുവിനെ എങ്ങനെ മനസ്സിലാക്കിക്കൊടുക്കുവാൻ നമുക്കു സാധിക്കും?
4. ഈ അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്ന വിവിധപേരുകളിൽ ഏതാണു പ്രധാനമെന്നു നിങ്ങൾക്കു തോന്നുന്നത്? കാരണം പറയുക.

## പാഠം 5

# യേശുവിന്റെ അത്ഭുതപ്രവൃത്തികൾ

❑ യേശുവിന്റെ പരസ്യശുശ്രൂഷയിൽ വലിയ പങ്ക് അത്ഭുതപ്രവൃത്തികൾക്കുണ്ട് ❑ അവയുടെ പ്രാധാന്യം ❑ യേശുവിന്റെ ആളത്വം വെളിപ്പെടുത്തുന്നു ❑ പ്രവചന പൂർത്തീകരണം ❑ യേശുവിന്റെ ദൗത്യം വെളിപ്പെടുത്തുന്നു ❑ അത്ഭുതങ്ങൾ എന്തെല്ലാം? ❑ അത്ഭുതങ്ങളിൽ വിശ്വസിക്കണമോ?

സുവിശേഷങ്ങളിൽ വലിയ ഒരു സ്ഥാനം യേശുവിന്റെ അത്ഭുത പ്രവൃത്തികൾക്കു നൽകിയിരിക്കുന്നു. സമവീക്ഷണ സുവിശേഷങ്ങളിൽ അത്ഭുതപ്രവൃത്തികൾ (mighty works) എന്നും യോഹന്നാന്റെ സുവിശേഷത്തിൽ 'അടയാളങ്ങൾ' (Signs) എന്നുമാണു വിശേഷിപ്പിച്ചിട്ടുള്ളത്. യേശുവിനെ സഭയുടെ ആരംഭകാലം മുതൽ അവതരിപ്പിച്ചിട്ടുള്ളത് അത്ഭുതങ്ങൾ പ്രവൃത്തിക്കുന്നവൻ എന്ന നിലയിലാണ്.

എന്താണ് അത്ഭുതപ്രവൃത്തി (miracle) എന്നു വിശേഷിപ്പിക്കുന്നത്? സാധാരണമല്ലാത്ത ഒരു സംഭവം: പ്രകൃതിനിയമങ്ങൾക്കതീതമായി സംഭ വിക്കുന്ന ഒന്ന്; അമാനുഷികമായ ശക്തി മൂലം ദൃശ്യമായി സംഭവിക്കുന്ന ഒരു പ്രവൃത്തി - ഇതെല്ലാമാണു നാം നൽകാറുള്ള വിശദീകരണം. യുക്തിയും ശാസ്ത്രവിജ്ഞാനവും അത്ഭുതങ്ങളെ വിലയിരുത്താൻ ശ്രമി ക്കുന്നു; പലതിനെയും ചോദ്യം ചെയ്യാനും. അന്ധവിശ്വാസങ്ങളെയും തെറ്റുധാരണകളെയും ദൂരീകരിക്കുവാൻ ഒട്ടുവളരെ അവ സഹായിച്ചിട്ടു ണ്ടെങ്കിലും, പ്രകൃതിയിലുള്ള പല പ്രതിഭാസങ്ങളും യുക്തിക്കും, ശാസ്ത്ര വിജ്ഞാനത്തിനും അപ്പുറമായി ഇന്നും നിലകൊള്ളുന്നു. വിശ്വാസത്തിന്റെ കണ്ണാടിയിൽക്കൂടി മാത്രമേ അവയെ മനസ്സിലാക്കാൻ കഴിയൂ.

യേശുവിന്റെ അത്ഭുതപ്രവൃത്തികൾ മനസ്സിലാക്കിത്തരുന്ന സത്യങ്ങൾ എന്തെല്ലാം?

1. യേശുവിന്റെ ആളത്വത്തിലേക്ക് അവ വിരൽ ചൂണ്ടുന്നു: തന്നിലുള്ള ദൈവത്വമാണ് അവയ്ക്കു നിദാനം. 'പിതാവ് എന്നിൽ വസിച്ചുകൊണ്ട് തന്റെ പ്രവൃത്തി ചെയ്യുന്നു' (യോഹ. 14:10). ദൈവപുത്രനെന്ന നിലയിൽ തനിക്കുള്ള അധികാരവും ശക്തിയും ദൃശ്യമാക്കുന്നു. അതേസമയം അവി ടുത്തെ പൂർണ മനുഷ്യത്വത്തെയും വെളിപ്പെടുത്തുന്നു. പിതാവിലുള്ള തന്റെ പരിപൂർണ വിശ്വാസവും, ആശ്രയവും അത്ഭുതപ്രവൃത്തികളുടെ പിമ്പിലുണ്ട് (യോഹ. 11:41). ലാസറിനെ ഉയിർപ്പിക്കുമ്പോൾ അവിടുത്തെ വിശ്വാസവും, പ്രാർത്ഥനയും നമുക്കു കാണാം. മനുഷ്യപുത്രനെന്ന നില യിൽ അവിടുന്നു പ്രകടമാക്കിയ പരിപൂർണവിശ്വാസം, അനുസരണം, ആശ്രയം ഇവയെല്ലാം അവിടുത്തെ അത്ഭുതങ്ങളിൽ നാം കാണണം.

ഉയരത്തിൽനിന്നു നമുക്കു സഹായം അയച്ചുതരികയോ, കൊണ്ടുതരി കയോ മാത്രമല്ല ചെയ്തത്; പിന്നെയോ നമ്മുടെ മനുഷ്യത്വത്തിന്റെ പരി മിതിയിലേക്ക് ഇറങ്ങിവന്ന്, സമ്പൂർണ്ണമനുഷ്യത്വം സ്വീകരിച്ചുകൊണ്ട് തന്റെ വിശ്വാസത്തിന്റെ ശക്തികൊണ്ട് അത്ഭുതങ്ങൾ പ്രവർത്തിക്കയത്രേ ചെയ്തത്. യേശുവിനെക്കുറിച്ചുള്ള അറിവിലും അവിടുത്തെ ദിവ്യസ്നേ ഹത്തിലും നാം വളരുമ്പോൾ മാത്രമേ അവിടുത്തെ അത്ഭുതപ്രവൃത്തിക ളെപ്പറ്റി നമുക്കു കൂടുതൽ ഗ്രഹിക്കാൻ കഴിയൂ.

2. പ്രവചനപൂർത്തീകരണമാണ്: നൂറ്റാണ്ടുകളായി യഹൂദജനം മ്ശീ ഹായുടെ ആഗമനത്തിനായി കാത്തിരിക്കയായിരുന്നു. പ്രവാചകന്മാർ മ്ശീ ഹായുടെ കാലത്തെക്കുറിച്ചു മുൻകൂട്ടി അറിയിച്ചു. അന്നു കുരുടന്മാർക്കു കാഴ്ച ലഭിക്കും; ബധിരർ കേൾക്കുമാറാകും; മുടന്തർ മാനിനെപ്പോലെ തുള്ളിച്ചാടും, ഊമർ സന്തോഷാധിക്യത്താൽ കീർത്തിക്കും: പ്രകൃതിയിൽ തന്നെ പല പരിവർത്തനങ്ങൾ സംഭവിക്കും: സാത്താന്റെ ആധിപത്യത്തിൽ

നിന്നു ലോകം വിമുക്തമാകും; ഇത്തരത്തിലുള്ള പ്രതീക്ഷകളാണ് അവർക്കുണ്ടായിരുന്നത് (യെശയ്യാ 26:18; 35:46; യെശയ്യാ 11:6; 55:7; യെഹസ്കേൽ 34:11).

വരുവാനുള്ള മ്ശീഹാ അവിടുന്നു തന്നെയാണെന്നു വെളിപ്പെടുത്തുന്നതായിരുന്നു നസറേത്തിലെ തന്റെ പ്രസംഗം. യെശ. 61:1-3 വരെയുള്ള പ്രവചനം വായിച്ചുകൊണ്ട്, 'ഇന്ന് ഈ തിരുവെഴുത്തിനു നിവർത്തി വന്നിരിക്കുന്നു' എന്നു പ്രസ്താവിച്ചു (ലൂക്കോ. 4:21). യോഹന്നാൻ സ്നാപകൻ രണ്ടു ശിഷ്യന്മാരെ യേശുവിന്റെ അടുക്കൽ അയച്ചുകൊണ്ട്, 'വരുവാനുള്ളവൻ നീ തന്നെയോ' എന്നു ചോദിക്കുമ്പോൾ, 'കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു, ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു. ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നതു യോഹന്നാനെ അറിയിപ്പിൻ' (മത്താ. 11:4-5) എന്നാണു മറുപടി നൽകിയത്.

3. ദൈവരാജ്യം സമാഗതമായി എന്നു തെളിയിക്കുന്നു: യേശുവിന്റെ സന്ദേശം 'ദൈവരാജ്യം സമാഗതമായിരിക്കുന്നു' എന്നായിരുന്നല്ലോ. അതിന്റെ തെളിവാണ് അവിടുന്നു ചെയ്ത അത്ഭുതപ്രവൃത്തികൾ. അവിടുത്തെ സന്ദേശത്തിന്റെ അനുബന്ധമായിട്ടല്ല, അവിഭാജ്യഘടകമായിട്ടാണ് അവയെ കാണേണ്ടത്. സ്വർണനാവുകാരനായ മാർ ഈവാനിയോസ് ഇതേപ്പറ്റി പറയുന്നത് 'യേശു തന്റെ ഉപദേശങ്ങൾകൊണ്ട് മാർഗമൊരുക്കുകയും, തുടർന്നുള്ള പ്രവർത്തനങ്ങൾക്കൊണ്ട് അവയെ സ്ഥിരീകരിക്കയും ചെയ്തു' എന്നത്രേ.

പരീശന്മാരോടുള്ള അവിടുത്തെ മറുപടിയിൽ പറയുന്നു 'ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം' (മത്താ. 12:28; ലൂക്കോ. 11:20). സാത്താനെതിരായുള്ള പ്രതിരോധം ആരംഭിച്ചു എന്നും അവന്റെ പരാജയം സുനിശ്ചിതമാണെന്നും അത്ഭുതപ്രവൃത്തികൾ തെളിയിക്കുന്നു. എഴുപതുശിഷ്യന്മാർ തിരിച്ചെത്തി അവർക്കു ഭൂതങ്ങളെ പുറത്താക്കാൻ കഴിഞ്ഞുവെന്നു സന്തോഷപൂർവ്വം പ്രസ്താവിക്കുമ്പോൾ കർത്താവു പറഞ്ഞത്, 'സാത്താൻ മിന്നൽപോലെ ആകാശത്തുനിന്നു വീഴുന്നതു ഞാൻ കണ്ടു' (ലൂക്കോ.10:17) എന്നാണ്. 'ബലവാനെ പിടിച്ചു ബന്ധിച്ച ശേഷം അവന്റെ വീടു കവർച്ച ചെയ്‌വാൻ വന്നിരിക്കുന്ന ബലമേറിയവൻ' യേശു തന്നെയെന്ന് സൂചിപ്പിക്കുന്നു (മത്താ. 12:29).

അത്ഭുതങ്ങളെ കേവലം ആശ്ചര്യപ്രവൃത്തികളായി കാണ്മാനല്ല പ്രത്യുത, ദൈവരാജ്യാഗമനത്തിന്റെ 'അടയാളമായും' തെളിവായും ഗ്രഹിക്കാനത്രേ. യോഹന്നാന്റെ സുവിശേഷത്തിൽ അതുകൊണ്ടുതന്നെ

'അടയാളം' എന്ന വാക്കാണ് ഉപയോഗിച്ചിട്ടുള്ളത്. ദൈവരാജ്യത്തിന്റെ രഹസ്യം മനസ്സിലാക്കിയിട്ടുള്ളവർക്കു മാത്രമേ അത്ഭുതങ്ങളെ ശരിയായ അർത്ഥത്തിൽ ഗ്രഹിപ്പാൻ കഴിയൂ.

മനുഷ്യരുടെ ജിജ്ഞാസ ശമിപ്പിക്കുവാനോ, അവരിൽ ആശ്ചര്യമുളവാക്കാനോ യേശു ഒരിക്കലും അത്ഭുതം പ്രവർത്തിച്ചിട്ടില്ല. പരീശന്മാരും സദൂക്യരും യേശുവിനെ സമീപിച്ച് 'ആകാശത്തുനിന്ന് അടയാളം കാണിപ്പാൻ' ആവശ്യപ്പെട്ടപ്പോൾ അവിടുന്ന് അതു നിരസിച്ചു. 'വക്രതയും കോട്ടവുമുള്ള തലമുറ അടയാളം അന്വേഷിക്കുന്നു' എന്നു മറുപടി നൽകി (മത്താ. 12:39; മർക്കോ. 8:11–12). അവിടുന്നു ചെയ്ത അത്ഭുതപ്രവൃത്തികൾ ദൈവത്തിന്റെ സ്നേഹത്തിലേക്കും കാരുണ്യത്തിലേക്കും വിരൽ ചൂണ്ടുന്നതും, വിശ്വാസത്തിലേക്കു നയിക്കുന്നതുമായിരുന്നു.

### അത്ഭുതങ്ങൾ ഏതെല്ലാം തരത്തിൽപ്പെടുന്നു?

പ്രധാനമായി മൂന്നു തരത്തിലുള്ളവ എന്നു കാണാം.

(1) സുഖപ്പെടുത്തുന്നവ. ഈ ഗണത്തിൽ പലതരത്തിലുള്ള സൗഖ്യദാനം കാണാം.

(a) ഭൂതബാധയിൽ നിന്ന് – സമവീക്ഷണ സുവിശേഷങ്ങളിൽ മാത്രമേ ഭൂതോച്ചാടനം കാണുന്നുള്ളു. ഭൂതബാധയെന്നു വിശേഷിപ്പിച്ചിരിക്കുന്നവ പലതും ഇന്നു മാനസികരോഗത്തിന്റെ വകഭേദങ്ങളായി വിശകലനം ചെയ്യാവുന്നതാണ്. അക്കാലത്ത് സകലരോഗങ്ങളും ഭൂതാവേശത്താലെന്നു സങ്കല്പിച്ചിരുന്നു. മനഃശാസ്ത്രവും വൈദ്യശാസ്ത്രവും വളർച്ച പ്രാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ധാരണയ്ക്കു മാറ്റം വന്നിട്ടുണ്ട്. എങ്കിലും പൈശാചിക ശക്തികളെ നിഷേധിക്കുവാൻ കഴിയാതവണ്ണം ഒരു യാഥാർത്ഥ്യമെന്നു സമ്മതിച്ചേ മതിയാവൂ. യേശുവിനു അവയുടെമേൽ ശക്തിയുണ്ടെന്നാണു നാം വിശ്വസിക്കേണ്ടത്.

(b) കുറ്റബോധത്തിൽനിന്നും, ആന്തരിക സംഘർഷത്തിൽനിന്നും ഉളവാകുന്ന രോഗത്തിൽനിന്ന് – ശാരീരികമായ പല രോഗങ്ങളുടേയും കാരണം മാനസികവും; ആത്മികവുമായ ഘടകങ്ങൾ ആയിരിക്കും. മാനസികസംഘർഷവും, കുറ്റബോധവും പലതരത്തിലുള്ള രോഗങ്ങളെ ഉളവാക്കുന്നു. അങ്ങനെയുള്ളവരെയും കർത്താവു സൗഖ്യമാക്കുന്നു. തളർവാതരോഗിയോടു യേശു പറഞ്ഞ വാക്കുകൾ ഇതു സ്പഷ്ടമാക്കുന്നതത്രേ. 'മകനേ, നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു' (മർക്കോ. 2:5). അവന്റെ ശാരീരിക സൗഖ്യം ലഭിക്കുന്നതിനു മുമ്പേ പാപമോചനം മൂലം ആത്മികവും, മാനസികവുമായ സൗഖ്യം അവൻ പ്രാപിക്കേണ്ടിയിരുന്നു. സൈക്കോ – സൊമാറ്റിക് ചികിത്സാപദ്ധതിയിൽ മാനസികവും, ആന്തരി

കവുമായ ഘടകങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടുണ്ട്.

(c) സാധാരണമായ, ശാരീരികരോഗങ്ങളിൽനിന്ന് - എല്ലാ തരത്തിലുള്ള രോഗികളെയും യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു; അവൻ അവരെ സൗഖ്യമാക്കുകയും ചെയ്തു. അവിടുന്നു വന്നത് എല്ലാത്തരം വ്യാധികളെയും നീക്കം ചെയ്യാനത്രേ. കുരുടർക്കു കാഴ്ച നൽകി: കുഷ്ഠരോഗിയെ സൗഖ്യമാക്കി; കൂനുള്ളവൾക്കു സ്വസ്ഥത നൽകി.

(2) അചേതന വസ്തുക്കളുടെമേൽ നടത്തിയിട്ടുള്ള അത്ഭുതങ്ങൾ

പ്രകൃതിവസ്തുക്കളുടെമേൽ നടത്തിയിട്ടുള്ള അത്ഭുതങ്ങൾ പലതുണ്ട്. കടലിന്മേൽ നടക്കുന്നത്, ഓളങ്ങളെ ശാന്തമാക്കുന്നത്, വെള്ളം വീഞ്ഞാക്കി രൂപാന്തരപ്പെടുത്തുന്നത്, അപ്പം വർദ്ധിപ്പിച്ചു പുരുഷാരത്തെ സംതൃപ്തരാക്കുന്നത്, മനുഷ്യലോകത്തിൽ മാത്രമല്ല, പ്രകൃതിയുടെമേലും ദൈവത്തിന് അധികാരവും കർത്തൃത്വവുമുണ്ടെന്നു ഇവ മൂലം തെളിയുന്നു. പ്രപഞ്ചത്തെ സൃഷ്ടിച്ചശേഷം വിദൂരനായി മാറിനില്ക്കുകയല്ല, അതിൽ എപ്പോഴും താൻ വ്യാപരിക്കുകയും നിയന്ത്രിച്ചു നയിക്കുകയും ചെയ്യുന്നു. പ്രപഞ്ചം മുഴുവൻ രൂപാന്തരം പ്രാപിച്ച്, 'പുതിയ ആകാശവും പുതിയ ഭൂമിയും' ഉളവാകുന്ന യുഗാന്ത്യ പരിണാമത്തിലേക്കു നമ്മുടെ ശ്രദ്ധ ആകർഷിക്കുകയും ചെയ്യുന്നു (റോമാ. 8:21 നോക്കുക).

(3) മരിച്ചവരെ ഉയിർപ്പിക്കുന്നത്.

മൂന്നു സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. (a) യായീറോസിന്റെ മകളെ ഉയിർപ്പിക്കുന്നത് (മർക്കോ. 5:22). (b) നയീൻ പട്ടണത്തിലെ വിധവയുടെ മകൻ (ലൂക്കോ. 7:11). (c) ബേഥാന്യയിലെ ലാസർ (യോഹ.11).

ഈ അത്ഭുതങ്ങൾ വെളിപ്പെടുത്തുന്നത് 'യേശുക്രിസ്തു പുനരുത്ഥാനവും ജീവനും ആകുന്നു' എന്നാണ്. പാപം മൂലം മരണം ലോകത്തിലേക്കു കടന്നുവന്നു. യേശുക്രിസ്തു വന്നതു പാപത്തെ നീക്കം ചെയ്യുവാനും മരണത്തിൽനിന്നു മനുഷ്യവർഗ്ഗത്തെ ഉദ്ധരിക്കുവാനുമത്രേ. അവസാനത്തെ ശത്രുവായ മരണത്തെയും (1 കൊരി. 15:26) നീക്കം ചെയ്തു നിത്യജീവന്റെ അനുഭവത്തിലേക്കു നമ്മെ കൊണ്ടുവരികയാണു ചെയ്തത്.

'പുതിയസൃഷ്ടി' എന്തായിരിക്കും എന്നതിലേക്കു നമ്മുടെ ധാരണയെ തിരിച്ചുവിടുന്നു. മരണം ഒരിക്കലും വാഴാത്ത സ്വർഗരാജ്യാനുഭവത്തിലേക്കാണു നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. നാം അമർത്യതയെ ധരിച്ചുകൊണ്ടു തേജസ്കരിക്കപ്പെട്ടവരായി അവന്റെ രാജ്യത്തിൽ നിത്യതയിൽ വാഴുമെന്നതിന്റെ മുൻകുറിയാണു ഈ അത്ഭുതങ്ങൾ.

## അത്ഭുതങ്ങൾ വിശ്വസനീയമോ?

ആധുനിക മനുഷ്യൻ അത്ഭുതങ്ങളെ ചോദ്യം ചെയ്യുന്നു. പ്രകൃതി നിയമങ്ങളെ അതിലംഘിക്കുന്നതാണ് അത്ഭുതങ്ങൾ. അതിനാൽ അവ സാധ്യമല്ല. ഇതിനു മറുപടി അഗസ്തീനോസിന്റെ വാക്കുകളത്രേ. 'അത്ഭുതങ്ങൾ പ്രകൃതിക്കു വിരുദ്ധമല്ല, പിന്നെയോ അറിയപ്പെട്ട പ്രകൃതിനിയമങ്ങൾക്കു നിരക്കാത്തതെന്നു മാത്രം' (Miracles are not contrary to nature, but to what is known of nature). പ്രകൃതിയെപ്പറ്റിയുള്ള നമ്മുടെ അറിവ് ഇന്നും എത്ര പരിമിതമാണെന്നോർക്കണം. 18-ാം നൂറ്റാണ്ടിൽ പ്രകൃതിനിയമങ്ങൾ എന്നു കരുതിയവയെ ഈ നൂറ്റാണ്ടിൽ മറികടന്നിട്ടുള്ള സംഭവങ്ങൾ പലതുണ്ട്.

യേശുവിന്റെ അത്ഭുതങ്ങൾ വിലയിരുത്തേണ്ടത് അവിടുത്തെ സ്വഭാവവും ആളത്വവും കണക്കിലെടുത്തുകൊണ്ടു വേണം. അവിടുത്തെപ്പറ്റിയുള്ള നമ്മുടെ അടിസ്ഥാനവിശ്വാസമെന്താണ്? അതിനെ ആശ്രയിച്ചാണ് അവിടുത്തെ അത്ഭുതങ്ങളിൽ വിശ്വസിക്കാൻ കഴിയുന്നത്. യേശു മനുഷ്യനായിത്തീർന്ന ദൈവപുത്രനെന്നു വിശ്വസിക്കുന്നുവെങ്കിൽ, തനിക്കു തുല്യനായി മറ്റാരെയും ചൂണ്ടിക്കാണിപ്പാനില്ലാത്ത വ്യക്തിത്വമായിരുന്നു തന്റേതെങ്കിൽ, അവിടുന്നു ചെയ്ത അത്ഭുതങ്ങൾ അവിശ്വസനീയങ്ങളല്ല. ഏറ്റം വലിയ അത്ഭുതമായ 'മനുഷ്യാവതാരം' (Incarnation) വിശ്വസിക്കാമെങ്കിൽ അവിടുന്നു ചെയ്ത പ്രവൃത്തികൾ വിശ്വസിക്കുവാൻ പ്രയാസമുണ്ടാവുകയില്ല.

### ചോദ്യങ്ങൾ

1. യേശുവിന്റെ അത്ഭുതപ്രവൃത്തികൾക്കുള്ള പ്രാധാന്യം എന്ത്?
2. അത്ഭുതപ്രവൃത്തികളെ എങ്ങനെ തരംതിരിക്കാം?
3. യേശുവിന്റെ അത്ഭുതങ്ങൾ എന്തുകൊണ്ട് വിശ്വസനീയങ്ങളാകുന്നു?
4. യേശു അത്തിയെ ശപിച്ച സംഭവം എങ്ങനെ വിശദീകരിക്കാൻ കഴിയും?

## പാഠം 6

# പുനരുത്ഥാനം: ഏറ്റം വലിയ അത്ഭുതം

പുനരുത്ഥാനം ❑ അതിന്റെ യാഥാർത്ഥ്യം ❑ ഉയർത്തുന്ന സംശയങ്ങൾ ❑ അവയുടെ മറുപടി ❑ എന്തുകൊണ്ട് വിശ്വസിക്കാം? ❑ പുനരുത്ഥാന ശരീരം

കഴിഞ്ഞ പഠനത്തിൽ യേശുവിന്റെ അത്ഭുതങ്ങളായിരുന്നു ചിന്താ വിഷയം. അവയേക്കാൾ ഏറ്റവും വലിയ അത്ഭുതത്തെക്കുറിച്ചാണ് ഇപ്പോൾ നാം ചിന്തിക്കുന്നത് – ക്രിസ്തുവിന്റെ പുനരുത്ഥാനം. സഭയുടെ അടിസ്ഥാനം പുനരുത്ഥാനത്തിലുള്ള വിശ്വാസമാണ്. അപ്പസ്തോല പ്രസംഗത്തിൽ മുന്തിനിന്ന വിഷയം അതുതന്നെ. പുതിയനിയമത്തിന്റെ ഓരോ ഭാഗത്തും ത്രസിച്ചുനിൽക്കുന്ന വലിയ സത്യം പുനരുത്ഥാനമാകുന്നു. പൗലോസ് പറയുന്നു, 'ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' (1 കൊരി. 15:14).

മരിച്ചവർ പലരും ജീവിപ്പിക്കപ്പെട്ടതായി വേദപുസ്തകത്തിൽ വായിക്കുന്നു. പുതിയനിയമത്തിൽ ലാസർ, നായീൻ പട്ടണത്തിലെ വിധവാപുത്രൻ, യായീറോസിന്റെ മകൾ എന്നിവർ അപ്രകാരം ഉയിർപ്പിക്കപ്പെട്ടവരാണ്. എന്നാൽ ക്രിസ്തുവിന്റെ പുനരുത്ഥാനം അതിൽനിന്നു വ്യത്യസ്തമാണ്. മേൽപറഞ്ഞവരൊക്കെ വീണ്ടും മരിച്ചു മണ്ണടിഞ്ഞവരായിത്തീർന്നു. യേശുവാകട്ടെ രൂപാന്തരം പ്രാപിച്ച്, മഹത്വീകരിക്കപ്പെടുകയാണു ചെയ്തത്. മനുഷ്യചരിത്രത്തിലെ നിസ്തുല സംഭവമാണത്. അതുകൊണ്ടുതന്നെ അതു സഭയുടെ വലിയ അവകാശവാദമായിത്തീർന്നു. അതോടൊപ്പം എതിരാളികളുടെ വലിയ ആക്രമണ വിഷയവും.

പുനരുത്ഥാനം, എപ്പോൾ, എങ്ങനെ നടന്നു എന്നതിനെപ്പറ്റി സുവിശേഷങ്ങൾ വിവരിക്കുന്നില്ല. ആരെങ്കിലും അതിനു ദൃക്സാക്ഷി ആയിരുന്നു എന്നും പറയുന്നില്ല. ആ സമയത്ത്, 'ഒരു വലിയ ഭൂകമ്പം ഉണ്ടായി' (മത്താ. 28:2) എന്നും, കബറിനെ സൂക്ഷിച്ച പടയാളികൾ ഭയചകിതരായി എന്നും മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അനേകർ കണ്ടു എന്നുള്ളതാണ് അനിഷേധ്യമായ വസ്തുത. ക്രിസ്തുവിന്റെ ശരീരം അതിലില്ലാതെ കല്ലറ ശൂന്യമായിട്ടാണ് അവിടെയെത്തിയവർ കണ്ടത്.

പുനരുത്ഥാന യാഥാർത്ഥ്യം ആരംഭംമുതൽ തന്നെ ചോദ്യം ചെയ്ത പലരുണ്ടായിരുന്നു. അവർക്കുള്ള മറുപടി എന്ന നിലയിലാണു പുതിയ നിയമത്തിൽ കാണുന്ന പല വിവരണങ്ങളും. മറ്റാരും കണ്ടില്ല. ശിഷ്യന്മാർ മാത്രമേ കണ്ടുള്ളു എന്ന വിമർശനത്തിനു മറുപടിയാണു പത്രോസ് നൽ

കുന്നത്. 'സകല ജനത്തിനുമല്ല, ദൈവം മുൻകൂട്ടി നിയമിച്ച സാക്ഷികളായി, അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ ശേഷം അവനോടു കൂടി തിന്നു കുടിച്ചവരായ ഞങ്ങൾക്കുതന്നേ, പ്രത്യക്ഷനാക്കിത്തന്നു' (അ. പ്ര. 10:41). അപ്പസ്തോലന്മാർ മൃതശരീരം മോഷ്ടിച്ചുകൊണ്ടുപോയി എന്നുള്ള വിമർശനത്തിനും മറുപടി മത്തായി ശ്ലീഹാ നൽകുന്നതായി കാണാം (മത്താ. 23:13cf.; 27:64). കബറിങ്കൽ പടയാളികളെ കാവൽ നിറുത്തിയ കാര്യം പറയുന്നു. ഉയിർപ്പിന്റെ യാഥാർത്ഥ്യം സംശയലേശമെന്യേ സ്ഥിതീകരിക്കുവാനാണ് യേശു ഭക്ഷണം കഴിച്ചതായും കൈകളും വിലാപ്പുറവും കാണിച്ചതായും രേഖപ്പെടുത്തിയിട്ടുള്ളത്.

## പുനരുത്ഥാനം എന്തുകൊണ്ടു വിശ്വസിക്കണം

യേശുവിന്റെ ജീവിതം ക്രൂശുമരണത്തോടു കൂടി അവസാനിച്ചെങ്കിൽ അതൊരു ദാരുണ പരാജയമാകുമായിരുന്നു. നിർദ്ദോഷിയായ ഒരുവൻ നിഷ്ഠൂരമായി കൊല ചെയ്യപ്പെട്ടുവെന്നു മാത്രം. നീതിയും സത്യവും, നന്മയും അവിടെ പരാജയമടയുകയായിരുന്നു; നല്ലവനും, സത്യവാനുമായ ദൈവം നിഷ്കാസിതനായിത്തീരുകയും. എന്നാൽ സുവിശേഷം സാക്ഷിക്കുന്നത് 'അന്ധകാരം പ്രകാശത്തെ പിടിച്ചടക്കിയില്ല' എന്നാണ് (യോഹ. 1:4). ക്രിസ്തു ജയാളിയായി മരണത്തെ പരാജയപ്പെടുത്തി ഉത്ഥാനം ചെയ്തു.

### 1. വിശ്വസനീയമായ സാക്ഷ്യമുണ്ട്

പുനരുത്ഥാനത്തെ സംബന്ധിച്ച് ഏറ്റം പുരാതനമായ രേഖ വി. പൗലോസിന്റേതാണ് (1 കൊരി. 15:3–20). 'എന്നെ ഭരമേൽപ്പിച്ച പരമപ്രധാനമായ കാര്യം ഞാൻ നിങ്ങളെ ഏൽപ്പിച്ചു. ആ സന്ദേശം ഇതാണ്, വേദലിഖിതങ്ങളിൽ കാണുന്നതുപോലെ ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും ചെയ്തു. വേദലിഖിതങ്ങളിൽ കാണുന്നതുപോലെ തന്നെ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. പത്രോസിനും, പിന്നീടു പന്ത്രണ്ട് അപ്പസ്തോലന്മാർക്കും പ്രത്യക്ഷനായി; അനന്തരം അവിടുത്തെ അനുയായികളായ അഞ്ഞൂറിൽപ്പരം ആളുകൾ ഒരുമിച്ചുകൂടിയിരിക്കുമ്പോൾ അവർക്കും പ്രത്യക്ഷനായി ഏറ്റവും ഒടുവിൽ അകാലജാതനെപ്പോലെയുള്ള എനിക്കും അവിടുന്നു പ്രത്യക്ഷപ്പെട്ടു.'

ഈ ഭാഗം ശ്രദ്ധാപൂർവ്വം പരിശോധിച്ചാൽ, നിലവിലിരുന്ന ഒരു വിശ്വാസപ്രമാണം അപ്പസ്തോലൻ ഉദ്ധരിക്കുകയായിരുന്നു എന്നു ബോധ്യമാകും. പ്രബലമായ ആ പാരമ്പര്യം സഭയിലേക്കു പരിവർത്തനം ചെയ്തവരെ എല്ലാം പഠിപ്പിച്ചിരുന്നു. അവിടെ എടുത്തു പറയുന്ന കാര്യം ഉത്ഥിനായ ക്രിസ്തു അനേകർക്ക് പ്രത്യക്ഷനായി എന്നാണ്. അവർ പലതര

ത്തിൽപ്പെട്ടവരാണ്. അവരിൽ പലരും സാക്ഷ്യം വഹിപ്പാൻ തക്കവണ്ണം അന്നും ജീവിക്കുന്നവരാണ്. അവരെല്ലാം തന്നെ ഭീഷണികളെ വകവെയ്ക്കാതെ ധൈര്യപൂർവ്വം ഉയിർപ്പിനെ സാക്ഷീകരിച്ചു. പത്രോസ്, സ്തേപ്പാനോസ്, പൗലോസ് എന്നിവരുടെ പ്രസംഗങ്ങളിൽ പ്രധാനമായി ഊന്നിപ്പറയുന്ന കാര്യം പുനരുത്ഥാനമാണ്. 'ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതും, ഞങ്ങൾ നോക്കിയതും, ഞങ്ങളുടെ കൈ തൊട്ടുനോക്കിയതുമായ' ജീവന്റെ വചനമാണ് അപ്പസ്തോലന്മാർ സാക്ഷിച്ചത്. സന്നദ്രിം സംഘത്തിന്റെ മുമ്പാകെ ധൈര്യപൂർവ്വം പത്രോസ് പ്രസ്താവിച്ചു. 'ജീവനായകനെ നിങ്ങൾ കൊന്നുകളഞ്ഞു. അവനെ മരിച്ചവരിൽ നിന്ന് ദൈവം എഴുന്നേൽപ്പിച്ചു; അതിനു ഞങ്ങൾ സാക്ഷികൾ ആകുന്നു' (അ. പ്ര. 3:15).

## 2. ഒഴിഞ്ഞ കല്ലറയും, അവിടുത്തെ ശരീരത്തെ ചുറ്റിയ തുണിയും

മേൽ പ്രസ്താവിച്ച പൗലോസിന്റെ പരാമർശത്തിൽ ഒഴിഞ്ഞ കല്ലറ (Empty Tomb) യെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ലാത്തതിനാൽ ആദ്യകാല പാരമ്പര്യത്തിൽ ഒഴിഞ്ഞ കല്ലറയെപ്പറ്റിയുള്ള വിശ്വാസം സ്ഥാനം പിടിച്ചിരുന്നില്ല എന്നു ചിലർ ചൂണ്ടിക്കാണിക്കുന്നു. അതു ശരിയല്ല. മൂന്നു സുവിശേഷങ്ങളും അതേപ്പറ്റി പറയുന്നു (മർക്കോ. 16:4-5; ലൂക്കോ. 24:2-3; യോഹ. 20: 5-8).

പത്രോസും യോഹന്നാനും കല്ലറയിലേക്ക് ഓടി അകത്തു പ്രവേശിച്ചു. അവർ 'ശീലകൾ കിടക്കുന്നതും, അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ ശീലകളോടുകൂടെ കിടക്കാതെ വേറിട്ട് ഒരിടത്തു ചുരുട്ടിവച്ചിരിക്കുന്നതും കണ്ടു' (യോഹ. 20:7). ഒഴിഞ്ഞ കല്ലറയും, മൃതശരീരത്തിൽ പൊതിഞ്ഞ തുണിയും കണ്ടിട്ട് 'വിശ്വസിച്ചു' എന്നാണു രേഖപ്പെടുത്തിയിട്ടുള്ളത്. ശരീരം ആരും എടുത്തുകൊണ്ടുപോയതല്ല എന്നും, തുണിക്കുള്ളിൽനിന്നു മറ്റൊരവസ്ഥയിലേക്കു ശരീരം രൂപാന്തരപ്പെടുകയാണു ചെയ്തതെന്നും അവർക്കു ബോധ്യമായി.

## 3. ഞായറാഴ്ച ആചരണം

അപ്പസ്തോലന്മാരും ആദിമശിഷ്യന്മാരും യഹൂദമതത്തിൽ അടിയുറച്ചവരായിരുന്നു. ശാബതാചരണത്തിൽ വളരെ നിഷ്ഠയുള്ള ഒരു പാരമ്പര്യമാണ് അവരുടേത്. അതു വിട്ടിട്ട് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ 'കർത്തൃദിവസമായും' ആരാധനയ്ക്കുള്ള ദിവസമായും ആചരിക്കാൻ തുടങ്ങിയത് നിശ്ചമായും ഉയിർപ്പിലുള്ള വിശ്വാസം മൂലമാണ്. അപ്പസ്തോലിക സമൂഹം ഞായറാഴ്ച ആചരിച്ചിരുന്നു എന്നതിനു വ്യക്തമായ തെളിവുണ്ട്.

'ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ (ഞായറാഴ്ച) അപ്പം നുറുക്കുവാൻ ഒന്നിച്ചുകൂടിയപ്പോൾ' (അ. പ്ര. 20:7) എന്നു കാണാം. ഉത്ഥിതനായ കർത്താവു ശിഷ്യന്മാർക്കു പ്രത്യക്ഷനായത് അവർ ഉയിർപ്പിന്റെ എട്ടാം ദിവസം ഒരുമിച്ചുകൂടി ഇരിക്കുമ്പോഴാണ് (യോഹ. 20:26; 1 കൊരി. 16:2; വെളി. 1:10 കാണുക). ഉയിർപ്പ് ഒരു യാഥാർത്ഥ്യമല്ലായിരുന്നെങ്കിൽ ഞായറാഴ്ച ദിവസം ആരാധനയ്ക്കുള്ള ദിവസമായി മാറ്റുമായിരുന്നില്ല.

### 4. സഭയുടെ ഉത്ഭവം

ഏറ്റവും വലിയ തെളിവു ക്രിസ്തീയ സഭയുടെ ഉത്ഭവവും നിലനില്പുമാണ്. കർത്താവിന്റെ ക്രൂശുമരണം ശിഷ്യന്മാരെ ഭഗ്നാശരാക്കി. അവരെല്ലാം ഭയചകിതരായി പലായനം ചെയ്തു. അവരുടെ പ്രതീക്ഷകളും വിശ്വാസങ്ങളുമെല്ലാം മണ്ണടിഞ്ഞു. എന്നാൽ അവരെ വീണ്ടും ഒരുമിച്ചു ചേർത്തതും ഒരു പുതിയ സമൂഹമായി നിലകൊള്ളാൻ പ്രേരിപ്പിച്ചതും പുനരുത്ഥാന യാഥാർത്ഥ്യമാണ്. പീഡനവും സമ്മർദ്ദങ്ങളും ഭീഷണികളും എല്ലാം ഉണ്ടായിട്ടും അവർ ധൈര്യപൂർവ്വം നിലകൊണ്ടു. അവരുടെ വിശ്വാസവും ഉറപ്പും സമൂഹത്തിൽ പ്രകമ്പനം കൊള്ളിക്കത്തക്കതായിരുന്നു. 'ഇവർ ലോകത്തെ കീഴ്മേൽ മറിക്കുന്നവരെന്നു' മറ്റുള്ളവർ സാക്ഷിപ്പാൻ തക്കവണ്ണം അവരുടെ ധൈര്യവും വിശ്വാസവും അത്ര ശക്തമായിരുന്നു. അതിനുള്ള കാരണം, ജീവിക്കുന്ന ക്രിസ്തുവിൽ വിശ്വസിച്ചു എന്നുള്ളതാണ്.

### 5. പുതിയനിയമത്തിന്റെ ഉത്ഭവം

ക്രൂശിൽ മരണമടഞ്ഞ ഒരു രക്തസാക്ഷി മാത്രമായിരുന്നു യേശുവെങ്കിൽ യേശുവിനെ സംബന്ധിച്ചുള്ള ഈ രേഖകൾ ക്രോഡീകരിക്കാൻ ആരും തുനിയുമായിരുന്നില്ല. ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തുവിലുള്ള വിശ്വാസമാണു പുതിയനിയമ എഴുത്തുകാരെ സ്വാധീനിച്ചിട്ടുള്ളത്. ഡെന്നി പറയുന്നത്: 'പുതിയനിയമത്തിന് അതും ഇതുമല്ല അടിസ്ഥാനം; ഒഴിഞ്ഞ കല്ലറയെപ്പറ്റിയുള്ള കഥയുമല്ല; യറുശലേമിലും ഗലീലയിലും യേശു പ്രത്യക്ഷപ്പെട്ട വസ്തുതയുമല്ല (പുനരുത്ഥാനത്തിന്റെ പ്രാഥമിക തെളിവ് അതാണ്). പിന്നെയോ പുതിയനിയമം തന്നെയാണ് ഏറ്റവും വലിയ തെളിവ്. ആദിയോടന്തം അതിൽ ത്രസിച്ചുനിൽക്കുന്ന ജീവൻ, അതിന്റെ പേജുകൾ നാം വായിക്കുമ്പോൾ നമ്മെ ആശ്ചര്യം കൊണ്ടു നിറയ്ക്കുന്ന ആ ജീവൻ തന്നെയാണ് ഉത്ഥിതനായ രക്ഷകൻ നമ്മിൽ പകർന്നിരിക്കുന്നത്.'

### പുനരുത്ഥാനത്തിന്റെ അർത്ഥവും പ്രസക്തിയും

യേശുവിന്റെ ദൈവത്വം തെളിയിക്കുന്നതിനുള്ള ഒരു മുഖാന്തരമായി

മാത്രമല്ല പുനരുത്ഥാനത്തെ വീക്ഷിക്കേണ്ടത്. അതു നമ്മുടെ രക്ഷാ രഹസ്യമാണ്. നമ്മുടെ രക്ഷയെപ്പറ്റി ചിന്തിക്കുമ്പോൾ യേശുവിന്റെ മരണത്താൽ നമുക്കു വിമോചനവും രക്ഷയും ഉണ്ടായി എന്നു പറയാറുണ്ട്, ഉയിർപ്പിനെ പറ്റി പരാമർശിക്കാതെ അതു തെറ്റാണ്. മരണവും ഉയിർപ്പും രണ്ടു സംഭവങ്ങളാണെങ്കിലും ഒരേ രക്ഷാപ്രവൃത്തിയാണ്. മരണത്തിനാലും ഉയിർപ്പിനാലും അത്രേ നമുക്കു ജീവനും രക്ഷയും ലഭ്യമായത്. ഒരു നാണയത്തിന്റെ രണ്ടുവശം പോലെ അവ അവിഭാജ്യമാണ്. മരണവും ഉയിർപ്പും ഒരുമിച്ചു മാത്രമേ ചിന്തിക്കാൻ കഴിയൂ. കർത്താവ് എപ്പോഴും അങ്ങനെയാണു പ്രസ്താവിച്ചിട്ടുള്ളത്.

പുനരുത്ഥാനം മൂലമാണ് യേശു യഥാർത്ഥത്തിൽ മ്ശീഹാ തന്നെയെന്ന് അപ്പസ്തോലന്മാർ വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ടത്. 'മരിച്ചിട്ട് ഉയിർത്തെഴുന്നേൽക്കുകയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തു' (റോമ. 1:5). പുനരുത്ഥാനം ഒറ്റപ്പെട്ട ഒരു സംഭവമല്ല. വിശ്വാസികൾക്ക് അതുമൂലം ക്രിസ്തുവിനോടു ഐക്യപ്പെടുവാനും പുനരുത്ഥാന ജീവൻ അനുഭവിക്കാനും സംഗതി വരുന്ന യാഥാർത്ഥ്യമാണ്.

### ചോദ്യങ്ങൾ

1. പുനരുത്ഥാനത്തെ ഖണ്ഡിക്കുന്ന ചില വാദങ്ങൾ യുക്തിവാദികളും മറ്റും ഉയർത്തുന്നു. അവയ്ക്കെങ്ങനെ മറുപടി നൽകാം?
2. പൗരസ്ത്യസഭകൾ ഉയിർപ്പു പെരുന്നാളിനു വലിയ പ്രാധാന്യം കൽപ്പിക്കുന്നു. കാരണങ്ങൾ കണ്ടുപിടിക്കുക?
3. ഉയിർപ്പിന്റെ കാതലായ സന്ദേശമെന്ത്? ഇന്നത്തെ സമൂഹത്തിൽ അതിന് എത്രമാത്രം പ്രസക്തിയുണ്ട്.

## യൂണിറ്റ് 4

# യോഹന്നാന്റെ സുവിശേഷം

### പാഠം 1

## സുവിശേഷകനും പശ്ചാത്തലവും

സുവിശേഷത്തിന്റെ ഗ്രന്ഥകാരൻ ❑ ബാഹ്യവും ആന്തരികവുമായ തെളിവുകൾ ❑ നിഗമനം ❑ രണ്ടു പശ്ചാത്തലങ്ങൾ ❑ യഹൂദ പശ്ചാത്തലവും യവന പശ്ചാത്തലവും

സമവീക്ഷണ സുവിശേഷങ്ങൾ പഠിച്ചശേഷം വി. യോഹന്നാന്റെ സുവിശേഷത്തിലേക്കു നാം കടക്കുമ്പോൾ ഒരു പുതിയ അനുഭവമാണുണ്ടാവുക. പ്രഥമ ദൃഷ്ടിയിൽ വളരെ ലളിതമെന്നു തോന്നാമെങ്കിലും വളരെ പ്രൗഢവും ഗഹനവുമായ ആശയങ്ങളാണു ഇതിൽ അനാവരണം ചെയ്തിട്ടുള്ളത്. പുതിയനിയമ പുസ്തകങ്ങളിൽ യേശുക്രിസ്തുവിനെ സംബന്ധിച്ച് ഇത്രയും പ്രദീപ്തമായ ചിന്ത മറ്റൊന്നിലുമില്ല. ഭാരതീയ ദാർശനികർ ഏറ്റവും വിലമതിക്കുന്നതും, അവർ അധികമായി ഉദ്ധരിക്കുന്നതും ഈ സുവിശേഷത്തിൽ നിന്നാണ്. സമവീക്ഷണ സുവിശേഷങ്ങളിൽ നിന്നു പല വിധത്തിലും ഇതു വ്യത്യാസപ്പെട്ടിരിക്കുന്നു. ഈ വ്യത്യാസം പ്രാരംഭകാലം മുതൽ തന്നെ സുവിശേഷ പഠിതാക്കളെ ആകർഷിച്ചിട്ടുള്ളതാണ്.

ആരാണു ഗ്രന്ഥകാരൻ? പാരമ്പര്യമായി വിശ്വസിച്ചുപോരുന്നതു സെബദിപുത്രനും യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനുമായ യോഹന്നാൻ ആണെന്നത്രേ. പുരാതന ശിഷ്യന്മാരുടെ സാക്ഷ്യം ഈ വിധത്തിലാണ്. സ്മുർണായിലെ ബിഷപ്പും, അപ്പസ്തോല ശിഷ്യനുമായ പോളിക്കർപ്പോസ് (എ. ഡി. 60–155) രേഖപ്പെടുത്തിയിട്ടുള്ളത് ഇത് യോഹന്നാന്റെ കൃതിയെന്നാണ്. ഐറേനിയസ് (എ. ഡി. 180) എഴുതുന്നു: 'കർത്താവിന്റെ മാർവിൽ ചാരിയിരുന്നവനായ യോഹന്നാൻ എന്ന ശിഷ്യനാണ് ഇതെഴുതിയത്.' അന്ത്യോഖ്യായിലെ തെയോഫിലോസ് (എ. ഡി. 180), അലക്സാണ്ഡ്രിയായിലെ ക്ലെമന്റ് (150–215), ഓറിഗൻ (186–254), തെർത്തുല്യൻ (160–240), ജറോം (342–419) ഇവരെല്ലാം ഇതേ സാക്ഷ്യമാണു നൽകിയിട്ടുള്ളത്.

### ആന്തരികമായ തെളിവുകൾ

സുവിശേഷത്തിനുള്ളിൽ തന്നെ സ്വീകാര്യമായ പല തെളിവുകളുണ്ട്.

1. യോഹ. 21:24. എഴുത്തുകാരൻ അവകാശപ്പെടുന്നു: 'ഈ ശിഷ്യൻ ഇതിനെക്കുറിച്ചു സാക്ഷ്യം പറയുന്നവനും, ഇതു എഴുതിയവനും, ആകുന്നു. അവന്റെ സാക്ഷ്യം സത്യമെന്നു ഞങ്ങൾ അറിയുന്നു.'

2. എഴുത്തുകാരൻ യഹൂദ മതാനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും റബിമാരുടെ വ്യാഖ്യാനങ്ങളും എല്ലാം പരിചയമുള്ള വ്യക്തിയാണ് (5:10; 7:22 f, 51; 8:17 ഇവ കാണുക). മാത്രമല്ല ഭാഷാശൈലിയും സെമിറ്റിക് പശ്ചാത്തലം വെളിപ്പെടുത്തുന്നു.

3. പലസ്തീന്റെ ഭൂമിശാസ്ത്രവും, അവിടുത്തെ സ്ഥലങ്ങളെക്കുറിച്ചുള്ള അറിവും, എഴുത്തുകാരൻ അവിടെ ജനിച്ചുവളർന്ന ഒരു വ്യക്തിയാണെന്നു കാണിക്കുന്നു.

4. സമവീക്ഷണ സുവിശേഷങ്ങളിലെ ചില വിവരണങ്ങൾ ഈ എഴുത്തുകാരൻ തിരുത്തുന്നതായി കാണാം. ഉദാഹരണമായി, കർത്താവു ശിഷ്യന്മാരുമായി അത്താഴം കഴിച്ചതു യഹൂദന്മാരുടെ പെസഹായുടെ തലേരാത്രിയിലായിരുന്നു എന്ന് ഇതിൽ തിരുത്തുന്നു. അതേപ്പറ്റി നേരിട്ടു ബോധ്യമുള്ളതിനാലായിരിക്കണം ഇപ്രകാരം ചെയ്യുന്നത്.

5. 'കർത്താവു സ്നേഹിച്ച ശിഷ്യൻ' എന്ന് ഇതിൽ വിശേഷിപ്പിച്ചിട്ടുള്ള വ്യക്തി തന്നെയാണു ഇതിന്റെ എഴുത്തുകാരൻ. അതു യോഹന്നാൻ ആകുന്നു. യോഹ. 13:23; 19:26; 20:2; 21:7; 21:20 ഈ ഭാഗങ്ങളിലാണു കർത്താവു സ്നേഹിച്ച ശിഷ്യനെപ്പറ്റി പരാമർശിക്കുന്നത്.

മറ്റ് അപ്പസ്തോലന്മാരെപ്പറ്റി പരാമർശമുണ്ടെങ്കിലും യോഹന്നാന്റെ പേരു മനഃപൂർവ്വം പ്രസ്താവിക്കാതിരിക്കുന്നു. അത് യോഹന്നാൻ തന്നെ എഴുത്തുകാരനായതു കൊണ്ടാവാം. സ്നാപകനെപ്പറ്റി പറയുമ്പോൾ സമവീക്ഷണ സുവിശേഷങ്ങളിൽ 'യോഹന്നാൻ സ്നാപകൻ' എന്നു വിശേഷിപ്പിക്കുന്നു. അതു യോഹന്നാൻ എന്നു കർത്തൃശിഷ്യനിൽ നിന്നു മാറ്റിക്കാണിക്കാനാണ്. എന്നാൽ നാലാം സുവിശേഷത്തിൽ 'സ്നാപകൻ' എന്ന വിശേഷണം കൂടാതെയാണ്. കാരണം എഴുത്തുകാരൻ യോഹന്നാൻ തന്നെ ആയതുകൊണ്ടായിരിക്കാം.

മേൽപ്പറഞ്ഞ തെളിവുകളെയെല്ലാം അവഗണിച്ചുകൊണ്ട് ഇതിന്റെ എഴുത്തുകാരൻ സെബദി പുത്രനായ യോഹന്നാനല്ല എന്നു വാദിക്കുന്നവരുണ്ട്. ഉള്ളടക്കത്തിന്റെ സ്വഭാവം പരിശോധിച്ചിട്ട് അവർ ചൂണ്ടിക്കാണിക്കുന്നത്: ഇതിലെ ആശയങ്ങൾ യോഹന്നാന്റെ കാലത്തേതായിരിക്കാനിടയില്ല, ജ്ഞാനവാദത്തിന്റെ ഉപദേശങ്ങളെ ഇതിൽ ഖണ്ഡിക്കുന്നതുകൊണ്ട് രണ്ടാം നൂറ്റാണ്ടിൽ മാത്രം രചിക്കപ്പെട്ടതാണ്. യവനമതത്തോടും, തത്ത്വചിന്തയോടുമുള്ള അടുപ്പം ഇതിൽ കാണുന്നു. അതു യോഹന്നാനു സാധ്യ

മല്ലല്ലോ എന്നും വാദിക്കുന്നു. മാത്രമല്ല യോഹന്നാന്റെ കൃതി എന്നു ബോധ്യമുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ടാണ് ആദിമസഭയിൽ ഇതിനു വലിയ അംഗീകരണം കിട്ടാതിരുന്നത്. അതിനുള്ള മറുപടി, ജ്ഞാനവാദികളായ വേദവിപരീതികൾക്ക് ഈ സുവിശേഷം വളരെ പ്രിയങ്കരമായി എടുക്കുകയാൽ ആദിമസഭ അൽപം കരുതൽ എടുത്തു എന്നേയുള്ളു.

ജ്ഞാനവാദം ഒന്നാം നൂറ്റാണ്ടിൽ തന്നെ അതിന്റെ ആരംഭം കുറിച്ചിട്ടുണ്ട്. കൊലോസ്യ ലേഖനത്തിൽ പൗലോസ് അതിനെ ഖണ്ഡിക്കുന്നതായി കാണാം. യവന മതത്തിലെ ആശയങ്ങൾ പലസ്തീനിൽ സ്വാധീനം ചെലുത്തിയിരുന്നു എന്നു കുമ്റാൻ ചുരുളുകൾ സാക്ഷിക്കുന്നുണ്ട്. ഒരു കാലത്തു സുവിശേഷം യോഹന്നാന്റെ കൃതി അല്ല എന്നു വാദിക്കുന്നത് ഒരു 'ഫാഷൻ' പോലെ ആയിരുന്നു. ഇന്നു കാറ്റു മാറിയിട്ടുണ്ട്. സുവിശേഷം ഇന്നത്തെ രൂപത്തിൽ എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ചതു യോഹന്നാന്റെ ശിഷ്യന്മാരിൽപ്പെട്ട ആരെങ്കിലും ആകാം. എന്നാൽ ഇതിന്റെ മുഖ്യമായ എല്ലാ ഭാഗങ്ങളും ആശയങ്ങളും യോഹന്നാനിൽ നിന്നു തന്നെയാണെന്ന് ഇന്നു പൊതുവെ സമ്മതിക്കുന്നു.

### എഴുതിയ കാലം

ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ (96–100) എന്നു കരുതാം. എ.ഡി. 150–നോട് അടുത്തു ഇത് ഈജിപ്തിൽ പ്രചാരത്തിൽ ഇരുന്നു എന്നു 1955–ൽ കണ്ടെടുത്ത കയ്യെഴുത്തുപ്രതി തെളിയിക്കുന്നു. പുതിയനിയമത്തിന്റെ ഏറ്റം പുരാതനമായ കയ്യെഴുത്തുപ്രതി (സുവിശേഷം മുഴുവനുമില്ല) ഇതത്രേ. ഏഷ്യാമൈനറിൽ നിന്ന് ഈജിപ്തു വരെ ഈ സുവിശേഷം പ്രചാരത്തിൽ എത്തണമെങ്കിൽ പ്രസിദ്ധീകരിച്ചു കുറെ വർഷങ്ങൾ ആയിരിക്കണം. അതുകൊണ്ടു മുകളിൽ കൊടുത്ത കാലം ഏറ്റവും സ്വീകാര്യമാണ്.

### എഴുത്തുകാരന്റെ പശ്ചാത്തലം

ഇതര സുവിശേഷങ്ങളിൽ നിന്നുള്ള വ്യത്യാസം ഇതിന്റെ പശ്ചാത്തലത്തിലും പ്രകടമാണ്. സമവീക്ഷണസുവിശേഷങ്ങളിൽ ചിലതെങ്കിലും എഴുത്തുകാരൻ കണ്ടിട്ടുണ്ട്. അല്ലാത്തപക്ഷം അവയുടെ പിമ്പിലുള്ള പാരമ്പര്യങ്ങളുമായി ആഭിമുഖ്യമുണ്ടായിരുന്നു എന്ന് അനുമാനിക്കാം. ഈ സുവിശേഷത്തിന്റെ വേരുകൾ ഇറങ്ങിച്ചെല്ലുന്നതു പലസ്തീന്റെ മണ്ണിലേക്കു തന്നെ; വളവും വെളിച്ചവും സ്വീകരിച്ചിട്ടുള്ളത് യഹൂദമതത്തിൽ നിന്നും. എങ്കിലും യവന തത്വചിന്തയോടും, ദാർശനിക മേഖലയോടും വളരെ അടുപ്പം പുലർത്തുന്നതായി പ്രാരംഭ ഭാഗം പോലെ മറ്റു ഭാഗങ്ങളും സൂചിപ്പിക്കുന്നു. യഥാർത്ഥത്തിൽ ഈ സുവിശേഷം എബ്രായ പാരമ്പര്യത്തോടും യവന ചിന്താമണ്ഡലത്തോടും ബന്ധം പുലർത്തുന്നു.

### 1. എബ്രായ പശ്ചാത്തലം

എഴുത്തുകാരൻ പഴയനിയമത്തോടു വളരെ കടപ്പെട്ടിട്ടുണ്ട്. നേരിട്ടുള്ള ഉദ്ധരണികൾ വിരളമെങ്കിലും, യഹൂദ ന്യായപ്രമാണവും, അതിലെ അനുഷ്ഠാനവിധികളും നന്നായിട്ടറിഞ്ഞിരുന്നു. യഹൂദമതത്തിലെ പെരുന്നാളുകൾ സുപരിചിതമെന്നു മാത്രമല്ല ക്രിസ്തു സംഭവം, ആ പെരുന്നാളുകളുടെ പശ്ചാത്തലത്തിലാണു സംവിധാനം ചെയ്തിരിക്കുന്നത്. പെസഹ 2:23; 6:4; 13:1; 11:56; കൂടാരപ്പെരുന്നാൾ 7:2; പ്രതിഷ്ഠോത്സവം 10:22.

റാബിമാരുടെ വ്യാഖ്യാനങ്ങളും ഉപദേശങ്ങളും സുവിശേഷകനു പരിചിതങ്ങളാണ് (യോഹ. 8:56). നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു. നൂറ്റാണ്ടുകൾക്കു മുമ്പ് മ്ശിഹായുടെ കാലം അബ്രഹാം കണ്ടു എന്ന ആശയം റാബിമാരുടെ ചിന്തയോടു കടപ്പെട്ടിട്ടുള്ളതാണ്. ശാബതിൽ പരിഛേദന നടത്താമെന്നുള്ളത് (7:22f) ശാബതിൽ വഹിക്കാവുന്ന ഭാരം (5:10), കൂടാരപ്പെരുന്നാളിന്റെ ചടങ്ങുകൾ ഇവയൊക്കെ റാബിമാരുടെ പ്രബോധനങ്ങളെ പ്രതിധ്വനിപ്പിക്കുന്നു.

യേശു സ്വയമായി നടത്തുന്ന ചില പ്രസ്താവനകൾ ശ്രദ്ധേയമാണ്: 'ജീവനുള്ള വെള്ളം (4:11-15), ജീവന്റെ അപ്പം (6:35), ലോകത്തിന്റെ വെളിച്ചം' (8:12), ഈ വിശേഷണങ്ങളൊക്കെ ന്യായപ്രമാണത്തിന് യഹൂദജനം നൽകിയിട്ടുള്ളവയാണ്. ആ വിശേഷണങ്ങൾ യേശുവിന്റെ ദൗത്യത്തെ സൂചിപ്പിക്കുന്നവയായി സുവിശേഷകൻ കണ്ടു.

യഹൂദമതത്തിലെ 'അപ്പോക്കലിപ്റ്റിക്കൽ' കൃതികളുടെ ആശയങ്ങളുമായി സുവിശേഷകൻ പരിചയിച്ചിരുന്നു. യേശുവിനെ മ്ശീഹാ ആയിട്ടു മാത്രമല്ല, രാജാവും (തന്റെ രാജ്യം ഐഹികമല്ല) ആയി അവതരിപ്പിക്കുന്നു.

കുമ്റാൻ സന്യാസികളുടെ (ഏസ്സീന്യർ) ആശയങ്ങളുമായി സുവിശേഷത്തിനു ബന്ധമുണ്ട്. അവർ യഹൂദമതത്തിലെ ഒരു വിഭാഗമായിരുന്നല്ലോ. പ്രകാശത്തിന്റെ പുത്രന്മാർ, സത്യത്തിന്റെ ആത്മാവ്, പ്രകാശത്തിന്റെ നാഥൻ, അന്ധകാരത്തിന്റെ ദൂതൻ, വെളിച്ചവും അന്ധകാരവും തമ്മിലുള്ള താരതമ്യം ഇവയൊക്കെ കുമ്റാൻ കൃതികളിലുള്ളതാണ്. സുവിശേഷകന് ആ കൃതികളോടുള്ള ആഭിമുഖ്യം വളരെ പ്രകടമാണ്.

യഹോവയുടെ നാമത്തിനു വലിയ പ്രാധാന്യം യഹൂദമതത്തിൽ നൽകിയിരുന്നു. ആ നാമം ഉച്ചരിക്കുവാൻ പാടില്ലാത്ത നിഗൂഢമായ ഒന്നാണ് (ആവ. 32:39; യെശ. 42:8; 52:6 ഈ ഭാഗങ്ങൾ കാണുക). മോശയ്ക്കു വെളിപ്പെട്ടപ്പോൾ 'ഞാനാകുന്നവൻ ഞാനാകുന്നു' എന്നാണ് (പുറ. 3:14). സുവിശേഷത്തിൽ ഈ പേരു തന്നെ യേശുവും ഉപയോഗിക്കുന്നു. 'ഞാൻ

ആകുന്നു' എന്നു പല സുവിശേഷങ്ങളിൽ ആവർത്തിക്കുന്നു (യോഹ. 18:1–7 നോക്കുക).

മ്ശീഹായെപ്പറ്റി യഹൂദജനം പുലർത്തിയ പ്രതീക്ഷകൾ എപ്രകാരമായിരുന്നു എന്നു സുവിശേഷകൻ അറിഞ്ഞിരുന്നു. മ്ശിഹായുടെ ഉത്ഭവം അജ്ഞാതമായിരിക്കും (7:27). അവൻ അത്ഭുതങ്ങൾ പ്രവർത്തിക്കും (7:31). അവൻ ബേത്‌ലഹേമിൽ നിന്നു വരും (7:42). അവൻ എന്നേക്കും ഇരിക്കും (12:34). യഹൂദ വിശ്വാസത്തിൽ വേരൂന്നിയ ഒരാൾക്കു മാത്രമേ ഈ പ്രതീക്ഷകൾ പ്രതിഫലിപ്പിക്കുവാൻ കഴിയൂ. മേൽക്കാണിച്ച കാര്യങ്ങൾ തെളിയിക്കുന്നതു സുവിശേഷകൻ പലസ്തീന്റെ മണ്ണിൽ ജീവിച്ച ആളും ആ പശ്ചാത്തലത്തിൽ അടിയുറച്ച വ്യക്തിയുമെന്നാണ്.

### 2. യവന പശ്ചാത്തലം

ഒന്നാം നൂറ്റാണ്ടിൽ 'ഹെല്ലനിസ'ത്തിന്റെ (യവന സംസ്കാരം) സ്വാധീനം സാർവ്വത്രികമായിരുന്നു. പുതിയനിയമ കൃതികളിൽ പലതിലും ആ സ്വാധീനം പണ്ഡിതന്മാർ കണ്ടെത്താറുണ്ട്. യോഹന്നാന്റെ സുവിശേഷമാണ് അതിലൊന്ന്. കഴിഞ്ഞ തലമുറയിലെ പ്രൊട്ടസ്റ്റന്റ് പണ്ഡിതന്മാർ പലരും ഈ സുവിശേഷത്തെ യവന പശ്ചാത്തലത്തിൽ മാത്രമാണു സ്വീകരിച്ചിരുന്നത്. ഇപ്പോൾ യവനസ്വാധീനവും ഉണ്ടെന്നു മാത്രമേ പറയൂ. എന്താണ് യവന സ്വാധീനത്തിന്റെ അടയാളങ്ങൾ?

**(a) 'ലോഗോസി'നെപ്പറ്റിയുള്ള വിവരണം:** യോഹ. 1:1–14. 'ലോഗോസ്' (Logos) എന്ന ആശയം സ്റ്റോയിക്കരിൽ പ്രബലമാണ്. ഇത് അലക്സന്ത്രിയായിലെ യഹൂദ തത്ത്വചിന്തകനായ ഫൈലോ (ബി. സി. 20 – എ. ഡി. 50) സ്വീകരിക്കുകയും വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. ദൈവത്തെയും പ്രപഞ്ചത്തെയും തമ്മിൽ ബന്ധിക്കുന്ന മദ്ധ്യവർത്തിയായി ലോഗോസിനെ (വചനം) അദ്ദേഹം കണ്ടു. തിന്മ നിറഞ്ഞ പ്രപഞ്ചവുമായി പരമമായ ദൈവത്തിനു നേരിട്ടു ബന്ധമില്ല. ലോഗോസിൽക്കൂടിയാണു ബന്ധം. 'വചനം' ദൈവത്തിന്റെ മനസ്സിലെ ചിന്തയും ആ ചിന്തയുടെ പ്രതിധ്വനിയുമാണ്. ഈ ആശയങ്ങൾ സുവിശേഷത്തിന്റെ ആമുഖഭാഗത്തു കാണാമല്ലോ.

**(b) ജ്ഞാനത്തിന്റെ പ്രാധാന്യം:** യവന ചിന്താധാരയിൽ 'ജ്ഞാന'ത്തിനു വലിയ പ്രാധാന്യം കല്പിച്ചിരുന്നു. ജ്ഞാനവാദം (Gnosticism) തന്നെ അതിന്റെ വികാസ പരിണാമമാണ്. രക്ഷയ്ക്കു നിദാനം ജ്ഞാനമത്രേ. അത് കേവലം ബൗദ്ധികമല്ല അതിലുപരിയാണ്. യോഹന്നാന്റെ സുവിശേഷത്തിൽ ജ്ഞാനത്തിനു മുൻതൂക്കം നൽകിയിരിക്കുന്നു. 'ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു' (യോഹ. 17:37; 8:31–32;

10:14–15; 14:5–10 എന്നീ ഭാഗങ്ങളും കാണുക).

**(c) സത്യം:** ഈ ആശയം പ്ളേറ്റോയിലും മറ്റു യവന ദർശനങ്ങളിലും കാണാവുന്നതാണ്. പ്ളേറ്റോയുടെ ചിന്തയിൽ രണ്ടു ലോകങ്ങളാണ്. ഒന്ന് ആശയങ്ങളുടെ ലോകം (World of ideas) മറ്റതു ദൃശ്യപ്രപഞ്ചം. ഇവയിൽ യഥാർത്ഥമായിട്ടുള്ളത് ആദ്യത്തേതാണ്. അതത്രേ സത്യം. യോഹന്നാനിൽ 'സത്യം' എന്ന പദം 25 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (ചിലതു മാത്രം കാണുക. 4:23–24; 8:32; 17:17).

**(d) ജീവനും പ്രകാശവും:** ഇതും യവന സിദ്ധാന്തങ്ങളിൽ സ്ഥലം പിടിച്ചിട്ടുള്ളതാണ്. 'ജീവൻ' എന്ന പദം സുവിശേഷത്തിൽ ആദ്യാവസാനം മുന്നിട്ടുനിൽക്കുന്നു. അതുകൊണ്ടു 'ജീവന്റെ സുവിശേഷം' എന്നുപോലും ഇതിനെ വിശേഷിപ്പിക്കാറുണ്ട്. ലോകത്തിലേക്കു കടന്നുവന്നു ലോകത്തെ പ്രകാശിപ്പിക്കുന്ന സത്യവെളിച്ചവും പ്രധാന ആശയമാണ്.

ഇതുവരെ കണ്ടതു യവന ചിന്താധാരയുമായി സവിശേഷ സാധർമ്യം പുലർത്തുന്ന വസ്തുതയാണ്. സുവിശേഷത്തിന്റെ പല ആശയങ്ങളും പദങ്ങളും തത്ത്വങ്ങളും യവന ചിന്തയോടു ബന്ധമുള്ളതാണ്. സുവിശേഷകന്റെ വിജയം അവിടെയാണ് നാം മനസ്സിലാക്കേണ്ടത്. രക്ഷയുടെ സുവിശേഷം യഹൂദനു മാത്രമല്ല, മറ്റുള്ളവർക്കുമാണ്. അതുകൊണ്ടു യഹൂദന്മാരെ സുവിശേഷം ബോധ്യമാക്കുകയും യവനന്മാരെയും ആ വിശ്വാസത്തിലേക്കു കൊണ്ടുവരികയും വേണ്ടിയിരിക്കുന്നു. അതിനു വേണ്ടിയാണ് യവന ലോകത്തിനു മനസ്സിലാകുന്ന ഭാഷയിൽ കൂടി യേശുക്രിസ്തുവിനെ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്.

### ചോദ്യങ്ങൾ

1. സമവീക്ഷണ സുവിശേഷവും, യോഹന്നാന്റെ സുവിശേഷവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാം?
2. സെബദി പുത്രനായ യോഹന്നാനെപ്പറ്റി പുതിയനിയമത്തിൽ നിന്നു നമുക്കു ലഭിക്കുന്ന വിവരങ്ങൾ എന്തെല്ലാം?
3. സുവിശേഷത്തിന്റെ യവനപശ്ചാത്തലം വിവരിക്കുക?

## പാഠം 2

# സുവിശേഷകന്റെ ലക്ഷ്യം

❑ മതപരമായ ലക്ഷ്യം ❑ വിശ്വാസവിപരീതങ്ങൾക്കെതിരായ സത്യ വിശ്വാസം സ്ഥാപിക്കുക

ഈ സുവിശേഷത്തെ മനസ്സിലാക്കുന്നതിന്, തൽ കർത്താവിന്റെ ഉദ്ദേശ്യങ്ങൾ ഗ്രഹിക്കേണ്ടതാണ്. ചില ലക്ഷ്യങ്ങൾ വ്യക്തമായി പറഞ്ഞിട്ടുണ്ട്. മറ്റുള്ളവ സൂക്ഷ്മ പഠനത്തിൽക്കൂടി നമുക്ക് അനുമാനിക്കുകയും ചെയ്യാം.

### 1. മതപരവും ആദ്ധ്യാത്മികവുമായ ലക്ഷ്യം

തന്റെ ഉദ്ദേശ്യമെന്തെന്നു സുവിശേഷകൻ വ്യക്തമാക്കുന്നു. 'എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന്നും ഇത് എഴുതിയിരിക്കുന്നു' (യോഹ. 20:31). യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന വിശ്വാസം ഉളവാക്കുവാനാണ്. 'നിങ്ങൾ വിശ്വസിക്കുന്നതിന്' എന്ന പാഠം കൈയെഴുത്തു പ്രതികളിൽ വിഭിന്ന രൂപങ്ങളിൽ കാണുന്നു. ഒരു പാഠമനുസരിച്ച് 'നിങ്ങളിൽ വിശ്വാസം ജനിക്കുന്നതിനും' എന്നായിരിക്കും വിവക്ഷ. ഇതു ശരിയെങ്കിൽ സുവിശേഷം അവിശ്വാസികളെ ലക്ഷ്യമാക്കി വിരചിച്ചിട്ടുള്ളതാണെന്നു കരുതണം. മറ്റൊരു പാഠമനുസരിച്ചു 'നിങ്ങൾ വിശ്വാസത്തിൽ നിലനിൽക്കുന്നതിനും' എന്നാകാം വിവർത്തനം. അങ്ങനെയെങ്കിൽ സുവിശേഷം വിശ്വാസികളെ ഉദ്ദേശിച്ചുകൊണ്ട് അവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാനാണ് എന്നു വരും (1 യോഹ. 5:13 താരതമ്യപ്പെടുത്തുക). രണ്ടു ലക്ഷ്യങ്ങളും സ്വാഗതാർഹമായി നമുക്കു തോന്നാം.

യഹൂദമതത്തിന്റെ പരിധിവിട്ടു സുവിശേഷം പ്രചരിച്ചു കഴിഞ്ഞപ്പോൾ, പുറത്തുള്ളവർക്കു മനസ്സിലാകത്തക്കവിധം അത് അവതരിപ്പിക്കേണ്ടിയിരുന്നു. അതിനുള്ള ശ്രമം ഈ സുവിശേഷകൻ നടത്തുന്നതായി തോന്നാം. യേശുവിനെ വെറും മ്ശീഹാ ആയി ചിത്രീകരിക്കുന്നതുകൊണ്ടു സുവിശേഷകൻ തൃപ്തിപ്പെടുന്നില്ല. അതിലപ്പുറമായി ഒരു ലക്ഷ്യമുണ്ടായിരുന്നു. യഹൂദരെയും, വിജാതിയരെയും മനുഷ്യസമൂഹത്തെ മുഴുവനെയും മുന്നിൽ കണ്ടുകൊണ്ടാണ് എഴുതുന്നത്. ക്രിസ്തുവിന്റെ ജീവചരിത്രം വരച്ചുകാണിക്കുകയും അവിടുത്തെ വ്യക്തിത്വ രഹസ്യം അനാവരണം ചെയ്യുകയും, അവിടുത്തെ വാക്കുകളും പ്രവൃത്തികളും വ്യാഖ്യാനിച്ചു തരികയുമാണു യോഹന്നാൻ ചെയ്തിട്ടുള്ളത്. അതിൽക്കൂടി എല്ലാവരെയും ജീവന്റെ അനുഭവത്തിലേക്കു കൊണ്ടുവരിക എന്ന ഉന്നതമായ ലക്ഷ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

### 2. വിവാദാത്മകമായ ലക്ഷ്യം

വിവാദാത്മകമായ (Polemica) ചില ലക്ഷ്യങ്ങളും സുവിശേഷകനുണ്ട്. യേശു നടത്തുന്നതായി വിവരിച്ചിട്ടുള്ള സുദീർഘ പ്രഭാഷണങ്ങൾ പരിശോധിച്ചാൽ വിവാദാത്മകമായ ഒരു സ്വഭാവം അവർക്കു കാണാം. യോഹന്നാന്റെ സമകാലിക പശ്ചാത്തലത്തിൽ മാത്രമേ അതു മനസ്സിലാക്കാൻ കഴിയൂ.

**(a) യഹൂദർക്കെതിരെ:** ഈ സുവിശേഷത്തിൽ യഹൂദന്മാരെപ്പറ്റിയുള്ള പരാമർശങ്ങൾ സുവിശേഷകന് അവരോട് ഒരു വിരുദ്ധമനോഭാവമുണ്ടായിരുന്നു എന്ന ചിന്തയാണു നമ്മിലുളവാക്കുന്നത്. യഹൂദന്മാർ യേശുവിനെ തിരസ്ക്കരിച്ചത് സുവിശേഷകനെ അസ്വസ്ഥനാക്കുന്നു. 'യഹൂദർ' എന്ന പദം 71 പ്രാവശ്യം ഇതിൽ പ്രത്യക്ഷപ്പെടുന്നു. പലപ്പോഴും അതു യേശുവിനോടു ശത്രുത പുലർത്തിയിരുന്ന യഹൂദ മതാധികാരികളെ, പ്രത്യേകിച്ചു യറുശലേമിൽ ഉണ്ടായിരുന്നവരെ സൂചിപ്പിക്കുവാനുള്ള സാങ്കേതിക പദമാണ്. ക്രൈസ്തവരും യഹൂദരും തമ്മിൽ ആദിമ സഭയിലുണ്ടായിരുന്ന ശത്രുതയും, സംഘർഷവും ഈ സുവിശേഷത്തിൽ പ്രതിഫലിക്കുന്നുണ്ട്. ശാബതിനെപ്പറ്റിയുള്ള സംവാദം, അബ്രഹാമിൽ നിന്നുള്ള പിന്തുടർച്ച, സുനഗോഗിൽനിന്നുള്ള ബഹിഷ്കരണം, കുർബാനയെ സംബന്ധിച്ചു മാംസം ഭക്ഷിപ്പാൻ തരാൻ കഴിയുമോ എന്ന ചോദ്യം ഇതെല്ലാം സുവിശേഷം രചിക്കുന്ന കാലത്തെ യഹൂദ – ക്രൈസ്തവ സംവാദം വെളിപ്പെടുത്തുന്നുണ്ട്.

**(b) സ്നാപകശിഷ്യന്മാർക്കെതിരെ:** സ്നാപകനെ യേശുവിനേക്കാൾ ശ്രേഷ്ഠനായി അംഗീകരിച്ചിരുന്ന സ്നാപക ശിഷ്യസമൂഹമുണ്ടായിരുന്നു. അങ്ങനെയുള്ള സമൂഹത്തെപ്പറ്റി അ. പ്ര. 18:25–19:7 വരെയുള്ള ഭാഗത്തു നിന്നു കാണാം. അവർ യിസ്രായേൽ രാജ്യത്തിനു പുറത്തു ഏഷ്യാമൈനറിൽ എഫേസൂസിൽ വരെ എത്തിയിരുന്നു. മൂന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഒരു കൃതിയിൽ (Clementine Recognitions) ഇവർ യേശുവിനെയല്ല യോഹന്നാനെയാണ് തങ്ങളുടെ ഗുരുവും ക്രിസ്തുവുമായി അംഗീകരിച്ചതെന്നു പറയുന്നു.

ഈ സുവിശേഷത്തിൽ സ്നാപകനെപ്പറ്റി പറയുമ്പോഴെല്ലാം അദ്ദേഹം യേശുക്രിസ്തുവിനു വിധേയനായി വർത്തിച്ചു എന്നു കാണിക്കുന്നു (1:5, 19, 33:3, 13, 4:1). യേശു യോഹന്നാനിൽ നിന്നു മാമോദീസാ ഏൽക്കുന്ന സംഭവം പോലും വിട്ടുകളഞ്ഞിരിക്കുന്നു. സ്നാപകൻ യേശുവിന്റെ മ്ശീഹാ സ്ഥാനത്തിന്റെ ഒരു സാക്ഷി മാത്രമാണ്. മണവാളനല്ല, മണവാളന്റെ തോഴ്മക്കാരൻ മാത്രമാണ് എന്നിങ്ങനെയാണ് ഇതിൽ ചിത്രീകരിച്ചിട്ടുള്ളത്.

**(c) 'മിസ്റ്ററി മതങ്ങൾ'ക്കെതിരെ (Mystery religions):** യവന ലോകത്തിലെ മിസ്റ്ററി മതങ്ങൾ ആദ്യനൂറ്റാണ്ടുകളിൽ ക്രിസ്തീയ സഭയ്ക്ക് ഒരു വലിയ വെല്ലുവിളി ആയിരുന്നു. സുവിശേഷത്തിലെ ചില സൂചനകൾ അവയ്ക്കെതിരായി വിരൽ ചൂണ്ടുന്നവയാണ്. ആ മതങ്ങൾക്കു സ്നാനവും വീണ്ടും ജനനവും, ദേവനോടുള്ള കൂട്ടായ്മ ബലിയർപ്പിക്കപ്പെട്ട ഭക്ഷണത്തിൽക്കൂടി നടത്തുന്ന അനുഭവവും ഉണ്ടായിരുന്നു. എഫേസൂസിൽ ഇവരുടെ സ്വാധീനം ഒരുപക്ഷേ എത്തിയിരിക്കാം.

കൂദാശകളെപ്പറ്റി യോഹന്നാൻ എഴുതുമ്പോൾ വ്യക്തമാക്കുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്. സ്നാനത്തിൽക്കൂടിയുള്ള വീണ്ടും ജനനം പരിശുദ്ധാത്മ വ്യാപാരത്താലാണ്. ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു (യോഹ. 3:6). കുർബാനയെപ്പറ്റി പറയുമ്പോൾ 'ജീവിപ്പിക്കുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല' (യോഹ. 6:63) എന്നു വെളിപ്പെടുത്തുന്നു.

**(d) ഗ്നോസ്റ്റിക്കുകൾക്കെതിരെ (Gnosticism):** ഗ്നോസിസ് എന്ന ഗ്രീക്ക് പദത്തിന് ജ്ഞാനം എന്നാണർത്ഥം. ജ്ഞാനത്തിനു മുൻതൂക്കം കല്പിച്ചുകൊണ്ടും പ്രത്യേകമായ ചില സിദ്ധാന്തങ്ങൾ ഉയർത്തിപ്പിടിക്കുന്നതുമായ ഒന്നാണ് ജ്ഞാനവാദം. ഇതിനെതിരെ സുവിശേഷത്തിൽ ശക്തമായ ആക്രമണം ഇല്ല എന്നു ചിലർ കരുതുന്നു. കാരണം അതൊരു ചിന്താപദ്ധതിയുടെ നിലയിലേക്കു വളർന്നു വികസിച്ചത് രണ്ടാം നൂറ്റാണ്ടിനു ശേഷമാണ്. പക്ഷേ സിറിയായിൽ ചില ഗ്നോസ്റ്റിക്കു പ്രവണതകൾ ഉടലെടുത്തിരുന്നു. കൊലോസ്യസഭയിലും എത്തിയിരുന്നതായി കൊലോസ്യലേഖനത്തിൽ കാണാം (കൊലോ. 2:8–15; 1:15–20). ദൈവത്തിനും മനുഷ്യർക്കുമിടയിൽ അനേകം മധ്യവർത്തികളെ അവർ സങ്കല്പിച്ചു. മുക്തിക്കു മാർഗ്ഗം വിജ്ഞാനമത്രെ. ഇക്കൂട്ടരുടെ പദാവലിക്കു ക്രൈസ്തവമായ പുതിയ അർത്ഥം നൽകിക്കൊണ്ടു യോഹന്നാൻ അവരുടെ അണികളിൽ പരോക്ഷമായി ആക്രമണം നടത്തുന്നതായി കാണാം. വചനം മധ്യവർത്തികളെ ആശ്രയിക്കാതെ ജഡമെടുത്തു എന്നു പറയുന്നു. അതുവഴി അവരുടെ പ്രപഞ്ചശാസ്ത്രത്തെ നിഷേധിക്കുന്നു.

ജ്ഞാനവാദത്തിന്റെ ഒരു വകഭേദമാണ് ഡോസറ്റിസം (തോന്നൽ വാദം). ഇത് ഏഷ്യാമൈനറിൽ ശക്തി പ്രാപിച്ചിരുന്നു. ജ്ഞാനവാദത്തിന്റെ മൗലിക ഘടകമാണ് ദ്വൈതസിദ്ധാന്തം. ദൈവം പരമമായ നന്മയും സത്യവുമാണ്. പദാർത്ഥമയമായ പ്രപഞ്ചം തിന്മ നിറഞ്ഞതും. ഇതു രണ്ടും തമ്മിൽ യാതൊരു ബന്ധവും സാദ്ധ്യമല്ല. അതുകൊണ്ടു പ്രപഞ്ച സൃഷ്ടി നടത്തുന്നതു തന്നെ ദൈവമല്ല: ദൈവത്തിന്റെ മുഖ്യകാര്യദർശിയാണ്. ദൈവത്തിനു പദാർത്ഥമായ പ്രപഞ്ചത്തോടു ഒരിക്കലും ബന്ധപ്പെടാൻ പാടില്ലാത്തതുകൊണ്ടു ദൈവത്തിന്റെ ജഡധാരണം അസാധ്യമത്രേ.

അതിനാൽ ക്രിസ്തീയ സുവിശേഷത്തിലെ മനുഷ്യാവതാരസത്യം അവർ നിഷേധിച്ചു. അവരുടെ ചിന്തയിൽ യേശുക്രിസ്തു യഥാർത്ഥ മനുഷ്യനായിരുന്നില്ല. മനുഷ്യനാണെന്നു തോന്നുക മാത്രം ചെയ്തു (ഡോക്കയോ = തോന്നുക; അതിൽനിന്നാണ് ഡോസറ്റിസം – തോന്നൽവാദം) ഒരു മായാവിയെപ്പോലെ വ്യാപരിച്ചു.

ഈ ചിന്താഗതിക്കെതിരായി യോഹന്നാൻ ശക്തമായി പോരാടി. 'വചനം ജഡമെടുത്തു (മാംസമെടുത്തു എന്നാണ് വാച്യാർത്ഥം) നമ്മുടെ ഇടയിൽ പാർത്തു' (യോഹ. 1:14) എന്നുള്ള പ്രസ്താവനയിൽക്കൂടി മനുഷ്യാവതാര സത്യം വെളിപ്പെടുത്തുകയാണ്. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ എതിർ ക്രിസ്തുക്കളായി ചിത്രീകരിച്ചിട്ടുള്ളത് 'യേശു ക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കാത്തവരാണ്' (1 യോഹ. 4:2, 3). ജഡധാരണയാഥാർത്ഥ്യം അരക്കിട്ടുറപ്പിക്കുകയാണ് 'ഞങ്ങൾ കേട്ടതും സ്വന്തകണ്ണുകൊണ്ടു കണ്ടതും, ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടുനോക്കിയതുമായ ദൈവവചനം എന്നു വിവരിക്കുമ്പോൾ (1 യോഹ. 1:1). സുവിശേഷത്തിലുടനീളം യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തിനു ഊന്നൽ നൽകിയിരിക്കുന്നതു കാണാം. അതു തോന്നൽ വാദത്തെ ഖണ്ഡിക്കുന്നതിനാകണം. 'യേശു വഴി നടന്നു ക്ഷീണിച്ചിട്ടു ഇരുന്നു' (യോഹ. 4:6). 'യേശു കണ്ണുനീർ വാർത്തു' (യോഹ. 11:35). 'എനിക്കു ദാഹിക്കുന്നു' എന്നു പറഞ്ഞു (യോഹ. 19:28). 'കുന്തം കൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി; ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു' (യോഹ. 19:34).

യേശുവിന്റെ പൂർണ മനുഷ്യത്വം വെളിപ്പെടുത്തുന്നതോടൊപ്പം അവിടുത്തെ പൂർണ ദൈവത്വവും യോഹന്നാൻ തെളിയിക്കുന്നു. ജ്ഞാനവാദികൾ ഉന്നയിച്ചതു ദൈവത്തിൽ നിന്നു പുറപ്പെടുന്ന (emanation) ബഹിർസ്ഫുരണം ആണ് യേശു എന്നത്രേ. 'വചനം ദൈവമായിരുന്നു' (യോഹ. 1:2). 'ഞാനും പിതാവും ഒന്നാകുന്നു. എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു' (യോഹ. 14:9). തോമ്മാശ്ലീഹായുടെ ഏറ്റുപറച്ചിൽ, 'എന്റെ കർത്താവും എന്റെ ദൈവവുമേ' (20:28). ഇവയെല്ലാം തന്റെ ദൈവത്വം തെളിയിക്കുന്നതത്രേ.

യോഹന്നാൻ ജ്ഞാനവാദത്തിന്റെയും തോന്നൽവാദത്തിന്റെയും ഉപദേശങ്ങളെ ഖണ്ഡിച്ചുകൊണ്ടു സത്യത്തിൽ യേശുക്രിസ്തു ആരാകുന്നു എന്നു തെളിയിക്കുന്നു.

ചരിത്രപരമായ ഒരു കൃതി രചിക്കുക ആയിരുന്നില്ല യോഹന്നാന്റെ ലക്ഷ്യം. അതുകൊണ്ടു ചരിത്രത്തെ അവഗണിച്ചുവെന്നോ വിസ്മരിച്ചുവെന്നോ അർത്ഥമില്ല. സമാന്തരസുവിശേഷങ്ങളിലെ ചരിത്രപരമായ ചില

പരാമർശങ്ങളെ തിരുത്തുക തന്നെ ചെയ്യുന്നുണ്ട് (ഉദാ. കർത്താവിന്റെ പെസഹായുടെ സമയം). നിലവിലുള്ള ആവശ്യങ്ങളെയും വെല്ലുവിളികളെയും കണക്കിലെടുത്തുകൊണ്ടു യേശുക്രിസ്തു ആരെന്നും, അവിടുത്തെ ദൗത്യമെന്തെന്നും വെളിപ്പെടുത്തിക്കൊടുക്കുകയാണ്.

### ചോദ്യങ്ങൾ

1. സുവിശേഷരചനയിൽ യോഹന്നാന്റെ മതപരമായ ലക്ഷ്യങ്ങൾ എന്തായിരുന്നു?
2. യോഹന്നാൻ ജ്ഞാനവാദത്തെ എങ്ങനെ ഖണ്ഡിക്കുന്നു?
3. യോഹന്നാന്റെ സമീപനം സുവിശേഷ പ്രവർത്തനങ്ങൾക്ക് എങ്ങനെ മാർഗ്ഗദർശനം നൽകുന്നു?

## പാഠം 3

## വചനം ജഡമെടുത്തു

❑ ആമുഖ വാക്യങ്ങളെപ്പറ്റിയുള്ള പഠനം ❑ ഘടന, സ്വഭാവം ❑ ഇതര ഭാഗങ്ങളുമായുള്ള ബന്ധം ❑ യവന - എബ്രായ പശ്ചാത്തലം

യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രാരംഭം സമവീക്ഷണ സുവിശേഷങ്ങളിൽനിന്നു വ്യത്യസ്തമായിരിക്കുന്നു. ഇവിടെ 'വചന'ത്തെ സംബന്ധിച്ചുള്ള പ്രൗഢമായ ഒരു പ്രതിപാദനമാണ്. മൂലഭാഷയിൽ (ഗ്രീക്ക്) ഇത് 'കവിതാ' രൂപത്തിലാണു കാണുന്നത്. അറമായ ഭാഷയിൽ വചനത്തെ പ്രകീർത്തിക്കുന്ന ഒരു ഗാനശകലം നിലവിലിരുന്നത് യോഹന്നാൻ എടുത്തു ഉപയോഗിച്ചിരിക്കുകയാണ് എന്നു ചിലർ അഭിപ്രായപ്പെടുന്നു. അതല്ല, ഒരു ഗ്നോസ്റ്റിക്ക് ഗാനം യോഹന്നാൻ പാഠഭേദപ്പെടുത്തി ഉപയോഗിച്ചിരിക്കയാണ് എന്നും പറയുന്നു. എന്തു തന്നെ ആയാലും രണ്ടു കാര്യങ്ങൾ വ്യക്തമാണ്: (1) ഘടനയിൽ ഈ ഭാഗം ഇതരഭാഗങ്ങളിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു. വചനം എന്ന പേര് യേശുവിനു സുവിശേഷത്തിൽ മറ്റെങ്ങും ഉപയോഗിച്ചിട്ടേയില്ല. (2) ആശയപരമായി സുവിശേഷത്തിന്റെ ഇതര ഭാഗങ്ങളുമായി ഇതിന് അഭേദ്യമായ ബന്ധമുണ്ട്, ഉദാ. വചനം നിത്യമാണ് (1:1f). പുത്രനും അങ്ങനെ തന്നെ (17:5) വചനം ജീവനാണ് (1:4). പുത്രനും തന്നിൽത്തന്നെ ജീവനുണ്ട് (5:26). ജീവനും പ്രകാശവും വചനത്തിൽ (1:4). ക്രിസ്തു ലോകത്തിന്റെ പ്രകാശം (8:12). വെളി

ച്ചവും അന്ധകാരവും തമ്മിലുള്ള സംഘർഷം (1:5). പ്രകാശം ലോകത്തിൽ വന്നുവെങ്കിലും മനുഷ്യൻ അന്ധകാരത്തെ സ്വീകരിക്കുന്നു (3:19). ഇപ്രകാരമുള്ള ആശയപരമായ സാമ്യം വ്യക്തമാക്കുന്നത് ആമുഖ വാക്യങ്ങൾ സുവിശേഷത്തിന്റെ പൊതുവായ വിഷയത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. വചനത്തെപ്പറ്റി വിവരിക്കുകയല്ല യോഹന്നാന്റെ ലക്ഷ്യം, മനുഷ്യനായിത്തീർന്ന യേശുവിനെപ്പറ്റി വ്യക്തമാക്കുകയാണ്.

## 'വചന'മെന്നതിന്റെ പശ്ചാത്തലം

വചനമെന്ന ആശയത്തിനു പിമ്പിൽ രണ്ടു ചിന്താധാരയാണു കാണ്മാനുള്ളത്. യവന പാരമ്പര്യത്തിൽനിന്നുള്ളതും എബ്രായ പാരമ്പര്യത്തിൽ നിന്നുള്ളതും.

### 1. യവന പാരമ്പര്യം

'ലോഗോസ്' (Word) എന്നത് ഗ്രീക്കു പദമാണ്. യവന തത്വചിന്തയിൽ അതിനു വലിയ സ്ഥാനമുണ്ട്. എഫേസൂസുകാരനായ ഹെറാക്ളീറ്റസ് (B.C. 560) ആണ് ആദ്യമായി ഈ പദമുപയോഗിക്കുന്നത്. പ്രപഞ്ചം മുഴുവനിലും വ്യാപിച്ച്, വ്യാപരിക്കുന്ന സർവശക്തിയാണു ലോഗോസ്. പ്രകൃതിയിൽ കാണുന്ന താളനിബദ്ധമായ പ്രവർത്തനം, ലോഗോസ് മൂലമാണ്.

സ്റ്റോയിക്കു ദാർശനികർ ലോഗോസിനു പ്രാധാന്യം നൽകി. പ്രപഞ്ചത്തിലുള്ള സകലതും ലോഗോസിനാൽ നിയന്ത്രിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്നു എന്നവർ പഠിപ്പിച്ചു. വ്യവസ്ഥാപിതമായ ഘടനയിൽക്കൂടി സകലതും സ്ഥിതിചെയ്യുന്നതു ലോഗോസിനാലാണ്.

മനുഷ്യ മനസ്സിനോടും അതിനു ബന്ധമുണ്ട്. മനസ്സിലുയരുന്ന ചിന്തയും, അതിന്റെ ബഹിർപ്രകടനമായ വാക്കും ലോഗോസു മൂലമാണ്. അലക്സാണ്ട്രിയാക്കാരനായ (died AD 50) ഫൈലോ യവന തത്വചിന്തയെ വളരെയധികം സ്വാംശീകരിച്ചു വ്യാഖ്യാനിച്ചിട്ടുള്ള യഹൂദ പണ്ഡിതനാണ്. 'ലോഗോസ്' എന്ന ആശയത്തെ യഹൂദചിന്തയുമായി സമന്വയിപ്പിക്കാനുള്ള ശ്രമം അദ്ദേഹം നടത്തുന്നു. പ്രപഞ്ചസൃഷ്ടി ദൈവം ലോഗോസിൽക്കൂടി നിർവ്വഹിച്ചു. പ്രപഞ്ചത്തിൽ എല്ലാറ്റിനും മുമ്പേയുള്ളതാണു ലോഗോസ്. അതു ദൈവത്തിന്റെ ചിന്തയെന്നോ, മനസ്സെന്നോ വിശേഷിപ്പിക്കാം. ഈ ലോഗോസ് ആണു മനുഷ്യമനസ്സിൽ പ്രവർത്തിച്ചു ചിന്തിക്കുവാനും, അറിയുവാനുമുള്ള കഴിവ് പ്രദാനം ചെയ്യുന്നത്. ദൈവത്തിനും, പ്രപഞ്ചത്തിനും ഇടയിൽ മധ്യവർത്തിയായി, രണ്ടിനെയും ബന്ധിച്ചു പ്രവർത്തിക്കുന്നതും ലോഗോസ് അത്രേ.

യോഹന്നാൻ ഫൈലോയുടെ ആശയങ്ങൾ എത്രമാത്രം ഉൾക്കൊണ്ടിരുന്നു എന്നു വ്യക്തമല്ല. പല സാമ്യങ്ങളും നമുക്കു ദർശിക്കാം.

സൃഷ്ടിയും പ്രപഞ്ചത്തിന്റെ നിലനിൽപ്പും വചനം മൂലം എന്നു പറയുമ്പോൾ അവർ ഏകാഭിപ്രായക്കാരാണ്. എന്നാൽ ഫൈലോയിൽ നിന്നു യോഹന്നാൻ ബഹുദൂരം അകന്നുനിൽക്കുന്ന ഒരാശയമാണു 'വചനം ജഡമെടുത്തു' എന്നു പറയുന്നത്. യവനതത്വചിന്തയിൽ ഒരിക്കലും വിഭാവനം ചെയ്യാൻ പാടില്ലാത്ത ഒന്നാണത്. വചനം എന്നും ഒരു ആശയമായി സ്ഥിതിചെയ്യുന്നു; പദാർത്ഥ പ്രപഞ്ചവുമായി നേരിട്ടു ബന്ധമൊന്നും പുലർത്താതെ. എന്നാൽ യോഹന്നാൻ തറപ്പിച്ചു പറയുന്നതു 'വചനം ജഡമെടുത്തു' എന്നാണ്.

യോഹന്നാന്റെ ലക്ഷ്യം നസറായനായ യേശുക്രിസ്തു ആരെന്നു വെളിപ്പെടുത്തുകയാണ്. അല്ലാതെ 'ലോഗോസ് സിദ്ധാന്തം' വിശദീകരിക്കുകയല്ല. തന്റെ ഉദ്ദേശ്യസാദ്ധ്യത്തിനായി യവനലോകത്ത് സുപരിചിതമായ ഒരു പദം സ്വീകരിച്ചുകൊണ്ട് അതുവഴി യേശുവിനെ വ്യാഖ്യാനിച്ചു കൊടുക്കുകയാണ്. അഭ്യസ്തവിദ്യനായ ഒരു യവനനോട് യോഹന്നാൻ പറയുന്നത് ഇപ്രകാരമാണ്. 'നിങ്ങൾ ദൈവത്തിനും പ്രപഞ്ചത്തിനും ഇടയിൽ മധ്യവർത്തിയായ വചനത്തെപ്പറ്റി വളരെ നിഗമനങ്ങളും ചർച്ചകളും നടത്താറുണ്ടല്ലോ. ആ വചനത്തെ നിഗമനങ്ങളിൽക്കൂടിയല്ല നിങ്ങൾ കാണേണ്ടത്, നസറായനായ യേശുവിനെ നോക്കുന്നതിൽക്കൂടിയാണ്. എത്ര തന്നെ വികസിതമായ ജ്ഞാനമായാലും അതു നിങ്ങളെ വചനത്തിലേക്കു നയിക്കുകയില്ല. വചനം യേശുവാണ്. സത്യമായ സകല ജ്ഞാനവും അവനിൽ കേന്ദ്രീകരിച്ചിരിക്കുന്നു.'

യേശുവിനെ യവനർക്കു വ്യക്തമാക്കുവാൻ വചനമെന്ന പദവും, ആശയവും യോഹന്നാൻ അനുയോജ്യമായി കണ്ടു. ആ തത്വം അംഗീകരിച്ചുകൊണ്ടു ഭാരതത്തിലെ ഹൈന്ദവർക്കും മുസ്ലീങ്ങൾക്കും മറ്റു മതസ്ഥർക്കും നമുക്ക് എങ്ങനെ ക്രിസ്തുവിനെ അവതരിപ്പിക്കാമെന്നു ചിന്തിക്കേണ്ടതാണ്. പ്രേഷിത പ്രവർത്തനത്തിന്റെ അടിസ്ഥാനതത്വം യോഹന്നാൻ നമുക്കു നൽകുന്നതായി കാണാം.

**2. എബ്രായ പാരമ്പര്യം**

'വചന'മെന്ന ആശയത്തിന്റെ അടിവേര് എബ്രായ പാരമ്പര്യത്തിലും കണ്ടെത്താം. എബ്രായ ചിന്താഗതിയിൽ 'വചനം' കേവലം ഒരു ശബ്ദമല്ല; പ്രവർത്തന ശക്തിയും അസ്തിത്വവുമുള്ള ഒന്നാണ്. പഴയനിയമത്തിൽ ഈ ചിന്ത ധാരാളമായി പ്രതിഫലിച്ചിട്ടുണ്ട്.

(a) ദൈവത്തിന്റെ വചനം ശക്തവും, സൃഷ്ടികർമ്മം നടത്തുന്നതു

മാണ്. 'ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു. അതുണ്ടായി' (ഉൽപ. 1:3, 6, 9). പ്രപഞ്ച സൃഷ്ടി ദൈവകൽപ്പന ഉൾക്കൊള്ളുന്ന വചനത്താലാണ്. സങ്കീർത്തനങ്ങൾ പലതും ഈ ആശയം കൂടുതലായി ധ്വനിപ്പിക്കുന്നുണ്ട് (സങ്കീ. 33:6; 32:6; 147:15). ദൈവത്തിന്റെ മനസ്സും ഇച്ഛയും, ബഹിർസ്ഫുരിക്കുന്നതിനാലാണു സൃഷ്ടി നടക്കുന്നത്.

പ്രവാചകന്മാർക്കു വെളിപ്പെടുത്തുവാനുണ്ടായിരുന്നത് 'ദൈവത്തിന്റെ വചന'മായിരുന്നു. ദൈവം സ്വഹിതം വെളിപ്പെടുത്തിയതു തന്റെ വചനം മൂലമാണ്. ആ വചനത്തോടു അനുകൂലമായി പ്രതികരിക്കുവാൻ ജനങ്ങളോടു പ്രവാചകന്മാർ ആവശ്യപ്പെട്ടു. എന്നാൽ ജനം പലപ്പോഴും അതു നിരസിക്കയാണു ചെയ്തത് (യെശ. 1:3). ഇതിനു സമാന്തരമായി യോഹ. 1:12 കാണുക. 'അവൻ (വചനം) സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല.'

വചനത്തിന്റെ രണ്ടു പ്രവർത്തനങ്ങളാണു നാം മുകളിൽ കണ്ടത്; സൃഷ്ടിക്കുന്നതും, വെളിപ്പെടുത്തുന്നതും (Creation & Revelation). ഈ രണ്ടാശയങ്ങളും ലോഗോസിനെപ്പറ്റിയുള്ള യോഹന്നാന്റെ വിവരണത്തിൽ കാണാം. പുരാതന കാലത്തു സൃഷ്ടി നടത്തിയതും പ്രവാചകന്മാരിൽക്കൂടി വെളിപ്പെട്ടതുമായ വചനം ഒരു പുതിയ ഭാവത്തിൽ, നസറായനായ യേശുക്രിസ്തുവിൽക്കൂടി പ്രത്യക്ഷമായിരിക്കുന്നു.

(b) എബ്രായ ഭാഷയിൽ നിന്ന് അറമായ ഭാഷയിലേക്കു ഭാഷാന്തരം ചെയ്യുമ്പോൾ (അങ്ങനെയുള്ള ഭാഷാന്തരത്തിന് 'Targums' എന്നു പറയുന്നു). യഹോവയുടെ പേരിനു പകരം 'മെമ്രാ' = വചനം എന്നാണു ചേർത്തിരുന്നത്. ഉദാ പുറ. 19:17. 'ദൈവത്തെ എതിരേൽപ്പാൻ മോശ ജനത്തെ പാളയത്തിൽ നിന്നു പുറപ്പെടുവിച്ചു' ഇതിനു 'താർഗുമിൽ' പറയുന്നത് 'ദൈവവചനത്തെ എതിരേല്പാൻ' എന്നാണ്. ദൈവം ദഹിപ്പിക്കുന്ന അഗ്നിയാകുന്നു' (ആവ. 9:3) എന്നതിന് 'ദൈവവചനം ദഹിപ്പിക്കുന്ന അഗ്നിയാകുന്നു' എന്നാണ്. 'മെമ്രാ' അഥവാ ദൈവവചനം, ശക്തവും പ്രവർത്തനനിരതവുമായ ഒന്നായി യഹൂദന്മാർ ചിന്തിക്കുവാൻ ഇടയായി.

(c) ജ്ഞാനത്തെ (Wisdom) പ്പറ്റിയുള്ള യഹൂദ ചിന്തയാണു വചനത്തിനു പിമ്പിലുള്ള മറ്റൊരു ഘടകം. ഒന്നാം നൂറ്റാണ്ടായപ്പോഴേക്കും 'ജ്ഞാന'മെന്നതിന് ആളത്വം കല്പിച്ചുകൊണ്ട് സൃഷ്ടിക്കു മുമ്പേയുള്ളതായും സൃഷ്ടിക്കു നിദാനമായും വിശ്വസിച്ചുപോന്നു. ജ്ഞാനം മനുഷ്യന്റെ ധാർമിക ഗുരുവും വഴികാട്ടിയുമായും കരുതി. 'വെള്ളം അവന്റെ കൽപ്പനയെ അതിക്രമിക്കാതെവണ്ണം അവൻ സമുദ്രത്തിന് അതിർ വച്ചപ്പോഴും, ഭൂമിയുടെ അടിസ്ഥാനം ഇട്ടപ്പോഴും ഞാൻ (ജ്ഞാനം) അവന്റെ അടുക്കൽ ശില്പിയായിരുന്നു.' 'ഞാൻ പുരാതനമേ' ആദിയിൽ തന്നെ

ഭൂമിയുടെ ഉല്പത്തിക്കു മുമ്പേ നിയമിക്കപ്പെട്ടിരിക്കുന്നു. 'എന്നെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തുന്നു; എന്നെ ദ്വേഷിക്കുന്നവരൊക്കെയും മരണത്തെ ഇച്ഛിക്കുന്നു' (സദൃശ. 8:22-36). അപ്പോക്രിഫൽ കൃതിയായ സിറാക്കിന്റെ (Book of Sirach) പുസ്തകത്തിൽ ജ്ഞാനത്തിനു കൂടുതൽ മിഴിവുറ്റ വ്യക്തിത്വ സങ്കല്പം നൽകിയിരിക്കുന്നു (സിറാക്ക് 24:8-12). ശലോമോന്റെ മഹാജ്ഞാനമെന്ന മറ്റൊരു കൃതിയിൽ ജ്ഞാനം 'നിത്യ പ്രകാശത്തിൽനിന്നുള്ള രശ്മിയും, ദൈവശക്തിയുടെ കറപുരളാത്ത പ്രതിബിംബവും, അവിടുത്തെ നന്മയുടെ പ്രതിരൂപവും' (മഹാജ്ഞാനം 7:22-26) എന്നാണു വിവരിച്ചിട്ടുള്ളത്. ഇവിടെയെല്ലാം ജ്ഞാനം ഒരു വ്യക്തിയായി സങ്കല്പിക്കുന്നു; പ്രപഞ്ചസൃഷ്ടി നിർവഹിക്കുന്ന ഒരുവൻ തന്നെ.

ജ്ഞാനത്തെപ്പറ്റിയുള്ള വിശ്വാസവും അറിവുമുള്ള ഒരു യഹൂദൻ യോഹന്നാന്റെ 'ലോഗോസ്' വിവരണം വായിക്കുമ്പോൾ ജ്ഞാനത്തെപ്പറ്റി എന്തൊക്കെ അവൻ ധരിച്ചിരിക്കുന്നുവോ അതൊക്കെ നസറായനായ യേശുവിനു നൽകിയിട്ടുള്ളതായി ബോധ്യമാകും. അത് അവനെ ആശ്ചര്യപ്പെടുത്തുകയും അവന്റെ ധാരണയെ വെല്ലുവിളിക്കുകയും ചെയ്യും. കാരണം ജ്ഞാനമെന്നുള്ളത് ന്യായപ്രമാണവുമായി താദാത്മ്യപ്പെടുത്തിയാണു ചിന്തിച്ചുപോന്നിട്ടുള്ളത്. ന്യായപ്രമാണം നിത്യവും, തികവുറ്റതും സമ്പൂർണവുമാണ്. സകല ജ്ഞാനവും അതിൽ ഉൾക്കൊള്ളുന്നു. പരമമായ അധികാരം, മതപരമായി ചിന്തിക്കുമ്പോൾ ന്യായപ്രമാണത്തിനാണ്. അങ്ങനെയുള്ള ന്യായപ്രമാണത്തിന്റെ സ്ഥാനത്താണു നസറായനായ യേശുവിനെ യോഹന്നാൻ അവതരിപ്പിക്കുന്നത്: 'ന്യായപ്രമാണം മോശമുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു' (യോഹ. 1:17).

വചനമെന്ന ആശയം യഹൂദന്മാർക്ക് അന്യമോ അപരിചിതമോ അല്ലാ എന്നു നാം കണ്ടു. വചനം ജഡമെടുത്ത നസറായനായ യേശുവിലേക്കാണു യോഹന്നാൻ അവരുടെ ശ്രദ്ധയും വിശ്വാസവും ക്ഷണിക്കുന്നത്. യവനന്മാർക്കും യഹൂദന്മാർക്കും ഒന്നുപോലെ സ്വീകാര്യമായ ഒരാശയത്തിൽക്കൂടി യേശുവിനെ അവതരിപ്പിക്കുവാനും യേശുവിങ്കലേക്ക് അവരെ ക്ഷണിക്കുവാനും അത്രേ 'വചന'ത്തെപ്പറ്റി ആമുഖമായി യോഹന്നാൻ വിവരിക്കുന്നത്.

വചനത്തെപ്പറ്റി യോഹന്നാൻ എന്തു പറയുന്നു? യോഹ. 1:1-18. ഈ ഭാഗത്തെ നാലായി തിരിക്കാം.

(a) വചനം ദൈവവും സ്രഷ്ടാവും എന്ന നിലയിൽ വാ. 1-5.

(b) സ്നാപകന്റെ സ്ഥാനവും ദൗത്യവും വാ. 6-8.

(c) വചനത്തിന്റെ ആഗമനം വാ. 9–13.

(d) ജഡമെടുത്ത വചനവും, രക്ഷാപദ്ധതിയും വാ. 14–18.

(a) വചനത്തെപ്പറ്റി ആദ്യഭാഗത്തു കാണുന്ന കാര്യങ്ങൾ – നിത്യമായി സ്ഥിതി ചെയ്യുന്നു; ദൈവത്തോടുകൂടെ; യഥാർത്ഥത്തിൽ ദൈവം തന്നെ.

സൃഷ്ടിക്കു നിദാനമായിട്ടുള്ളവൻ; സൃഷ്ടിയെ നിലനിറുത്തുന്നവൻ; അന്ധകാരത്തെ പരാജയപ്പെടുത്തുന്ന പ്രകാശം.

(b) യോഹന്നാനേക്കാൾ ഉന്നതമായ സ്ഥാനമാണു യേശുവിനുണ്ടായിരുന്നതെന്നു വ്യക്തമാക്കുന്നു; യോഹന്നാൻ സാക്ഷ്യം വഹിപ്പാൻ അയയ്ക്കപ്പെട്ടവൻ.

(c) വചനം സകലവും വെളിപ്പെടുത്തുന്നു; മനുഷ്യാവതാരത്തിനു മുമ്പേ ലോകത്തിൽ ഉണ്ടായിരുന്നു. എങ്കിലും ലോകം അറിഞ്ഞില്ല; നിരസിക്കയത്രെ ചെയ്തത്.

അവനെ സ്വീകരിച്ചവർക്കു ദൈവമക്കൾ എന്ന അവകാശം ലഭ്യമാണ്. ദൈവമക്കളായിത്തീരുന്നതു മാനുഷിക വ്യാപാരത്താലോ ഇച്ഛയാലോ അല്ല; ദൈവഹിതത്താലും ദൈവത്തിന്റെ സർഗശക്തിയാലും അത്രെ.

(d) മനുഷ്യാവതാരം – നിത്യനായി ഉണ്ടായിരുന്നവൻ മനുഷ്യനായി ജനിച്ചു: യഥാർത്ഥ മനുഷ്യനായി. അവന്റെ മഹത്വം അപ്പസ്തോല സമൂഹം ദർശിച്ചു. 'മഹത്വം' എന്നത് ദൈവത്തിന്റെ സാന്നിദ്ധ്യവും വ്യാപാരവുമത്രേ. പഴയനിയമകാലത്തു കൂടാരത്തിൽ ദൈവമഹത്വമുണ്ടായിരുന്നു. ആ സ്ഥാനത്താണു മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തു.

**ചോദ്യങ്ങൾ**

1. വചനം എന്ന ആശയവും 'ഓം' എന്ന ഹൈന്ദവാശയവും തമ്മിൽ എന്തെങ്കിലും സാമ്യമുണ്ടോ? രണ്ടിനെയും സമന്വയിപ്പിക്കാൻ കഴിയുമോ?

2. ആമുഖ ഭാഗവും സുവിശേഷത്തിന്റെ ഇതരഭാഗവും തമ്മിലുള്ള ബന്ധം കൂടുതലായി വ്യക്തമാക്കുക.

3. ഈ ഭാഗവും കൊലോ. 1:15–20, എബ്രാ. 1:1–3, നിഖ്യാ വിശ്വാസപ്രമാണത്തിൽ പുത്രനെപ്പറ്റിയുള്ള നിർവചനം എന്നിവയും താരതമ്യപ്പെടുത്തി പരസ്പരമുള്ള ബന്ധം മനസ്സിലാക്കുക.

## പാഠം 4

# 'അടയാളങ്ങൾ' – യോഹന്നാന്റെ സുവിശേഷത്തിൽ

❑ സമവീക്ഷണ സുവിശേഷങ്ങളുമായുള്ള വ്യത്യാസം ❑ പ്രവൃത്തികളും അടയാളങ്ങളും ഈ വാകൃങ്ങളുടെ അർത്ഥവും പ്രസക്തിയും

### ഏഴ് അടയാളങ്ങളും അവയുടെ അർത്ഥവും

'ഈ പുസ്തകത്തിൽ കാണുന്നതല്ലാതെ മറ്റനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു' (യോഹ. 20:31). എങ്കിലും യോഹന്നാൻ പ്രത്യേക ലക്ഷ്യത്തോടെ, യേശു ചെയ്ത അനവധി അടയാളങ്ങളിൽ നിന്നു സുവിശേഷത്തിന്റെ ആദ്യ ഭാഗത്ത് (അ. 2–12) ഏഴെണ്ണം മാത്രം അവതരിപ്പിച്ചിരിക്കുന്നു. യേശു ദൈവപുത്രനും മിശിഹായുമാണെന്ന സത്യത്തിനു സാക്ഷ്യം വഹിക്കുന്ന അടയാളങ്ങളും (Signs) പ്രവൃത്തികളും (works) എന്ന വിധത്തിലാണു പ്രതിപാദിച്ചിരിക്കുന്നത്.

സമാന്തര സുവിശേഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രകടമായ ചില വ്യത്യാസങ്ങൾ കാണ്മാനുണ്ട്.

(a) സമാന്തര സുവിശേഷങ്ങളിൽ 'അത്ഭുതങ്ങൾ', 'വീര്യപ്രവൃത്തികൾ' (miracles: mighty works) എന്നു വിശേഷിപ്പിക്കുമ്പോൾ യോഹന്നാൻ 'അടയാളങ്ങൾ', 'പ്രവൃത്തികൾ' എന്നാണു വിശേഷിപ്പിച്ചിരിക്കുന്നത്. അതിനു കാരണം യേശു ചെയ്ത അത്ഭുതങ്ങളുടെ ആത്മിക സന്ദേശം വിശദമാക്കാനാണു യോഹന്നാൻ ശ്രമിക്കുന്നത്.

(b) സമവീക്ഷണ സുവിശേഷങ്ങൾ അത്ഭുതങ്ങളെ വീക്ഷിക്കുന്നതു ദൈവരാജ്യാഗമനത്തിന്റെ തെളിവായിട്ടാണ്. യോഹന്നാനിൽ യേശുക്രിസ്തു ആരെന്നും തന്റെ ദൗത്യമെന്തെന്നും തെളിയിക്കുന്നതായിട്ടാണ്. ചുഴിഞ്ഞിറങ്ങി നോക്കുമ്പോൾ രണ്ടും തമ്മിൽ വലിയ വ്യത്യാസമില്ല എന്നു കാണാം.

(c) സമവീക്ഷണ സുവിശേഷങ്ങളിൽ സാത്താന്റെ ആധിപത്യത്തിൽ നിന്നു മനുഷ്യനെ വിമോചിപ്പിക്കുന്നതിന്റെ അടയാളമാണ് അത്ഭുതങ്ങൾ. അതുകൊണ്ടു ഭൂതോച്ചാടനം (exorcism) ആ സുവിശേഷങ്ങളിൽ വളരെയുണ്ട്. യോഹന്നാനിൽ ഒന്നുപോലുമില്ല. കാരണം യോഹന്നാന്റെ ലക്ഷ്യം വ്യത്യസ്തമാണ്.

(d) സമവീക്ഷണ സുവിശേഷങ്ങളിൽ അത്ഭുതപ്രവൃത്തികൾ നടക്കു

ന്നതിന് വിശ്വാസം ആദ്യമേ ഉണ്ടായിരിക്കണം. യോഹന്നാനിൽ കാണുന്നത്, അത്ഭുതങ്ങൾ വിശ്വാസത്തിലേക്കു നയിക്കുന്നതായിട്ടാണ് (യോഹ. 14:11 കാണുക).

(e) അത്ഭുതങ്ങളുടെ ദൈവശാസ്ത്രപരമായ അർത്ഥവും പ്രസക്തിയും വെളിപ്പെടുത്തുകയാണ് യോഹന്നാന്റെ ലക്ഷ്യം. അതുകൊണ്ട് അത്ഭുത സംഭവത്തിന്റെ വിവരണത്തെ തുടർന്നു ദൈവശാസ്ത്രപരമായ ദീർഘ പ്രഭാഷണം കേൾക്കാം. ഉദാ. അഞ്ചപ്പം കൊണ്ട് പുരുഷാരത്തെ തൃപ്തിപ്പെടുത്തിയ ശേഷം (6:32–63) ജീവന്റെ അപ്പത്തെപ്പറ്റി പ്രഭാഷണം; ലാസറിനെ ഉയിർപ്പിക്കുമ്പോൾ യേശു പുനരുത്ഥാനവും ജീവനും ആകുന്നു എന്ന വിഷയത്തെപ്പറ്റി (അ. 11).

എന്നാൽ സമവീക്ഷണ സുവിശേഷങ്ങളിൽ ഇങ്ങനെയുള്ള വ്യാഖ്യാനവിവരണങ്ങൾ കാണുന്നില്ല. മേൽപറഞ്ഞ വ്യത്യാസങ്ങൾക്ക് അമിതമായ പ്രാധാന്യം നൽകേണ്ടതില്ല. സുവിശേഷകന്മാർ തങ്ങളുടെ വീക്ഷണത്തിലും ലക്ഷ്യത്തിലും വ്യത്യാസം പാലിക്കുന്നു എന്നു മാത്രം കരുതിയാൽ മതി.

### ‘അടയാളങ്ങളും പ്രവൃത്തികളും’

യോഹന്നാൻ ഉപയോഗിച്ചിട്ടുള്ള ഈ വാക്കുകളുടെ പശ്ചാത്തലവും അർത്ഥവ്യാപ്തിയും അറിഞ്ഞിരിക്കേണ്ടതാണ്. അടയാളങ്ങൾ (Semeia (Greek) = Signs) എന്നുള്ള പ്രയോഗം പഴയനിയമ പശ്ചാത്തലത്തിലാണു മനസ്സിലാക്കേണ്ടത്. ഗ്രീക്കു ഭാഷയിൽ ‘സെമെയോൺ’ എന്ന പദത്തിന് ഏതെങ്കിലും ഒരു വസ്തുവിനെ തിരിച്ചറിയുന്നതിനുള്ള വെറുമൊരടയാളം എന്നു മാത്രമാണർത്ഥം. യോഹന്നാന്റെ ദൃഷ്ടിയിൽ ഈ വാക്കിനു വെറും ഒരടയാളം എന്നതിൽ ഉപരി ആഴമായ അർത്ഥമുണ്ട്. പഴയനിയമത്തിൽ (സെപ്റ്റുവജിന്റിൽ) ഉപയോഗിച്ചിരിക്കുന്ന അർത്ഥത്തിലാണ് യോഹന്നാനും ഉപയോഗിച്ചിട്ടുള്ളത്. അവിടെ അത്ഭുതങ്ങളെക്കൂടി സൂചിപ്പിക്കുന്നതായി കാണാം. ദൈവിക പ്രവർത്തനത്തിന്റെ അടയാളമായും ഉടമ്പടിയിൽ ദൈവത്തിന്റെ സഹായവും വിശ്വസ്തതയും ദ്യോതിപ്പിക്കുന്ന അച്ചാരമായും ഈ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. പുറപ്പാടിനോട് (Exodus) അനുബന്ധിച്ചു പല അടയാളങ്ങളും നാം കാണുന്നുണ്ട്. പുറപ്പാടു സംഭവവും ക്രിസ്തുവിന്റെ രക്ഷികപ്രവൃത്തിയും തമ്മിൽ യോഹന്നാൻ താരതമ്യപ്പെടുത്തുന്നതായി തോന്നുന്നു. മോശയിൽക്കൂടി ദൈവം അടയാളങ്ങൾ ചെയ്തതായി വായിക്കുന്നു (പുറ. 10:1; സംഖ്യാ. 14:22, ആവ. 7:19). എങ്കിലും ജനം വിശ്വസിക്കുവാൻ വിസമ്മതിച്ചു. യഹോവ ചോദിക്കുന്നു; ‘ഈ ജനം എത്രത്തോളം എന്നെ നിരസിക്കും? ഞാൻ അവരുടെ മദ്ധ്യേ ചെയ്തിട്ടുള്ള അടയാളങ്ങളൊക്കെയും കണ്ടിട്ടും അവർ എത്ര

ത്തോളം എന്നെ വിശ്വസിക്കാതിരിക്കും' (സംഖ്യ. 14:11). ഇതിന്റെ ഒരു പ്രതിധ്വനിയാണ് യോഹന്നാനിൽ നാം കേൾക്കുന്നത്. 'അവർ കാൺകെ അവൻ ഇത്രവളരെ അടയാളങ്ങളെ ചെയ്തിട്ടും അവർ അവനിൽ വിശ്വസിച്ചില്ല' (യോഹ. 12:37). യഹോവയുടെ മഹത്വവും (glory) അടയാളങ്ങളും തമ്മിൽ ബന്ധപ്പെടുത്തിയിരിക്കുന്നു (സംഖ്യ. 14:22). യോഹന്നാന്റെ സുവിശേഷത്തിൽ ഈ രണ്ടു വാക്കുകൾക്കും വലിയ പ്രാധാന്യമുണ്ടല്ലോ. അടയാളങ്ങൾ യഹോവയുടെ മഹത്വം വെളിപ്പെടുത്തിയതുപോലെ യേശുവിന്റെ അടയാളങ്ങൾ അവന്റെ മഹത്വം വെളിപ്പെടുത്തുന്നവയാണ് (യോഹ. 2:11, 12:37, 41).

'സെമെയോൻ' (Sign) എന്ന വാക്കിന്റെ ഉപയോഗത്തിൽ യോഹന്നാനെ സ്വാധീനിച്ചതു ഗ്രീക്കു ചിന്തയല്ല, പ്രത്യുത എബ്രായ ചിന്താധാരയാണ്. അത്ഭുതം നിറഞ്ഞതും പ്രതീകാത്മകവും (Symbolic) മായ ഒരു സവിശേഷത അദ്ദേഹം ആ പദത്തിനു കല്പിക്കുന്നുണ്ട്.

അടയാളങ്ങളുടെ കർത്തൃത്വം പൂർണമായും ക്രിസ്തുവിനാണ്. മറ്റാരും തന്നെ ഒരടയാളം നൽകുന്നതായി യോഹന്നാൻ വിവരിക്കുന്നില്ല. ഇതിനൊരു പ്രത്യേക ലക്ഷ്യമുണ്ട്. പുതിയനിയമത്തിൽ ക്രിസ്തു യഹോവയുടെ സ്ഥാനം ഏറ്റെടുക്കുന്നു എന്നു കാണിക്കുകയാണ്. യഹൂദ വിശ്വാസമനുസരിച്ചു യഹോവയ്ക്കു മാത്രമേ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുവാൻ സാധിക്കുമായിരുന്നുള്ളു. യേശുവിന്റെ അടയാളങ്ങൾ അവിടുത്തെ വ്യക്തിത്വത്തിലേക്കു വെളിച്ചം വീശുകയും ജനങ്ങളെ അവനിലുള്ള വിശ്വാസത്തിലേക്കും തദ്വാര നിത്യജീവനിലേക്കും നയിക്കുകയും ചെയ്യുന്നു (യോഹ. 20:30-31).

### പ്രവൃത്തികൾ (Erga (GK) = works)

അടയാളങ്ങൾ എന്നതിനേക്കാൾ പ്രവൃത്തികൾ (works) എന്ന വാക്കാണ് ക്രിസ്തു പലപ്പോഴും സ്വന്തം അത്ഭുതങ്ങളെ പരാമർശിച്ചുകൊണ്ടു ഉപയോഗിക്കുന്നത്. പതിനേഴു പ്രാവശ്യം ക്രിസ്തു തന്നെ ഉപയോഗിച്ചിട്ടുണ്ട് (സമവീക്ഷണ സുവിശേഷത്തിൽ രണ്ടു പ്രാവശ്യം മാത്രമേ യേശുവിന്റെ അത്ഭുതങ്ങൾക്ക് ഈ പദം ഉപയോഗിച്ചിട്ടുള്ളു. മത്താ. 11:2, ലൂക്കോ. 24:19).

പഴയനിയമ പശ്ചാത്തലത്തിലാണ് ഈ പദവും മനസ്സിലാക്കേണ്ടത്. പ്രപഞ്ച സൃഷ്ടിയെ ദൈവത്തിന്റെ 'പ്രവൃത്തി' എന്നാണു പറയുന്നത് (ഉല്പ. 2:2). രക്ഷാകര കൃത്യവും ദൈവത്തിന്റെ 'പ്രവൃത്തി'യാണ്. പുറ. 34:10; സങ്കീ. 66:5; 77:12; ആവ. 3:24). മോശയിൽ കൂടി ദൈവം ഇസ്രായേലിനെ വിടുവിച്ചതും, അത്ഭുതങ്ങൾ ചെയ്തതും ദൈവത്തിന്റെ പ്രവൃത്തി ആയിരുന്നു (അ. പ്ര. 7:22).

യേശുവിന്റെ അത്ഭുതങ്ങളെ 'പ്രവൃത്തികൾ' എന്നു വിശേഷിപ്പിക്കുന്നതിൽക്കൂടി, ദൈവത്തിന്റെ സൃഷ്ടി, വീണ്ടെടുപ്പ് എന്നീ പ്രവൃത്തികളുമായി തനിക്കുള്ള ബന്ധം സ്ഥാപിക്കുകയായിരുന്നു. 'എന്റെ പിതാവ് ഇന്നു വരെയും പ്രവർത്തിക്കുന്നു, ഞാനും പ്രവർത്തിക്കുന്നു' (യോഹ. 5:17). പ്രവർത്തനത്തിൽ പിതാവും പുത്രനും തമ്മിലുള്ള ഐക്യവും പൊരുത്തവും ഇവിടെ പ്രകടമാണ് (യോഹ. 14:10).

യേശുവിന്റെ ശുശ്രൂഷ മുഴുവൻ തന്നെയും 'പ്രവൃത്തി' ആയിട്ടാണു കാണുന്നത്. 'ഞാൻ നിന്നെ ഭൂമിയിൽ മഹത്വപ്പെടുത്തി, നീ എനിക്കു ചെയ്‌വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു' (യോഹ. 17:4). യേശുവിന്റെ അത്ഭുതങ്ങൾ മാത്രമല്ല, അവിടുത്തെ വാക്കുകൾ പോലും 'പ്രവൃത്തികളാണ്.' 'ഞാൻ നിങ്ങളോടു പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത്; പിതാവ് എന്നിൽ വസിച്ചുകൊണ്ടു തന്റെ പ്രവൃത്തി ചെയ്യുന്നു' (യോഹ. 14:10). എങ്കിലും അത്ഭുതങ്ങളാണ് പ്രധാനമായും 'പ്രവൃത്തി' എന്നതുകൊണ്ടു വിവക്ഷിക്കുന്നത് (യോഹ. 5:36).

അടയാളങ്ങളിൽ നിന്ന് 'പ്രവൃത്തികൾ' അല്പം വിഭിന്നമാണ് യോഹന്നാന്റെ വീക്ഷണത്തിൽ. പ്രത്യേകിച്ചും അതിന്റെ കർത്തൃത്വത്തെ സംബന്ധിച്ച്. അടയാളങ്ങളുടെ പൂർണകർത്തൃത്വം ക്രിസ്തുവിനാണ്. എന്നാൽ പ്രവൃത്തികളുടെ കർത്തൃത്വം പിതാവുമായി പങ്കുവയ്ക്കുന്നു. ക്രിസ്തുവും പിതാവും കൂടിയാണ് 'പ്രവർത്തിക്കുക' (യോഹ. 5:17). പിതാവും പുത്രനും തമ്മിലുള്ള ഐക്യത്തെ അതു വെളിപ്പെടുത്തുന്നു.

ഈ സുവിശേഷത്തിലെ അടയാളങ്ങളും പ്രവൃത്തികളും യേശുവിന്റെ ദൈവികോത്ഭവത്തിനും ദിവ്യദൗത്യത്തിനും സാക്ഷ്യം വഹിക്കുകയാണു ചെയ്യുന്നത്. അവ മൂലം അവനിൽ വിശ്വസിക്കുന്നതിനും, വിശ്വാസം വഴി രക്ഷ പ്രാപിക്കുന്നതിനും പ്രചോദനമരുളുന്നു.

## ഏഴ് അടയാളങ്ങളും അവയുടെ അർത്ഥവും

| | |
|---|---|
| 1. വെള്ളം വീഞ്ഞാക്കുന്നത് (യോഹ. 2:1-11) | ക്രിസ്തു കൈവരുത്തുന്ന രൂപാന്തരം സൂചിപ്പിക്കുന്നു |
| 2. രാജഭൃത്യന്റെ മകനെ സൗഖ്യമാക്കുന്നത് (4:46-54) | വിശ്വാസത്താൽ ക്രിസ്തു സ്വസ്ഥമാക്കുന്നു |
| 3. തളർന്നവനെ സൗഖ്യമാക്കുന്നത് (5:2-9) | നഷ്ടപ്പെട്ട ശക്തി ക്രിസ്തു പ്രദാനം ചെയ്യുന്നു. |
| 4. അയ്യായിരത്തെ പോഷിപ്പിക്കുന്നത് (6:4-13) | ക്രിസ്തു ജീവന്റെ അപ്പം, അതിനാൽ നാം ജീവിക്കുന്നു. |

| | |
|---|---|
| 5. കടലിന്മേൽ നടക്കുന്നത്. | ക്രിസ്തു നമ്മുടെ വഴികാട്ടി. |
| 6. പിറവിക്കുരുടനെ സൗഖ്യമാമാക്കുന്നത് (9:1–7). | ക്രിസ്തു ലോകത്തിന്റെ പ്രകാശം |
| 7. ലാസറിനെ ഉയിർപ്പിക്കുന്നത് (11:1–44) | ക്രിസ്തു പുനരുത്ഥാനവും ജീവനും |

(1) കാനാവിലെ അത്ഭുതം (2:11). അടയാളങ്ങളുടെ ആരംഭമായി ഇതു ചെയ്തു. പദാർത്ഥത്തിന്മേൽ (Nature) യേശുക്രിസ്തുവിനുള്ള ശക്തിയും ആധിപത്യവും സൂചിപ്പിക്കുന്നു. വെള്ളം, നിയമത്തിൽ അധിഷ്ഠിതമായ പഴയ മതത്തെ സൂചിപ്പിക്കുന്നു. സുവിശേഷത്തിൽ അധിഷ്ഠിതമായ പുതിയ മതം വരുത്തുന്ന പരിവർത്തനമാണ്, വീഞ്ഞായി രൂപാന്തരപ്പെടുന്നതു സൂചിപ്പിക്കുന്നത്. വീഞ്ഞു സന്തോഷത്തിന്റെ അടയാളമാണ്. ക്രിസ്തീയ ജീവിതത്തിൽ ആനന്ദവും സന്തോഷവും അനുഭവവേദ്യമാണ്.

(2) രാജഭൃത്യന്റെ മകനെ സൗഖ്യമാക്കുന്നത് (4:46–54). മരണാസന്നനായി കിടന്നവനെ യേശുവിന്റെ വാക്കുകൊണ്ട് സ്വസ്ഥനാക്കുന്നു. യേശുവിന്റെ വാക്കുകൾ ശക്തവും, ജീവൻ നൽകുന്നതുമാണ്. എന്നാൽ ഈ സംഭവത്തിൽ വിശ്വാസത്തിനുള്ള സ്ഥാനം പ്രത്യക്ഷമാണ്. 'യേശു പറഞ്ഞ വാക്കു വിശ്വസിച്ച് ആ മനുഷ്യൻ പോയി' (4:50). സമ്പൂർണമായി ക്രിസ്തുവിനെ വിശ്വസിക്കുകയും അവനിൽ ആശ്രയമർപ്പിക്കയും ചെയ്യുമ്പോൾ സ്വസ്ഥത ലഭ്യമാകുന്നു.

(3) മുപ്പത്തെട്ടു വർഷം തളർന്നുകിടന്നവൻ സ്വസ്ഥനാകുന്നു (5:2–9). ബേഥെസ്ദാ കുളത്തിനരികിൽ അവൻ 38 വർഷമായി സൗഖ്യപ്രാപ്തി ആഗ്രഹിച്ചു കഴിഞ്ഞു. യേശുവിന്റെ ഒരു വാക്കുകേട്ട മാത്രയിൽ അവൻ സ്വസ്ഥനായി.

ഈ മനുഷ്യൻ ശക്തി നഷ്ടപ്പെട്ടവനായി കഴിഞ്ഞുകൂടി. അതു വീണ്ടെടുക്കുവാൻ അവൻ സ്വയം അപ്രാപ്തനായിരുന്നു. എന്നാൽ ക്രിസ്തു അത് അവനു നൽകി.

(4) അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പുഷ്ടിപ്പെടുത്തുന്നത് (6:4–13). നാലു സുവിശേഷങ്ങളിലും പൊതുവായിട്ടുള്ള ഏക അത്ഭുതം ഇതു മാത്രമാണ്. ഇതിനോടു സമാനമായി മറ്റൊന്നുകൂടി സമവീക്ഷണസുവിശേഷങ്ങളിലുണ്ട് (ഏഴപ്പം കൊണ്ട് നാലായിരത്തെ തൃപ്തിപ്പെടുത്തുന്നത്). യേശു പുരുഷാരത്തിന്റെ ശാരീരിക വിശപ്പ് അടക്കുന്നു. അതിൽക്കൂടി ജീവന്റെ അപ്പം അവിടുന്നാണെന്നു വിശദീകരിച്ചു. വിശ്വസിച്ച് അവിടുത്തെ അടുക്കൽ വരുന്നവൻ സംതൃപ്തനാകും. ജീവന്റെ അപ്പമായ ക്രിസ്തു സ്വയം തന്റെ ജനത്തിനു നൽകുന്നത് വി. കുർബാനയിൽ കൂടിയാണ്.

(5) കടലിന്മേൽ നടക്കുന്നത് (6:16–21). സമവീക്ഷണ സുവിശേഷങ്ങളിൽ ഇതേ ക്രമത്തിൽ തന്നെ നൽകിയിരിക്കുന്നു. അലറിമറിയുന്ന അലയാഴി, ഭയചകിതരായ ശിഷ്യന്മാർ. ക്രിസ്തു അവരെ സമീപിച്ച് ധൈര്യപ്പെടുത്തുന്നു. അവരോടൊന്നിച്ചു യാത്ര ചെയ്ത് ഉദ്ദിഷ്ട സ്ഥാനത്ത് എത്തിക്കുന്നു. ക്രിസ്തു നമ്മുടെ സഹയാത്രികനും, വഴികാട്ടിയും ധൈര്യപ്പെടുത്തുന്നവനുമാകുന്നു.

(6) പിറവിക്കുരുടനെ സൗഖ്യമാക്കുന്നത് (9:1–7). യേശുക്രിസ്തു ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന സത്യം വെളിപ്പെടുത്തി (9:5).

യേശു കുരുടനെ സൗഖ്യമാക്കുന്നത് ശാബതിലാണ്. എന്നാൽ പരീശന്മാർ അതു ശാബതു ലംഘനമായി കുറ്റപ്പെടുത്തി. നന്മയെ തിന്മയായും, തിന്മയെ നന്മയായും കാണുന്ന അവരുടെ ആത്മീയാന്ധത ഇവിടെ പ്രകടിപ്പിക്കുന്നു. സൗഖ്യം പ്രാപിച്ചവനെ അവർ സുനഗോഗിൽനിന്നു ഭ്രഷ്ടനാക്കി. ഇതേപ്പറ്റി യേശു പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ് (9:35–41 കാണുക). കുരുടർ കാഴ്ച പ്രാപിച്ചു; കാഴ്ചയുണ്ടെന്നു കരുതിയവർ (പരീശന്മാർ) അന്ധരായിത്തുടരുകയും ചെയ്തു.

(7) ലാസറിനെ ഉയിർപ്പിക്കുന്നത് (11:1–44). സമവീക്ഷണ സുവിശേഷങ്ങളിൽ ഈ സംഭവമില്ല. സമാനമായ മറ്റു രണ്ടു സംഭവങ്ങളുണ്ട് (യായീറോസിന്റെ മകളെയും, നയീൻപട്ടണത്തിലെ വിധവയുടെ മകനെയും ഉയിർപ്പിക്കുന്നത്). ലാസർ രോഗിയാണെന്നറിഞ്ഞെങ്കിലും അങ്ങോട്ടു പോകുന്നതു മനഃപൂർവ്വം താമസിപ്പിച്ചു. കാരണം ഇതിൽക്കൂടി തന്റെ മഹത്വം വെളിപ്പെടുത്തുവാൻ അവിടുന്ന് ഉദ്ദേശിച്ചു. മരിച്ചു നാലുദിവസം കഴിഞ്ഞുമാത്രമാണ് യേശു ബെഥാന്യയിൽ ലാസറിന്റെ കല്ലറയ്ക്കൽ എത്തുന്നത്. തുടർന്നുള്ള സംഭാഷണത്തിൽക്കൂടി യേശുക്രിസ്തു പുനരുത്ഥാനവും ജീവനുമാകുന്നു എന്നും തന്നിൽ വിശ്വസിക്കുന്ന ഏവരെയും അവിടുന്ന് യുഗാന്ത്യത്തിൽ ഉയിർത്തെഴുന്നേല്പിക്കുമെന്നും വെളിപ്പെടുത്തി.

### ചോദ്യങ്ങൾ

1. ഈ സുവിശേഷത്തിൽ അത്ഭുതപ്രവൃത്തികൾക്ക് "അടയാളങ്ങൾ" എന്നു പറയുന്നു. എന്തുകൊണ്ട്?
2. യോഹന്നാൻ തെരഞ്ഞെടുത്ത ഏഴ് അത്ഭുതങ്ങൾക്ക് എന്തു പ്രാധാന്യം അദ്ദേഹം നൽകി?
3. സമവീക്ഷണ സുവിശേഷങ്ങളും യോഹന്നാനും തമ്മിൽ അത്ഭുതങ്ങൾ അവതരിപ്പിക്കുന്നതിൽ എപ്രകാരം, വ്യത്യസ്തമായിരിക്കുന്നു?

## പാഠം 5

# മാളികയിൽ ചെയ്ത പ്രഭാഷണം

❑ പ്രഭാഷണ പശ്ചാത്തലം ❑ സംഭാഷണ ലക്ഷ്യം ❑ മരണവും പുനരാഗമനവും ❑ യേശുവും അനുഗാമികളും തമ്മിലുള്ള ബന്ധം

### മഹാ പുരോഹിത പ്രാർത്ഥന

സുവിശേഷത്തിന്റെ പന്ത്രണ്ടാം അദ്ധ്യായം വരെ യേശുവിന്റെ പരസ്യമായ പ്രവർത്തനങ്ങളും പ്രബോധനങ്ങളുമാണ്. അതിനുശേഷം 13 മുതൽ 17 വരെ അദ്ധ്യായങ്ങൾ ശിഷ്യന്മാരുമായി മാത്രം നടത്തുന്നവയാണ്. അന്ത്യമായി ശിഷ്യന്മാരുമൊത്ത് അത്താഴം കഴിക്കയും, അവരുടെ കാലുകളെ കഴുകിക്കൊണ്ട് വിനയത്തിന്റെയും സേവനത്തിന്റെയും ഉത്തമ ദൃഷ്ടാന്തം നൽകുകയും ചെയ്തു. കൗദാശികമായ ഒരു പ്രാധാന്യം ഈ സംഭവത്തിനുള്ളതു മുമ്പു നാം കണ്ടിട്ടുള്ളതാണ്.

അത്താഴത്തെ തുടർന്നുള്ള സംഭാഷണം; പെസഹായുടെ പെരുനാൾ ആചരിക്കുമ്പോൾ കുടുംബത്തിന്റെ തലവൻ പൂർവകാല ചരിത്രത്തിലേക്കു (പുറപ്പാട്) തിരിഞ്ഞുനോക്കി ദീർഘമായ പ്രഭാഷണം നടത്താറുണ്ട്. അതിനു സമാനമായി ഇവിടെ ക്രിസ്തു സുദീർഘമായി സംസാരിക്കുന്നു. ഈ ഭാഗം സമവീക്ഷണ സുവിശേഷങ്ങളിൽ ഇല്ലാത്തതാണ്. കർത്താവു തന്നെ സംസാരിച്ചതാണോ? അതോ യോഹന്നാൻ നടത്തുന്ന രചനയാണോ? ഇതിന്റെ ഇന്നത്തെ രൂപത്തിൽ യോഹന്നാൻ രചിച്ചതു തന്നെ. പക്ഷേ യേശുവിന്റെ വാക്കുകളുടെ അടിസ്ഥാനത്തിലും ഉത്ഥാനം ചെയ്ത് സഭയിൽ ജീവിക്കുന്ന ക്രിസ്തുവിനോടുള്ള ഐക്യത്തിലും, ക്രിസ്തു പറഞ്ഞ സകലതും ഉപദേശിച്ചുകൊടുക്കുന്ന പരിശുദ്ധാത്മ പ്രേരണയാലും യോഹന്നാൻ എഴുതുന്നതായിട്ടുവേണം മനസ്സിലാക്കേണ്ടത്. സുവിശേഷത്തിന്റെ ആദ്യഭാഗത്ത് (അ. 2-12) 'നാഴികയെ'പ്പറ്റി (hour) യേശു പലപ്പോഴും സൂചിപ്പിക്കുന്നുണ്ട്. തന്നിൽ ദൈവമഹത്വം വെളിപ്പെടുവാനുള്ള 'നാഴിക'യാണ്. രണ്ടാം ഭാഗത്ത് (അ. 13 മുതൽ) ആ 'നാഴിക' വന്നു കഴിഞ്ഞു എന്നു സുവിശേഷകൻ സമർത്ഥിക്കുന്നു. 'പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്നു യേശു അറിഞ്ഞിട്ട് (13:1); പിന്നീട് പറയുന്നു 'ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു; ദൈവവും അവനിൽ മഹത്വപ്പെട്ടിരിക്കുന്നു' (13:31). ഇതു സംസാരിച്ചിട്ടു സ്വർഗത്തിലേക്കു നോക്കി പറഞ്ഞതെന്തെന്നാൽ, 'പിതാവേ, നാഴിക വന്നിരിക്കുന്നു; നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിനു പുത്രനെ മഹത്വപ്പെടുത്തേണമേ' (11:1). ക്രൂശുമരണമാണ് 'മഹത്വം' വെളിപ്പെടുന്ന

നാഴിക. അത് ഉടനെ സംഭവിപ്പാനിരിക്കുന്നു. അതിനു മുമ്പായിട്ട് ഹൃദയ സ്പർശിയായ ഈ വിടവാങ്ങൽ പ്രഭാഷണം നൽകിയിരിക്കുന്നു (അ. 14-17). വാസ്തവത്തിൽ ഉത്ഥിതനായി മഹത്വീകരിക്കപ്പെട്ട കർത്താവായ ക്രിസ്തുവിന്റെ വാക്കുകളുടെ ധ്വനിയാണ് ഇവിടെയുള്ളത്.

ക്രിസ്തു അവരെ വിട്ടുപോകുമ്പോൾ അവർക്കുണ്ടാകുന്ന അനുഭ വത്തെ അടിസ്ഥാനമാക്കിയാണ് ഈ പ്രബോധനം. ക്രിസ്തീയ സഭയ്ക്ക്, സുവിശേഷം രചിക്കുമ്പോൾ നേരിടേണ്ടിയിരുന്ന അനുഭവങ്ങളുടെ പ്രതി ധ്വനിയുണ്ട്. യഹൂദജനതയിൽനിന്നും 'ലോകത്തിൽ നിന്നും' ഉയരുന്ന ഭീഷണിയും ശത്രുതയും ചർച്ച ചെയ്യുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന വരെ യഹൂദാ സുനഗോഗിൽ നിന്നു ബഹിഷ്കരിക്കുമെന്നു മാത്രമല്ല അവരെ കൊല ചെയ്യുന്നതു മതപരമായ ഒരു കർമ്മമായി കണക്കാക്കു മെന്നു പോലും (12:2) കരുതി. യേശുവിനു നേരിട്ട എതിർപ്പുകളും പീഡയും അവിടുത്തെ സഭയ്ക്കും നേരിടും.

തന്റെ പരസ്യശുശ്രൂഷയുടെ കാലത്ത് ഇവയെപ്പറ്റി ഒന്നും പറയാതിരു ന്നത് അവിടുന്നു അവരോടു കൂടി ഉണ്ടായിരുന്നതിനാലാണ്. ഇപ്പോൾ അവരെ വിട്ടുപോകുമ്പോൾ അതു പറയേണ്ട സമയമായി. ഈവിധമാണ് യോഹന്നാൻ ഈ പ്രഭാഷണത്തെ അവതരിപ്പിക്കുന്നത്.

ക്രിസ്തുവിന്റെ മരണവും പുനരാഗമനവും (അ. 14). യേശുക്രിസ്തു വിന്റെ മരണം ആസന്നമായിരിക്കുന്നു. അതു അവിടുന്നു നന്നായിട്ടറിഞ്ഞി രുന്നു. ശിഷ്യന്മാർ അധൈര്യപ്പെടരുതെന്നോർമ്മപ്പെടുത്തുന്നു. അവി ടുത്തെ മരണം പിതാവിന്റെ സന്നിധിയിലേക്കു പോകുന്നതാണ്. എന്നാൽ അവിടുന്നു വീണ്ടും വരും എന്നു പറയുന്നു. 'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുക്കൽ വരും' (14:18). ഇതെന്തിനെ സൂചിപ്പിക്കുന്നു? മേഘാരൂഢനായി കാഹളധ്വനിയോടും പ്രധാന ദൂതന്റെ ശബ്ദത്തോടും യുഗാന്ത്യത്തിൽ പ്രത്യക്ഷപ്പെടുന്നതാണ്. യോഹന്നാൻ അങ്ങനെയല്ല ഇവിടെ അർത്ഥമാക്കുന്നത്. യുഗാന്ത്യത്തിലെ പുനരാഗമനം യോഹന്നാൻ വിസ്മരിക്കുന്നില്ലെങ്കിലും ഇവിടെ സൂചിപ്പിക്കുന്നത് ഉത്ഥാനം ചെയ്ത ക്രിസ്തു, പരിശുദ്ധാത്മാവിൽ കൂടി സഭയിൽ വന്നു വസിക്കുന്നതാണ്. 'നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പന കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും' (യോഹ. 14:15-16, 25, 26 കാണുക). യേശുവിൽ പ്രകടമായ അതേ സ്നേഹം അവരിൽ വ്യാപ രിക്കേണ്ടിയിരിക്കുന്നു. പരിശുദ്ധാത്മ ചൈതന്യം ഇതു കൈവരുത്തും.

## യേശുവും ശിഷ്യരും തമ്മിലുള്ള ബന്ധം (അ. 15, 16)

വർത്തമാനകാലാനുഭവത്തിലേക്കു ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു വിശ്വാസികളും ക്രിസ്തുവും തമ്മിലും, സഭയും, കർത്താവും തമ്മിലും ഉള്ള ബന്ധത്തെപ്പറ്റി വ്യക്തമാക്കുന്നു. പഴയനിയമത്തിൽ മുന്തിരിച്ചെടിയുടെ ദൃഷ്ടാന്തമാണ് സ്വീകരിച്ചിട്ടുള്ളത് (സങ്കീ. 80:8–19). 'ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു' (15:1). യേശു തന്നെയാണ് യഥാർത്ഥ മുന്തിരി അഥവാ യഥാർത്ഥ യിസ്രായേൽ (ദൈവജനം). ആ നിലയിൽ യേശുവിനു രണ്ടു ബന്ധങ്ങളുണ്ട്. ഒന്നാമതു ദൈവത്തോട്; രണ്ടാമതു തന്നോട് വിശ്വാസത്തിൽ സംയോജിക്കപ്പെട്ടവരോട്. തന്നിൽനിന്നു ജീവചൈതന്യം വിശ്വാസികളിലേക്കു പ്രവഹിക്കുന്നു. താൻ അവരിലും അവർ തന്നിലും വസിക്കുന്നു. മുന്തിരിച്ചെടി പുറപ്പെടുവിക്കേണ്ട ഫലം സ്നേഹം (agape) ആണ്.

എന്നാൽ സഭയാകുന്ന സമൂഹത്തെ ലോകം ദ്വേഷിക്കയും പീഡിപ്പിക്കയും ചെയ്യും. സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു യഥാർത്ഥ സമൂഹം ഉടലെടുക്കുമ്പോൾ ലോകം അതിനെ വിദ്വേഷിക്കും. അങ്ങനെ വിശ്വാസികൾ വിദ്വേഷവും പീഡയും അനുഭവിക്കുമ്പോൾ അവർ അശരണരോ അനാഥരോ ആയിരിക്കയില്ല. 'ആശ്വാസപ്രദൻ' (പാറക്കലീത്താ) അവരോടുകൂടെ ആയിരിക്കും. യോഹന്നാൻ മാത്രം ഉപയോഗിക്കുന്ന ഒരു പദമാണു പാറക്കലീത്താ (Paracletos) എന്നുള്ളത്. അതിന് ആശ്വാസപ്രദൻ, കാര്യസ്ഥൻ, ഉപദേഷ്ടാവ്, സഹായി എന്നെല്ലാം അർത്ഥമുണ്ട്. പരിശുദ്ധാത്മാവിനെ 'മറ്റൊരു' കാര്യസ്ഥൻ (യോഹ. 14:16) എന്നു പറഞ്ഞിട്ടുള്ളതിൽനിന്ന് യേശുക്രിസ്തു എപ്രകാരം അവരുടെ കാര്യസ്ഥനും, സഹായിയും, ആശ്വാസപ്രദനുമായിരുന്നുവോ, അതേവിധത്തിൽ പരിശുദ്ധാത്മാവും ആയിരിക്കുമെന്നാണ് (ക്രിസ്തുവിനെ പാറക്കലീത്താ എന്നു വിളിച്ചിരിക്കുന്നത് കാണുക. 1 യോഹ. 2:1).

സഭയുടെ പ്രതിസന്ധിയിൽ അതിനെ നയിക്കുന്നതും ശക്തിപ്പെടുത്തുന്നതും പരിശുദ്ധാത്മാവായിരിക്കും. അതേസമയം പരിശുദ്ധാത്മാവ് ലോകത്തെ ന്യായം വിധിക്കയും ചെയ്യും. യേശുക്രിസ്തു ജഡത്തിലായിരുന്നപ്പോൾ ചെയ്ത രക്ഷയുടെയും ന്യായവിധിയുടെയും പ്രവർത്തനങ്ങൾ ഇപ്പോൾ പരിശുദ്ധാത്മാവു ചെയ്യുന്നു. ആത്മാവ് ക്രിസ്തുവിന്റെ ഉപദേശങ്ങളെ അനുസ്മരിപ്പിക്കയും പുനരാഖ്യാനം നടത്തുകയും ചെയ്യും. ഭാവിയിലേക്കു ക്രിസ്തുവിന്റെ വെളിച്ചത്തിൽ നയിക്കുന്നതും ആത്മാവാണ്.

## മഹാപുരോഹിത പ്രാർത്ഥന (അ. 17)

മുമ്പുള്ള രണ്ട് അദ്ധ്യായങ്ങളിൽ സഭ സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു സമൂഹമെന്ന നിലയിൽ പ്രവർത്തിക്കുന്നതായും അതിനെ നയിക്കുവാൻ പരിശുദ്ധാത്മാവ് അതിൽ വ്യാപരിക്കുന്നതായും വിവരിച്ചു. ഇപ്പോൾ സഭയെപ്പറ്റിയുള്ള പ്രതീക്ഷകളും ചിന്തകളും എല്ലാം മനോഹരമായ ഒരു പ്രാർത്ഥനയിൽ സമാഹരിക്കുന്നു. അന്നുള്ള സഭയെ മാത്രമല്ല, മുന്നിൽ കാണുന്നത്. ഭാവിയിൽ രൂപംകൊള്ളുന്ന പൂർണസഭയേയുമത്രെ.

ഈ പ്രാർത്ഥനയെ മഹാപുരോഹിത പ്രാർത്ഥനയെന്നു വിശേഷിപ്പിക്കാം. നമ്മുടെ ആത്മാക്കളുടെ മഹാപുരോഹിതനായ ക്രിസ്തു തന്നെ നടത്തുന്ന ഹൃദയസ്പൃക്കായ പ്രാർത്ഥനയാണ്. ക്രിസ്തുവിന്റെ പ്രതിഷ്ഠാ പ്രാർത്ഥന (Consecration Prayer) എന്നും വിളിക്കാറുണ്ട്. കാരണം ക്രിസ്തു സ്വയം പരമയാഗമായി പ്രതിഷ്ഠിക്കയും അർപ്പിക്കയുമാണ്. ഉത്ഥിതനായ ക്രിസ്തു പിതൃസമക്ഷം നിതാന്തമായി അർപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥനയുടെ സ്വഭാവമാണ് ഇതിനുള്ളത്.

മൂന്നു കാര്യങ്ങൾ ഈ പ്രാർത്ഥനയിൽ ഉൾക്കൊണ്ടിരിക്കുന്നു.

(a) ക്രിസ്തു തനിക്കുവേണ്ടി തന്നെ പ്രാർത്ഥിക്കുന്നു (വാ. 1–5).

(b) ക്രിസ്തു അപ്പസ്തോലന്മാർക്കു വേണ്ടി പ്രാർത്ഥിക്കുന്നു (വാ. 6–11).

(c) ക്രിസ്തു സാർവ്വത്രിക സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു (വാ. 20–26).

ഒന്നാമത്തെ ഭാഗത്ത് അവിടുത്തെ ഐഹികശുശ്രൂഷയിൽ കൂടെ പിതാവിനെ മഹത്വപ്പെടുത്തിയതുപോലെ ഇപ്പോൾ മരണത്തിൽക്കൂടിയും മഹത്വപ്പെടുത്തുന്നു. അങ്ങനെ തനിക്കുണ്ടായിരുന്ന പൂർവമഹത്വത്തിലേക്കു മരണത്തിൽക്കൂടി പ്രവേശിക്കുവാനാണ്. പിതാവ് തന്നെ ഏൽപ്പിച്ച ദൗത്യം (പ്രവൃത്തി) പൂർണ്ണമായി നിറവേറ്റി. അതു കേവലം സ്നേഹത്തെപ്പറ്റിയുള്ള സന്ദേശം അറിയിക്കുന്നതല്ല. പിന്നെയോ സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു സമൂഹത്തെ (സഭ) സൃഷ്ടിക്കുന്നതായിരുന്നു.

ശിഷ്യന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ (വാ. 6–19) അവരെ പാപത്തിൽ നിന്നും, അവിശ്വസ്തതയിൽ നിന്നും ശത്രുത നിറഞ്ഞ ലോകത്തിൽ കാത്തുകൊള്ളേണമേ എന്നാണ്. സ്നേഹത്തിൽ അടിയുറച്ച് അവരുടെ ദൗത്യം നിർവഹിപ്പാൻ അവർ പ്രതിഷ്ഠിക്കപ്പെടണമെന്നുമാണ്.

മൂന്നാമത്തെ ഭാഗത്ത് (വാ. 20–26) സാർവത്രിക സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അപ്പസ്തോലന്മാരുടെ പ്രേഷിതവൃത്തിയിൽക്കൂടി വിശ്വ

സിച്ചു സഭയിലേക്കു വരുന്ന എല്ലാവരെയും വിഭാവനം ചെയ്യുന്നു. ഈ പ്രാർത്ഥനയാണ് ആധുനിക കാലത്ത് എക്യുമെനിക്കൽ പ്രസ്ഥാനത്തിനു പ്രേരണയും പ്രചോദനവും നൽകിയിട്ടുള്ളത്. 'നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും, നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരാകേണ്ടതിനു തന്നെ' (17:23). അതിനു മുമ്പുള്ള വാക്യത്തിൽ 'അവർ എല്ലാവരും ഒന്നായിരിക്കേണ്ടതിന്, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ' എന്നാശംസിക്കുന്നു.

പിതാവിനോടും, പുത്രനോടുമുള്ള ഐക്യത്തിൽനിന്നാണു സഭയിൽ അന്യോന്യമുള്ള ഐക്യം ദൃഢമാകേണ്ടത്.

**ചോദ്യങ്ങൾ**

1. പരിശുദ്ധാത്മാവിനെ സംബന്ധിച്ച് ഈ ഭാഗത്ത് (അ. 14–16) കാണുന്ന ഉപദേശങ്ങൾ ക്രമമായി സംഗ്രഹിക്കുക.
2. മുന്തിരിവള്ളിയും (15:1–9) കൊമ്പുകളും എന്ന രൂപകത്തിൽ നിന്ന് എന്തെല്ലാം ആത്മിക പാഠങ്ങൾ ഗ്രഹിപ്പാൻ കഴിയും?
3. 'ലോകം' എന്നതിന് യോഹന്നാന്റെ സുവിശേഷത്തിൽ നൽകിയിട്ടുള്ള അർത്ഥവ്യാപ്തി വ്യക്തമാക്കുക.

## പാഠം 6

# സുവിശേഷത്തിലെ കൂദാശാപരമായ ഉപദേശം

❑ കൂദാശ (Sacrament) ❑ മനുഷ്യാവതാരമാണ് ഏറ്റവും വലിയ കൂദാശ ❑ മാമോദീസായും കുർബാനയും രണ്ടു പ്രധാന കൂദാശകൾ ❑ മറ്റു കൂദാശകളെപ്പറ്റിയും സൂചനകൾ

ഇതര സുവിശേഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ യോഹന്നാൻ കൂദാശകൾക്കു (വി. രഹസ്യങ്ങൾ) വലിയ പ്രാധാന്യം നൽകിയിട്ടുള്ളതായി കാണാം. കൂദാശ എന്നതുകൊണ്ടു നാമർത്ഥമാക്കുന്നതെന്താണ്?

നിഗൂഢവും രഹസ്യവുമായ ഏതോ ഒന്നെന്നാണോ? അങ്ങനെയെങ്കിൽ മാജിക്കും മന്ത്രവും ആ ഇനത്തിൽപ്പെടും.

ബാഹ്യവും പദാർത്ഥവുമായതിൽക്കൂടി, അദൃശ്യമായ ദൈവശക്തി വ്യാപരിക്കുന്നു. തന്മൂലം കൃപാവരങ്ങളും അനുഗ്രഹങ്ങളും മനുഷ്യനു സംലഭ്യമാകുന്നു. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഏറ്റവും വലിയ കൂദാശ ദൈവപുത്രന്റെ മനുഷ്യാവതാരമാണ്. ആമുഖഭാഗത്ത് യോഹന്നാൻ ഇക്കാര്യം വ്യക്തമാക്കുന്നു. 'വചനം ജഡമെടുത്തു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു' (യോഹ. 1:14). അദൃശ്യനും, ആത്മാവുമായ ദൈവം, ദൃശ്യവും പദാർത്ഥവുമായ ജഡം (മാംസം) എടുത്തു. ദൈവവും മനുഷ്യനും ക്രിസ്തുവിൽ ഒന്നായിത്തീർന്നു. പദാർത്ഥം (Matter) അതിൽത്തന്നെ തിന്മയോ ദോഷമോ അല്ല, ദൈവകൃപ വ്യാപരിക്കുന്നതിനുള്ള മാധ്യമവും ഉപാധിയും ആക്കിത്തീർക്കുന്നു.

കൂദാശാപരമായ ഉപദേശങ്ങൾക്ക് അടിസ്ഥാനമായി മനുഷ്യാവതാരത്തെത്തന്നെ അംഗീകരിച്ചുകൊണ്ടാണു സുവിശേഷകൻ ആരംഭിക്കുന്നത്. തുടർന്നുള്ള ഭാഗങ്ങളിൽ മാമോദീസാ (3:3–5), കുർബാന (6:35–63) എന്നീ പ്രധാന കൂദാശകളെ പരാമർശിക്കുന്നു. പരോക്ഷമായി മറ്റു കൂദാശകളെയും സൂചിപ്പിക്കുന്നതായി ചിലർ കരുതുന്നു – കുമ്പസാരം (അനുതാപത്തിന്റെ കൂദാശ) യോഹ. 13:10; 20:22; പൗരോഹിത്യം 20:22; വിവാഹം യോഹ. 2:1–11. 'മറ്റു സുവിശേഷങ്ങളേക്കാൾ അധികമായി കൂദാശാപരമായ ഉപദേശം യോഹന്നാനിൽ ഉണ്ട്' എന്ന് സി. കെ. ബാരറ്റ് അഭിപ്രായപ്പെടുന്നു. ഇതിനോടു യോജിക്കുന്ന പണ്ഡിതന്മാർ വളരെയുണ്ട്. ബുൾട്മാനെപ്പോലെയുള്ളവർ യോഹന്നാനെ 'കൂദാശകൾക്കെതിരായി' (Anti-Sacramentalist) അവതരിപ്പിക്കുന്നു എന്ന കാര്യം വിസ്മരിക്കുന്നില്ല.

### മാമോദീസായെപ്പറ്റി (യോഹ. 3:3, 5)

വീണ്ടും ജനനത്തെപ്പറ്റി, അതു വെള്ളത്താലും ആത്മാവാലും സംഭവിക്കുന്നു എന്നു നിക്കോദിമോസിനോടുള്ള സംഭാഷണത്തിൽ വ്യക്തമാക്കുന്നു. സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിന് 'ഉയരത്തിൽ നിന്നുള്ള' (വീണ്ടും എന്ന പദത്തിന് മൂലഭാഷയിൽ 'ഉയരത്തിൽ നിന്നും' എന്നുള്ള അർത്ഥവുമുണ്ട്. Anothen (Gk) = again: from above) ജനനം അനിവാര്യമാണ്. അതിന്റെ കാരണം പറയുന്നു; ജഡത്തിൽനിന്നു ജനിക്കുന്നത് ജഡമാണ്. ആത്മാവിന് മാത്രമെ ആത്മാവിനെ ജനിപ്പിക്കാൻ കഴിയൂ. പ്രാകൃതനിലയിൽ, അഥവാ ജഡസ്വഭാവത്തിൽ കഴിയുന്നവന്, ദൈവം അവനെ ഉയർത്താത്തപക്ഷം ആത്മിക സ്വഭാവത്തിലേക്കു വരാൻ കഴിയുന്നതല്ല. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം പൊടിയിലേക്ക്

ജീവശ്വാസം ഊതി ജീവൻ നൽകിയതുപോലെ പുതിയ ജീവൻ ലഭിക്കുന്നതു ദിവ്യാത്മപ്രവർത്തനത്താലത്രേ. സ്വർഗീയനായ, അഥവാ സ്വർഗത്തിൽ നിന്നിറങ്ങിവന്ന മനുഷ്യപുത്രൻ ആണ് പുതുസൃഷ്ടിയാക്കുന്ന ദിവ്യാത്മാവിനെ നൽകുന്നത്' (3:13-15). അതിനുമുമ്പായി അവൻ ക്രൂശിന്മേൽ ഉയർത്തപ്പെടുകയും, പിതാവിങ്കലേക്കു കരേറിപ്പോകയും വേണം.

3:5 -ൽ വെള്ളത്തെപ്പറ്റിപ്പറയുമ്പോൾ മാമോദീസായെപ്പറ്റി ആണെന്നു നിസ്സംശയം പറയാം (തീത്തോ. 3:5; 1 പത്രോ. 1:3 കാണുക). പരിശുദ്ധാത്മാവും ജലവും തമ്മിലുള്ള ബന്ധം യോഹന്നാനിൽ പല ഭാഗത്തുമുണ്ട് (7:38, 39). ഉള്ളിൽ നിന്നു പ്രവഹിക്കുന്ന ജീവജലനദികൾ, പരിശുദ്ധാത്മാവാണെന്നു പറയുന്നു.

പിറവിയിലെ കുരുടനായവനെ സൗഖ്യമാക്കുന്ന സംഭവം (യോഹ. 9) പരീശന്മാരുടെ ആത്മീയാന്ധതയെ താരതമ്യപ്പെടുത്തുവാൻ സഹായിക്കുന്നു. യേശു അവരോട് 'നിങ്ങൾ കുരുടർ ആയിരുന്നു എങ്കിൽ നിങ്ങൾക്ക് പാപം ഇല്ലായിരുന്നു; എന്നാൽ ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നതുകൊണ്ടു നിങ്ങളുടെ പാപം നിൽക്കുന്നു എന്നു പറഞ്ഞു' (9:14). എന്നാൽ ഈ സംഭവം മാമോദീസായിൽക്കൂടി ലഭിക്കുന്ന അനുഭവത്തെ – ആത്മീയനയനങ്ങൾ തുറക്കുന്ന – സൂചിപ്പിക്കുന്നതായി പല പിതാക്കന്മാരും കരുതുന്നു. മാമോദീസായ്ക്കു നൽകിയിട്ടുള്ള പേരു തന്നെ (Photismos) 'പ്രകാശിതമാവുക' എന്നാണ്. 'ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു' 'നിങ്ങൾ പ്രകാശനം ലഭിച്ചശേഷം' (എബ്രാ. 6:4; 10:32) എന്നിങ്ങനെ പറഞ്ഞിട്ടുള്ളതു മാമോദീസായെപ്പറ്റിയാണ്. പുരാതനമായ ചില പെയിന്റിങ്ങുകളിൽ മാമോദീസായെ കുറിക്കുന്നതിന്, കുരുടനെ സൗഖ്യമാക്കുന്ന സംഭവം ചിത്രീകരിച്ചിട്ടുണ്ട് എന്നുള്ളത് ഇവിടെ പ്രസ്താവ്യമാണ്.

'കുളിച്ചിരിക്കുന്നവന് കാൽ അല്ലാതെ കഴുകുവാൻ ആവശ്യമില്ല' (13:10) എന്ന ഭാഗത്ത് 'കുളി' മാമോദീസായെക്കുറിക്കുന്നതാണ്. ഒരിക്കൽ മാമോദീസാ ഏറ്റിട്ടുള്ളവന് അവൻ പിന്നെയും പാപം ചെയ്താൽ പാപമോചനത്തിനു രണ്ടാമതു മാമോദീസാ ഏൽക്കേണ്ട ആവശ്യമില്ല എന്നു സ്പഷ്ടമാക്കിയിരിക്കുന്നു.

കർത്താവിന്റെ വിലാപ്പുറത്തു കുത്തിയപ്പോൾ രക്തവും ജലവും പ്രവഹിച്ചു (19:34) എന്നു രേഖപ്പെടുത്തിയിരിക്കുന്നത് 'ഡോസറ്റിക് സിദ്ധാന്ത' ത്തിനെതിരായി യേശുവിന്റെ മനുഷ്യത്വം യാഥാർത്ഥ്യമായിരുന്നു എന്നു തെളിയിക്കാനാണ് എന്നു പറയാം. അതേസമയം, ജലവും രക്തവും മാമോദീസാ, കുർബാന എന്നീ കൂദാശകളെപ്പറ്റി പരോക്ഷമായി സൂചിപ്പിക്കുന്നതായും മാർ ഈവാനിയോസ് തുടങ്ങിയ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു.

## വി. കുർബാന

വി. കുർബാന സ്ഥാപനം യോഹന്നാൻ വിട്ടുകളഞ്ഞതു വിചിത്രമായിത്തോന്നാം. അത്താഴസമയത്തു നടത്തുന്ന പാദക്ഷാളനം മാത്രമേ യോഹന്നാൻ വിവരിക്കുന്നുള്ളു. എന്നാൽ അഞ്ചപ്പം കൊണ്ടു വലിയ പുരുഷാരത്തെ തൃപ്തിപ്പെടുത്തുന്ന സംഭവവും, അതേത്തുടർന്നു സ്വർഗത്തിൽ നിന്നുള്ള ജീവൻ നൽകുന്ന ജീവനുള്ള അപ്പത്തെപ്പറ്റി സുദീർഘമായി പ്രതിപാദിക്കുന്നതും വി. കുർബാനയോടു ബന്ധപ്പെടുത്തിയല്ലാതെ മനസ്സിലാക്കുവാൻ സാധ്യമല്ല (6–ാം അദ്ധ്യായം കാണുക). യേശുക്രിസ്തു കുർബാന സ്ഥാപിച്ചതും, വിശുദ്ധ സഭ അതു തുടർന്ന് അനുഷ്ഠിച്ചതുമായ പശ്ചാത്തലത്തിൽ മാത്രമേ ആറാം അദ്ധ്യായത്തിലെ വിവരണം ഗ്രഹിക്കാൻ കഴിയൂ.

(a) സംഭവത്തിന്റെയും, സംഭാഷണത്തിന്റെയും പശ്ചാത്തലം: യഹൂദന്മാരുടെ പെസഹാ ആസന്നമായ സമയത്താണ് അത്ഭുതം നടക്കുന്നതെന്ന് യോഹന്നാൻ എടുത്തുപറയുന്നു (6:3). തുടർന്നുള്ള സംഭാഷണം നടക്കുന്നത് കപ്പർന്നഹൂമിലെ സുന്നഗോഗിൽ വച്ചും. ആ സന്ദർഭത്തിൽ സുന്നഗോഗിലെ വായനയ്ക്കുള്ള വേദഭാഗം മന്നായെക്കുറിക്കുന്ന വേദഭാഗമായിരുന്നു എന്ന് മനസ്സിലാക്കാം (പുറ. 16; സംഖ്യാ.11). അങ്ങനെയെങ്കിൽ സ്വർഗീയ മന്നായെപ്പറ്റി – ജീവനുള്ള അപ്പത്തെപ്പറ്റി – ഉപദേശിക്കുവാനും ഏറ്റവും അനുയോജ്യമായ സന്ദർഭമായിരുന്നു.

(b) അത്ഭുതപ്രവൃത്തിയുടെ വിവരണം: പുരുഷാരത്തെ അത്ഭുതകരമായി പോഷിപ്പിച്ച സംഭവവിവരണം, കുർബാനസ്ഥാപനത്തെപ്പറ്റിയുള്ള വിവരണവുമായി താരതമ്യപ്പെടുത്തുമ്പോൾ അടുത്ത സാധർമ്യം കാണാം.

'പിന്നെ യേശു അപ്പം എടുത്തുവാഴ്ത്തി, ഇരുന്നവർക്ക് പങ്കിട്ടുകൊടുത്തു' (യോഹ. 6:11).

കുർബാന സ്ഥാപനത്തെപ്പറ്റി 'പിന്നെ അവൻ അപ്പം എടുത്തു സ്തോത്രം ചെയ്തു മുറിച്ച് അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു' (ലൂക്കോ. 22:19).

അത്ഭുതവിവരണത്തിൽ യോഹന്നാൻ കാണിച്ചിട്ടുള്ള ഒരു സവിശേഷത ശ്രദ്ധേയമാണ്. അന്ത്യഅത്താഴത്തിലെ പോലെ സ്തോത്രം ചെയ്ത ശേഷം അപ്പക്കഷണം യേശു തന്നെ വിതരണം ചെയ്യുന്നതായിട്ടാണ്. ജനങ്ങളുടെ സംഖ്യ നോക്കുമ്പോൾ ക്രിസ്തു തന്നെ വിതരണം ചെയ്യുക സ്വാഭാവികമല്ല. ശിഷ്യന്മാർ വഴി ആയിരിക്കണം കൊടുത്തത്. എന്നാൽ യോഹന്നാൻ വരുത്തിയ മാറ്റം കുർബാനയോടുള്ള സാമ്യം കൊണ്ടുവരുന്നതിനായിരിക്കണം. അന്ത്യഅത്താഴത്തിലെ പ്രവൃത്തിയും, അപ്പം

വർദ്ധിപ്പിക്കലും തമ്മിൽ ഒരു വലിയ ബന്ധം ആദ്യകാല സുവിശേഷ ഘോഷണങ്ങളിൽത്തന്നെ വെളിപ്പെടുത്തിയിരിക്കണം.

(c) ജീവന്റെ അപ്പത്തെക്കുറിച്ചുള്ള സംഭാഷണം: അപ്പം വർദ്ധിപ്പിക്കലിന്റെ പശ്ചാത്തലത്തിൽ ജീവന്റെ അപ്പത്തിലേക്കു ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അവർ നിത്യജീവനിലേക്കു നയിക്കുന്ന അപ്പം അന്വേഷിക്കുന്നവരായിത്തീരണം. മനുഷ്യപുത്രൻ അത് അവർക്കു നൽകും എന്നു സൂചിപ്പിക്കുന്നു. അവർ വിശ്വസിക്കുവാൻ തക്കവണ്ണം എന്ത് അടയാളം നൽകുമെന്നുള്ള അവരുടെ ചോദ്യം മന്നായുടെ പരാമർശത്തിലേക്കു നയിച്ചു. മ്ശീഹായുടെ ആഗമനത്തിൽ മന്നാ ലഭിക്കുമെന്ന പ്രതീക്ഷ യഹൂദന്മാരിൽ ഉണ്ടായിരുന്നു. സ്വർഗത്തിൽ നിന്ന് ഇറങ്ങി ജീവൻ നല്കുന്ന അപ്പത്തെപ്പറ്റി പറയുമ്പോൾ വി. കുർബാനയെപ്പറ്റി പ്രബോധിപ്പിക്കുവാൻ അവസരമുണ്ടായി.

ഈ പ്രഭാഷണത്തിൽ രണ്ടു ഭാഗങ്ങൾ കാണാം. (1) 6:35–50. (2) 6:51–58. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കാൻ പണ്ഡിതന്മാർ ശ്രമിച്ചിട്ടുണ്ട്. രണ്ടു ഭാഗത്തും വി. കുർബാനയെപ്പറ്റി പ്രതിപാദിക്കുന്നതായി വേണം മനസ്സിലാക്കുവാൻ. ആദ്യഭാഗത്ത് 'യേശുവിന്റെ അടുക്കൽ വരികയെന്നോ', 'യേശുവിൽ വിശ്വസിക്കുക എന്നോ' ആണെങ്കിൽ രണ്ടാമത്തെ ഭാഗത്ത് 'എന്നെ ഭക്ഷിക്കുന്നവൻ എന്നോ', 'ഭക്ഷിക്കുകയും പാനം ചെയ്യുകയും' എന്നോ ആണ്. രണ്ടിലും സൂചന വിശുദ്ധ കുർബാനയിൽ കൂടിയുള്ള അനുഭവം തന്നെ.

കുർബാന വിശ്വാസത്തോടെ ഭക്ഷിക്കണം. സാധാരണ ഭക്ഷണം പോലെ ഇതിനെ കണക്കാക്കിയെന്നു വരാം. അതുകൊണ്ട് വിശ്വാസത്തോടെ ഭക്ഷിക്കുന്നവർക്ക് മാത്രമേ ഈ അപ്പം ജീവന്റെ അപ്പമായി അനുഭവപ്പെടുകയുള്ളു എന്ന് എടുത്തുപറയുന്നു (6:40, 47). ദൈവത്തിന്റെ ദാനമാണു വിശ്വാസമെന്നും, അതു ദൈവം നല്കാതെ ഒരുവനുണ്ടാകുക അസാദ്ധ്യമാണെന്നും തറപ്പിച്ചുപറഞ്ഞുകൊണ്ടു വിശ്വാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

'മാംസം ഭക്ഷിക്കുക', 'രക്തം പാനം ചെയ്യുക' എന്നീ പ്രയോഗങ്ങൾ യഹൂദ പാരമ്പര്യത്തിൽ പ്രതിഷേധാർഹമാണ്. അതുകൊണ്ട് 6:53 ൽ 'നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു ഉള്ളിൽ ജീവൻ ഇല്ല' എന്നുള്ള വാക്കുകൾ വി. കുർബാനയുടെ അർത്ഥത്തിൽ മാത്രമേ മനസ്സിലാക്കാൻ കഴിയൂ. 'ഞാൻ കൊടുപ്പാൻ ഇരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനു വേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു' (യോഹ. 6:51). ഇതിനു തുല്യമായിട്ടാണ് സമാന്തരസുവിശേഷത്തിൽ 'ഇത് നിങ്ങൾക്കായി നല്ക

പ്പെടുന്ന എന്റെ ശരീരമാകുന്നു' (ലൂക്കോസ് 22:19) എന്നു കാണുന്നത്.

വി. കുർബാനാനുഭവത്തിന്റെ ഫലങ്ങൾ: ഇക്കാര്യത്തെപ്പറ്റിയും അവിടുന്ന് സൂചിപ്പിക്കുന്നുണ്ട്. പ്രധാനമായും മൂന്നു ഫലങ്ങൾ ഉണ്ട്. (1) നിത്യജീവൻ (2) ദൈവവുമായുള്ള കൂട്ടായ്മ (3) ഉത്ഥാനം.

## നിത്യജീവൻ

'ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും' (6:51). കുർബാന വഴിയായി ലഭിക്കുന്ന നിത്യജീവനെപ്പറ്റി ആവർത്തിച്ച് ഈ ഭാഗത്ത് പറയുന്നുണ്ട് (വാക്യം 53, 54, 58 കാണുക). ഈ ജീവനെ നിത്യജീവൻ അല്ലെങ്കിൽ യേശു മുഖേനയുള്ള ജീവൻ എന്നാണ് വിളിക്കുന്നത്. പിതാവും പുത്രനും ജീവിക്കുന്ന, ജീവനിലുള്ള പങ്കാളിത്തം ആണിത് (6:57).

## ഐക്യം

'എന്റെ മാംസം ഭക്ഷിക്കുകയും, എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു' (6:56). രണ്ടു ആളത്വങ്ങൾ തമ്മിൽ ഇഴുകിച്ചേരുന്നതുപോലെ (Interpenetration of personalities) യുണ്ടാകുന്ന ഐക്യമാണ്. പിതാവും പുത്രനും തമ്മിലുള്ള പരസ്പര ബന്ധം പുത്രനും ക്രിസ്ത്യാനിയും തമ്മിലുള്ള ജീവിതത്തിലേക്ക് പ്രസരിപ്പിക്കപ്പെടുന്നു. മുന്തിരിത്തണ്ടിൽ കൊമ്പുകൾ വസിക്കുന്നതുപോലെ ക്രിസ്തുവിൽ വസിക്കുന്ന അനുഭവത്തെപ്പറ്റി യോഹന്നാൻ വിവരിക്കുന്നുണ്ടല്ലോ (യോഹ. 15:1–10). ക്രിസ്തുവിനോടുള്ള ഐക്യത്തിൽ മാത്രമേ ഒരു വിശ്വാസിക്ക് ഫലം കായ്ക്കുവാൻ സാധിക്കൂ. യേശുവും വിശ്വാസിയും തമ്മിലുള്ള പരസ്പരസ്നേഹവാസത്തിന്റെ വളർച്ചയുടെയും പ്രവർത്തനത്തിന്റെയും സ്ഥായിയായ പ്രഭവസ്ഥാനമാണ് വി. കുർബാന.

## ഉത്ഥാനം

'എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും' (6.54). രണ്ടു കാര്യങ്ങൾ ഈ വാക്യത്തിൽ പറയുന്നു. വി. കുർബാന അനുഭവിക്കുന്നവന് ഇഹത്തിൽ നിത്യജീവനുണ്ട്; അവസാനത്തിൽ യേശു അവനെ ഉയിർപ്പിക്കുമെന്നും, യുഗാന്ത്യോന്മുഖമായ ഒരു വാഗ്ദാനവും പ്രതീക്ഷയും ഇവിടെ കാണാം. വി. കുർബാന നമ്മുടെ ഉയിർപ്പിന്റെ ഉറപ്പാണ്.

## ചോദ്യങ്ങൾ

1. യോഹന്നാന്റെ സുവിശേഷം കൂദാശകൾക്ക് കൂടുതലായ പ്രാധാന്യം നൽകുന്നു - തെളിയിക്കുക.
2. മാമോദീസായെപ്പറ്റി ഇതിൽ കാണുന്ന ഭാഗവും പൗലോസിന്റെ ലേഖനങ്ങളിൽ കാണുന്ന ഭാഗവുമായി പൊരുത്തപ്പെടുത്തി പഠിക്കുക. റോമ. 6:3–6; ഗലാ. 3:27. കൊലോ. 2:12.
3. വി. കുർബാനയെപ്പറ്റിയുള്ള യോഹന്നാന്റെ ഉപദേശം സംഗ്രഹിച്ചു പറയുക.